# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2021-23)

### മുപ്പത്തിയാറാമത് റിപ്പോർട്ട്

(2023 ആഗസ്റ്റ് മാസം ...16.-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 മുതൽ 2010-11 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട സാംസ്കാരികകാര്യം, തൊഴിലും നൈപുണ്യവും, ഭവനനിർമ്മാണം, റവന്യൂ(ദേവസ്വം), കൃഷി (ഫാംസ്), ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത് ]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

## പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2021-23)

### മുപ്പത്തിയാറാമത് റിപ്പോർട്ട്

(2023 ആഗസ്റ്റ്. മാസം ..10..-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 മുതൽ 2010-11 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട സാംസ്കാരികകാര്യം, തൊഴിലും നൈപുണ്യവും, ഭവനനിർമ്മാണം, റവന്യൂ(ദേവസ്വം), കൃഷി (ഫാംസ്), ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത് ]

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം സമിതി (2021-23)യുടെ മുപ്പത്തിയാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 മുതൽ 2010-11 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട സാംസ്കാരികകാര്യം, തൊഴിലും നൈപുണ്യവും, ഭവനനിർമ്മാണം, റവന്യൂ(ദേവസ്വം); കൃഷി (ഫാംസ്), ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2023 ആഗസ്റ്റ്... മാസം ..8......-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

**ടി. പി. രാമകൃഷ്ണൻ,**
**അദ്ധ്യക്ഷൻ,**
**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.**

തിരുവനന്തപുരം,
2023 ആഗസ്റ്റ് 10

# ഉള്ളടക്കം


പേജ്

സമിതിയുടെ ഘടന :

മുഖവുര :

റിപ്പോർട്ട് :

അനുബന്ധം I

പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും :

അനുബന്ധം II

സർക്കാരിൽ നിന്നും ലഭിച്ച മറുപടി :


FCB-5f/KK/LFAC/Facing sheet/19.04.23

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23)

### ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. ടി. പി. രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ്:**

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി.

ശ്രീ. ഷാജി എസ്. ബേബി, സ്പെഷ്യൽ സെക്രട്ടറി,

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി,

ശ്രീ.അനിൽകുമാർ. ബി., അണ്ടർ സെക്രട്ടറി.

# റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 മുതൽ 2010-11 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട സാംസ്കാരികകാര്യം, തൊഴിലും നൈപുണ്യവും, ഭവനനിർമ്മാണം, റവന്യൂ(ദേവസ്വം), കൃഷി (ഫാംസ്), ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്.

## സാംസ്കാരികകാര്യ വകുപ്പ്

ഓഡിറ്റ് ഖണ്ഡിക

**എസ്.ഐ.ഇ.പി.**

**വിജ്ഞാനകോശ വാല്യങ്ങൾ നൽകിയ ഇനത്തിൽ സ്ഥാപനത്തിന് നഷ്ടം**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06, ഖണ്ഡിക 10

ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07, ഖണ്ഡിക 8, 10

ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, സാഹിത്യ പ്രവർത്തക സഹകരണ സംഘം, സ്കൂളുകൾ എന്നിവയ്ക്ക് സർവവിജ്ഞാനകോശ വാല്യങ്ങൾ നൽകിയ ഇനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന് 38,71,001 രൂപ പിരിഞ്ഞുകിട്ടാനുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റിവോൾവിംഗ് ഫണ്ട് ഓഡിറ്റ് വർഷം | കമ്മീഷൻ കഴിച്ച് ബാക്കി കിട്ടാനുള്ള തുക |
|---|---|---|---|
| 1. | കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി | 2006-07 | 1775700 |
| 2. | സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം | 2006-07 | 207330 |
| 3. | സ്കൂളുകൾ (ഡി.ഇ.ഒ. മുഖാന്തിരം) | 2005-06 | 1887971 |
| | | **ആകെ** | **3871001** |

മേൽപറഞ്ഞ തുക പിരിച്ചെടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥർ:

1. ഡോ. എം. ആർ. തമ്പാൻ } ഡയറക്ടർ, എസ്.ഐ.ഇ.പി.
2. പ്രൊഫ. കെ. പാപ്പുട്ടി

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.1.5]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, സാഹിത്യ പ്രവർത്തക സഹകരണ സംഘം, സ്കൂളുകൾ (ഡി.ഇ.ഒ.മുഖാന്തരം) എന്നിവയ്ക്ക് സർവ്വവിജ്ഞാനകോശം വാല്യങ്ങൾ നൽകിയ ഇനത്തിൽ സ്ഥാപനത്തിന് വന്ന നഷ്ടം സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശമെന്ന് സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി. കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് 79,21,074/- രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ടെന്നും 2020-21 സാമ്പത്തിക വർഷത്തിൽ, 3,00,000/- രൂപ ലഭിച്ചുവെന്നും ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ച 17,75,700 രൂപ 2016-17 സാമ്പത്തിക വർഷത്തിൽ കിട്ടിയിട്ടുണ്ടെന്നും നിലവിൽ 12,54,620/- രൂപ മാത്രമാണ് ലഭിക്കാനുള്ളതെന്നും സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അറിയിച്ചു.

2. കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനമാണെന്നും ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി മറ്റ് സ്ഥാപനങ്ങളുടെ പുസ്തകങ്ങളെടുത്ത് വിൽപ്പന നടത്തി ലഭിക്കുന്ന തുക തിരിച്ചടയ്ക്കുകയാണ് ചെയ്യുന്നതെന്നും കോവിഡ് വ്യാപനം മാർക്കറ്റിംഗിനെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതിനാൽ വിൽപ്പന നടത്തി തുക തിരിച്ചടയ്ക്കുന്നതിൽ കുടിശ്ശിക വരുന്നുണ്ടെന്നും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

# കരട് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 മുതൽ 2010-11 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട സാംസ്കാരികകാര്യം, തൊഴിലും നൈപുണ്യവും, ഭവനനിർമ്മാണം, റവന്യൂ(ദേവസ്വം), കൃഷി (ഫാംസ്), ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്.

## സാംസ്കാരികകാര്യ വകുപ്പ്

ഓഡിറ്റ് ഖണ്ഡിക

**എസ്.ഐ.ഇ.പി.**

**വിജ്ഞാനകോശ വാല്യങ്ങൾ നൽകിയ ഇനത്തിൽ സ്ഥാപനത്തിന് നഷ്ടം**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06, ഖണ്ഡിക 10

ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07, ഖണ്ഡിക 8, 10

ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, സാഹിത്യ പ്രവർത്തക സഹകരണ സംഘം, സ്കൂളുകൾ എന്നിവയ്ക്ക് , സർവവിജ്ഞാനകോശ വാല്യങ്ങൾ നൽകിയ ഇനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന് 38,71,001 രൂപ പിരിഞ്ഞുകിട്ടാനുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റിവോൾവിംഗ് ഫണ്ട് ഓഡിറ്റ് വർഷം | കമ്മീഷൻ കഴിച്ച് ബാക്കി കിട്ടാനുള്ള തുക |
|---|---|---|---|
| 1. | കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി | 2006-07 | 1775700 |
| 2. | സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം | 2006-07 | 207330 |
| 3. | സ്കൂളുകൾ (ഡി.ഇ.ഒ. മുഖാന്തിരം) | 2005-06 | 1887971 |
| | | **ആകെ** | **3871001** |

മേൽപറഞ്ഞ തുക പിരിച്ചെടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥർ:

1. ഡോ. എം. ആർ. തമ്പാൻ } ഡയറക്ടർ, എസ്.ഐ.ഇ.പി.
2. പ്രൊഫ. കെ. പാപ്പൂട്ടി

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.1.5]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, സാഹിത്യ പ്രവർത്തക സഹകരണ സംഘം, സ്കൂളുകൾ (ഡി.ഇ.ഒ.മുഖാന്തരം) എന്നിവയ്ക്ക് സർവ്വവിജ്ഞാനകോശം വാല്യങ്ങൾ നൽകിയ ഇനത്തിൽ സ്ഥാപനത്തിന് വന്ന നഷ്ടം സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശമെന്ന് സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി. കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് 79,21,074/- രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ടെന്നും 2020-21 സാമ്പത്തിക വർഷത്തിൽ, 3,00,000/- രൂപ ലഭിച്ചുവെന്നും ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ച 17,75,700 രൂപ 2016-17 സാമ്പത്തിക വർഷത്തിൽ കിട്ടിയിട്ടുണ്ടെന്നും നിലവിൽ 12,54,620/- രൂപ മാത്രമാണ് ലഭിക്കാനുള്ളതെന്നും സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അറിയിച്ചു.

2. കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനമാണെന്നും ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി മറ്റ് സ്ഥാപനങ്ങളുടെ പുസ്തകങ്ങളെടുത്ത് വിൽപ്പന നടത്തി ലഭിക്കുന്ന തുക തിരിച്ചടയ്ക്കുകയാണ് ചെയ്യുന്നതെന്നും കോവിഡ് വ്യാപനം മാർക്കറ്റിംഗിനെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതിനാൽ വിൽപ്പന നടത്തി തുക തിരിച്ചടയ്ക്കുന്നതിൽ കടിശ്ശിക വരുന്നുണ്ടെന്നും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

3. കുടിശ്ശിക തുക പിരിഞ്ഞുകിട്ടിയതായി പറയുന്നുണ്ടെങ്കിലും ആധികാരികമായ രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിക്കുന്നില്ലെന്നും രേഖകൾ ഹാജരാക്കിയാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ അറിയിച്ചപ്പോൾ ഓഡിറ്റ് പരാമർശം ഒഴിവാക്കാനാവശ്യമായ രേഖകൾ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഉറപ്പ് നൽകി.

4. വിജ്ഞാനകോശം വാല്യങ്ങൾ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന് വിതരണത്തിനായി നൽകിയ വകയിൽ ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിക്കേണ്ടിയിരുന്ന 2,07,330/- രൂപ ലഭിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് തുക ലഭിച്ചിട്ടുള്ളതായി സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അറിയിച്ചു. ആയതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കാൻ സമിതി നിർദ്ദേശിച്ചു. സ്കൂളുകളിൽ നിന്ന് വലിയ തുക കുടിശ്ശിക ആയത് എങ്ങനെയാണെന്ന് സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആരാഞ്ഞതിന് വർഷംതോറും റിലീസ് ചെയ്യുന്ന എല്ലാ വാല്യങ്ങളും സംസ്ഥാനത്തെ എല്ലാ സ്കൂളുകൾക്കും കൊടുക്കുന്നുണ്ടെന്നും സ്കൂൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ചാണ് വില അടയ്ക്കുന്നതെന്നും അതിനാലാണ് ഇത്രയും വലിയ തുക കുടിശ്ശിക വന്നതെന്നും സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

5. സ്കൂളുകൾക്ക് എല്ലാ വാല്യങ്ങളും കൊടുക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് സമിതി ആരാഞ്ഞതിന് സർക്കാർ ഉത്തരവിൻ പ്രകാരമാണ് നല്കുന്നതെന്ന് സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

6. കുടിശ്ശിക നൽകാനുള്ള സ്കൂളുകളുടെ ലിസ്റ്റ് ജില്ല തിരിച്ച് ലഭ്യമാക്കുകയാണെങ്കിൽ തുക പിരിച്ചെടുക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് മുഖേന നിർദ്ദേശം നൽകാമെന്ന് സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചപ്പോൾ ആയത് നൽകാമെന്ന് സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി. നിലവിൽ സ്കൂളിലെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വാല്യങ്ങളുടെ വില അടയ്ക്കുന്നതിന് പുറമേ ഫണ്ട് ലഭ്യമല്ലാത്ത സ്കൂളുകൾക്ക് സർവ്വശിക്ഷാ അഭിയാന്റെ ഫണ്ട് ഉപയോഗിച്ച്

വിജ്ഞാനകോശം വാല്യങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സർവ്വശിക്ഷാ അഭിയാൻ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് സർക്കാർ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കി.

7. സ്കൂളുകളിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കി റിപ്പോർട്ട് നൽകുന്നതിന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**8. കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് ഓഡിറ്റ് പരാമർശിച്ച 17,75,700/- രൂപ പിരിഞ്ഞുകിട്ടിയത് സംബന്ധിച്ചും വിജ്ഞാനകോശം വാല്യങ്ങൾ സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന് വിതരണത്തിനായി നൽകിയ വകയിൽ ഇൻസ്റ്റിറ്റ്യൂട്ടിന് 207330/- രൂപ ലഭിച്ചത് സംബന്ധിച്ചുമുള്ള രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കാൻ സമിതി നിർദ്ദേശിക്കുന്നു. കൂടാതെ, വിജ്ഞാനകോശം വാല്യങ്ങൾ വിതരണം ചെയ്ത വകയിൽ സ്കൂളുകളിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**എസ്.ഐ.ഇ.പി.**

**മാനദണ്ഡങ്ങൾ ലംഘിച്ച നിയമനം**

ജനറൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2006-07, ഖണ്ഡിക (32)

താൽക്കാലിക ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ നിയമനം നടത്തുന്നത് ശിക്ഷാർഹമാണെന്നും ഭാവിയിൽ ഇത്തരം നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമേ നടത്താവൂ എന്നും ബഹു. നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ നിർദ്ദേശം മറികടന്ന് ഓഡിറ്റ് വർഷവും താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഇത്തരം നിയമനങ്ങൾ സർക്കാർ അംഗീകരിക്കാത്തതിനാലും ബഹു. നിയമസഭാ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാലും ഇവരുടെ ശമ്പളമിനത്തിൽ നൽകിയ 1,26,090

രൂപ തടസ്സപ്പെടുത്തുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥർ:

1. ഡോ. എം. ആർ. തമ്പാൻ (1.04.2005-28.11.2006)
2. പ്രൊഫ. കെ. പാപ്പൂട്ടി (29.11.2006-31.03.2007)

} ഡയറക്ടർ, എസ്.ഐ.ഇ.പി.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.3.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

9. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് കരാർ ജീവനക്കാരെ നിയമിക്കുന്നതെന്നും വാല്യങ്ങൾ പ്രസിദ്ധീകരിക്കുന്നത് ഇൻസ്റ്റിറ്റ്യൂട്ടിനെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ള കാര്യമായതിനാൽ കഴിവും പരിജ്ഞാനവുമുള്ള ജീവനക്കാരെ ഉൾപ്പെടുത്തിയാണ് മുന്നോട്ടുപോകുന്നതെന്നും ഓരോ വർഷവും അവരുടെ കാലാവധി തീരുന്ന മുറയ്ക്ക് സർക്കാർ അനുമതി വാങ്ങിയാണ് തുടർനിയമനം നൽകുന്നതെന്നും സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

10. വാല്യങ്ങളുടെ എഡിറ്റിംഗ്, പ്രസിദ്ധീകരണം എന്നിവ പ്രവൃത്തിപരിചയം ആവശ്യമുള്ള ജോലിയായതിനാലാണ് കരാറടിസ്ഥാനത്തിൽ ഒരേ ജീവനക്കാർ തന്നെ ജോലിയിൽ തുടരുന്നതെന്നും ധനകാര്യ വകുപ്പിന്റെ അനുമതി വാങ്ങിയശേഷമാണ് കരാർ നീട്ടിക്കൊടുക്കുന്നതെന്നും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

11. വിരമിച്ച ഉദ്യോഗസ്ഥർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ടോ എന്നും എത്രവർഷമായി കരാർ ജീവനക്കാർക്ക് പുനർനിയമനം നൽകുന്നുണ്ടെന്നും സമിതി ആരാഞ്ഞതിന്, വിരമിച്ച ഉദ്യോഗസ്ഥർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നില്ലായെന്നും 15 വർഷമായി കരാർ ജീവനക്കാർക്ക് പുനർനിയമനം നൽകുന്നുണ്ടെന്നും സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

12. സർവ്വവിജ്ഞാനകോശത്തിന്റെ എത്ര വാല്യങ്ങൾ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന സമിതിയുടെ ചോദ്യത്തിന് 17 വാല്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും 18-ാമത്തെ വാല്യം പ്രിന്റിംഗിനായി പ്രസ്സിൽ കൊടുത്തിരിക്കുകയാണെന്നും 19 ഉം 20 ഉം വാല്യങ്ങൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഡയറക്ടർ മറുപടി നൽകി.

13. 20 വാല്യങ്ങൾ പ്രസിദ്ധീകരിക്കേണ്ട സ്ഥാനത്താണ് 17 വാല്യം പ്രസിദ്ധീകരിച്ചിരിക്കുന്നതെന്നും വാല്യങ്ങൾ തയ്യാറാക്കുന്നതിനുള്ള വിവര ശേഖരണത്തിന് കാലതാമസമുണ്ടാകുന്നതിനാൽ സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിലെ എഡിറ്റർമാരുൾപ്പെടെ മീറ്റിംഗ് വിളിച്ച് ചേർത്ത് വിവരങ്ങൾ ഏകകാലികമായി ശേഖരിച്ച് സമയബന്ധിതമായി വാല്യങ്ങൾ തയ്യാറാക്കുന്നതിനും വാല്യങ്ങൾ ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റാനുമുള്ള നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുമന്ത്രി നൽകിയിട്ടുണ്ടെന്നും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. സർവ്വവിജ്ഞാനകോശത്തിന്റെ 15-ാം വാല്യം വരെ ഡിജിറ്റൽ രൂപത്തിൽ ലഭ്യമാണെന്ന് തദവസരത്തിൽ സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ വ്യക്തമാക്കി.

14. മലയാള ഭാഷയുമായി ബന്ധപ്പെട്ട അക്ഷരസൂചികയുടെ അടിസ്ഥാനത്തിൽ വിജ്ഞാനം ക്രോഡീകരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചതെന്നും എന്നാൽ വിജ്ഞാനം സമ്പാദിക്കുന്നതിന് ഇപ്പോൾ നിരവധി നൂതന സാങ്കേതിക സംവിധാനങ്ങളുള്ളതിനാൽ ഇത് ഡിജിറ്റൽ പ്ലാറ്റ്ഫോമിലേയ്ക്ക് മാറ്റാനും സർവ്വവിജ്ഞാനകോശം സി.ഡി.യിലാക്കി സ്കൂളുകളിൽ നൽകാനും കഴിഞ്ഞാൽ സർവ്വവിജ്ഞാനകോശത്തിന്റെ വലിയ പ്രിന്റഡ് വാല്യങ്ങൾ ഒഴിവാക്കാമെന്നും സർവ്വവിജ്ഞാനകോശം തയ്യാറാക്കുന്നതുകൂടാതെ മലയാള ഭാഷയുടെ നവീകരണത്തിനുൾപ്പെടെ പുതിയ മേഖലകൾ കണ്ടെത്തണമെന്നും സമിതി നിർദ്ദേശിച്ചു.

15. സർവ്വവിജ്ഞാനകോശം എവിടെയാണ് പ്രിന്റ് ചെയ്യുന്നതെന്നും അച്ചടിച്ച

വാല്യങ്ങൾ കെട്ടിക്കിടക്കുന്നുണ്ടോയെന്നും സമിതി ആരാഞ്ഞതിന് ഗവൺമെന്റ് പ്രസ്സിലാണ് പ്രിന്റ് ചെയ്യുന്നതെന്നും അച്ചടിച്ച പഴയ വാല്യങ്ങൾ കെട്ടിക്കിടക്കുന്നുണ്ടെന്നും അത് പത്രങ്ങളിൽ പരസ്യം നൽകി എല്ലാ മാസവും ഒന്നാം തീയതി മുതൽ ഏഴാം തീയതിവരെ വരെ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ഡിസ്കൗണ്ട് റേറ്റിൽ വിൽക്കാൻ ശ്രമിക്കുന്നുണ്ടെന്നും ഡയറക്ടർ മറുപടി നൽകി.

16. തുടർന്നുള്ള വാല്യങ്ങൾ കുറച്ച് കോപ്പികൾ മാത്രം പ്രിന്റ് ചെയ്ത് ബാക്കി ഡിജിറ്റൽ ഫോമിൽ ആക്കുന്നതായിരിക്കും ഉചിതമെന്നും ഓരോ വാല്യവും പൂർത്തിയാകുന്നതിന് നിലവിൽ രണ്ടുംമൂന്നും വർഷമെടുക്കുകയാണെന്നും ഇങ്ങനെ വർഷങ്ങൾ നീണ്ടുപോകുന്നത് ശരിയായ കാര്യമല്ലെന്നും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചൂണ്ടിക്കാട്ടിയതിന് കാലോചിതമായി മാറ്റം വരുത്തേണ്ടത് അനിവാര്യമാണെന്നും സംസ്ഥാന ലൈബ്രറി കൗൺസിലുമായി ബന്ധപ്പെട്ടാൽ മുഴുവൻ ലൈബ്രറികളിലും പുസ്തകങ്ങൾ എത്തിക്കാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

17. ലൈബ്രറി കൗൺസിലുമായി ബന്ധപ്പെട്ട് മുഴുവൻ ലൈബ്രറികളിലും പുസ്തകങ്ങൾ എത്തിക്കുന്നതിന് സംവിധാനമൊരുക്കണമെന്ന് വകുപ്പുമന്ത്രി പങ്കെടുത്ത മീറ്റിംഗിൽ നിർദ്ദേശം നൽകിയിരുന്നുവെന്ന് സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

18. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

## <u>നിഗമനങ്ങൾ/ശിപാർശകൾ</u>

**19. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**20. വിജ്ഞാന സമ്പാദനത്തിന് നൂതന സാങ്കേതിക വിദ്യകൾ നിലവിലുള്ള സാഹചര്യത്തിൽ സർവ്വവിജ്ഞാനകോശം വാല്യങ്ങളുടെ അച്ചടി പരമാവധി കുറച്ച് ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറുന്നതായിരിക്കും**

**ഉചിതം എന്ന് സമിതി നിരീക്ഷിക്കുന്നു. സർവ്വവിജ്ഞാനകോശം സി.ഡി. രൂപത്തിൽ സ്കൂളുകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സംസ്ഥാന ലൈബ്രറി കൗൺസിലുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ ലൈബ്രറികളിലും വിജ്ഞാനകോശം വാല്യങ്ങൾ എത്തിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, സർവ്വവിജ്ഞാനകോശം തയ്യാറാക്കുന്നതോടൊപ്പം ഭാഷയുടെ നവീകരണത്തിനുതകുന്ന പുതിയ മേഖലകൾ കൂടി ഇൻസ്റ്റിറ്റ്യൂട്ട് കണ്ടെത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**

ദേശീയതലത്തിൽ സാമൂഹികവും സാംസ്കാരികവും വൈകാരികവുമായ ഉന്നമനത്തിന് മലയാള ഭാഷയെ വികസിപ്പിക്കുക, ഭരണഭാഷയെന്ന നിലയിൽ മലയാളത്തെ സജീവമാക്കി ഉപയോഗപ്പെടുത്താൻ സർക്കാരുമായി സഹകരിച്ച് പ്രവർത്തിക്കുക, ഉന്നത ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ മേഖലയുൾപ്പെടെ എല്ലാ തലങ്ങളിലും അധ്യയന ഭാഷയായി മലയാള ഭാഷയെ പ്രയോജനപ്പെടുത്താൻ പ്രവർത്തിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ 1955-ലെ തിരു-കൊച്ചി ലിറ്റററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം 1968-ൽ കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായി. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 40 വർഷം പിന്നിടുമ്പോൾ മലയാള ഭാഷ തനിമയോടെ നിൽക്കുവാൻ സഹായിക്കുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്.

18-8-1999-ലെ ജി.ഒ.(പി)35/99/സി.എ.ഡി. പ്രകാരം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങളെല്ലാം പി.എസ്.സി.ക്ക് നൽകിയിരുന്നു. തുടർന്ന് 31-10-2000-ലെ 1110/ബി1/2000/സി.എ.ഡി. ഉത്തരവിൽ കരാർ നിയമനങ്ങൾ സർക്കാർ അനുമതിയോടുകൂടി മാത്രമേ നടത്താൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ വ്യവസ്ഥകൾ പാലിക്കാതെ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്ന രീതി ചട്ടവിരുദ്ധമാണ്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആസ്ഥാന ഓഫീസ്, കോഴിക്കോട് പ്രാദേശിക കേന്ദ്രം എന്നിവിടങ്ങളിൽ നിന്നും 14 ജില്ലകളിലും സംഘടിപ്പിക്കുന്ന

പുസ്തക പ്രദർശന മേളകൾ ഇൻസ്റ്റിറ്റ്യൂട്ടിന് അധികബാദ്ധ്യതയുണ്ടാക്കുന്നു. കൂടാതെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിജ്ഞാന മുദ്രണം പ്രസ്സിൽ ആധുനിക സൗകര്യങ്ങളുള്ള മൾട്ടി കളർ ഓഫ്സെറ്റ് പ്രസ്സ് സ്ഥാപിക്കേണ്ടതും, വർഷംതോറും സ്വകാര്യ പ്രസ്സിന് നൽകുന്ന അച്ചടിക്കൂലി ഒഴിവാക്കേണ്ടതുമാണ്.

മലയാള ഭാഷയെ പരിപോഷിപ്പിക്കാൻ സാംസ്കാരിക വകുപ്പിന്റെ സഹകരണത്തോടെ അനുയോജ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതും, മലയാള ഭാഷയെ എല്ലാ തലങ്ങളിലും മുഖ്യധാരയിൽ എത്തിക്കാൻ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുമാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2.16]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

21. കരാർ നിയമനം, പുസ്തകമേളകൾ, വിജ്ഞാനമുദ്രണം പ്രസ്സിന്റെ ആധുനികവത്കരണം എന്നിവയെ സംബന്ധിക്കുന്നതാണ് ഓഡിറ്റ് പരാമർശമെന്നും സർക്കാർ അംഗീകരിച്ചിട്ടുള്ള തസ്തികകളിലും എണ്ണത്തിനുള്ളിലും നിന്നുകൊണ്ടുമാത്രമാണ് കരാർ നിയമനം നടത്തിവരുന്നതെന്നും 1999 മുതൽ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങളെല്ലാം പി.എസ്.സി.ക്ക് വിട്ടുകൊണ്ട് ഉത്തരവായെങ്കിലും കരട് സ്പെഷ്യൽ റൂൾസ് സർക്കാരിന്റെ പരിഗണനയിലാണെന്നും സ്ഥിരനിയമനങ്ങൾ നടക്കാത്തതിനാൽ ഇൻസ്റ്റിറ്റ്യൂട്ട്, പ്രസ്സ് എന്നിവിടങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾ മുടങ്ങാതിരിക്കാൻ വേണ്ടിയാണ് ഭരണസമിതിയുടെയും സർക്കാരിന്റെയും അംഗീകാരത്തോടെ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിവരുന്നതെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അറിയിച്ചു.

22. ഇപ്പോഴുള്ള നിയമനങ്ങൾ എങ്ങനെയാണ് നടത്തുന്നതെന്ന് സമിതി ആരാഞ്ഞതിന് കരാർ അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുമാണ് നിയമനം നടത്തുന്നതെന്ന് ഡയറക്ടർ മറുപടി നൽകി.

23. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിലെ നിയമനം പി.എസ്.സി. വഴിയാക്കാൻ ഗവൺമെന്റ്

തീരുമാനമെടുത്തിട്ട് വർഷങ്ങളായെന്നും അതനുസരിച്ച് സ്പെഷ്യൽ റൂൾസ് തയ്യാറാക്കേണ്ടതാണെന്നും എന്നാൽ വർഷങ്ങളായിട്ടും സ്പെഷ്യൽ റൂൾസിന് അന്തിമരൂപമുണ്ടാക്കിയിട്ടില്ലെന്നും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

24. സർക്കാരല്ലേ സ്പെഷ്യൽ റൂൾസിന് അന്തിമരൂപം നൽകേണ്ടതെന്ന സമിതിയുടെ ചോദ്യത്തിന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ആദ്യം തയ്യാറാക്കിയ കരട് ചട്ടത്തിൽ ചില മാറ്റങ്ങൾ വേണ്ടിവന്നതിനാൽ അത് മാറ്റിനൽകാൻ ആവശ്യപ്പെടുകയും പിന്നീടത് പി.എസ്.സി.ക്ക് കൊടുക്കുകയും പി.എസ്.സി. അതിൽ കുറേ കാര്യങ്ങളിൽ ഒബ്ജക്ഷൻ ഉന്നയിക്കുകയും അതനുസരിച്ച് മാറ്റം വരുത്തുന്നതിന് ഭാഷാ ഇൻസ്റ്റിസ്റ്റ്യൂട്ടിന് നിർദ്ദേശം നൽകുകയും ചെയ്തെന്നും അപ്രകാരം മാറ്റംവരുത്തിയ കരട് ചട്ടം ബഹു. മന്ത്രിയ്ക്ക് സമർപ്പിച്ചിരിക്കുകയാണെന്നും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

25. പുസ്തകമേളകൾ ലാഭകരമല്ലെന്നതാണ് മറ്റൊരു ഓഡിറ്റ് പരാമർശമെന്നും പുസ്തകമേളകളിലൂടെയാണ് പുസ്തകങ്ങൾ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്നതെന്നും കഴിഞ്ഞവർഷം ലാഭകരമായിട്ടാണ് പുസ്തകം വിറ്റുപോയിട്ടുള്ളതെന്നും 7,12,00,185 രൂപയ്ക്കാണ് പുസ്തകങ്ങൾ വിറ്റതെന്നും അതുകൊണ്ട് പുസ്തകമേളകൾ ലാഭകരമല്ലെന്ന് പറയുന്നത് നിലവിലെ സാഹചര്യത്തിൽ ശരിയല്ലെന്നും ആയതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കി നൽകണമെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സമിതി മുമ്പാകെ അഭ്യർത്ഥിച്ചു. ഓരോ വർഷവും പുസ്തകപ്രദർശനത്തിലൂടെ രണ്ട് കോടി രൂപയ്ക്കുമുകളിൽ വിൽപ്പന നടക്കുന്നുണ്ടെന്നും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

26. സ്വകാര്യ പ്രസ്സുകളെ ഒഴിവാക്കി ആധുനിക സൗകര്യങ്ങളുള്ള പ്രസ്സുകൾ സ്ഥാപിക്കണം എന്ന ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ചും സ്വകാര്യ പ്രസ്സുകളെ ഒഴിവാക്കി ഗവൺമെന്റ് പ്രസ്സ് തുടങ്ങിയാൽ അവിടത്തെ ജീവനക്കാരുടെ ആനുകൂല്യങ്ങളുൾപ്പെടെയുള്ള ചെലവുകൾ സംബന്ധിച്ചും ഓരോ ദിവസം കഴിയുന്തോറും അച്ചടിയുടെ സാങ്കേതികവിദ്യ മാറുന്നതിനാൽ പുതിയതായി ഒരു പ്രസ് തുടങ്ങിയാൽ

അതിന്റെ മുതൽമുടക്ക് എങ്ങനെയാണ് വഹിക്കാൻ കഴിയുന്നതെന്നത് സംബന്ധിച്ചും സമിതി ആരാഞ്ഞതിന്, നിലവിലെ വിജ്ഞാനമുദ്രണം പ്രസ്സ് നവീകരിക്കണമെന്നൊരു നിർദ്ദേശമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉള്ളതെന്നും അതിനുവേണ്ടിയുള്ള പ്രൊപ്പോസലനുസരിച്ച് 2022-23-ലെ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ടെന്നും അത് ഉടൻതന്നെ നവീകരിക്കുന്നതാണെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി. പ്രസ്സ് നവീകരിച്ചതുകൊണ്ട് എന്താണ് ഗുണമെന്ന സമിതിയുടെ ചോദ്യത്തിന്, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ എല്ലാ പുസ്തകങ്ങളും വിജ്ഞാനമുദ്രണം പ്രസ്സിലാണ് പ്രിന്റ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മറുപടി നൽകി.

27. പ്രസ്സ് നവീകരിക്കുമ്പോൾ പഴയ രീതിയിൽനിന്നും മാറി ഏറ്റവും പുതിയ സാങ്കേതികവിദ്യ ഉപയോഗിക്കണമെന്ന് സമിതി ചൂണ്ടിക്കാട്ടിയതിന്, പ്രസ്സുകളുടെ നവീകരണം എന്നുമാത്രമേ ഓഡിറ്റ് പരാമർശത്തിൽ പറയുന്നുള്ളൂവെന്നും നവീകരണത്തിനാണ് ബഡ്ജറ്റിൽ തുക അനുവദിച്ചിരിക്കുന്നതെന്നും ഏറ്റവും ആധുനികരീതിയിൽ നവീകരിക്കാനുള്ള നടപടി സ്വീകരിക്കാമെന്നും ഡയറക്ടർ ഉറപ്പ് നൽകി.

28. ഏറ്റവും പുതിയ സാങ്കേതികവിദ്യ കൊണ്ടുവരണമെങ്കിൽ അതിനനുസരിച്ചുള്ള ചെലവ് വേണ്ടിവരുമെന്നും അതിന് നിലവിൽ അനുവദിച്ച തുക പര്യാപ്തമാകുമോയെന്ന് ആലോചിക്കേണ്ടതാണെന്നും ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുള്ളതുകൊണ്ട് ആദ്യം നിലവിലുള്ള പ്രസ്സ് പ്രായോഗികമായി ഉപയോഗിക്കാൻ കഴിയുന്ന രീതിയിലുള്ള ഒരു പ്രൊപ്പോസൽ തയ്യാറാക്കുന്നതായിരിക്കും ഉചിതമെന്നും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

29. പ്രസ്തുത മറുപടിയുടേയും സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## <u>നിഗമനങ്ങൾ/ശിപാർശകൾ</u>

**30. കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ**

**പി.എസ്.സി യ്ക്ക് വിടുന്നത് സംബന്ധിച്ച സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്ന നടപടി ത്വരിതപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ കരാർ നിയമനം സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പുസ്തക പ്രദർശന മേളകൾ, വിജ്ഞാനമുദ്രണം പ്രസ്സിന്റെ ആധുനികവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**

1955-ലെ തിരു-കൊച്ചി ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം സ്ഥാപിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

2006-07 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ ധനസഹായമായി പ്ലാൻ ഇനത്തിൽ 50,15,000 രൂപയും നോൺപ്ലാൻ ഇനത്തിൽ 1,06,41,000/- രൂപയും ലഭിച്ചു. മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. കേന്ദ്ര മനുഷ്യവിഭവ വകുപ്പ് മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ കമ്മീഷൻ ഫോർ സയന്റിഫിക് ആന്റ് ടെക്നിക്കൽ ടെർമിനോളജിയിൽ (CSTT) നിന്നും 20 ലക്ഷം രൂപ തൻവർഷം ലഭിച്ചു. യൂണിവേഴ്സിറ്റി/ഹയർ സെക്കന്ററി തലത്തിലുള്ള പുസ്തക പ്രസിദ്ധീകരണത്തിനാണ് CSTT ഗ്രാന്റ് നൽകുന്നത്. എന്നാൽ യൂണിവേഴ്സിറ്റി/ഹയർ സെക്കന്ററി അക്കാദമിക് വിഭാഗത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലല്ല പ്രസ്തുത ഗ്രാന്റ് വിനിയോഗിക്കുന്നത്.

ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിട്ടുകൊണ്ട് 1999-ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഇതുവരെ തുടർനടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. കരാറടിസ്ഥാനത്തിലും താൽക്കാലികാടിസ്ഥാനത്തിലും ശമ്പളസ്കെയിൽ നൽകി നിയമനങ്ങൾ നടത്തുന്നത് ഗുരുതരമായ ചട്ടലംഘനമാണ്. വിജ്ഞാനമുദ്രണം പ്രസിലെ

ജീവനക്കാരുടെ സേവന വേതന ചട്ടങ്ങൾക്ക് സർക്കാരിന്റെ അംഗീകാരം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

31. സർവ്വകലാശാല/ഹയർസെക്കന്ററി അക്കാദമിക് വിഭാഗത്തിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള പുസ്തകങ്ങളല്ല സി.എസ്.റ്റി.റ്റി. ഗ്രാന്റ് ഉപയോഗിച്ച് അച്ചടിക്കുന്നത് എന്നതാണ് ഓഡിറ്റ് പരാമർശമെന്നും യഥാർത്ഥത്തിൽ സർവ്വകലാശാല നിലവാരത്തിലുള്ള പുസ്തകങ്ങളാണ് സി.എസ്.റ്റി.റ്റി. ഗ്രാന്റുപയോഗിച്ച് അച്ചടിക്കുന്നതെന്നും പ്രസ്തുത പുസ്തകങ്ങളെല്ലാം അക്കാദമിക് നിലവാരമുള്ളതാണെന്നും ഫണ്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പാണ് പരിശോധിക്കുന്നതെന്നും ഇതുവരെയും ഇത്തരം പുസ്തകങ്ങളെ സംബന്ധിച്ച് ഒരാക്ഷേപവും ഉണ്ടായിട്ടില്ലെന്നും അതിനാൽ പ്രസ്തുത പരാമർശം ഒഴിവാക്കിനല്കണമെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അഭ്യർത്ഥിച്ചു.

32. സി.എസ്.റ്റി.റ്റി. ഗ്രാന്റുപയോഗിച്ച് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചപ്പോൾ കേരള സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിലുമായി നടത്തിയ ചർച്ചകളുടെ രേഖകളൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നതാണ് പ്രധാന വിഷയമെന്നും ഉന്നത വിദ്യാഭ്യാസത്തിനുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുമ്പോൾ അതാത് സർവ്വകലാശാലകളുടെ അക്കാദമിക് കൗൺസിലുമായി ചർച്ച നടത്തി അവർ അംഗീകരിച്ച രേഖകൾകൂടി ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നും കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ ചൂണ്ടിക്കാട്ടിയതിന്, 2010-11-ൽ അങ്ങനെയായിരുന്നെങ്കിലും കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ രേഖകൾ പരിശോധിച്ചുനോക്കിയപ്പോൾ സർവ്വകലാശാലയുടെ സിലബസിൽ ഉൾപ്പെടുന്ന പുസ്തകങ്ങളാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രിന്റ് ചെയ്തുകൊണ്ടിരിക്കുന്നതെന്നും അതുകൊണ്ട്

പുസ്തകങ്ങൾ കെട്ടിക്കിടക്കുന്നുണ്ടെന്നോ നഷ്ടമുണ്ടെന്നോ ഗുണനിലവാരത്തിൽ പ്രശ്നമുണ്ടെന്നോ പറയാൻ സാധിക്കില്ലെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ബോധിപ്പിച്ചു.

33. അക്കാദമിക് കൗൺസിൽ കാലാകാലങ്ങളിൽ സിലബസിൽ മാറ്റം വരുത്തുമ്പോൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുമായോ മറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങളുമായോ ആശയവിനിമയം നടത്തണമെന്ന് സമിതി നിർദ്ദേശിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

## നിഗമനങ്ങൾ/ശിപാർശകൾ

**34. അക്കാദമിക് കൗൺസിൽ കാലാകാലങ്ങളിൽ സിലബസിൽ മാറ്റം വരുത്തുമ്പോൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുമായോ മറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങളുമായോ ആശയവിനിമയം നടത്തണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിജ്ഞാനമുദ്രണം പ്രസ് - വികലാംഗരുടെ താൽക്കാലിക നിയമനം ക്രമവിരുദ്ധം**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07, ഖണ്ഡിക നമ്പർ: 14)

| | |
|---|---|
| * | ഇല്ലാത്ത തസ്തികയിൽ നിയമനം. |
| * | 11.02.2009-ൽ ജോലിയിൽ പ്രവേശിച്ചവരുടെ നിയമനത്തിന് 02.02.2009 മുതൽ പ്രാബല്യം നൽകി. |

വിജ്ഞാനമുദ്രണം പ്രസിൽ പത്തുവർഷക്കാലം പീസ്റേറ്റ് അടിസ്ഥാനത്തിൽ ജോലിചെയ്തിരുന്ന വികലാംഗരായ ഒൻപതുപേരെ 16.12.2008-ൽ കൂടിയ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി യോഗത്തിന്റെ 15-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശമ്പളസ്കെയിൽ നൽകി താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് തീരുമാനിക്കുകയും ഡയറക്ടറുടെ വി/374/09/സിൽ തീയതി 11.02.09 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ബയന്റിങ് യോഗ്യതയുള്ളവരെ ബയന്റർമാരായും

അല്ലാത്തവരെ ബയന്റിങ് വർക്കർമാരായും നിയമിക്കാൻ തീരുമാനിച്ചു. താഴെപ്പറയുന്ന ഒൻപതുപേരെയാണ് നിയമിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| 1 | റ്റി.ശാന്തമ്മ | 40% വികലാംഗത്വം | എസ്.എസ്.എൽ.സി ജയിച്ചു ബയന്റിങ്ങിൽ കെ.ജി.ടി.ഇ. ലോവർ സർട്ടിഫിക്കറ്റ് |
| 2 | ബി.ലതാകുമാരി | 50% വികലാംഗത്വം | " |
| 3 | എം.സാവിത്രി | 50% വികലാംഗത്വം | " |
| (ഇവരെ 5250 – 8390 രൂപ ശമ്പള നിരക്കിൽ ഒഴിവുള്ള ബൈൻഡർ തസ്തികയിൽ നിയമിച്ചു) | | | |
| 4 | ബി.ബിന്ദു | 90% വികലാംഗത്വം | സർട്ടിഫിക്കറ്റ് കോഴ്സ് പാസായി |
| 5 | എസ്.പ്രഭ | 95% വികലാംഗത്വം | " |
| 6 | എസ്.വാസന്തി | 95% വികലാംഗത്വം | " |
| 7 | എസ്.ലത | 95% വികലാംഗത്വം | " |
| 8 | ഒ.പ്രസന്നകുമാരി | 95% വികലാംഗത്വം | " |
| 9 | കെ.തങ്കി | 50% വികലാംഗത്വം | " |

ഈ ആറുപേരെ ബയന്റിങ് വർക്കർ എന്ന തസ്തികയിൽ 4510-6230 രൂപ നിരക്കിൽ നിയമിച്ചു. വർക്കർ തസ്തികയിൽ നിയമിക്കപ്പെട്ടവർ ബൈൻഡറാവാൻ യോഗ്യത നേടുമ്പോൾ എൽ.ഡി. ബൈൻഡറായി നിയമിക്കാനും തീരുമാനിച്ചു. എല്ലാ നിയമനങ്ങൾക്കും സർക്കാരിന്റെ അംഗീകാരത്തിനുവിധേയമായി 02.02.09 മുതൽ പ്രാബല്യം നൽകി ഉത്തരവായി. എന്നാൽ എസ്.ലത ഒഴികെ ബാക്കി എട്ടുപേരും 11.02.2009-ലാണ് ജോലിക്ക് ഹാജരായതും 11.02.2009-ലാണ് ഉത്തരവ് ഇറക്കിയിട്ടുള്ളതും. അതിനാൽ 02.02.2009-ന് പ്രാബല്യം നൽകിയത് വിശദമാക്കേണ്ടതാണ്.

ഇതിൽ എസ്. പ്രഭ, എസ്. ലത, എസ്. വാസന്തി എന്നിവർ ഒരേ വീട്ടിൽ

നിന്നുള്ളവരാണ്. [ശ്രീധരൻ നാടാർ-സുഭദ്ര, വാസന്തിഭവൻ, ഈഴക്കോട്, മലയിൻകീഴ്, തിരുവനന്തപുരം] ഇതിൽ എസ്. ലതയുടെയും, എസ്. പ്രഭയുടെയും ജനനത്തീയതികൾ വൈരുദ്ധ്യാത്മകമാണ്. എസ്. ലതയുടെ ജനനത്തീയതി 08.09.1973, എസ്. പ്രഭയുടേത് 10.01.1974 എന്നിങ്ങനെയാണ് എസ്.എസ്.എൽ.സി. ബുക്കുകളിൽ കാണുന്നത്.

16.05.2007-ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.55/2007/സി.എ.ഡി. പ്രകാരം തസ്തിക സൃഷ്ടിക്കൽ, അപ്ഗ്രഡേഷൻ, ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ മാറ്റം വരുത്തുക എന്നിവയ്ക്കുമുമ്പായി സർക്കാരിന്റെ വ്യക്തമായ അംഗീകാരം നേടിയിരിക്കണം. ഒരു നിയമനവും-സ്ഥിരം, റെഗുലർ, പ്രൊവിഷണൽ, താത്ക്കാലികം, കരാറടിസ്ഥാനം, ദിവസക്കൂലി-സർക്കാരിന്റെ വ്യക്തമായ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ലാതെ നടത്താൻ പാടില്ല. ഈ ഉത്തരവിൽ വിജ്ഞാനമുദ്രണം പ്രസിൽ സർക്കാർ അംഗീകാരമുള്ള തസ്തികകളിൽ ബൈൻഡിങ് വർക്കർ എന്നൊരു തസ്തികയില്ലെന്ന് സംശയലേശമന്യേ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ നിന്നും ആറുപേരെ ഇല്ലാത്ത തസ്തികയിലാണ് നിയമിച്ചിരിക്കുന്നത് എന്നുകാണാം.

2006-ന് മുമ്പ് സർക്കാരിന്റെ അനുവാദമില്ലാതെ തസ്തികകൾ സൃഷ്ടിക്കുകയും ജീവനക്കാരെ നിയമിക്കുകയും ചെയ്തത് പ്രശ്നമായതിലാണ് സർക്കാർ 2007-ൽ ഇതിനെതിരെ ഉത്തരവിറക്കിയിട്ടുള്ളത്. എന്നാൽ സിൽ ഡയറക്ടർ വീണ്ടും സർക്കാർ ഉത്തരവിനെതിരെയാണ് നിയമനങ്ങൾ നടത്തിവരുന്നത്. സർക്കാർ ഉത്തരവ് പ്രകാരം വ്യക്തമായ നിർദ്ദേശമുള്ളതിനാൽ മൂന്നുപേരെ എൽ.ഡി.ബൈന്റർമാരായും ആറു പേരെ ബൈന്റർ വർക്കർമാരായും നിയമിച്ച സിൽ ഡയറക്ടറുടെ നടപടി ചട്ടവിരുദ്ധമാകുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ :

ഡോ. പി. കെ. പോക്കർ (ഡയറക്ടർ)
സരോവരം, നല്ലളം, കോഴിക്കോട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.2.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

35. പ്രസ്തുത പരാമർശം സംബന്ധിച്ച് 06.01.2022-ൽ നടന്ന ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി യോഗത്തിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ വിശദീകരണം നൽകിയിട്ടുള്ളതാണെന്നും മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശപ്രകാരവും ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലും ഇവരുടെ നിയമനം സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നും ആയത് പരിഗണിച്ച് ബഹു. സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചതാണെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സമിതി മുമ്പാകെ ബോധ്യപ്പെടുത്തി.

36. മാനുഷിക പരിഗണന കണക്കിലെടുത്ത് വികലാംഗരായ പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

37. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**38. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്റ്റാൾ വാടക പിരിച്ചെടുക്കാത്തതുവഴി നഷ്ടം**

2008 - ലെ കോഴിക്കോട് അന്താരാഷ്ട്ര പുസ്തകോത്സവം
സ്പെഷ്യൽ റിപ്പോർട്ട് ഖണ്ഡിക 4

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 06.10.2008-ലെ എസ്.പി.2/ 3082/2008, സിൽ നമ്പർ ഉത്തരവ് പ്രകാരം അന്താരാഷ്ട്ര പുസ്തകമേള നടത്തിപ്പിന്റെ മുന്നോടിയായി

സിൽ റിസർച്ച് ഓഫീസർ ശ്രീ.എൻ.ജയകൃഷ്ണനെ 29.09.2008 മുതൽ 20.11.2008 വരെ കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിലേക്ക് മാറ്റി നിയമിച്ചു. 29.10.2008-ലെ ഡയറക്ടറുടെ ഉത്തരവ് നമ്പർ എ 1/73/08/സിൽ ആർ.സി. പ്രകാരം സ്റ്റാൾ ബുക്കിങ്ങ്, പുസ്തകോത്സവത്തിന്റെ സാമ്പത്തിക ചുമതല, സംഘാടക ചുമതല, സ്റ്റാളുകളിൽ നിന്നും വാടകപിരിക്കുന്നതിന്റെ ചുമതല എന്നിവ ശ്രീ.ജയകൃഷ്ണന് നൽകി ഉത്തരവായി.

2008-ലെ അന്താരാഷ്ട്ര പുസ്തകോത്സവത്തിന് 130 സ്റ്റാളുകളാണ് നിർമ്മിച്ചിരുന്നത്. ഇതിൽ ഏഴ് സ്റ്റാളുകൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനും, മറ്റാവശ്യങ്ങൾക്കുമായി മാറ്റിവച്ചിരുന്നു. 7000/- രൂപയാണ് ഒരു സ്റ്റാളിന് വാടക നിശ്ചയിച്ചിരുന്നത്. കൊമേഴ്സ്യൽ സ്റ്റാളിന് 8000/- രൂപയാണ് വാടക നിശ്ചയിച്ചിരുന്നത്. ഒന്നിൽ കൂടുതൽ സ്റ്റാളുകൾ വാടകയ്ക്കെടുക്കുന്നവർക്ക് കിഴിവും അനുവദിച്ചിരുന്നു. കൊമേഴ്സ്യൽ ആവശ്യത്തിന് സ്റ്റാൾ നൽകിയതായി കാണുന്നില്ല.

സ്റ്റാൾ വാടക പിരിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് മുൻ സൂപ്രണ്ട് ശ്രീ.ഒ.ഭാസ്കരനെയും, ശ്രീ.ഉണ്ണികൃഷ്ണൻ, യു.ഡി.സി.യെയും നിയോഗിച്ചുവെങ്കിലും, പുസ്തകോത്സവത്തിന്റെ കൺവീനറായ ജയകൃഷ്ണൻ ഇതിനെ എതിർക്കുകയും സ്വന്തം നിലയിൽ സ്റ്റാൾ വാടക പിരിച്ചെടുക്കാമെന്ന് ഡയറക്ടറെ അറിയിക്കുകയും ചെയ്തു. ഓഡിറ്റിനു ലഭ്യമാക്കിയ പത്രികപ്രകാരം 130 സ്റ്റാളുകളിൽ 112 സ്റ്റാളുകളിൽ നിന്നും റിഡക്ഷൻ കഴിഞ്ഞ് 7,52,500/- രൂപ ലഭിക്കേണ്ടതായിരുന്നു. ഇതിൽ പുസ്തകോത്സവം കഴിഞ്ഞപ്പോൾ 6,27,800/- രൂപയാണ് പിരിച്ചെടുത്തത്.

ഓഡിറ്റിന് ലഭ്യമായ വിവരങ്ങളനുസരിച്ച് അന്താരാഷ്ട്ര പുസ്തകോത്സവം അവസാനിച്ചപ്പോൾ 1,24,700/- രൂപ സ്റ്റാൾ വാടകയിനത്തിൽ പിരിച്ചെടുക്കാനുണ്ടായിരുന്നു. സ്റ്റാൾ വാടകയിനത്തിൽ 39,900/- രൂപ 13.01.2009 മുതൽ 18.06.2009 വരെയുള്ള കാലഘട്ടത്തിൽ പിരിച്ചെടുത്തു. എന്നാൽ ഇതിന്

പിഴപ്പലിശ ഈടാക്കിയിട്ടില്ല. 30.06.2009-ൽ 84,800/- രൂപ സ്റ്റാൾ വാടകയിനത്തിൽ ബാക്കി ലഭിക്കാനുണ്ടെന്ന് കോഴിക്കോട് സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. ഈ തുക 12 % പലിശ സഹിതം ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u>

എൻ. ജയകൃഷ്ണൻ (RO),
നിർവൃതി, കരുമ്പുക്കോണം, കരിയം,
ശ്രീകാര്യം പി.ഒ., തിരുവനന്തപുരം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.2.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

39. പ്രസ്തുത വിഷയം 2006-07 കാലയളവിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നും ഇതുമായി ബന്ധപ്പെട്ട എല്ലാ സാമ്പത്തിക ബാദ്ധ്യതകളും ക്രമീകരിച്ച് ഉത്തരവായിട്ടുണ്ടെന്നും 2005-06 മുതൽ 2007-08 വരെയുള്ള കാലയളവിൽ റിസർച്ച് ഓഫീസർ ശ്രീ. എൻ. ജയകൃഷ്ണന്റെ ഭാഗത്തുനിന്നാണ് ഇത്തരമൊരു പിഴവുണ്ടായതെന്നായിരുന്നു കണ്ടെത്തലെന്നും അദ്ദേഹത്തിന്റെ എല്ലാ ബാദ്ധ്യതകളും ക്രമീകരിച്ച് 2014-ൽ ഉത്തരവായിട്ടുണ്ടെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ വിശദീകരിച്ചു.

40. ഇതുസംബന്ധിച്ച വിശദമായിട്ടുള്ള ഉത്തരവ് ഓഡിറ്റ് വകുപ്പിന് നൽകാമെന്നും മറുപടി പരിശോധിച്ചതിനുശേഷം ഓഡിറ്റ് പരാമർശം ഒഴിവാക്കി നല്കണമെന്നും സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സമിതി മുമ്പാകെ അഭ്യർത്ഥിച്ചു.

41. വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ച സമിതി, റിപ്പോർട്ട് ലഭ്യമായതിനുശേഷം പരാമർശം ഒഴിവാക്കുന്ന കാര്യം

പരിഗണിക്കാമെന്ന് തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**42. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## തൃശ്ശൂർ ജില്ല

ഓഡിറ്റ് ഖണ്ഡിക

**കേരള കലാമണ്ഡലം**

**താല്ക്കാലിക ജീവനക്കാരുടെ നിയമനം സർക്കാർ അംഗീകാരം വാങ്ങിയില്ല**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഖണ്ഡിക നമ്പർ:11)

2008-2009 സാമ്പത്തിക വർഷത്തിൽ കേരള കലാമണ്ഡലത്തിൽ വിവിധ വിഭാഗങ്ങളിലായിട്ട് 91 ജീവനക്കാർ താല്ക്കാലികമായി ജോലി ചെയ്യുന്നുണ്ട്. 1984 ലെ സ്റ്റാഫ് പാറ്റേൺ പ്രകാരം മൊത്തം 112 സ്ഥിരം ജീവനക്കാർക്കാണ് സർക്കാർ അനുമതി നല്കിയിട്ടുള്ളത്. താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് ഇതുവരെ സർക്കാർ അനുമതി നല്കിയിട്ടില്ല. 20 വർഷമായി ഈ സ്ഥാപനത്തിൽ താല്ക്കാലിക ജീവനക്കാരെ നിയമിച്ച് വരുന്നുണ്ട്. കലാമണ്ഡലം എക്സിക്യൂട്ടീവ് ബോർഡിന്റെ തീരുമാനപ്രകാരമാണ് 2008-2009 വർഷത്തിലും താല്ക്കാലിക ജീവനക്കാരെ നിയമിച്ചത്. സർക്കാർ അനുമതിയില്ലാതെ താല്ക്കാലിക നിയമനം നടത്താൻ പാടില്ലെന്ന് വ്യക്തമായ നിർദ്ദേശം ഉണ്ടായിട്ടും താല്ക്കാലിക നിയമനം നടത്തിയത് അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ താല്ക്കാലിക നിയമനം നടത്തിയതിന് ഉടനെതന്നെ സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. അംഗീകാരം ലഭിക്കുന്നതുവരെ താല്ക്കാലിക നിയമനം നിർത്തി വയ്ക്കേണ്ടതുമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.4.7(1))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

43. 2007-ലാണ് കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയാകുന്നതെന്നും അതിനുമുമ്പ് അദ്ധ്യാപക പോസ്റ്റിൽ 69 തസ്തികകൾ ഉണ്ടായിരുന്നുവെന്നും യു.ജി.സി. നിർദ്ദേശങ്ങൾ പാലിച്ചാൽ മാത്രമേ കലാമണ്ഡലത്തെ കല്പിത സർവ്വകലാശാല ആക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ 33 തസ്തികകൾ സൃഷ്ടിച്ച് യോഗ്യരായ ജീവനക്കാരെ നിയമിക്കുകയും പിന്നീട് കലാമണ്ഡലത്തിലെ സ്കൂൾ വിഭാഗത്തിൽ നിന്ന് 33 തസ്തികകൾ കുറയ്ക്കുകയുമാണ് ചെയ്തതെന്നും ക്ലാസ്സുകളോ കോഴ്സുകളോ കുറഞ്ഞിട്ടില്ലെന്നും 1981-ലെ സ്റ്റാഫ് ഫിക്സേഷൻ അനുസരിച്ച് 1:4 ആണ് വിദ്യാർത്ഥി-അദ്ധ്യാപക അനുപാതമെന്നും കഥകളി പോലെയുള്ള ഒരു കോഴ്സ് പഠിപ്പിക്കണമെങ്കിൽ ഒരു കുട്ടിക്ക് മിനിമം മൂന്ന് അദ്ധ്യാപകർ വേണ്ടിവരുമെന്നും ക്ലാസ്സുകൾ മുടങ്ങാതിരിക്കാൻ 2008 മുതൽ അദ്ധ്യാപകരെ താൽക്കാലികമായി നിയമിച്ചുകൊണ്ടിരിക്കുകയാണെന്നും 69 തസ്തികകളും പുനഃസ്ഥാപിച്ചു കിട്ടിയില്ലെങ്കിൽ പാഠ്യപദ്ധതിയെയും കലാപ്രവർത്തനങ്ങളെയും ബാധിക്കുമെന്ന് സാംസ്കാരിക വകുപ്പിനോടാവശ്യപ്പെട്ടുവെങ്കിലും വകുപ്പിൽ നിന്നും അനുകൂല മറുപടി ലഭിച്ചില്ലെന്നും പത്തും പതിനഞ്ചും വർഷമായി അദ്ധ്യാപകരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നത് കുട്ടികളുടെ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും കല്പിത സർവ്വകലാശാലയാകുന്നതിനുമുമ്പ് സ്കൂളിലുണ്ടായിരുന്ന സ്റ്റാഫിനെ നൽകണമെന്നാണ് ആവശ്യപ്പെടുന്നതെന്നും സമിതി കലാമണ്ഡലം സന്ദർശിച്ച് അവിടത്തെ പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കണമെന്നും കേരള കലാമണ്ഡലം വൈസ്ചാൻസലർ അഭ്യർത്ഥിച്ചു.

44. തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് കലാമണ്ഡലം ആവശ്യപ്പെടുന്നതെന്നും സാധാരണഗതിയിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ആവശ്യം വന്നാൽ ധനകാര്യ വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്നതിന് നിയന്ത്രണമുണ്ടെന്നും തസ്തികകളുടെ കാര്യത്തിൽപ്പോലും അവ്യക്തമായ മറുപടിയാണ് കലാമണ്ഡലത്തിൽ നിന്നും ലഭിച്ചിട്ടുള്ളതെന്നും ഏതൊക്കെ തസ്തികയിൽ എത്ര പേർ വേണമെന്നുള്ളതിന്റെ

കൃത്യമായ വിശദാംശങ്ങൾ ലഭിക്കാത്തതുകൊണ്ടാണ് സമിതിക്ക് മറുപടി നൽകാൻ കഴിയാത്തതെന്നും തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പ്രത്യേകമായി ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ട് അവരുടെ അംഗീകാരത്തോടെ മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളുവെന്നും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

45. മറ്റേതെങ്കിലുമൊരു സ്ഥാപനത്തെപ്പോലെ പരിഗണിക്കേണ്ടതല്ല കലാമണ്ഡലമെന്നും കൃത്യമായ പഠനം നടത്തി അവിടത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന ഒരു സംവിധാനം സർക്കാരുണ്ടാക്കണം എന്നും കലാമണ്ഡലത്തെ ഒരു പ്രത്യേക സ്ഥാപനമായി പരിഗണിച്ച് ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

46. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല ആകുന്നതിനുമുമ്പ് ശമ്പളപരിഷ്കരണ നടപ്പാക്കൽ ഉത്തരവിൽ 112 തസ്തികകളുണ്ടായിരുന്നുവെന്നും യു.ജി.സി. വന്നപ്പോൾ ആ തസ്തികകൾ നിർത്തലാക്കിയോ അതോ നിലനിൽക്കുന്നുണ്ടോ എന്നുള്ളതാണ് പ്രശ്നമെന്നും പ്രസ്തുത തസ്തികകൾ ഒഴിവാക്കിയതായി സർക്കാർ ഉത്തരവുകളൊന്നും ഇറങ്ങിയിട്ടില്ലാത്ത സാഹചര്യത്തിൽ അവ നിലനിൽക്കേണ്ടതാണെന്നും എന്നാൽ പിന്നീട് വന്ന പേ റിവിഷൻ ഓർഡറുകളിൽ ഈ തസ്തികകളൊന്നും കാണുന്നില്ലെന്നും പുതിയ തസ്തികകൾ വേണമെന്നല്ല കേരള കലാമണ്ഡലത്തിൽ 1984-ലുണ്ടായിരുന്ന തസ്തിക വിന്യാസം ഇപ്പോഴും വേണമെന്നതാണ് ആവശ്യമെന്നും ആർട്ട് സ്കൂളിൽ സ്ഥിരാദ്ധ്യാപകർ ആവശ്യമാണെന്നും കേരള കലാമണ്ഡലം വൈസ്ചാൻസലർ ബോധിപ്പിച്ചു.

47. കല്പിത സർവ്വകലാശാല ആക്കിയപ്പോൾ മുമ്പുണ്ടായിരുന്ന 112 തസ്തികകൾ ഒഴിവാക്കിയിട്ടില്ലെങ്കിൽ പിന്നീട് തസ്തിക വിന്യാസത്തിൽ വ്യത്യാസം വരുന്നതെങ്ങനെയെന്ന് സമിതി ആരാഞ്ഞതിന്, നിലവിലുള്ള അംഗീകൃത തസ്തിക അനുസരിച്ചാണ് ധനകാര്യ വകുപ്പിൽ നിന്നും ശമ്പള പരിഷ്കരണ ഉത്തരവ് നിലവിൽ ഇറങ്ങുന്നതെന്നും പ്രസ്തുത വിഷയത്തിൽ എന്താണ് സംഭവിച്ചത് എന്നുള്ളത്

പരിശോധിക്കാമെന്നും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നല്കി.

48. ധനകാര്യ വകുപ്പിൽ ഇതുസംബന്ധിച്ച പ്രൊപ്പോസൽ ഇതുവരെയും ലഭ്യമായിട്ടില്ലെന്നും കലാമണ്ഡലത്തിൽ നിന്ന് സാംസ്കാരിക വകുപ്പിലേയ്ക്ക് അയയ്ക്കുന്ന പ്രൊപ്പോസൽ തന്നെയാണ് ധനകാര്യ വകുപ്പിലും ലഭ്യമാക്കേണ്ടതെന്നും പോസ്റ്റ് ആവശ്യപ്പെടുന്നതല്ലാതെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതമോ മറ്റ് മാനദണ്ഡങ്ങളോ ഇതുവരെ പറഞ്ഞിട്ടില്ലെന്നും 1:4 എന്ന അനുപാതമാണ് പിന്തുടരുന്നതെങ്കിൽ അതനുസരിച്ച് ഇക്കാര്യം പരിശോധിക്കാവുന്നതാണെന്നും 2001-ലെ സർക്കാർ ഉത്തരവനുസരിച്ച് ഒരു വർഷം തുടർച്ചയായി ഒരു തസ്തിക ഒഴിഞ്ഞ് കിടക്കുകയാണെങ്കിൽ സ്വാഭാവികമായും അത് ഇല്ലാതാകുമെന്നും അവിടെയുണ്ടായിരുന്ന തസ്തികകളൊന്നും തന്നെ അബോളിഷ് ചെയ്തിട്ടില്ലെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

49. GO(MS)No.76/2007/GAD dated 01.08.2007 എന്ന സർക്കാർ ഉത്തരവിൽ തസ്തികകളുടെ മുഴുവൻ വിവരങ്ങളുമുണ്ടെന്നും പ്രസ്തുത തസ്തികകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ടോ ഇല്ലയോ എന്നുള്ള വ്യക്തത നൽകണമെന്നും കേരള കലാമണ്ഡലം വൈസ് ചാൻസലർ അഭ്യർത്ഥിച്ചു.

50. കേരള കലാമണ്ഡലവുമായി ബന്ധപ്പെട്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ച ശേഷം റിപ്പോർട്ട് ലഭ്യമാക്കാമെന്ന് സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉറപ്പ് നൽകി.

## നിഗമനങ്ങൾ/ശിപാർശകൾ

**51. കേരള കലാമണ്ഡലത്തിൽ 1984-ലെ സ്റ്റാഫ് പാറ്റേൺ പ്രകാരം അനുവദിച്ചിരുന്ന 112 തസ്തികകൾ ഒഴിവായത് എങ്ങിനെയെന്ന് പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ**

**ചെയ്യുന്നു.**

**52. കലാമണ്ഡലത്തെ ഒരു പ്രത്യേക സ്ഥാപനമായി പരിഗണിച്ച് കൃത്യമായ പഠനം നടത്തണമെന്നും അവിടുത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന ഒരു സംവിധാനം ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കേരള ലളിതകലാ അക്കാദമി**

**സർക്കാർ അംഗീകാരമില്ലാതെ സ്ഥിര നിയമനം**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2008-09 ഖണ്ഡിക നമ്പർ : 5

കേരള ലളിതകലാ അക്കാദമി സ്റ്റാഫിന്റെ നിയമനവും സേവന വ്യവസ്ഥകളും സംബന്ധിച്ച ചട്ടങ്ങളിലെ 4(സി) പ്രകാരം 'അക്കാദമിയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിന് ഗവൺമെന്റിലേക്ക് ശിപാർശ ചെയ്യുകയും ഗവൺമെന്റിന്റെ അംഗീകാരത്തോടെ നിയമനം നടത്തുകയും ചെയ്യുക' എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. സ്ഥാപനത്തിന്റെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ ഇപ്രകാരമാണ്.

| | | |
|---|---|---|
| സെക്രട്ടറി | - | 1 |
| മാനേജർ | - | 1 |
| എക്സിബിഷൻ ഓഫീസർ | - | 1 |
| യു.ഡി. ക്ളർക്ക് | - | 1 |
| എൽ.ഡി. ക്ലർക്ക് | - | 1 |
| അക്കൗണ്ടന്റ് | - | 1 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | - | 1 |
| കെയർ ടേക്കർ | - | 1 |

അറ്റൻഡർ - 2

പ്യൂൺ - 2

നൈറ്റ് വാച്ച് മാൻ - 1

-------

ആകെ 13

=====

എന്നാൽ സർക്കാരിന്റെ അനുമതി വാങ്ങാതെ 4 പുതിയ തസ്തികകൾ സൃഷ്ടിച്ച് അവർക്ക് സർക്കാർ ശമ്പള സ്കെയിലിൽ 01.06.08 മുതൽ ശമ്പളം നൽകി വരുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | തസ്തിക | ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | സുബ്രഹ്മണ്യൻ നമ്പൂതിരി | കെയർ ടേക്കർ | 6680-10790 |
| 2 | കെ.ജി. രാജീവ് | ഡ്രൈവർ | 5250-8390 |
| 3 | ഗോകുൽ ദാസ് | നൈറ്റ് വാച്ച്മാൻ | 4510-6230 |
| 4 | കെ.ടി.സൂസി | സ്വീപ്പർ | 4510-6230 |

മുൻകൂട്ടി സർക്കാറിൽ നിന്ന് അനുമതി വാങ്ങാതെ 18.06.2008-ലെ നാലാം നമ്പർ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ മേൽ തസ്തിക സൃഷ്ടിക്കുകയും അവർക്ക് സർക്കാർ ശമ്പള സ്കെയിൽ അനുവദിച്ച് നല്കുകയും ചെയ്ത നടപടി ക്രമപ്രകാരമല്ല. ചട്ടം 4 (സി) പ്രകാരം സർക്കാറിന്റെ അനുമതി വാങ്ങേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.4.8(1))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

53. സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ നാല് തസ്തികകൾ സൃഷ്ടിച്ച്

അവർക്ക് സർക്കാർ ശമ്പള സ്കെയിൽ അനുവദിച്ച് നൽകിയത് സംബന്ധിച്ച് എതിർപ്പുണ്ടായിരുന്നുവെന്നും സർക്കാരിന്റെ സാധൂകരണം ലഭിച്ചിട്ടില്ല എന്നതായിരുന്നു ഓഡിറ്റ് പരാമർശമെന്നും എന്നാൽ ഇക്കാര്യത്തിൽ GO(MS)No. 39/12/GAD പ്രകാരം 19.06.2012-ൽ തന്നെ സർക്കാർ ഇത് സാധൂകരിച്ചിട്ടുണ്ടെന്നും കേരള ലളിതകലാ അക്കാദമി മാനേജർ വിശദീകരിച്ചു.

54. സർക്കാർ സാധൂകരണം ലഭിക്കുന്നതിനുമുമ്പ് ശമ്പള സ്കെയിൽ അനുവദിച്ച് നൽകിയ കേരള ലളിതകലാ അക്കാദമിയുടെ നടപടി ക്രമപ്രകാരമല്ല എന്നുള്ളതായിരുന്നു റിപ്പോർട്ടെന്നും അത് പിന്നീട് 2012-ൽ സാധൂകരിച്ച് കൊടുത്തിട്ടുണ്ടെന്നും അക്കാര്യം വ്യക്തമാക്കുന്ന സർക്കാർ ഉത്തരവിന്റെ കോപ്പി റിപ്പോർട്ടായി ഓഡിറ്റ് വകുപ്പിൽ ലഭ്യമാക്കണമെന്നും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ലളിതകലാ അക്കാദമി മാനേജർക്ക് നിർദ്ദേശം നൽകുകയും അപ്രകാരം ചെയ്യാമെന്ന് മാനേജർ ഉറപ്പുനൽകുകയും ചെയ്തു.

55. പ്രസ്തുത സർക്കാർ ഉത്തരവ് പരിശോധിച്ചശേഷം സമിതിയ്ക്ക് റിപ്പോർട്ട് നൽകുവാൻ ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

<u>**നിഗമനങ്ങൾ/ശിപാർശകൾ**</u>

**56. സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ 4 തസ്തികകൾ സൃഷ്ടിച്ച് ശമ്പള സ്കെയിൽ അനുവദിച്ച് നൽകിയെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച സാധൂകരണം സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>**തൊഴിലും നൈപുണ്യവും വകുപ്പ്**</u>

ഓഡിറ്റ് ഖണ്ഡിക

**ക്ഷേമനിധി ബോർഡുകൾ**

18 ക്ഷേമനിധി ബോർഡുകളുടെ ഓഡിറ്റ് ചുമതലയാണ് വകുപ്പിന് ലഭ്യമാക്കിയിട്ടുള്ളത്. ഓരോ ക്ഷേമനിധി ബോർഡിന്റെയും നിയമങ്ങളും ചട്ടങ്ങളും പ്രവർത്തനങ്ങളുടെ സവിശേഷതയും പരിഗണിച്ച് ഓരോ സ്ഥാപനത്തിനും

ഉപയുക്തമായ അക്കൗണ്ട്സ് റൂൾസും ഓഫീസ് നടപടിക്രമങ്ങളും പ്രാബല്യത്തിൽ വരുത്തേണ്ടതാണ്. ഇവയുടെ അഭാവം സാമ്പത്തിക ക്രമക്കേടുകൾക്ക് സാഹചര്യം സൃഷ്ടിക്കുന്നു. ക്ഷേമനിധികളുടെ രജിസ്റ്ററുകളുടെ പരിപാലനത്തിലും ഐകൃരൂപമില്ല. വിവിധ ക്ഷേമനിധികളിലെ അംശാദായം ശേഖരിക്കുന്നതിലും ആയവ യഥാസമയം ക്ഷേമനിധികളിൽ അടയ്ക്കാതെ കൈവശം വയ്ക്കുന്ന ധാരാളം വിഷയങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നമ്പർ | ക്ഷേമനിധി ബോർഡ് | ഓഡിറ്റ് റിപ്പോർട്ട് വർഷം | അംശാദായ തുക (കുടിശ്ശിക) |
|---|---|---|---|
| 1 | കശുവണ്ടി തൊഴിലാളി, കൊല്ലം | 1998-99 മുതൽ 1999-2000 വരെ | 110.12 ലക്ഷം |

വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിനു സമർപ്പിക്കുന്നതിലും, യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിലും വീഴ്ചവരുത്തുന്നു. ഓരോ ക്ഷേമനിധിക്കും അവയുടെ സവിശേഷത പരിഗണിച്ച് അക്കൗണ്ട് റൂൾസും നടപടിക്രമങ്ങളും പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2.16]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

57. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ 1998-99 മുതൽ 1999-2000 വരെ 110 ലക്ഷം രൂപയുടെ അംശദായ കുടിശ്ശികയുണ്ട് എന്നുള്ളതായിരുന്നു ഒരു ഓഡിറ്റ് പരാമർശമെന്നും 1999-2000 മുതലുള്ള ഈ കുടിശ്ശികയുടെ കാര്യത്തിൽ റവന്യൂ റിക്കവറി നടപടിക്രമങ്ങൾ നടന്നുവരുകയാണെന്നും പിരിവിന്റെ പ്രതിമാസ പത്രിക ലഭ്യമാക്കുന്നുണ്ടെന്നും പ്രസ്തുത പരാമർശം വന്നശേഷം കുറേയേറെ തുക പിരിഞ്ഞ് കിട്ടിയിട്ടുണ്ടെന്നും റവന്യൂ റിക്കവറിയുടെ വിവിധ ഘട്ടങ്ങളിലൂടെയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും ഇപ്പോൾ കുടിശ്ശിക 110 ലക്ഷം രൂപയിൽനിന്നും 71,70,000/- രൂപയായി കുറഞ്ഞിട്ടുണ്ടെന്നും കോവിഡ് പ്രതിസന്ധിയിൽ പിരിവ് അധികം ലഭിച്ചിട്ടില്ലെന്നും

2015 മുതൽ 2019 വരെയുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ 11 ലക്ഷത്തോളം രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ടെന്നും 2021 നവംബർ മാസം മുതൽ വീണ്ടും പിരിവ് ആരംഭിച്ചതുവഴി 5,22,000 രൂപ കൂടി ലഭ്യമായിട്ടുണ്ടെന്നും തൊഴിലും നൈപുണ്യവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

58. അംശദായം ശേഖരിക്കുന്നതിലും അവ യഥാസമയം ക്ഷേമനിധിയിൽ അടയ്ക്കാതെ കൈവശം വയ്ക്കുന്നതും വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുന്നില്ല എന്നതും ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ വീഴ്ച വരുത്തുന്നു എന്നതും അക്കൗണ്ട് റൂൾസും നടപടിക്രമങ്ങളും പ്രാബല്യത്തിൽ വരുത്തേണ്ടതാണ് എന്നതും ഉൾപ്പെടെയുള്ള വിഷയങ്ങൾ ഓഡിറ്റ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടിയതിന് ഡി.സി.ബി. സ്റ്റേറ്റ്മെന്റിൽ കുടിശ്ശിക തുക കൃത്യമായി കാണിക്കുന്നുണ്ടെന്നും റവന്യൂ റിക്കവറി കുടിശ്ശിക ഈടാക്കുന്നതിനായി ഇപ്പോൾ സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ടെന്നും തൊഴിലും നൈപുണ്യവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

59. നിലവിൽ പിരിഞ്ഞുകിട്ടാനുള്ള അംശദായ കുടിശ്ശിക ബന്ധപ്പെട്ട വില്ലേജാഫീസറുമായി ചേർന്ന് ഈടാക്കുന്നതിനുള്ള പരമാവധി ശ്രമം നടക്കുന്നുണ്ടെന്നും റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട പല ആളുകളും മരണപ്പെട്ടതും ഒളിവിൽ പോയതും പാപ്പർ സ്യൂട്ട് ഫയൽ ചെയ്തതുമാണ് റവന്യൂ റിക്കവറി പിരിഞ്ഞുകിട്ടാൻ തടസ്സമായ കാരണങ്ങളെന്നും കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് അക്കൗണ്ട്സ് ഓഫീസർ കൂട്ടിച്ചേർത്തു.

60. യഥാസമയം നോട്ടീസ് കൊടുത്ത് അവ വസൂലാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചതിന്, അതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടെന്നും അതാത് വർഷങ്ങളിൽത്തന്നെ നോട്ടീസ് കൊടുക്കുന്നുണ്ടെന്നും നോട്ടീസ് കൊടുത്തിട്ടില്ലാത്തവർക്കെതിരെയാണ് റവന്യൂ റിക്കവറി തുടങ്ങുന്നതെന്നും കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് അക്കൗണ്ട്സ് ഓഫീസർ വ്യക്തമാക്കി.

61. ബന്ധപ്പെട്ട കാര്യങ്ങൾ ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്താത്തതാണ്

പരാമർശം വരാനിടയാക്കിയതെന്ന് അഭിപ്രായപ്പെട്ട സമിതി, അംശദായം യഥാസമയം ക്ഷേമനിധിയിൽ അടയ്ക്കാതെ കൈവശം വച്ചിരിക്കുന്നത് ഒഴിവാക്കാനായി എന്ത് ചെയ്യാൻ കഴിയുമെന്ന് ആരാഞ്ഞതിന്, 2014 മുതൽ അവ യഥാസമയം അടച്ചുവരുന്നുണ്ടെന്നും തൊഴിലുടമയുടെയും തൊഴിലാളിയുടെയും വിഹിതങ്ങൾ പിടിക്കുന്നുണ്ടെന്നും കേരള കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ബോർഡ് അക്കൗണ്ട്സ് ഓഫീസർ മറുപടി നൽകി.

62. നിലവിൽ എല്ലാ മാസവും 10-ാം തീയതിക്ക് മുമ്പായി വിഹിതം അടയ്ക്കുകയും ഇൻസ്പെക്ടർ ഓഫീസിൽ അതിന്റെ കണക്ക് പരിശോധിക്കുകയും ചെയ്യുന്നുണ്ടെന്നും ആദ്യം താൽക്കാലിക ഉത്തരവും പിന്നീട് റവന്യൂ റിക്കവറി ഉത്തരവും സമയബന്ധിതമായി നൽകുന്നുണ്ടെന്നും കുടിശ്ശിക പിരിവ് ശരിയായ രീതിയിൽ വിലയിരുത്തുന്നുണ്ടെന്നും തൊഴിലും നൈപുണ്യവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

63. ക്ഷേമനിധി ബോർഡ് പ്രവർത്തിക്കുന്നതിലെ പോരായ്മകൾ കൃത്യമായി വിലയിരുത്തി പരിഹരിക്കണമെന്നും കുടിശ്ശിക പിരിവിന്റെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**64. കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിലെ പോരായ്മകൾ കൃത്യമായി വിലയിരുത്തി ആയവ പരിഹരിക്കുന്നതിനും കുടിശ്ശിക പിരിവിന്റെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്**

ഇപ്പോൾ ഓഡിറ്റ് ചെയ്തു കൊണ്ടിരിക്കുന്ന ക്ഷേമനിധിബോർഡുകളുടെ പ്രധാന ന്യൂനത തൊഴിലാളികളിൽ നിന്നും തൊഴിലുടമകളിൽ നിന്നും ലഭിക്കേണ്ട അംശാദായ കുടിശ്ശിക ഭീമമായി വർദ്ധിച്ചിരിക്കുന്നു എന്നതാണ്. വാർഷിക കണക്കു പ്രകാരമുള്ള അംശാദായം സ്ഥാപനങ്ങളിൽ സൂക്ഷിക്കുന്ന കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

കൂടാതെ, ഇതുസംബന്ധിച്ചുള്ള ഡി.സി.ബി. പത്രികയും തയ്യാറാക്കുന്നില്ല. പല ക്ഷേമനിധികളിലും നിലവിലുള്ള അംശാദായ വരിസംഖ്യ നാമമാത്രമാണ്. എന്നാൽ, ധനസഹായത്തിനും ഭരണച്ചെലവുകൾക്കുമായി ഇവർ വലിയ തുകകളാണ് ചെലവഴിക്കുന്നത്. ക്ഷേമനിധികളിലെ അംശാദായം കാലികമായി പരിഷ്കരിക്കേണ്ടത് അനിവാര്യമാണ്.

ക്ഷേമനിധികളിലെ ഭരണച്ചെലവുകൾ നിശ്ചിത ശതമാനത്തിൽ നിന്ന് അധികരിക്കുന്നതാണ് മറ്റൊരു പൊതുവായ പ്രശ്നം. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ മാറ്റങ്ങൾ ചട്ടങ്ങളിൽ വരുത്തേണ്ടതുണ്ട്.

വാർഷിക കണക്കുകൾ സമയബന്ധിതമായി സമർപ്പിക്കാത്തതുമൂലം സർക്കാരിൽ നിന്നുള്ള അംശാദായം കൃത്യമായി ലഭിക്കാത്ത അവസ്ഥയും ക്ഷേമനിധികളിൽ നിലനിൽക്കുന്നു.

അംശാദായം സ്വീകരിക്കുന്നതിനായി അച്ചടിക്കുന്ന രസീത്ബുക്കുകളുടെ സൂക്ഷിപ്പും വിനിയോഗവും കുറ്റമറ്റ രീതിയിലല്ല. സ്പെഷ്യൽ റൂൾസ് നാളിതുവരെ അംഗീകരിക്കാത്തതുമൂലം മിക്ക ബോർഡുകളിലും കൃത്യമായ വ്യവസ്ഥകൾ പാലിക്കാതെയാണ് താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത്.

സ്ഥിര നിക്ഷേപങ്ങൾ പിൻവലിച്ച് ഭരണച്ചെലവുകൾ നടത്തുന്ന സ്ഥിതി വിശേഷമാണ് കശുവണ്ടി ക്ഷേമനിധി ബോർഡിലുള്ളത്. ഖാദി ക്ഷേമനിധിയിൽ ആക്ടിലെയും ചട്ടങ്ങളിലെയും വകുപ്പുകൾ അനുസരിച്ച് നാളിതുവരെ ബജറ്റും വാർഷിക റിപ്പോർട്ടും തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടില്ല.

കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധിയിൽ തൊഴിലാളി അംഗങ്ങളുടേയും പെൻഷണർമാരുടേയും കൃത്യമായ വിവരം ആസ്ഥാന ഓഫീസിലും സബ് ഓഫീസുകളിലും ലഭ്യമല്ല. തൊഴിലാളികളുടെ പേരുവിവരം, അംശദായ അടവ്

എന്നിവയുടെ കണക്ക് നിലവിൽ സൂക്ഷിക്കുന്നത് ഫാക്ടറി ഉടമകളാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

65. കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധിയിൽ തൊഴിലാളികളുടെയും പെൻഷൻകാരുടെയും കൃത്യമായ വിവരം ആസ്ഥാന ഓഫീസിലും സബ് ഓഫീസിലും ലഭ്യമല്ലെന്നതാണ് ഓഡിറ്റ് പരാമർശമെന്നും തൊഴിലാളികളുടെ പേരുവിവരം, അംശദായം എന്നിവയുടെ കണക്ക് ഇപ്പോൾ സൂക്ഷിക്കുന്നത് ഫാക്ടറി ഉടമകളാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടെന്നും എന്നാൽ ഇപ്പോൾ ക്ഷേമനിധി ബോർഡിന്റെ ഇൻസ്പെക്ടർ ഓഫീസുകളിൽ വിവരങ്ങൾ സൂക്ഷിക്കുന്നതിന് കൃത്യമായ സംവിധാനമുണ്ടെന്നും ക്ഷേമനിധി അംഗത്വത്തിനായി അപേക്ഷിക്കുന്നവരുടെ ജനനത്തീയതി, മേൽവിലാസം, ആധാർ നമ്പർ എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങളും അതോടൊപ്പം അവകാശിയുടെ പേരും മറ്റുവിവരങ്ങളും നാമനിർദ്ദേശ ഫോറത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കി സൂക്ഷിക്കുന്നുണ്ടെന്നും മെമ്പർഷിപ്പ് രജിസ്റ്ററും ഓരോ ഫാക്ടറിയിൽനിന്നുള്ള മാസാന്ത്യ പത്രികകളും സൂക്ഷിക്കുന്നുണ്ടെന്നും ഇൻസ്പെക്ടർ പരിശോധിച്ച് വാർഷിക പത്രിക തയ്യാറാക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടെന്നും മുഴുവൻ ക്ഷേമനിധികളിലെയും അംഗങ്ങളുടെയും പെൻഷൻകാരുടെയും വിവരങ്ങൾ ആധാറുമായി ബന്ധിപ്പിക്കുന്ന ഇ-പ്ലാറ്റ്ഫോമിലേയ്ക്കാണ് നിലവിൽ വകുപ്പ് പോകുന്നതെന്നും ഇത് കൃത്യമായി നിരീക്ഷിക്കുന്നുണ്ടെന്നും തൊഴിലും നൈപുണ്യവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

66. പ്രസ്തുത മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**67. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഭവനനിർമ്മാണ വകുപ്പ്**

ഓഡിറ്റ് ഖണ്ഡിക

**ഭവന നിർമ്മാണ ബോർഡ് ഹെഡ് ഓഫീസ്, തിരുവനന്തപുരം**

**വാർഷിക കണക്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾ സ്വകാര്യ ഏജൻസിയെ (ധൻ & കമ്പനി) ഏൽപ്പിച്ചത് ചട്ടവിരുദ്ധം**

[ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക നമ്പർ: 34(1)]

ഭവന നിർമ്മാണ ബോർഡ് (മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ്) ചട്ടം 1984 പ്രകാരം അക്കൗണ്ട്സ് തയ്യാറാക്കേണ്ടത് ഫിനാൻസ് മാനേജർ ആണെന്നിരിക്കെ, 1995-96 മുതൽ 1998-99 വരെയുള്ള അക്കൗണ്ട്സ് തയ്യാറാക്കുന്നതിന്റെ ഭാഗമായി ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കാൻ 30.4.2004-ൽ ധൻ ആന്റ് കമ്പനിയുമായി കരാർ ഒപ്പുവച്ചു. ഹൗസിംഗ് ബോർഡിൽ ചാർട്ടേഡ് അക്കൗണ്ടന്റായ ഒരു ഫിനാൻസ് ഓഫിസറുടെ കീഴിൽ അക്കൗണ്ടന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിലേയ്ക്കായി 7,44,706 രൂപയും 1999-2000 മുതൽ 2004-2005 വരെയുള്ള വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിലേയ്ക്കായി 4,30,283 രൂപയും വയനാട് ഡിവിഷൻ ഓഫീസിൽ സ്പെഷ്യൽ ഓഡിറ്റ് നടത്തിയതിന് 14,140 രൂപയും (യാത്രാപ്പടി, താമസം എന്നതിലേയ്ക്കായി) ധൻ ആന്റ് കമ്പനിയ്ക്ക് നൽകി.

കേരള സർവ്വീസ് ചട്ടം ഭാഗം II, ഭവന നിർമ്മാണ ബോർഡ് (അനൗദ്യോഗിക അംഗങ്ങൾക്കുള്ള ബത്ത)ചട്ടം 2,3 പ്രകാരവും ഭവന നിർമ്മാണ ബോർഡ് ആക്ട് വകുപ്പുകൾ 25, 120 പ്രകാരവും മേൽ ചെലവുകൾ ക്രമപ്രകാരമല്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്,ഖണ്ഡിക 6.1.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

68. പ്രസ്തുത വിഷയം 12.01.2004-ൽ ബോർഡ് ചർച്ച ചെയ്ത് 1.4.1995 മുതൽ 31.3.1999 വരെയുള്ള ബാങ്ക് റിക്കൺസിലിയേഷൻ ജോലികൾ ചെയ്യുന്നതിന് സ്വകാര്യ ഏജൻസിയായ ധൻ & കമ്പനിയെ ഏൽപ്പിക്കുകയും ഫീസ്, യാത്രാബത്ത, ദിനബത്ത, താമസച്ചെലവുകൾ എന്നിവ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തുവെന്ന് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി വ്യക്തമാക്കി.

69. പ്രസ്തുത പ്രവൃത്തിക്കായി ചെലവഴിച്ച തുകയ്ക്ക് സർക്കാരിന്റെ സാധൂകരണം ലഭിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ലഭിച്ചിട്ടുണ്ടെന്ന് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി മറുപടി നൽകി.

70. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

<u>നിഗമനങ്ങൾ/ശിപാർശകൾ</u>

**71. പ്രസ്തുത പ്രവൃത്തിക്കായി ചെലവഴിച്ച തുകയ്ക്ക് സർക്കാർ സാധൂകരണം ലഭിച്ചിട്ടുണ്ടെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്**

ഹൗസിംഗ് ബോർഡിന്റെ വിവിധ ഡിവിഷൻ ഓഫീസുകളുടെയും യൂണിറ്റ് ഓഫീസുകളുടെയും കീഴിൽ വരുന്ന റവന്യൂ ടവറുകൾ, കടമുറികൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവിടങ്ങളിൽ നിന്നും വാടക പിരിച്ചെടുക്കുന്നതിൽ ബോർഡ് വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ല. തന്മൂലം വാടക, പിഴപ്പലിശ എന്നീയിനങ്ങളിൽ കോടികളുടെ നഷ്ടം ബോർഡിന് വർഷംതോറും ഉണ്ടാകുന്നു.

കൂടാതെ റവന്യൂ ടവറുകളിലും ഓഫീസ് കോംപ്ലക്സുകളിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജും, വെള്ളക്കരവും ബോർഡ് ഫണ്ടിൽ നിന്നും അടയ്ക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. വാടകക്കാരുമായി ഏർപ്പെട്ടിട്ടുള്ള വാടക കരാറുകളിൽ ,ഇതു സംബന്ധിച്ച് വ്യവസ്ഥ ചെയ്യാത്തതുമൂലമാണ് ഇത്തരത്തിൽ ഭീമമായ നഷ്ടം സംഭവിക്കുന്നത്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി അനുഭവിച്ചുകൊണ്ടിരിക്കുന്ന ബോർഡ് ഈ വിഷയത്തിൽ ഒരു പുന:പരിശോധന എത്രയും വേഗം നടത്തേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2.15]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

72. ഹൗസിംഗ് ബോർഡിന്റെ വിവിധയിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള റവന്യൂ ടവറുകൾ, കടമുറികൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവിടങ്ങളിൽനിന്നും വാടക പിരിച്ചെടുക്കുന്നതിലെ അപാകതകളും വാടക കരാറുകളിൽ അഡ്മിനിസ്ട്രേറ്റീവ്/ കൺവീനിയൻസ് ചാർജുകൾ വ്യവസ്ഥ ചെയ്യാത്തതും കാരണം ബോർഡിന് നഷ്ടമുണ്ടാകുന്നുവെന്നതായിരുന്ന ഓഡിറ്റ് പരാമർശമെന്നും 2012-ലെ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് റവന്യൂ ടവേഴ്സ് ആന്റ് കൊമേഴ്സ്യൽ ഓഫീസ് കോംപ്ലക്സ് റെഗുലേഷൻ ഉത്തരവുപ്രകാരം ഇത്തരം റവന്യൂ ടവറുകളുടെയും ഓഫീസ് കെട്ടിടങ്ങളുടെയും പൊതുപരിപാലന ചെലവുകൾ നിർവ്വഹിക്കുന്നതിന് 11 അംഗ മാനേജിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടങ്ങളിലെ വൈദ്യുതി, വെള്ളക്കരം തുടങ്ങിയ ചെലവുകൾ നിറവേറ്റുന്നതിനാവശ്യമായ നടപടികൾ കമ്മിറ്റി സ്വീകരിക്കുന്നതാണെന്നും 06.05.2020-ലെ സർക്കാർ ഉത്തരവുപ്രകാരം വിവിധ സർക്കാർ കാര്യാലയങ്ങളുടെ

വാടക കുടിശ്ശികയിനത്തിൽ 19,88,00,000/- രൂപ ബോർഡിന് അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്നും കുടിശ്ശിക മുഴുവൻ തീർപ്പായിട്ടുണ്ടെന്നും കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി അറിയിച്ചു.

73. വാടക നല്കാത്തവരെ നിയമപരമായി ഒഴിപ്പിക്കാനുള്ള അധികാരമില്ലേയെന്ന് സമിതി ആരാഞ്ഞതിന്, നോട്ടീസ് അയച്ചിട്ടും വാടക കുടിശ്ശിക അടയ്ക്കാത്തവരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നുണ്ടെന്നും പൊതുമേഖല/ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വാടക കുടിശ്ശിക 9 കോടി രൂപയും സിഡ്കോയുടേതുമാത്രം 2.45 കോടി രൂപയുമുണ്ടെന്നും വ്യവസായ വകുപ്പുമന്ത്രിയുമായി യോഗം ചേർന്ന് തുടർനടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി മറുപടി നൽകി.

74. സ്വകാര്യ വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് പ്രയാസം എന്തെന്ന് സമിതി ആരാഞ്ഞതിന് അദാലത്ത് വഴി തുക പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കോവിഡ് സാഹചര്യവും സാമ്പത്തിക ബുദ്ധിമുട്ടും ചൂണ്ടിക്കാണിച്ചതുകൊണ്ടാണ് പിരിച്ചെടുക്കുന്നതിൽ കാലതാമസം വന്നതെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി മറുപടി നൽകി.

75. കോവിഡ് കാലമായതിനാലാണ് കഴിഞ്ഞ രണ്ട് വർഷം സർക്കാർ ഇളവുകൾ അനുവദിച്ചിട്ടുള്ളതെന്നും എന്നാൽ അതിന് മുമ്പുള്ള കാലത്തെ കുടിശ്ശിക സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശം നടത്തിയിരിക്കുന്നതെന്നും വാടക പിരിച്ചെടുക്കുന്നതിൽ ബോർഡിന്റെ ഭാഗത്തുനിന്ന് കെടുകാര്യസ്ഥതയുണ്ടായിട്ടുണ്ടെന്നും അഭിപ്രായപ്പെട്ട സമിതി, അത് തിരുത്താനുള്ള നടപടി സ്വീകരിക്കണമെന്ന്

നിർദ്ദേശിച്ചു. നോട്ടീസ് അയയ്ക്കുന്നതിനപ്പുറത്തേയ്ക്ക് വാടക പിരിച്ചെടുക്കുന്നതിനുള്ള ഒരു നടപടിയും വകുപ്പ് സ്വീകരിക്കുന്നില്ലെന്ന് നിരീക്ഷിച്ച സമിതി കെട്ടിടത്തിന്റെ കേടുപാടുകൾ കാരണം വാടക നല്കാതിരിക്കുന്നതിന് കോടതിയിൽ പോയ കേസുകളുണ്ടോയെന്നും സ്വകാര്യ വ്യക്തികളുടെ കുടിശ്ശിക എത്രയാണെന്നും ആരാഞ്ഞു. കോടതിയിൽ പോയ കേസുകൾ വളരെ കുറവാണെന്നും സ്വകാര്യ വ്യക്തികളുടെ കുടിശ്ശിക ഏകദേശം 5 കോടി രൂപയാണെന്നും പ്രസ്തുത തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി മറുപടി നൽകി.

76. സ്വകാര്യ വ്യക്തികളിൽ നിന്ന് യഥാസമയം വാടക പിരിച്ചെടുക്കാത്തത് ഗുരുതരമായ വീഴ്ചയാണെന്ന് അഭിപ്രായപ്പെട്ട സമിതി കുടിശ്ശിക നിവാരണത്തിന് സ്വീകരിച്ച നടപടികൾ ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്താൻ ബോർഡിനോട് നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**77. യഥാസമയം വാടക പിരിച്ചെടുക്കുന്നതിൽ ബോർഡിന്റെ ഭാഗത്ത് കടുത്ത അനാസ്ഥ ഉള്ളതായി സമിതി വിലയിരുത്തുന്നു. നോട്ടീസ് അയച്ചതല്ലാതെ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ബോർഡ് യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. കുടിശ്ശിക നിവാരണത്തിന് ഭവനനിർമ്മാണ ബോർഡ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ഡിവിഷൻ നമ്പർ -1**
**തിരുവനന്തപുരം**

**നെടുമങ്ങാട് റവന്യൂ ടവറിൽ കടമുറികളും, ഓഫീസ് മുറികളും വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞുകിടക്കുന്നതുമൂലം ബോർഡ് ഫണ്ടിന് നഷ്ടം**
(ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-08, ഖണ്ഡിക നമ്പർ 33.2(a))

നെടുമങ്ങാട് റവന്യൂ ടവറിൽ ആകെ 66 കടമുറികളും, 19 ഓഫീസുകളുടെ പ്രവർത്തനത്തിനാവശ്യമായ സ്ഥലസൗകര്യവും ഉണ്ട്. റവന്യൂ ടവറിന്റെ നിർമ്മാണത്തിനായി ഏകദേശം 5 കോടി രൂപ ചെലവായിട്ടുണ്ട്. ഇതുകൂടാതെ കെട്ടിട നികുതി, വെള്ളക്കരം, താൽക്കാലിക ജീവനക്കാരുടെ വേതനം എന്നീയിനങ്ങളിലും ബോർഡിന് ചെലവുണ്ട്. വാടക രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ റവന്യൂ ടവറിൽ നിന്നുള്ള വാടക വരുമാനം കണക്കാക്കുവാൻ കഴിഞ്ഞിട്ടില്ല. റവന്യൂ ടവറിന്റെ പ്രവർത്തനം ആരംഭിച്ച സമയത്തുതന്നെ 57 കടമുറികളും 5 ഓഫീസുകൾ പ്രവർത്തിക്കുന്നതിനുള്ള സ്ഥലവും ഒഴിഞ്ഞുകിടക്കുകയായിരുന്നു. എന്നാൽ ഈ ഒഴിഞ്ഞമുറികൾ വാടകയ്ക്ക് നൽകുവാൻ അധികൃതർ ഫലപ്രദമായ നടപടികൾ സ്വീകരിച്ചില്ല. അവസാനമായി മുറികളുടെ ലേലം നടന്നത് 01.03.2007-ലാണ്. ഈ സാഹചര്യത്തിൽ ബോർഡ് അധികൃതർ ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് അന്വേഷിക്കേണ്ടതുമാണ്. കൂടാതെ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കേണ്ടതും അവ യഥാക്രമം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥ:

ശ്രീമതി സി. ജെ. അനില,
എക്സിക്യൂട്ടീവ് എഞ്ചിനീയർ,
തിരുവനന്തപുരം ഡിവിഷൻ നമ്പർ-1

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.1.10(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

78. നെടുമങ്ങാട് റവന്യൂ ടവറിൽ 66 കടമുറികളുള്ളതിൽ 62 എണ്ണവും 19 ഓഫീസ് മുറികളുള്ളതിൽ 18 എണ്ണവും വാടകയ്ക്ക് നൽകിക്കഴിഞ്ഞെന്നും ബാക്കിയുള്ള ഒരു ഓഫീസ് മുറി അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസിന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി വ്യക്തമാക്കി.

79. റവന്യൂ ടവറിൽ മുറികൾ വാടകയ്ക്ക് നൽകിയത് സംബന്ധിച്ച നിലവിലെ സ്ഥിതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് സമർപ്പിക്കണമെന്നും അതിനുശേഷം പരാമർശം ഒഴിവാക്കുന്ന കാര്യം പരിഗണിക്കാമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**80. നെടുമങ്ങാട് റവന്യൂ ടവറിൽ മുറികൾ വാടകയ്ക്ക് നൽകിയതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്**

| | |
|---|---|
| * | ഫ്ളാറ്റുകളും പ്ലോട്ടുകളും കെട്ടിടങ്ങളും അലോട്ട് ചെയ്യാത്തതു കാരണം ഭവന നിർമ്മാണ ബോർഡിന് വൻ നഷ്ടം. |
| * | സൗകര്യങ്ങളുടെ അപര്യാപ്തതയും നിർമ്മാണത്തിലെ അപാകതകളും നിരക്കുകൾ നിശ്ചയിക്കുന്നതിന്റെ അശാസ്ത്രീയതയും കാരണം ഫ്ളാറ്റുകളും പ്ലോട്ടുകളും ഏറ്റെടുക്കാൻ ആളില്ല. |

സമൂഹത്തിലെ വിവിധ തട്ടിലുള്ള ജനവിഭാഗങ്ങൾക്ക് (പ്രത്യേകിച്ചും ദുർബല വിഭാഗം) ഭവന നിർമ്മാണത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് 1971-ൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് രൂപം കൊണ്ടത്. ഇതിനു പുറമേ മറ്റു വിവിധ പദ്ധതികളായ ഓഫീസ് കം-ഷോപ്പിംഗ് കോംപ്ലക്സുകൾ, റവന്യൂ ടവറുകൾ, എം.പി./എം.എൽ.എ.മാരുടെ ഭവനനിർമ്മാണ പദ്ധതികൾ, വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ, ഗസ്റ്റ് ഹൗസുകൾ,

മിനി ടൗൺ ഷിപ്പുകൾ, ഹാബിറ്റാറ്റ് സെന്ററുകൾ, റെന്റൽ ഹൗസിംഗ് സ്കീമുകൾ മുതലായ പ്രവർത്തനങ്ങൾ ബോർഡ് ഏറ്റെടുത്തു നടത്തിവരുന്നു. കൂടാതെ വിവിധ സർക്കാർ വകുപ്പുകളുടെ കൺസൾട്ടൻസി ജോലികളും ഏറ്റെടുത്തു നടത്തുന്നു.

ബോർഡ് മുൻവർഷങ്ങളിൽ നിർമ്മിച്ച ഒട്ടേറെ ഫ്ളാറ്റുകൾ, പ്ലോട്ടുകൾ, കെട്ടിടത്തോടുകൂടിയ പ്ലോട്ടുകൾ എന്നിവ അലോട്ട് ചെയ്യാതെയും വിറ്റഴിക്കാതെയും ഉപയോഗശൂന്യമായി കിടക്കുന്നതുമൂലം ബോർഡിന് ഭീമമായ നഷ്ടം നേരിടുന്നു. മികച്ച സൗകര്യങ്ങളുടെ അപര്യാപ്തതയും നിർമ്മാണത്തിലെ പോരായ്മകളും നിരക്ക് നിശ്ചയിക്കുന്നതിലെ അശാസ്ത്രീയതയുമാണ് ഇതിനു പ്രധാന കാരണങ്ങൾ.

ബോർഡിന്റെ വിവിധ ഓഫീസുകളുടെ കീഴിൽ വരുന്ന റവന്യൂ ടവറുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, കടമുറികൾ എന്നിവിടങ്ങളിൽനിന്ന് വാടക പിരിച്ചെടുക്കുന്നതിൽ ബോർഡ് വീഴ്ചവരുത്തുന്നു. ഇക്കാരണത്താൽ വാടക/പിഴപ്പലിശ എന്നീയിനങ്ങളിൽ ഭീമമായ നഷ്ടം ബോർഡിനുണ്ടാകുന്നു. യഥാസമയം വാടകക്കരാറിൽ ഏർപ്പെടാത്തതുകൊണ്ടും വാടകക്കരാർ പുതുക്കി ഉയർന്ന നിരക്കിലുള്ള വാടക പിരിച്ചെടുക്കാത്തതുകൊണ്ടും ബോർഡിന്റെ വരുമാനം ഗണ്യമായി കുറയുന്നു. കളക്ടർക്കും ചീഫ് റവന്യൂ ഓഫീസർക്കും റിപ്പോർട്ടുചെയ്ത റവന്യൂ റിക്കവറി കേസുകളിന്മേൽ ഫലപ്രദമായ തുടർനടപടികൾ സ്വീകരിച്ചുകാണുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

81. ഫ്ലാറ്റുകളും പ്ലോട്ടുകളും കെട്ടിടങ്ങളും അലോട്ട് ചെയ്യാത്തതുകാരണം ഭവനനിർമ്മാണ ബോർഡിന് വൻ നഷ്ടമുണ്ടായിട്ടുണ്ട് എന്നതാണ് ഓഡിറ്റ് പരാമർശമെന്നും നിലവിൽ ബാലരാമപുരം ഹൗസിംഗ് സൈറ്റിലാണ് ഫ്ലാറ്റുകൾ

അലോട്ട് ചെയ്യാൻ ബാക്കിയുള്ളതെന്നും അവിടെ 184 ഫ്ലാറ്റുകളുള്ളതിൽ 130 എണ്ണം അലോട്ട് ചെയ്തെന്നും കുടിവെള്ളത്തിന്റെ പ്രശ്നമുള്ളതിനാൽ ബാക്കി 54 ഫ്ലാറ്റുകൾ അലോട്ട് ചെയ്യുന്നതിന് തടസ്സമുണ്ടെന്നും ബോർഡ് ഈ വിഷയം ഗൗരവമായി ചർച്ച ചെയ്യുകയും കഴിഞ്ഞ ബോർഡ് മീറ്റിംഗിൽ ടെക്നിക്കൽ മെമ്പറും ചീഫ് എഞ്ചിനീയറും ജില്ലയുടെ ചുമതലയുള്ള ബോർഡിന്റെ മെമ്പറും ചേർന്ന് സബ്കമ്മിറ്റി രൂപീകരിച്ചുവെന്നും പ്രസ്തുത കമ്മിറ്റി സ്ഥലം പരിശോധിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി അറിയിച്ചു

82. ഫ്ലാറ്റുകൾ നിർമ്മിക്കുമ്പോൾ അതിന്റെ ഡി.പി.ആർ-ൽ ഏറ്റവും പ്രധാനപ്പെട്ട ഇനമായി വരുന്നത് കുടിവെള്ള ലഭ്യതയാണെന്നിരിക്കെ കുടിവെള്ള ലഭ്യതയില്ലാത്ത പ്രദേശത്ത് എന്തടിസ്ഥാനത്തിലാണ് ഫ്ലാറ്റ് നിർമ്മിച്ചതെന്നുള്ള സമിതിയുടെ ചോദ്യത്തിന് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി പദ്ധതിപ്രദേശത്ത് ഒരു കിണർ നിർമ്മിക്കുകയാണ് പതിവെന്നും നേരത്തെ ആവശ്യത്തിലധികം വെള്ളമുണ്ടായിരുന്ന പ്രസ്തുത സ്ഥലത്ത് ബോർഡ് അധീഷണലായി ഒരു കിണർ നിർമ്മിക്കുകയും ആ കിണറിൽനിന്നുള്ള വെള്ളമുപയോഗപ്പെടുത്തി ഫ്ലാറ്റുകൾ അലോട്ട് ചെയ്യുന്നതിനുള്ള പരസ്യം നൽകുകയുമാണ് ചെയ്തതെന്നും പക്ഷെ കാലക്രമേണ ഫ്ളാറ്റിന്റെ പരിസരങ്ങളിൽ ധാരാളം കെട്ടിട സമുച്ചയങ്ങൾ വന്നതിനാലാണ് കുടിവെള്ള ദൗർലഭ്യമുണ്ടായതെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി മറുപടി നൽകി.

83. കെട്ടിട സമുച്ചയം നിർമ്മിക്കുമ്പോൾ അവശ്യംവേണ്ട സൂക്ഷ്മത പാലിച്ചില്ലെന്ന് അഭിപ്രായപ്പെട്ട സമിതി ഫ്ളാറ്റുകൾ നിർമ്മിക്കുമ്പോൾ അവിടെ ആവശ്യമായ വെള്ളം ഭാവിയിൽ ലഭിക്കുമോയെന്ന് ശാസ്ത്രീയമായ പഠനം നടത്തേണ്ടതായിരുന്നില്ലേയെന്ന് ആരാഞ്ഞു. കുടിവെള്ള ലഭ്യതയുണ്ടോയെന്നറിയുന്നതിനായി ബോർഡിന്റെ സാങ്കേതിക

വിഭാഗം അവിടെ പരിശോധന നടത്തുകയും തൊട്ടടുത്തുള്ള വാട്ടർ അതോറിറ്റിയുടെ ഒരു പദ്ധതിയിൽ നിന്നും ഈ പ്രദേശത്തേയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള ശ്രമം നടത്തുകയും ചെയ്തെന്നും പക്ഷേ റെയിൽവേ ലൈൻ ക്രോസ് ചെയ്തുമാത്രമേ കുടിവെള്ളം എത്തിക്കാൻ കഴിയുമായിരുന്നുള്ളുവെന്നും അതിനുവേണ്ടി റെയിൽവേയോട് അനുമതി ചോദിച്ചുവെങ്കിലും ലഭിച്ചിട്ടില്ലെന്നും കുടിവെള്ളത്തിനായി പുതിയൊരു സ്രോതസ്സ് കണ്ടെത്താനുള്ള നിർദ്ദേശമാണ് കമ്മിറ്റിക്ക് കൊടുത്തിരിക്കുന്നതെന്നും അത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി മറുപടി നൽകി.

84. സ്വകാര്യ വാടകക്കാരിൽനിന്നും വാടക കുടിശ്ശിക യഥാസമയം പിരിച്ചെടുക്കുന്നില്ലെന്നും ഗണ്യമായ തുക വാടക കുടിശ്ശികയായി ലഭിക്കാനുണ്ട് എന്നതാണ് മറ്റൊരു പരാമർശമെന്നും ഭവന നിർമ്മാണ ബോർഡിന്റെ ഈ പിഴവ് ഓഡിറ്റ് വിഭാഗം ഗൗരവമായി ആവർത്തിച്ച് സൂചിപ്പിക്കുന്നുണ്ടെന്നും സമിതി ചൂണ്ടിക്കാട്ടിയതിന് വാടക കുടിശ്ശിക ഓരോ വർഷവും കൂടിക്കൂടി വരുന്നതാണെന്നും നേരത്തെ വന്നിരുന്ന ഭീമമായ കുടിശ്ശിക അദാലത്തും കുടിശ്ശിക നിവാരണ യജ്ഞവും മുഖേന ബോർഡ് പരിഹരിച്ചിരുന്നുവെന്നും വീണ്ടും അഞ്ചുകോടി രൂപ കുടിശ്ശിക വന്നിരിക്കുകയാണെന്നും പുതിയ ബോർഡ് ചുമതലയേറ്റതിനുശേഷം കഴിഞ്ഞ ഒരു വർഷമായി കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള ശ്രമത്തിലാണെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

85. കുടിവെള്ളവും ആവശ്യത്തിന് സൗകര്യങ്ങളുമില്ലാത്ത ഫ്ളാറ്റുകൾ വാടകയ്ക്ക് കൊടുക്കുന്നതിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി, ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുമ്പോൾ അവിടെ കുടിവെള്ളവും പൊതുസ്ഥലവും ആവശ്യമാണെന്നും ബോർഡ് പണിയുന്ന എല്ലാ ഫ്ളാറ്റുകളുടെയും അവസ്ഥ ഇതുതന്നെയാണെന്നും സൗകര്യങ്ങളിലെ അപര്യാപ്തത, നിർമ്മാണത്തിലെ അപാകതകൾ എന്നിവയാണ്

ഓഡിറ്റിൽ പറഞ്ഞിരിക്കുന്ന ഒബ്ജക്ഷനെന്നും ഇത് ഹൗസിംഗ് ബോർഡിനെക്കുറിച്ച് നിരന്തരം കേൾക്കുന്ന ആക്ഷേപമാണെന്നും അഭിപ്രായപ്പെട്ട സ്വകാര്യ കെട്ടിട നിർമ്മാതാക്കൾ അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ഭവനനിർമ്മാണ ബോർഡിന് അത് സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് ചീഫ് എഞ്ചിനീയറും നിലവിലെ ടെക്നിക്കൽ കമ്മിറ്റിയും പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്നും ബോർഡ് ചെയർമാൻ ടി സ്ഥലം സന്ദർശിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ടെക്നിക്കൽ കമ്മിറ്റിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി മറുപടി നൽകി.

86. ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുമ്പോൾത്തന്നെ ഇങ്ങനെയുള്ള പരിശോധനകൾ നടത്താത്തതിന്റെ ഫലമാണ് നിലവിൽ അനുഭവിക്കുന്നതെന്നും അവിടെ താമസിക്കുന്നവരുടെ അവസ്ഥയെക്കുറിച്ച് ചിന്തിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ഭാവിയിലുണ്ടാകുന്ന ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുമോ എന്ന് പരിശോധിച്ച് പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് ആവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി ഉണ്ടാക്കേണ്ടതാണെന്ന് സമിതി വിലയിരുത്തി. ഫ്ലാറ്റുകളിൽ കുടിവെള്ളവും മറ്റ് സൗകര്യങ്ങളും ഉറപ്പാക്കുന്നതിനും വാടക കുടിശ്ശിക ഈടാക്കുന്നതിനും ബോർഡ് സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാനും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**87. ഭവന നിർമ്മാണ ബോർഡ് നിർമ്മിച്ച ഫ്ലാറ്റുകൾ, കെട്ടിടങ്ങൾ എന്നിവ വിൽക്കാതെ കിടക്കുന്നതിനുള്ള പ്രധാന കാരണം നിർമ്മാണത്തിലെ അപാകതകളും കുടിവെള്ളം അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുമാണെന്ന് സമിതി വിലയിരുത്തുന്നു.**

**88. ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുമ്പോൾത്തന്നെ ഭാവിയിലുണ്ടാകുന്ന ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുമോയെന്ന് പരിശോധിച്ച് നൂതന സാങ്കേതിക വിദ്യകളുപയോഗിച്ച് ആവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി ഉണ്ടാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുകയും ഭവനനിർമ്മാണ ബോർഡ് കുടിവെള്ളവും മറ്റ് അടിസ്ഥാന സൗകര്യങ്ങളുമില്ലാത്ത ഫ്ലാറ്റുകൾ വാടകയ്ക്ക് കൊടുക്കുന്നതിൽ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഫ്ലാറ്റുകളിൽ കുടിവെള്ളവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കുന്നതിനും വാടക കുടിശ്ശിക ഈടാക്കുന്നതിനും ബോർഡ് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## റവന്യൂ (ദേവസ്വം) വകുപ്പ്

ഓഡിറ്റ് ഖണ്ഡിക

**തളിപ്പറമ്പ് ശ്രീ രാജരാജേശ്വര ക്ഷേത്രം - കണ്ണൂർ ജില്ല**

**ആവശ്യകതയിൽ കവിഞ്ഞും അംഗീകാരമില്ലാത്തതുമായ സ്ഥാപനം മുഖേനയും ചന്ദനം വാങ്ങിയതുവഴി ക്ഷേത്ര ഫണ്ടിന് നഷ്ടം - 1,53,145 രൂപ**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-07, ഖണ്ഡിക നമ്പർ 42

തളിപ്പറമ്പ് ശ്രീരാജരാജേശ്വര ക്ഷേത്രത്തിൽ അംഗീകൃത ഡിറ്റത്തിൽ വ്യവസ്ഥ ചെയ്തിരുന്ന അളവിന് വിരുദ്ധമായും ഭരണവകുപ്പ് നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും ചന്ദനം വാങ്ങിയതായി കാണുന്നു. ഇതുമൂലം ക്ഷേത്ര ഫണ്ടിന് 1,53,145 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ക്ഷേത്രത്തിന് ആവശ്യമായ ചന്ദനം വനം വകുപ്പിൽനിന്നോ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽനിന്നോ മാത്രമേ വാങ്ങിക്കുവാൻ പാടുള്ളൂ എന്നാണ് വ്യവസ്ഥ. എന്നാൽ ചന്ദനം വാങ്ങിയ സ്ഥാപനത്തിൽ നിന്നുള്ള രസീത് പോലും ഇല്ലാതെയാണ് ചന്ദനം വാങ്ങിയതിന് തുക നൽകിയിട്ടുള്ളത്. ഓഡിറ്റ് കാലയളവിലെ ചന്ദനത്തിന്റെ 18 വാങ്ങലുകൾ ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയതിൽ 14 തവണയും മലപ്പുറം ജില്ലയിലെ 'വള്ളുവംപ്രം' എന്ന സ്ഥലത്തുള്ള സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയത്. എന്നാൽ 3 തവണ ചന്ദനം വാങ്ങിയത് സംബന്ധിച്ച് യാതൊരു രേഖയുമില്ല. മലപ്പുറം ജില്ലയിലെ 'വള്ളുവംപ്രം'

എന്ന സ്ഥലത്തെ സ്ഥാപനത്തിന് ചന്ദന വിൽപ്പനയ്ക്കുള്ള അധികാരം ഉണ്ടോ എന്നത് സംബന്ധിച്ച് വാണിജ്യ നികുതി ഇന്റലിജൻസ് വകുപ്പ് മുഖേന നടത്തിയ അന്വേഷണത്തിൽ അത്തരമൊരു സ്ഥാപനം തന്നെ 'വള്ളുവംപ്രം' എന്ന സ്ഥലത്തില്ല എന്നാണറിയിച്ചത്. ഈ സാഹചര്യത്തിൽ 14 തവണയും ചന്ദനം വാങ്ങിയത് സംബന്ധിച്ച് ക്ഷേത്ര ഭരണാധികാരികൾ ഹാജരാക്കിയത് വ്യാജ രസീതുകളാണ്. കൂടാതെ 07.07.2007-ന് വനം വകുപ്പ് 60 കി.ഗ്രാം ചന്ദനം ക്ഷേത്രത്തിന് അനുവദിച്ച് ഉത്തരവ് ഇറക്കിയെങ്കിലും ആയത് പരിഗണിക്കാതെ 20.10.2007-ന് മൈസൂറിലെ സ്പൈസി ആരോമാറ്റിക് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് 30 കി.ഗ്രാം ചന്ദനം വാങ്ങിയത്. ക്ഷേത്രത്തിൽ ചന്ദനം വാങ്ങൽ സംബന്ധിച്ച് പ്രവർത്തനങ്ങൾ സുതാര്യമായല്ല നടത്തിവരുന്നത് എന്നാണ് മേൽസംഗതികൾ തെളിയിക്കുന്നത്. ഈ സാഹചര്യത്തിൽ 2002 മുതൽ 2007 വരെയുള്ള കാലയളവിൽ ചന്ദനം വാങ്ങിയതിന് ചെലവഴിച്ച 1,53,145 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതും ക്ഷേത്രഫണ്ടിന് ഉണ്ടായ നഷ്ടം ഉത്തരവാദിയായ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. ഇ. കെ. ബാബു നമ്പൂതിരിയിൽ നിന്നും ഈടാക്കി ക്ഷേത്രഫണ്ടിൽ ഒടുക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. ഇ. കെ. ബാബു നമ്പൂതിരി.
എക്സിക്യൂട്ടീവ് ഓഫീസർ,
എളേടത്ത് കോളശേരി ഇല്ലം, മുള്ളൂർ,
പി.ഒ. അരിയിൽ, പട്ടുവം, തളിപ്പറമ്പ്, കണ്ണൂർ.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.4.5(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

89. ക്ഷേത്ര ഫണ്ടിന് നഷ്ടം വരുത്തിയ ക്ഷേത്രത്തിന്റെ എക്സിക്യൂട്ടീവ് ഓഫീസർ ആയിരുന്ന ശ്രീ. ഇ. കെ. ബാബു നമ്പൂതിരിയെ സർവ്വീസിൽ നിന്നും പിരിച്ചുവിടുകയും അദ്ദേഹത്തിന്റെ പേരിൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും ആ

കേസ് ഇപ്പോൾ തളിപ്പറമ്പ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ പരിഗണനയിലാണെന്നും കേസ് തീർപ്പാകുന്നതനുസരിച്ച് ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണെന്നും മലബാർ ദേവസ്വം ബോർഡ് സീനിയർ സൂപ്രണ്ട് വ്യക്തമാക്കി.

90. കോടതിയിൽ കേസ് തീർപ്പാകുന്ന മുറയ്ക്കുമാത്രമേ മറ്റ് നടപടികളെടുക്കാൻ കഴിയൂവെന്ന് അഭിപ്രായപ്പെട്ട സമിതി കേസ് വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**91. ക്ഷേത്ര ഫണ്ടിന് നഷ്ടം വരുത്തിയ എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിലുള്ള ക്രിമിനൽ കേസ് വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

## മലബാർ ദേവസ്വം ബോർഡ്

| | |
|---|---|
| * | ക്ഷേത്രങ്ങളുടെ ഭൂമി അന്യാധീനപ്പെടുന്നു. |
| * | വ്യക്തമായ സേവന വേതന വ്യവസ്ഥകളില്ല. |
| * | വാങ്ങലുകൾക്ക് സ്റ്റോർ പർച്ചേസ് മാന്വൽ ബാധകമാക്കുന്നില്ല. |

സ്വകാര്യ ഉടമസ്ഥതയിലുള്ള പലക്ഷേത്രങ്ങളും പൊതുതാല്പര്യം മുൻനിർത്തി മലബാർ ദേവസ്വം ബോർഡ് (പഴയ ഹിന്ദുമത ധർമ്മ സ്ഥാപന ഭരണ വകുപ്പ്) ഏറ്റെടുക്കുന്നതുമൂലം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളുടെ എണ്ണം ഓരോ കാലത്തും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ട്രസ്റ്റിമാരിൽ ഭൂരിഭാഗവും ക്ഷേത്രകാര്യങ്ങളിൽ സജീവമായി ഇടപെടുകയോ പ്രധാനപ്പെട്ട രജിസ്റ്ററുകളും രേഖകളും പരിശോധിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുകയോ ചെയ്യുന്നില്ല. ക്രമപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന പാരമ്പര്യ ട്രസ്റ്റിമാരുടെ ജനകീയ ഭരണ സംവിധാനം ഇവിടങ്ങളിൽ ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്.

1951-ലെ ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിന്റെ കാലികമായ പരിഷ്കരണമില്ലായ്മ മൂലം ജീവനക്കാരുടെ നിയമനം, ബജറ്റ്, ഡിറ്റം, മരാമത്ത് തുടങ്ങിയ വിവിധ വിഷയങ്ങളിൽ ഓഡിറ്റിന് വ്യക്തമായ ഒരു നിയമാധിഷ്ഠിത സമീപനം കൈക്കൊള്ളാൻ കഴിയാതെ വന്നിട്ടുണ്ട്.

1. ജീവനക്കാരുടെ നിയമനം:

ക്ഷേത്രങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താൻ ഹിന്ദുമത ധർമ്മസ്ഥാപന ഭരണവകുപ്പ് അനുവദിക്കാത്തതുമൂലം മറ്റു പോംവഴികളില്ലാതെ പലക്ഷേത്രങ്ങളും ദൈനംദിനകാര്യങ്ങൾ ചെയ്തുപോരുന്നത് താൽക്കാലിക ജീവനക്കാരെ നിയമിച്ചുകൊണ്ടാണ്. ഇത്തരം നിയമനങ്ങളെല്ലാംതന്നെ സുതാര്യതയോ നിയമന മാനദണ്ഡങ്ങളോ പാലിക്കാതെയാണ് നടത്തിയിട്ടുള്ളത്. ആയതിനാൽ ഇത്തരം നിയമനങ്ങൾക്ക് വകുപ്പ് അംഗീകാരം നൽകിയിട്ടുമില്ല.

വരവ് ചെലവുകളുടെ ഗണ്യമായ വർദ്ധനമൂലം പല ക്ഷേത്രങ്ങളിലും പുതിയ നിയമനങ്ങൾ അനിവാര്യമായിട്ടുണ്ട്. ജീവനക്കാരുടെ അപര്യാപ്തതമൂലം ഓഡിറ്റ് സംബന്ധമായ രജിസ്റ്ററുകൾ എഴുതി പൂർണ്ണമാക്കാൻ എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് കഴിയാതെ വരുന്നത് മൂലം ഓഡിറ്റിന് വരവ് ചെലവ് കണക്കുകൾ സമയബന്ധിതമായി സമർപ്പിക്കുവാനും ഓഡിറ്റ് നടത്താനും കഴിയാതെ വരുന്നു. ആയതിനാൽ അടിയന്തിരമായി ആവശ്യത്തിനു ജീവനക്കാരെ നിയമിക്കുന്നതിനുള്ള അനുമതി നൽകാനുള്ള നടപടികൾ ഭരണവകുപ്പ് ത്വരിതപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ബഹു. നിയമസഭാ സമിതിയുടെ ശ്രദ്ധക്ഷണിച്ചു കൊള്ളുന്നു.

2. സേവന വേതന വ്യവസ്ഥകളിലെ അവ്യക്തത

കാലോചിതവും സമഗ്രവുമായ സേവനവേതന വ്യവസ്ഥകളുടെ അഭാവം ഓഡിറ്റിന് വിഘാതമായി തീരുന്നുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാരുടെ സമാനമായ ശമ്പളപ്പട്ടിക നിലവിലുള്ള ക്ഷേത്രങ്ങളിലും ജീവനക്കാർക്ക് ഗുണം കൂട്ടുന്ന സംഗതികളിൽ സർവ്വീസ് ചട്ടങ്ങൾ ബാധകമാക്കുകയും അല്ലാത്ത കാര്യങ്ങളിൽ ബാധകമല്ലെന്ന് സ്വയം നിശ്ചയിക്കുകയും ചെയ്യുന്ന ഒരു പ്രവണതയുണ്ട്. ആയതിനാൽ

ഇതു സംബന്ധിച്ച് വ്യക്തമായ നിയമങ്ങളും ചട്ടങ്ങളും ഉണ്ടാകേണ്ടതുണ്ട്. ഇക്കാര്യത്തിലേക്ക് ബഹു. നിയമസഭാ സമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

3. മരാമത്ത്

ക്ഷേത്രങ്ങളിൽ നടത്തുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ വകുപ്പ് 100(2)(ക്യു)(ആർ)(എസ്) പ്രകാരമുള്ള ചട്ടങ്ങളും, അതിന്റെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ വകുപ്പ്/ബോർഡ് കമ്മീഷണർമാർ പുറപ്പെടുവിക്കുന്ന സർക്കുലറുകളും ഉത്തരവുകളും നിലവിലുണ്ടെങ്കിലും ആയത് ക്ഷേത്ര ഭരണാധികാരികൾ കൃത്യമായി പാലിച്ചുവരുന്നില്ല. മരാമത്ത് പ്രവൃത്തികളിൽ ഈടാക്കുന്ന നികുതികൾ പല ക്ഷേത്രങ്ങളും കേന്ദ്ര-സംസ്ഥാന സർക്കാരിലേക്ക് ഒടുക്കുന്നതായി കാണുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ അംഗീകരിക്കുന്നതിന് എഞ്ചിനീയറിംഗ് വിംഗ് മലബാർ ദേവസ്വം ബോർഡിൽ ഉണ്ടാകേണ്ടത് അനിവാര്യമാണ്.

4. കേരള സ്റ്റോർ പർച്ചേയ്സ് മാന്വൽ ബാധകമാക്കണം

മലബാർ ദേവസ്വം ബോർഡിനു കീഴിൽ വരുന്ന ക്ഷേത്രങ്ങളിൽ ദൈനംദിന ആവശ്യങ്ങൾക്കോ അല്ലാതെയോയുള്ള യാതൊരു വാങ്ങലുകൾക്കും നിലവിൽ കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 120-162 കേരള സ്റ്റോർ പർച്ചെയ്സ് മാന്വൽ എന്നിവയിലെ നിബന്ധനകൾ ബാധകമല്ല. ഇക്കാര്യത്തിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ക്ഷേത്രങ്ങളുടെ കാര്യത്തിലും ബാധകമാക്കേണ്ടതാണ്.

5. ക്ഷേത്രഭൂമി

ക്ഷേത്രാധികാരികൾ അലംഭാവം കാണിക്കുന്നതുകൊണ്ടും വീഴ്ചവരുത്തുന്നതുകൊണ്ടും പല ക്ഷേത്രങ്ങളുടെയും ഭൂമി വർഷങ്ങൾ കഴിയുംതോറും അന്യാധീനപ്പെടുന്നതായി കാണുന്നു. ക്ഷേത്ര ഭൂമിയെ സംബന്ധിച്ച യാതൊരു രേഖയും മിക്കക്ഷേത്രങ്ങളിലും ലഭ്യമല്ല. കൂടാതെ ക്ഷേത്രഭൂമി അതിരുകൾ കെട്ടി സംരക്ഷിക്കുന്നതിൽ ക്ഷേത്രങ്ങൾ അലംഭാവം കാണിക്കുന്നു.

ബഹു.കേരള ഹൈക്കോടതി ഉത്തരവിനെ അടിസ്ഥാനമാക്കിയുള്ള സർക്കുലറിൽ ദേവസ്വം സൂക്ഷിച്ചുവരുന്നതും 01.04.1964-ന് മുമ്പുള്ളതുമായ ദേവസ്വം രേഖകൾ പരിശോധിക്കാതെയും ദേവസ്വത്തിന് നോട്ടീസ് നൽകാതെയും കൈവശാവകാശം പതിച്ചുനൽകിക്കൊണ്ട് പാസ്സാക്കിയ എല്ലാ ഉത്തരവുകളും റദ്ദാക്കി കിട്ടാൻ ആവശ്യമായ നിയമനടപടി സ്വീകരിക്കണമെന്നും തെളിവുകളുടെ അടിസ്ഥാനത്തിലല്ലാതെ ദേവസ്വംഭൂമി പതിച്ചുനൽകപ്പെടുന്നില്ല എന്നുറപ്പു വരുത്താൻ അവശ്യ നടപടികളും എടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഇങ്ങനെ നടപടിയെടുക്കാതിരുന്ന് നഷ്ടം സംഭവിക്കാനിടയായാൽ ആയത് ബന്ധപ്പെട്ട ക്ഷേത്രാധികാരിയുടെ ബാധ്യതയായി കണക്കാക്കി വസൂൽ ചെയ്യുന്നതായിരിക്കുമെന്ന് ടി സർക്കുലറിൽ ഓർമ്മിപ്പിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ കൈക്കൊണ്ട നടപടികളെക്കുറിച്ച് ഒരു പ്രതിമാസ റിപ്പോർട്ട് എല്ലാ ക്ഷേത്രാധി കാരികളും അതാത് അസിസ്റ്റന്റ് കമ്മീഷണർമാർക്ക് നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ലാന്റ് ട്രൈബ്യൂണലുകൾ കൈവശാവകാശം പതിച്ചുനൽകിയ എല്ലാ കേസുകളും പരിശോധിച്ച് അപ്രകാരം പാസ്സാക്കിയ ഉത്തരവുകൾ റദ്ദാക്കി കിട്ടാൻ ഹിന്ദുമതധർമ്മ സ്ഥാപന നിയമപ്രകാരമോ ഭൂപരിഷ്കരണ നിയമ പ്രകാരമോ ഭരണ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി വിവരങ്ങൾ ലഭ്യമല്ല. ഈ വിഷയത്തിൽ കൈക്കൊണ്ട നടപടികളെക്കുറിച്ചുള്ള പ്രതിമാസ റിപ്പോർട്ട് ക്ഷേത്രാധികാരികൾ അസിസ്റ്റന്റ് കമ്മീഷണർമാർക്ക് നൽകിയതായും കാണുന്നില്ല .

ആയതിനാൽ ക്ഷേത്രഭൂമി അന്യാധീനപ്പെട്ടു പോകാതിരിക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

92. ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ഗവൺമെന്റിന് 07.02.2022-ന് ഒരു കത്ത് നൽകിയിട്ടുണ്ടെന്നും അടിച്ചുതളി തുടങ്ങിയ അടിസ്ഥാന തസ്തികകൾക്ക് ബോർഡിന് പ്രത്യേക സാമ്പത്തിക ബാധ്യതയൊന്നും വരാത്ത രീതിയിൽ അംഗീകാരം നൽകുന്നത് പരിശോധിച്ച് തീരുമാനമെടുക്കുന്നതിനായി സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ടെന്നും മലബാർ ദേവസ്വം ബോർഡ് സീനിയർ സൂപ്രണ്ട് മറുപടി നൽകി.

93. മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം ലഭിക്കുന്നില്ലെന്നും ജീവനക്കാർക്ക് ശമ്പളം കൊടുക്കാനുള്ള എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന്, കുടിശ്ശിക സംബന്ധിച്ച് മലബാർ ദേവസ്വം ബോർഡ് ഒരു തീരുമാനമെടുക്കുകയും അതിന്റെ പ്രൊസീഡിംഗ്സ് തയ്യാറാക്കി അനുമതിക്കായി സർക്കാരിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ടെന്നും നിലവിൽ അത് സർക്കാരിന്റെ പരിഗണനയിലാണെന്നും ഡി.എ. കുടിശ്ശികയുടെ വിഷയവും ശമ്പള നിർണ്ണയത്തിൽ വന്ന പ്രശ്നവും കാരണമാണ് ശമ്പളം ലഭിക്കാത്തതെന്നും മലബാർ ദേവസ്വം ബോർഡ് സീനിയർ സൂപ്രണ്ട് മറുപടി നൽകി.

94. ക്ഷാമബത്ത കുടിശ്ശിക സംബന്ധിച്ച പ്രശ്നം കാരണം ജീവനക്കാർക്ക് ശമ്പളം നൽകാതിരിക്കുന്നത് ശരിയല്ലെന്ന് അഭിപ്രായപ്പെട്ട സമിതി, സർക്കാരിന്റെ ഭാഗത്തുനിന്നുള്ള തടസ്സംകൊണ്ടാണോ ശമ്പളം കൊടുക്കാതിരിക്കുന്നതെന്ന് ആരാഞ്ഞതിന്, പഴയ സ്കെയിലിലുള്ള ശമ്പളം കൊടുക്കുന്നതിൽ ബുദ്ധിമുട്ടില്ലെന്നും ശമ്പള പരിഷ്കരണത്തിന്റെ പ്രശ്നമാണ് നിലവിലുള്ളതെന്നും മലബാർ ദേവസ്വം ബോർഡ് സീനിയർ സൂപ്രണ്ട് വെളിപ്പെടുത്തി.

95. ക്ഷാമബത്ത കുടിശ്ശികയുടെ വിഷയത്തിലാണ് തർക്കമുള്ളത് എന്നതിനാൽ അത് മാറ്റി വച്ച് മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ യൂണിയൻ നേതാക്കളുമായി ചർച്ച ചെയ്ത് അവർക്ക് സമ്മതമാണെങ്കിൽ നിലവിലുള്ള ശമ്പളമെങ്കിലും കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ഈ വിഷയത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കുന്നതിനും സമിതി നിർദ്ദേശിച്ചു.

**മരാമത്ത്**

96. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**കേരള സ്റ്റോർ പർച്ചേസ് മാന്വൽ ബാധകമാക്കണം**

97. സ്റ്റോർ പർച്ചേസ് മാന്വൽ നടപ്പിൽ വരുത്തിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, സ്റ്റോർ പർച്ചേസ് മാന്വൽ നടപ്പിൽ വരുത്തിയിട്ടുണ്ടെന്നും ദൈനംദിന ആവശ്യങ്ങൾക്കുള്ള ചെറിയ പർച്ചേസുകൾ സ്ഥലത്തെ സഹകരണ സ്റ്റോറിൽ നിന്നോ മാവേലി സ്റ്റോറിൽ നിന്നോ നടത്തി രജിസ്റ്ററിൽ ഉൾക്കൊള്ളിച്ച് ട്രസ്റ്റി ഒപ്പിട്ട് സൂക്ഷിക്കണമെന്നുള്ള ഭേദഗതി സർക്കാരിലേയ്ക്ക് നൽകിയിട്ടുണ്ടെന്നും മലബാർ ദേവസ്വം ബോർഡ് സീനിയർ സൂപ്രണ്ട് മറുപടി നൽകി.

98. പ്രസ്തുത വിവരം ഓഡിറ്റ് വിഭാഗത്തെ അറിയിച്ച് പരാമർശം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

**ക്ഷേത്രഭൂമി**

99. ക്ഷേത്രങ്ങളുടെ ഭൂമി അന്യാധീനപ്പെടുന്നതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് സമിതി ആരാഞ്ഞതിന് ബഹു. ഹൈക്കോടതിയുടെ 2021 ഡിസംബറിലെ ഇടക്കാല ഉത്തരവുപ്രകാരം ദേവസ്വം ഭൂമിയുടെ പട്ടയത്തിനായി റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ജില്ലാ കളക്ടറുമായി ചർച്ച നടത്തി അതത് ദേവസ്വങ്ങളെക്കൂടി കേൾക്കണമെന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം ട്രൈബ്യൂണലുകളിൽ നിന്ന് ബോർഡിന് നോട്ടീസുകൾ ലഭിച്ചിട്ടുണ്ടെന്നും മലബാർ ദേവസ്വം ബോർഡ് സീനിയർ സൂപ്രണ്ട് മറുപടി നൽകി.

100. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, ലാന്റ് കൺസർവൻസി യൂണിറ്റ് സ്ഥാപിക്കുന്നതിനായി വക്കീലന്മാരുടെ പാനൽ ലോ ഓഫീസറുടെ കീഴിൽ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മലബാർ ദേവസ്വം ബോർഡ് സീനിയർ സൂപ്രണ്ട് സമിതിയെ അറിയിച്ചു

101. പ്രസ്തുത മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

## നിഗമനങ്ങൾ/ശിപാർശകൾ

**102. ക്ഷേത്രങ്ങളിലെ ജോലിഭാരം കണക്കിലെടുത്ത് ആവശ്യമായ തസ്തികകൾ അംഗീകരിക്കുന്നതിന് ക്ഷേത്രഭരണാധികാരികൾ സമർപ്പിക്കുന്ന അപേക്ഷ പരിശോധിച്ച് ആവശ്യമായ നിയമനങ്ങൾക്ക് അംഗീകാരം നൽകിവരുന്നുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ നിയമനം സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**103. ക്ഷേത്ര ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനായി നിയമിച്ച അഡ്വ. ഗോപാലകൃഷ്ണൻ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണെന്ന് സമിതി മനസ്സിലാക്കുന്നു. ഡി.എ. കുടിശ്ശിക സംബന്ധിച്ച പ്രശ്നം കാരണം ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം നൽകാതിരിക്കുന്ന നടപടി അംഗീകരിക്കാനാവില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ യൂണിയൻ നേതാക്കളുമായി ചർച്ച ചെയ്ത് നിലവിലുള്ള ശമ്പളമെങ്കിലും കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നും പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

**104. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ മരാമത്ത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**105. സ്റ്റോർ പർച്ചേസ് മാന്വൽ ബാധകമാക്കണം എന്ന പരാമർശം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**106. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ക്ഷേത്രഭൂമി സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**<u>പാലക്കാട് ജില്ല</u>**

**<u>ശ്രീ മണപ്പുള്ളിക്കാവ് ദേവസ്വം</u>**

**കയ്യിരിപ്പ് തുക വരവിലെടുത്തില്ല -നഷ്ടം 1.28 ലക്ഷം**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006, ഖണ്ഡിക നമ്പർ: 12)

01.01.2006 മുതൽ 27.11.2006 വരെയുള്ള കാലയളവിൽ ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ ആയിരുന്ന ശ്രീ.പി.കെ.സായിപ്രസാദ് 1,28,801/- രൂപ ദേവസ്വത്തിലേക്ക് തിരിച്ചടക്കാനുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 01.01.2006 ന് മുന്നിരിപ്പ് | - | 7,20,112.46 |
| 01.01.2006 മുതൽ 27.11.2006 കൂടിയുള്ള കാലയളവിൽ ശ്രീ.പി. കെ. സായിപ്രസാദ് സമർപ്പിച്ച വരവു ചെലവ് പത്രിക പ്രകാരമുള്ള വരവ് | - | 78,60,232.25 |
| (+) 21.01.2006 ന് ചെക്ക്/ഡി.ഡി. വരവു ചേർത്തതിൽ കുറവുവന്ന തുക | - | 4,500.00 |
| (+) വേല അക്കൗണ്ടിലെ നീക്കിയിരിപ്പ് ദേവസ്വത്തിൽ മുതൽ കൂട്ടിയ വകയിൽ വരവ് | - | 27,969.50 |
| **ആകെ വരവ്** | - | **86,12,814.21** |
| 01.01.2006 മുതൽ 27.11.2006 കൂടിയുള്ള ദിവസങ്ങളിലെ സാധാരണ ചെലവ് | - | 80,42,156.60 |
| (+) 27.09.2006-ന് ചെലവ് കാണിക്കാൻ വിട്ടുപോയ ബാങ്ക് ചാർജസ് | - | 344.00 |
| (+) 11.01.2006-ന് മണിയോർഡർ വരവ് തെറ്റായി വേല അക്കൗണ്ടിലേയ്ക്ക് വകമാറ്റിയ ഇനത്തിൽ ചെലവ് പോസ്റ്റ് ചെയ്യാൻ വിട്ടത് | - | 1,593.00 |
| **ആകെ ചെലവ്** | - | **80,44,093.60** |

**<u>നീക്കിയിരിപ്പ്</u>**

| | | |
|---|---|---|
| 27.11.2006-ന് ബാങ്ക് | - | 4,29,816.11 |
| 27.11.2006-ന് പണം | - | 1,38,904.50 |
| | | 5,68,720.61 |

മേൽപ്പടി നീക്കിയിരിപ്പ് 5,68,720.61 രൂപയിൽ ബാങ്ക് നീക്കിയിരിപ്പ് 4,29,816.11 രൂപ ദേവസ്വത്തിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പണം കയ്യിരിപ്പിൽ 10,103/-രൂപ മാത്രമേ നൽകിക്കാണുന്നുള്ളൂ. ബാക്കി തുക 1,28,801/- (1,38,904 - 10,103) മുൻ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. പി. കെ. സായിപ്രസാദിന്റെ പക്കൽനിന്നും ഈടാക്കേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u> -

ശ്രീ. പി. കെ. സായിപ്രസാദ്,
എക്സിക്യൂട്ടീവ് ഓഫീസർ,
12/2003, പറളി, പാലക്കാട് -676 612.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.6.1 (1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

107. പ്രസ്തുത തുക തിരിച്ചടച്ചിട്ടുണ്ടെന്ന മലബാർ ദേവസ്വം ബോർഡ് സീനിയർ സൂപ്രണ്ടിന്റെ മറുപടി അംഗീകരിച്ച സമിതി, പ്രസ്തുത പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

**<u>നിഗമനങ്ങൾ/ശിപാർശകൾ</u>**

**108. നഷ്ടതുകയായ 1,28,801/- രൂപ ദേവസ്വം അക്കൗണ്ടിൽ ഒടുക്കവരുത്തിയിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വേലാഘോഷത്തിന്ന് പണം നൽകിയത് ക്രമവിരുദ്ധം**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 15

* ഹൈക്കോടതി വിധി മറികടന്ന് വേലാഘോഷത്തിന് 2.10 ലക്ഷം നൽകി.

* പണം നൽകിയതിന് രേഖയില്ല

2007-ലെ വേലയോടനുബന്ധിച്ച് വേലാഘോഷ കമ്മിറ്റിക്ക് താഴെപറയും പ്രകാരം 2,10,106.50 രൂപ ക്ഷേത്ര ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ഈ തുക ക്യാഷ് ബുക്കിൽ ചെലവെഴുതിയതല്ലാതെ വൗച്ചർ എഴുതുകയോ, വേലാഘോഷ കമ്മിറ്റിയിൽ നിന്ന് കൈപ്പറ്റ് രസീത് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഇത്രയും വലിയൊരു തുക നൽകിയതിന് വൗച്ചർ എഴുതാതിരുന്നതും കൈപ്പറ്റ് രസീത് ലഭ്യമാക്കാതിരുന്നതും ഗുരുതരമായ വീഴ്ചയാണ്. വേലാഘോഷ കമ്മിറ്റിക്ക് തുക നൽകിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| തീയതി | തുക | ചെക്ക് നമ്പർ |
|---|---|---|
| 28.02.2007 | 2,00,000.00 | 750401/28.02.2007 |
| 01.03.2007 | 7,160.50 | (പണമായി) |
| 07.03.2007 | 3,000.00 | (പണമായി) |
| **ആകെ** | **2,10,160.50** | |

ശ്രീ മണപ്പുള്ളി ഭഗവതി ദേവസ്വത്തിലെ വേലാഘോഷത്തിന് ദേവസ്വം ഫണ്ടും വഴിപാടിൽനിന്നുള്ള വരവും വിനിയോഗിക്കുവാൻ പാടില്ല എന്നും വേലാഘോഷത്തിനുള്ള മുഴുവൻ പണവും കമ്മിറ്റി കണ്ടെത്തണമെന്നും ദേവസ്വം അധികാരികൾക്ക് ഒ.പി.നമ്പർ.37751/02-ന്റെ 30.01.2003-ലെ വിധിയിൽ ബഹു. ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. 2004-ലെ വേലാഘോഷക്കമ്മിറ്റിക്ക് തിരിച്ചടക്കണമെന്ന വ്യവസ്ഥയിൽ ക്ഷേത്രഫണ്ടിൽനിന്നും നൽകിയ 2,00,000/-

രൂപയിൽ തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്ന 64,209/-രൂപ ഗ്രാന്റായി കണക്കാക്കി എഴുതിത്തള്ളണമെന്നും അന്നത്തെ കമ്മിറ്റി പ്രസിഡന്റ് ശ്രീ മോഹൻ ദാസ് നൽകിയ നിവേദനം ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ)വകുപ്പ് കമ്മീഷണറും 02.07.2005-ലെ സർക്കാർ ഉത്തരവ് (സാ)3796/05(റവന്യൂ) പ്രകാരം സർക്കാരും നിരസിക്കുകയുണ്ടായി. ഇതിനെതിരെ ടിയാൻ ബഹു. ഹൈക്കോടതിയിൽ നൽകിയ പെറ്റീഷൻ 09.08.2005-ലെ ഡബ്ല്യൂ.(പി.സി) 23388/05-ാം നമ്പർ വിധിയിൽ ടിയാന്റെ അപേക്ഷ പരിഗണിക്കുവാൻ നിർവാഹമില്ലെന്നും 30.01.2003-ലെ 37751/02-ാം നമ്പർ ഹൈക്കോടതി വിധി ചൂണ്ടിക്കാണിച്ചുകൊണ്ട് വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ബഹു.ഹൈക്കോടതി വിധികളെ അവഗണിച്ചുകൊണ്ടാണ് 2007-ലെ വേലാഘോഷ കമ്മിറ്റിക്ക് മേൽവിവരിച്ച പ്രകാരം 2,10,160/-രൂപ നൽകിയിരിക്കുന്നത്. ഇത് കോടതി വിധിയുടെ ലംഘനമായതിനാൽ ഓഡിറ്റിൽ അംഗീകരിക്കുവാൻ നിർവാഹമില്ല.

ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പ് കമ്മീഷണറുടെ 28.02.2007-ലെ എച്ച്.ആർ.ജെ.5-9238/06 നമ്പർ ഉത്തരവിന്റേയും ബഹു.ദേവസ്വം ഉത്തരവിന്റേയും (ഉത്തരവ് ഹാജരാക്കിയില്ല) അടിസ്ഥാനത്തിലാണ് വേലാഘോഷ കമ്മിറ്റിക്ക് പണം നൽകിയത് എന്ന് ഓഡിറ്റിൽ വിശദീകരിക്കുകയുണ്ടായി. എന്നാൽ വേലാഘോഷ കമ്മിറ്റി പിരിച്ചെടുത്ത പണംതികയാതെ വരികയാണെങ്കിൽ ബാക്കി പണം ദേവസ്വം ഫണ്ടിൽ നിന്നും നൽകുന്ന കാര്യം പരിഗണിക്കുമെന്നാണ് കമ്മീഷണറുടെ ഉത്തരവിൽ പറഞ്ഞിരുന്നത്. എന്നാൽ വേലാഘോഷ കമ്മിറ്റിക്ക് പണം നൽകുവാൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമായില്ല. വേല കഴിഞ്ഞപ്പോൾ 18,199/-രൂപ കമ്മിറ്റി ക്ഷേത്രഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. ഇതിൽ നിന്നും കമ്മീഷണറുടെ ഉത്തരവിനും വിരുദ്ധമായിട്ടാണ് വേലക്കമ്മിറ്റിക്ക് മേൽ തീയതികളിലായി 2,10,160.50 രൂപ നൽകിയിരിക്കുന്നത്.

വേലാഘോഷ കമ്മിറ്റിക്ക് ക്ഷേത്രഫണ്ടിൽ നിന്നും പണം നൽകുവാൻ പാടില്ല എന്ന ബഹു. ഹൈക്കോടതി വിധി നിലവിലുള്ളപ്പോൾ ആയതിനെ അവഗണിച്ച

കൊണ്ട് വേലാഘോഷ കമ്മിറ്റിക്ക് പണം നൽകിയത് നിയമ ലംഘനമായതിനാൽ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വേല കഴിഞ്ഞ് കമ്മിറ്റി ക്ഷേത്രഫണ്ടിലേക്ക് 18,199/- രൂപ തിരിച്ചടച്ച സാഹചര്യത്തിൽ 2,10,160/-രൂപയിൽ മേൽ തിരിച്ചടവ് കിഴിച്ച് ബാക്കി തുകയായ 1,91,961/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. 1,91,961/-രൂപ കമ്മിറ്റി പ്രസിഡന്റിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ക്ഷേത്രഫണ്ടിൽ അടക്കേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥ</u>

ശ്രീമതി എ. വിലാസിനി അസിസ്റ്റന്റ് കമ്മീഷണർ,
എച്ച്.ആർ. ആന്റ് സി.ഇ. (എക്സിക്യൂട്ടീവ് ഓഫീസർ ഇൻ ചാർജ്)
ശ്രീവൽസം, പൂജാനഗർ, പുളൂർ, പാലക്കാട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 4.6.1(2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

109. ദേവസ്വം കമ്മീഷണറുടെ അനുമതിയില്ലാതെ എക്സിക്യൂട്ടീവ് ഓഫീസർ പണം ചെലവഴിച്ചുവെന്നതാണ് പരാമർശമെന്നും വേലാഘോഷം തടസ്സപ്പെടാതിരിക്കാൻ വേണ്ടിയാണ് അടിയന്തര സാഹചര്യത്തിൽ എക്സിക്യൂട്ടീവ് ഓഫീസർ തുക ചെലവഴിച്ചതെന്നും പ്രസ്തുത നടപടി ഗവൺമെന്റ് സാധൂകരിച്ചിട്ടുണ്ടെന്നുമുള്ള മലബാർ ദേവസ്വം ബോർഡ് സീനിയർ സൂപ്രണ്ടിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

**<u>നിഗമനങ്ങൾ/ശിപാർശകൾ</u>**

**110. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## കൃഷി (ഫാംസ്) വകുപ്പ്

ഓഡിറ്റ് ഖണ്ഡിക

**കേരള കാർഷിക സർവ്വകലാശാല - തൃശ്ശൂർ ജില്ല**

**(എ) കാമ്പസ് ഡെവലപ്മെന്റ് ആന്റ് സെൻട്രൽ നഴ്സറി - സിവിൽ പ്രവൃത്തികളിലെ നഷ്ടം**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക: 17)

സുസജ്ജമായ ഒരു എഞ്ചിനീയറിംഗ് വിഭാഗം സർവ്വകലാശാലയ്ക്ക് സ്വന്തമായി ഉണ്ടായിരിക്കെ മരാമത്തു പ്രവൃത്തികളിൽ സാമാന്യമായി പാലിക്കേണ്ട നടപടിക്രമങ്ങൾ ഒന്നുംതന്നെ പാലിക്കാതെ ഫാമിൽ ജോലിനോക്കുന്ന ഏതാനും താൽക്കാലിക തൊഴിലാളികളെ കരാറുകാരാക്കി നിരവധി സിവിൽ പ്രവൃത്തികൾ നിർവ്വഹിച്ചുകാണുന്നു. എസ്റ്റിമേറ്റോ, റഫ് എസ്റ്റിമേറ്റോ തയ്യാറാക്കിയിട്ടില്ല. മൽസരാധിഷ്ഠിതമായ ടെൻഡർ ക്ഷണിച്ചിട്ടില്ല. രണ്ടോമൂന്നോ വ്യക്തികളുടെ പേരിലുള്ള വളരെ ഉയർന്ന നിരക്കിലുള്ള ക്വട്ടേഷനുകളാണ് ഒട്ടുമിക്ക വർക്കുകളിലും സമർപ്പിക്കപ്പെട്ടിരിക്കുന്നത്. കരാർ ജോലികൾക്കുവേണ്ട സമ്മതപത്രം ഒപ്പിട്ടിട്ടില്ല. സ്റ്റാംപ് ഡ്യൂട്ടി ഇനത്തിൽ സംസ്ഥാനഫണ്ടിന് നഷ്ടമുണ്ടായി. അളവുപുസ്തകങ്ങളോ വാല്യുവേഷൻ സർട്ടിഫിക്കറ്റോ നിലവിലില്ല. നികുതിയിനത്തിലും വെൽഫെയർ ഫണ്ട് ഇനത്തിലുമുള്ള തുകകൾ കരാർ തുകയിൽ നിന്ന് കുറവ് ചെയ്ത് അതാത് ഫണ്ടുകളിൽ ഒടുക്കിയിട്ടില്ല. മേൽ വിവരിച്ച സാഹചര്യത്തിൽ വിവിധ സിവിൽ ജോലികളിലായി ചെലവഴിച്ച 13,82,416/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. ഈയിനത്തിലുള്ള നിയമവിധേയമല്ലാത്ത പ്രവർത്തനങ്ങളെക്കുറിച്ച് സർവ്വകലാശാല തലത്തിൽ അന്വേഷണം നടത്തി കൃത്യമായ സാമ്പത്തിക നഷ്ടം കണക്കാക്കി ഉത്തരവാദിയായ ഉദ്യോഗസ്ഥൻ മേധാവിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

**(ബി) അബാർഡ് പദ്ധതി - പൊതുമരാമത്ത് ചട്ടങ്ങൾ പാലിച്ചിട്ടില്ല**

(ഓഡിറ്റ് കുറിപ്പ് 1.7.2006, 5.12.2007, ഖണ്ഡിക: 5)

കേരള കാർഷിക സർവ്വകലാശാലയുടെ 06.06.2006-ലെ നമ്പർ ജി.എ.ഡി1/ 27178/05 ഉത്തരവ് പ്രകാരം തൃശ്ശൂർ നഗരസഭയുടെ 2005-06 വർഷത്തെ കേരള

വികസന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അബാർഡ് വനിതാ തൊഴിൽദാന പദ്ധതി തൃശ്ശൂർ നഗരസഭയും യൂണിവേഴ്സിറ്റിയും സംയുക്തമായി നടപ്പാക്കുന്നതിന് 23.01.2006-ലെ തൃശ്ശൂർ നഗരസഭ കൗൺസിലിന്റെ 55-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. ബന്ധപ്പെട്ട മരാമത്ത് പണികൾ നടത്തിയപ്പോൾ 12.11.1997-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 254/97/തദേവ. (പൊതുമരാമത്ത് പണിയുടെ നടത്തിപ്പ് ചട്ടങ്ങൾ) പാലിച്ചതായി കാണുന്നില്ല. ആദായനികുതി, വിദ്യാഭ്യാസ സെസ് (7455 രൂപ), വാറ്റ് (45676 രൂപ), നിർമ്മാണത്തൊഴിലാളി ക്ഷേമനിധി (3654 രൂപ) എന്നിവ കരാറുകാരനിൽ നിന്ന് കിഴിവ് ചെയ്തിട്ടില്ല. മേൽ ഇനങ്ങളിലായി ആകെ 56785 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി അടക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.4.6 (എ, ബി)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

111. കാമ്പസ് ഡെവലപ്മെന്റ് ആന്റ് സെൻട്രൽ നഴ്സറി - സിവിൽ പ്രവൃത്തികളിലെ നഷ്ടം എന്ന പരാമർശത്തിന്മേലുള്ള വിജിലൻസ് അന്വേഷണത്തിന്റെ പുരോഗതിയെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2008-09-ലെ കേസാണിതെന്നും അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണെന്നും കേരള കാർഷിക സർവ്വകലാശാല ഫിനാൻസ് വിംഗ് കംപ്ട്രോളർ മറുപടി നൽകി.

112. കേസന്വേഷണത്തിന്റെ മെല്ലെപ്പോക്കിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തിയ സമിതി, കേസ് അന്വേഷണം ത്വരിതപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.

113. അബാർഡ് പദ്ധതി പൊതുമരാമത്ത് ചട്ടങ്ങൾ പാലിച്ചിട്ടില്ല എന്ന പരാമർശം സംബന്ധിച്ച് ഓഡിറ്റ് കണ്ടെത്തിയ ബാധ്യത തുക അബാർഡ് പദ്ധതിയുടെ അന്നത്തെ കോ-ഓർഡിനേറ്ററുടെ ചുമതല വഹിച്ചിരുന്നയാളുടെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും ഈടാക്കാൻ ഉത്തരവായിട്ടുണ്ടെന്ന കേരള കാർഷിക

സർവ്വകലാശാല യൂണിവേഴ്സിറ്റി ഫിനാൻസ് വിംഗ് കംപ്ട്രോളറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത തുക ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

**നിഗമനങ്ങൾ/ശിപാർശകൾ**

**114. കാമ്പസ് ഡെവലപ്മെന്റ് ആന്റ് സെൻട്രൽ നഴ്സറി സിവിൽ പ്രവൃത്തികളിലെ നഷ്ടം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച വിജിലൻസ് കേസന്വേഷണത്തിന്റെ മെല്ലെപ്പോക്കിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കേസ് അന്വേഷണം ത്വരിതപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**115. അബാർഡ് പദ്ധതി പൊതുമരാമത്ത് ചട്ടങ്ങൾ പാലിച്ചിട്ടില്ല എന്ന പരാമർശം സംബന്ധിച്ച് ഓഡിറ്റ് കണ്ടെത്തിയ ബാധ്യതാ തുകയായ 56,785/- രൂപ അബാർഡ് പദ്ധതിയുടെ അന്നത്തെ കോർഡിനേറ്ററുടെ ചുമതല വഹിച്ചിരുന്നയാളുടെ പെൻഷൻ ആനുകൂല്യത്തിൽ നിന്ന് ഈടാക്കാൻ ഉത്തരവായിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത തുക ഈടാക്കി ഓഡിറ്റിന് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര, തൃശ്ശൂർ ജില്ല**

**സ്റ്റാഫ് പാറ്റേൺ പരിഗണിക്കാതെയുള്ള അധ്യാപക നിയമനം**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക 4)

നിലവിലുള്ള അംഗീകൃത സ്റ്റാഫ് പാറ്റേൺ ലംഘിച്ചുകൊണ്ട് പ്രൊഫസ്സർ, അസോസിയേറ്റ് പ്രൊഫസ്സർ, അസിസ്റ്റന്റ് പ്രൊഫസർ തുടങ്ങിയ കേഡറുകളിൽ സയന്റിഫിക് സ്റ്റാഫിനെ അധികമായി നിയമിച്ചതിനാൽ ഭീമമായ സാമ്പത്തിക ബാധ്യത ഹോർട്ടിക്കൾച്ചർ കോളേജിനും സർവകലാശാലയ്ക്കും ഉണ്ടായി. അധികമായി നിയമിച്ചവരുടെ അടിസ്ഥാന ശമ്പളത്തിന്റെയും തൻവർഷം നിലവിലുള്ള ഡി.എ. യുടെയും അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ തൻവർഷം മാത്രം 36.83

ലക്ഷത്തിലധികം രൂപയുടെ അധികബാധ്യത ഇതുമൂലം ഉണ്ടായിട്ടുണ്ടെന്നു കാണുന്നു. ടി നിയമനങ്ങളുടെ സാധുത, ആയവമൂലം തുടർച്ചയായി വരുന്ന അധികബാധ്യത എന്നിവയെക്കുറിച്ച് അന്വേഷണവും നടപടികളും സർവ്വകലാശാലാ ഭരണ വിഭാഗത്തോട് നിർദ്ദേശിക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.10.5]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

116. 1986-ലെ യു.ജി.സി. സ്കീം പ്രകാരം അദ്ധ്യാപകരുടെ ജോലിഭാരം വിലയിരുത്തണമെന്നും അധികമുള്ള ജീവനക്കാരെ പുനർവിന്യസിക്കണമെന്നുമുള്ളതായിരുന്നു വ്യവസ്ഥയെന്നും ഇതുസംബന്ധിച്ച് കുറേ കേസുകളും അധ്യാപക സംഘടനകളുടെ പ്രതിഷേധവും ഉയർന്നുവന്നപ്പോൾ കാലതാമസമുണ്ടായെന്നും അതിനുശേഷം അക്കൗണ്ടന്റ് ജനറലിൽ നിന്നും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയിൽ നിന്നും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയിൽ നിന്നും വിമർശനങ്ങളുണ്ടായെന്നും അതിന്റെ ഭാഗമായി 2003-ൽ അദ്ധ്യാപക പ്രതിനിധികളുടെ ഒരു കമ്മിറ്റി രൂപീകരിക്കുകയും ജോലിഭാരം വിലയിരുത്താനുള്ള മാതൃക സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തുവെന്നും തുടർന്ന് ജോലിഭാരം വിലയിരുത്തി 2006-ൽ സമർപ്പിച്ച റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും അതിൻപ്രകാരം 8 തസ്തികകളാണ് പ്ലാന്റേഷൻ ക്രോപ്സ് ആന്റ് സ്പൈസസ് ഡിപ്പാർട്ടുമെന്റിലേയ്ക്ക് അനുവദിച്ചതെന്നും സർവ്വകലാശാല പുതിയ തസ്തികകളൊന്നും സൃഷ്ടിക്കാതെ പുനർവിന്യസിക്കുകയാണ് ചെയ്തതെന്നും ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നും കേരള കാർഷിക സർവ്വകലാശാല ഫിനാൻസ് വിംഗ് കംപ്ട്രോളർ അഭ്യർത്ഥിച്ചു.

117. ഓഡിറ്റ് വകുപ്പിന് മറുപടി ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്ന കാര്യം പരിഗണിക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**118. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കേരള കാർഷിക സർവ്വകലാശാല - തൃശ്ശൂർ ജില്ല**

**ലെയറിങ് മോസ് വാങ്ങിയതിലെ അധികചെലവ്**

(ഓഡിറ്റ് റിപ്പോർട്ട് വർഷം : 2005-06, ഖണ്ഡിക 11)

3,41,187 രൂപ ചെലവഴിച്ച് തൻവർഷം വാങ്ങിയ 6823.75 കി. ഗ്രാം ലെയറിങ് മോസ് മുഴുവനായും വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ, തൻവർഷം നടന്ന 33,494 എണ്ണം ലെയറിങ്ങിന് ആവശ്യമായ സാമാന്യമായ അളവ് മോസ് 1674.7 കി.ഗ്രാം ആണ്. മാർക്കറ്റിൽ ദുർലഭമായ ലെയറിങ് മോസ് അധികരിച്ച അളവിൽ വാങ്ങിയതിനാലും ലെയറിങ് എണ്ണത്തിന്റെ അനുപാതവുമായി പൊരുത്തപ്പെടാത്തവിധം മുഴുവൻ മോസും വിതരണം ചെയ്തതിനാലും അധികമായി വാങ്ങിയ മോസിന്റെ വിലയായ 2,57,452 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.11.4]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

119. പ്രസ്തുത വിഷയത്തിന്മേൽ വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണെന്ന് കേരള കാർഷിക സർവ്വകലാശാല ഫിനാൻസ് വിംഗ് കംപ്ട്രോളർ സമിതിയെ അറിയിച്ചു. കേസന്വേഷണത്തിന്റെ മെല്ലെപ്പോക്കിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി, കേസ് അന്വേഷണം അടിയന്തരമായി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**<u>നിഗമനങ്ങൾ/ശിപാർശകൾ</u>**

**120. കേസന്വേഷണത്തിന്റെ മെല്ലെപ്പോക്കിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കേസ് അന്വേഷണം അടിയന്തിരമായി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര**

<u>ഡി.പി.പി. വർക്ക് ബിൽ</u>

**തൃശ്ശൂർ കൃഷി വിജ്ഞാനകേന്ദ്രത്തിനുവേണ്ടി ഭരണകാര്യാലയ നിർമ്മാണം - കുറഞ്ഞ ടെണ്ടർ അവഗണിച്ചതിനാൽ സർവ്വകലാശാലയ്ക്ക് സാമ്പത്തിക നഷ്ടം**

ഓഡിറ്റ് റിപ്പോർട്ടുകൾ: 2006-07, ഖണ്ഡിക നമ്പർ 8

ഭരണകാര്യാലയ നിർമ്മാണത്തിനായി കണ്ണൂർ, മലപ്പുറം എന്നീ കൃഷി വിജ്ഞാന കേന്ദ്രങ്ങൾക്കൊപ്പം തൃശ്ശൂർ കർഷക വിജ്ഞാന കേന്ദ്രത്തിലേയ്ക്കും 3,34,500 രൂപ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ലഭിച്ച ടെണ്ടറുകളിൽ എസ്റ്റിമേറ്റ് തുകയേക്കാൾ 7.1% കുറഞ്ഞ ക്വട്ടേഷൻ വ്യക്തമായ കാരണങ്ങളില്ലാതെ നിരസിച്ചുകൊണ്ട് എസ്റ്റിമേറ്റിലും 13.5% കൂടുതൽ ഉദ്ധരിച്ച ക്വട്ടേഷൻ അംഗീകരിച്ചിരിക്കുന്നു. ഈ നടപടിയിൽ പി.ഡബ്ല്യു.ഡി. മാന്വൽ ഖണ്ഡിക 15-7-14, സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 31 എന്നിവയുടെയും അനുബന്ധ സർക്കാർ ഉത്തരവുകളുടെയും ലംഘനം ഉൾപ്പെട്ടിട്ടുള്ളതിനാൽ ഭരണവകുപ്പുതലത്തിലുള്ള അന്വേഷണം ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

<u>ഡി.പി.പി. വർക്ക് ബിൽ</u>

**വെറ്ററിനറി കോളേജ്, പൂക്കോട് - ഇന്റേണീസ് ഹോസ്റ്റലിന്റെ അടിയന്തര നിർമ്മാണം അനിശ്ചിതമായി നിർത്തിവയ്ക്കപ്പെട്ടു. അധികച്ചെലവും നിരുത്തരവാദിത്തവും അന്വേഷണ വിധേയമാക്കണം**

(ഓഡിറ്റ് റിപ്പോർട്ടുകൾ: 2006-07, ഖണ്ഡിക നമ്പർ 12)

12/05-നകം പൂർത്തിയാകേണ്ട അടിയന്തിരപണി എന്ന പ്രത്യേക വിശേഷണത്തോടെ ആരംഭിച്ച പൂക്കോട് വെറ്ററിനറി കോളേജിലെ ഇന്റേണീസ് ഹോസ്റ്റലിന്റെ പണി ഓഡിറ്റ് വേളയിലും എങ്ങുമെത്താതെ അവശേഷിക്കുന്നു.

എസ്റ്റിമേറ്റിനേക്കാൾ 15% അധികരിച്ച നിരക്കിൽ ശ്രീ. അനൂപ് അശോക് എന്നയാൾക്ക് എഗ്രീഡ് പി.എ.സി. 52,13,836 രൂപയ്ക്ക് കരാർ നൽകുകയും തുടർന്ന് മൂന്നുതവണ കാലാവധി നീട്ടിക്കൊടുക്കുകയും ചെയ്തു. പ്ലാൻ, സൈറ്റ്, എന്നിവ അന്തിമമായി നിശ്ചയിക്കാതെ തിരക്കിട്ട് ടെണ്ടർ ചെയ്തതുമുതൽ കരാറുകാരൻ കരാർ കാലാവധികൾ തുടർച്ചയായി അട്ടിമറിക്കുകയും പണി പാതിവഴിയിലുപേക്ഷിക്കുകയും ചെയ്തതുവരെയുള്ള കാര്യങ്ങൾ സർവ്വകലാശാലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഗുരുതരമായ കെട്ടുകാര്യസ്ഥതയായി ഓഡിറ്റ് വീക്ഷിക്കുന്നു.

കോൺട്രാക്ടർക്ക് നിരുപാധികം സമയപരിധി നീട്ടിക്കൊടുക്കൽ, 35,23,152 രൂപ ചെലവഴിച്ചതിന്റെ സാധുത, ഓഡിറ്റ് വേള വരെയും പണി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാത്ത സാഹചര്യം എന്നിവ തുടരന്വേഷണം ആവശ്യപ്പെടുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.6.2(i),(ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

121. കണ്ണൂർ, മലപ്പുറം, തൃശ്ശൂർ എന്നീ സ്ഥലങ്ങളിൽ കൃഷി വിജ്ഞാന കേന്ദ്രം നിർമ്മിക്കാനാണ് ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് 2006-07 വർഷം അനുമതി നൽകിയതെന്നും തൃശ്ശൂർ കെ.വി.കെയ്ക്കായി ടെണ്ടർ വിളിച്ചപ്പോൾ 4 പേരിൽ മൂന്നുപേരും ടെണ്ടറിനേക്കാൾ കൂടുതൽ തുക ക്വാട്ട് ചെയ്യുകയും ഒരാൾ എസ്റ്റിമേറ്റിനെക്കാൾ 7.1% കുറവ് തുക ക്വാട്ട് ചെയ്യുകയും ചെയ്തെന്നും നോർമൽ റേറ്റിനെക്കാൾ കുറഞ്ഞ തുക ക്വാട്ട് ചെയ്തതിൽ സംശയം തോന്നുകയും പുതിയ വ്യക്തിയാണെന്നുള്ളതും കെട്ടിടനിർമ്മാണത്തിൽ എക്സ്പീരിയൻസ് ഇല്ലായെന്നുള്ളതും ഐ.സി.എ.ആർ.ന്റെ സമയപരിധിക്കുള്ളിൽ പണി തീർക്കണമെന്നുള്ള നിർദ്ദേശം പാലിക്കുമോ എന്ന് സംശയമുള്ളതിനാലും തൊട്ടടുത്ത് ക്വാട്ട് ചെയ്തയാൾക്കാണ് പണി നൽകിയതെന്നും മാത്രമല്ല എസ്റ്റിമേറ്റ് തുകയെക്കാൾ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തതിനാൽ പണികൾ തൃപ്തികരമായി പൂർത്തീകരിക്കുന്നതിനുവേണ്ടി നടപ്പിലാക്കിയിട്ടുള്ള പെർഫോമൻസ് ഗ്യാരന്റി അദ്ദേഹത്തിൽനിന്നും

പിടിച്ചുവയ്ക്കുവാനും നിർവ്വാഹമില്ലായിരുന്നുവെന്നും കേരള കാർഷിക സർവ്വകലാശാല ഫിനാൻസ് വിംഗ് കംപ്ട്രോളർ വിശദീകരിച്ചു.

122. കരാർ വ്യവസ്ഥയുടെ നഗ്നമായ ലംഘനമാണ് നടന്നതെന്നും ഒരു കാരണവശാലും പ്രസ്തുത പരാമർശം ഒഴിവാക്കാൻ കഴിയില്ലെന്നും നിരീക്ഷിച്ച സമിതി, 2009-നു ശേഷം നടന്ന കരാർ പ്രവൃത്തികൾ പരിശോധിക്കുന്നതിന് നിയമസഭാ കമ്മിറ്റി സ്ഥലം സന്ദർശിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയാണെന്നും അഭിപ്രായപ്പെട്ടു. പ്രസ്തുത വിഷയം സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

123. 3.6.2(ii) എന്ന ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**124. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ഭരണകാര്യാലയ നിർമ്മാണത്തിനായി ലഭിച്ച കുറഞ്ഞ ടെണ്ടർ അവഗണിച്ച് സർവകലാശാലയ്ക്ക് നഷ്ടം വരുത്തിയതിലൂടെ കരാർ വ്യവസ്ഥയുടെ ലംഘനമാണ് നടന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് വകുപ്പ് തലത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**125. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പൂക്കോട് വെറ്ററിനറി കോളേജുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര**

ഡി.പി.പി. വർക്ക് ബിൽ

**കെ.വി.കെ മഞ്ചേശ്വർ - ട്രെയ്നീസ് ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 2)

1999-ൽ ടെണ്ടർ ചെയ്ത് 44% അധികരിച്ച നിരക്കിൽ കോൺട്രാക്ടർ ശ്രീ.സുരേന്ദ്രനായിക്കിന് കരാർ നൽകിയ ട്രെയിനിംഗ് ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം 13 ലക്ഷത്തിലേറെ രൂപ ചെലവഴിച്ചശേഷം പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടതായി കാണുന്നു. ആദ്യ ധാരണാപത്രമനുസരിച്ച് 5/2000-ത്തിൽ പൂർത്തീകരിക്കേണ്ട പ്രവൃത്തിക്ക്, മാറിവന്ന മരാമത്തു ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി പലതവണ പിഴ ചുമത്താതെ സമയപരിധി ദീർഘിപ്പിച്ച നൽകുകയും ഒടുവിൽ 2005-ലെ ക്ലോഷർ എഗ്രിമെന്റ് പ്രകാരം ചെയ്തുതീർത്ത 50% പ്രവൃത്തികളുടെ മൂല്യമായി 13,21,597 രൂപ നിശ്ചയിച്ച നൽകുകയും ചെയ്തശേഷവും നിർമ്മാണ സംരംഭം വ്യക്തമായ കാരണമില്ലാതെ ഉപേക്ഷിക്കപ്പെട്ടിരിക്കുകയാണ്. കരാറുകാരന്റെ പിഴവുമൂലമുണ്ടായ കാലവിളംബത്തിന്റെ ( 27.5.2000 - 30.6.2001) പിഴയായി ആകെ 1,16,666/- രൂപയും എഗ്രിമെന്റ് ഒപ്പിടാനുണ്ടായ കാലതാമസത്തിനു പിഴയായി 15,000 രൂപയും ഓഡിറ്റിൽ നിജപ്പെടുത്തുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.7.14(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

126. 1999-ലായിരുന്നു പ്രസ്തുത പ്രവൃത്തിക്ക് ടെണ്ടർ വിളിച്ചിരുന്നതെന്നും 2001-ൽ യൂണിവേഴ്സിറ്റിയുടെ സാമ്പത്തിക പരാധീനത മൂലം എല്ലാ പ്രവൃത്തികളും നിർത്തിവയ്ക്കാൻ രജിസ്ട്രാർ ഉത്തരവാകുകയും അതിനുശേഷം പല കാരണങ്ങളാൽ കരാറുകാരന് സമയം ദീർഘിപ്പിച്ച് നല്കേണ്ടിവരികയും ചെയ്തിട്ടുണ്ടെന്നും ചില നിർമ്മാണ സാമഗ്രികളുടെയും വെള്ളത്തിന്റെയും ലഭ്യതക്കുറവ് ഉണ്ടായിരുന്നുവെന്നും അതിനുശേഷം 2004-ൽ പ്രവൃത്തി പുനരാരംഭിക്കാൻ ആവശ്യപ്പെട്ടപ്പോൾ റേറ്റ് പുതുക്കാതെ മുന്നോട്ട് പോകാൻ കഴിയില്ലെന്ന് കരാറുകാരൻ അറിയിച്ചതിനെ തുടർന്ന് 2005-ൽ ടിയാളെ ഒഴിവാക്കേണ്ടിവന്നുവെന്നും 2008-ൽ വർക്സ് കമ്മിറ്റി

നിർദ്ദേശപ്രകാരം പ്രവൃത്തി തുടങ്ങിവച്ചെങ്കിലും ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണം പണി നിർത്തി വയ്ക്കുകയും 2018-ൽ സ്റ്റേറ്റ് പ്ലാൻ ഫണ്ട് ലഭ്യമായപ്പോഴാണ് പ്രവൃത്തി പുനരാരംഭിക്കാൻ സാധിച്ചതെന്നും നിലവിൽ പണി നടന്നുകൊണ്ടിരിക്കുകയാണെന്നും കേരള കാർഷിക സർവ്വകലാശാല ഫിനാൻസ് വിംഗ് കംപ്ട്രോളർ ബോധിപ്പിച്ചു

127. കരാറുകാരൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണോ ടിയാളെ ഒഴിവാക്കിയത് എന്നും ഫിനാൻഷ്യൽ സാംഗ്ഷൻ ഇല്ലാതെ എന്ത് അടിസ്ഥാനത്തിലാണ് പ്രവൃത്തി ടെണ്ടർ ചെയ്തതെന്നും സമിതി ആരാഞ്ഞതിന് ഫണ്ടില്ലാത്തതിനാൽ യൂണിവേഴ്സിറ്റി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തി നിർത്തിവച്ചതെന്നും പിന്നീട് പ്രവൃത്തി പുനരാരംഭിച്ചപ്പോൾ റേറ്റ് പുതുക്കാതെ പ്രവൃത്തി തുടരാൻ സാധിക്കില്ലെന്ന് കരാറുകാരൻ അറിയിക്കുകയായിരുന്നുവെന്നും ഫണ്ട് ലഭ്യമാകുമെന്ന് കരുതിയാണ് പ്രവൃത്തി തുടങ്ങിയതെന്നും പിന്നീട് ഫണ്ട് ലഭ്യമല്ലാതെ വന്നപ്പോൾ പ്രവൃത്തി നിർത്തിവയ്ക്കേണ്ടി വരികയായിരുന്നുവെന്നും കൃഷി വകുപ്പ് സെക്രട്ടറി മറുപടി നൽകി.

128. ടൈൽ വർക്കുൾപ്പെടെ ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചതിന്, ആയതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് കേരള കാർഷിക സർവ്വകലാശാല ഫിനാൻസ് വിംഗ് കംപ്ട്രോളർ ബോധിപ്പിച്ചു. ഹോസ്റ്റൽ കെട്ടിടത്തിന്റെ ശേഷിച്ച പണി പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കാമെന്ന് സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**129. കെ.വി.കെ. മഞ്ചേശ്വർ ട്രെയ്നീസ് ഹോസ്റ്റൽ കെട്ടിടത്തിന്റെ ശേഷിച്ച പണി പൂർത്തീകരിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ**

**വിപണനകേന്ദ്രത്തിന്റെ നിർമ്മാണത്തിൽ കോസ്റ്റ്ഫോർഡിന്റെ അനാസ്ഥ**

(സി.ആർ.എസ്, മാടക്കത്തറ – സ്കീം - 'എസ്റ്റാബ്ലിഷ്മെന്റ് ഓഫ് മോഡൽ നഴ്സറി ഫോർ കാഷ്യൂ')

(ഓഡിറ്റ് റിപ്പോർട്ട് : 2007-08 & 2008-09, ഖണ്ഡിക നമ്പർ : 5)

| | |
|---|---|
| ◆ | ഒരിക്കൽ കരാർവച്ച് മുൻകൂർ നൽകിയ പ്രവൃത്തിക്ക് പുതുക്കിയ ഷെഡ്യൂൾ നിരക്ക് നൽകാനായി എസ്റ്റിമേറ്റ് പുതുക്കി. |
| ◆ | 95 ശതമാനം തുക മുൻകൂർ നൽകിയിട്ടും പൂർത്തിയായത് കെട്ടിടത്തിന്റെ സ്ട്രക്ചർ മാത്രം |
| ◆ | പുതിയ കോൺക്രീറ്റ് മേൽക്കൂര ചോർന്നൊലിക്കുന്നു. |

ഡയറക്ടർ ഓഫ് റിസർച്ച്, കാർഷിക സർവ്വകലാശാലയുടെ 31.03.2008-ലെ ആർ5/60790/07-ാം നമ്പർ ഉത്തരവുപ്രകാരം 1.95 ലക്ഷം രൂപ ചെലവു കണക്കാക്കി ഒരു വിപണന കേന്ദ്രവും അനുബന്ധ ടോയ്‌ലറ്റും നിർമ്മിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും പ്രസ്തുത മരാമത്തുപണി തൃശ്ശൂരിലെ അയ്യന്തോളിലുള്ള കോസ്റ്റ്ഫോർഡ് (COSTFORD) എന്ന നിർമ്മാണസ്ഥാപനത്തെ ഏൽപ്പിക്കുകയും ചെയ്തു. കോസ്റ്റ് ഫോർഡ് ഡയറക്ടറും മാടക്കത്തറ കശുവണ്ടി ഗവേഷണ കേന്ദ്രത്തിന്റെ തലവനും ഒപ്പിട്ട ധാരണാപത്രം (നം.444/07-08) 31.03.08-ന് നിലവിൽ വന്നു. അന്നേദിവസം തന്നെ, എസ്റ്റിമേറ്റിന്റെ 50% തുകയായ 97,500/- രൂപ (കത്ത് നമ്പർ സി.ആർ.എം.27/07 (ii) തീയതി 31.03.08) കോസ്റ്റ് ഫോർഡിന് മുൻകൂറായി അനുവദിച്ചു.

മുൻകൂറിന്റെ ആദ്യഗഡു ലഭിച്ചാലുടൻ പണി ആരംഭിക്കണമെന്നും മുഴുവൻ പ്രവൃത്തികളും ആറുമാസത്തിനകം പൂർത്തീകരിക്കണമെന്നും ധാരണാപത്രത്തിൽ നിഷ്കർഷിച്ചിരുന്നുവെങ്കിലും 14.07.2008 വരെ ഈ പ്രവൃത്തി ആരംഭിക്കാനുള്ള ഒരു നടപടിയും കൈക്കൊണ്ടില്ല. ഫണ്ട് വിനിയോഗത്തിനായി സ്റ്റേറ്റ് ഹോർട്ടികൾച്ചർ

മിഷൻ (എസ്.എച്ച്.എം.) അനുശാസിച്ചിട്ടുള്ള സമയനിബന്ധന, ധാരണാപത്രപ്രകാരം കോസ്റ്റ് ഫോർഡ് അംഗീകരിച്ച കാലപരിധി എന്നിവ സൂചിപ്പിച്ചുകൊണ്ട് ആറ് ഓർമ്മക്കുറിപ്പുകൾ (30.04.08, 23.05.08, 13.06.08, 26.06.08, 03.07.08, 19.07.08 എന്നീ തീയതികളിലെ അതേ നമ്പർ കത്തുകൾ) സ്റ്റേഷൻ അധികൃതർ കോസ്റ്റ് ഫോർഡിന് അയയ്ക്കുകയുണ്ടായി. തുടർന്ന് 14.07.2008-ന് പ്രസ്തുത സ്ഥാപനത്തിലെ ഒരു ജൂനിയർ ഉദ്യോഗസ്ഥൻ സ്റ്റേഷൻ സന്ദർശിച്ച് മരാമത്തുപ്രവൃത്തികളുടെ പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള സാധ്യതകൾ ആരായുകയും തുടർന്ന് കോസ്റ്റ്ഫോർഡ് സമർപ്പിച്ച 2,35,000/-രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് 19.09.2008-ലെ ആർ-2/60790/07-ാം ഉത്തരവുപ്രകാരം മുൻകാല പ്രാബല്യത്തോടെ അംഗീകരിച്ചുനൽകുകയും ഒരു സപ്ലിമെന്ററി ധാരണാപത്രം (നം.444 എസ്/08-09 തീയതി 25.08.2008) ഒപ്പു വെയ്ക്കുകയും ചെയ്തു.

തുടർന്ന്, പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം നൽകേണ്ട ആദ്യഗഡുവിന്റെ ബാക്കി തുകയും രണ്ടാം ഗഡുവും ആവശ്യപ്പെട്ടുകൊണ്ട് നിർമ്മാണസ്ഥാപനം സ്റ്റേഷൻ അധികൃതർക്ക് അപേക്ഷ നൽകുകയും, 25.12.2008 നകം പ്രവൃത്തി പൂർത്തിയാക്കണമെന്ന സപ്ലിമെന്ററി ധാരണാപത്രത്തിലെ വ്യവസ്ഥയ്ക്ക് വിധേയമായി തുകകൾ അനുവദിക്കുകയും ചെയ്തു. സ്കീമിന്റെ നീട്ടിക്കിട്ടിയ കാലാവധി 30.09.08-ൽ അവസാനിക്കുമെന്നതിനാൽ, സൂപ്പർവൈസറി കമ്മിറ്റിയുടെ 29.09.2008-ലെ തീരുമാന പ്രകാരം 3, 4 ഗഡുക്കളായി നൽകേണ്ട തുകകളുടെ ചെക്കുകളും സ്റ്റേഷൻ അധികൃതർ പാസാക്കുകയുണ്ടായി. എന്നാൽ പദ്ധതിയുടെ പൂർത്തീകരണം സാക്ഷ്യപ്പെടുത്താനുള്ള രേഖകളുടെ അഭാവത്തിൽ ഈ ചെക്കുകൾ പെന്റിംഗിൽ വച്ചു.

ഇതിനിടയിൽ, നിർമ്മാണ സ്ഥാപനം അനിശ്ചിതമായ കാലതാമസം വരുത്തിയിട്ടും കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിനായി കോസ്റ്റ്ഫോർഡ് 30.09.2008-ന് അതായത് സ്കീം അവസാനിക്കുന്നതിന്റെ തലേന്നാൾ - സമർപ്പിച്ച 20,000/- രൂപയുടെ പുതിയൊരു എസ്റ്റിമേറ്റ് അന്നേ ദിവസംതന്നെ സ്റ്റേഷൻ അധികൃതർ അംഗീകരിച്ചു നൽകി (ഉത്തരവു നമ്പർ സി.ആർ.എം./27/(iii)/07, തീയതി 30.09.2008). നിലവിലുള്ള ബഡ്ജറ്റിൽ വൈദ്യുതീകരണം

ഉൾപ്പെട്ടിട്ടില്ല എന്ന ന്യായത്തിന്മേലാണ് അധിക തുക അംഗീകരിച്ചത്. കോസ്റ്റ്ഫോർഡ് വൈദ്യുതീകരണം പോലെയുള്ള ഒരവിഭാജ്യഘടകം പ്രവൃത്തികളിൽപെടുത്താതെ വിട്ടുകളഞ്ഞതും സ്റ്റേഷൻ അധികൃതർ ആയത് അംഗീകരിച്ച് അധിക പ്രവൃത്തിയായി പരിഗണിച്ചതും വിചിത്രമായ കീഴ്വഴക്കമായി ഓഡിറ്റ് വീക്ഷിക്കുന്നു.

നീട്ടിക്കൊടുത്ത അവസാന സമയപരിധിയും അവസാനിക്കുന്ന ഡിസംബർ മാസം മുതലങ്ങോട്ട് സ്റ്റേഷൻ അധികൃതർ കോസ്റ്റ്ഫോർഡിന് തുടർച്ചയായി റിമൈന്ററുകൾ അയച്ചതായും (02.12.08, 16.03.08, 22.12.08, 14.07.09, 25.08.09, 01.01.10 തീയതികളിലെ അതേ നമ്പർ കത്തുകൾ) അനൗപചാരികമായ നിരവധി അഭ്യർത്ഥനകൾ നടത്തിയതായും കാണുന്നു. ഫണ്ടിംഗ് ഏജൻസിയുമായും നിർമ്മാണ സ്ഥാപനവുമായുമുള്ള ഉടമ്പടികൾ ലംഘിക്കപ്പെട്ടാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ഓർമ്മപ്പെടുത്തുന്ന കത്തുകളും ഇക്കൂട്ടത്തിലുണ്ട്.

പെന്റിങ്ങ് ചെക്കുകളുടെ സമയപരിധി അവസാനിക്കുന്നതിനു തൊട്ടുമുമ്പ് 25.08.09-ന് സ്റ്റേഷൻ തലവൻ അയച്ച 11-ാമത്തെ റിമൈന്റർ ഉപസംഹരിക്കുന്നത് ഇങ്ങനെ: " എസ്റ്റിമേറ്റ് തുകയുടെ 95 ശതമാനവും നൽകിക്കഴിഞ്ഞെങ്കിലും ഇന്നോളം കെട്ടിടത്തിന്റെ സ്ട്രക്ചർ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പുതുതായി നിർമ്മിച്ച കോൺക്രീറ്റ് മേൽക്കൂര ഗുരുതരമായി ചോർന്നൊലിക്കുകയാണെന്ന വസ്തുത കൂടി താങ്കളെ ഖേദപൂർവ്വം അറിയിച്ചുകൊള്ളട്ടെ."

നൽകിയ മുൻകൂർ തുകകളുടെയും കൈമാറ്റം ചെയ്യാത്ത ചെക്കുകളുടെയും വിശദവിവരം ചുവടെ ചേർക്കുന്നു:-

| സി. ബി.വൗച്ചർ നം. | ചെക്ക് നം./ തീയതി | ചെലവിന്റെ വിശദാംശങ്ങൾ | തുക (രൂപ) |
|---|---|---|---|
| 155/3/07-08 | 063588/31.03.08 | ആദ്യഗഡു (ആദ്യ എസ്റ്റിമേറ്റ് തുകയായ 1.95 ലക്ഷം രൂപയുടെ 50%) | 97500 |

| | | | |
|---|---|---|---|
| 29/9/08-09 | 68426/05.09.08 | പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ആദ്യഗഡുവിന്റെ ബാക്കി - 20000 രണ്ടാം ഗഡു - 58750 | 78750 |
| 127/9/08-09 | 68499/30.09.08 | മൂന്നാം ഗഡു | 47000 |
| 127/9/08-09 | 68500/30.09.08 | നാലാംഗഡു (പെന്റിംഗ് ചെക്ക്) | 11750 |
| 128/9/08-09 | 70401/30.09.08 | വൈദ്യുതീകരണത്തിനായുള്ള പുതിയ എസ്റ്റിമേറ്റ് പ്രകാരം നൽകിയത് | 20000 |
| | | **ആകെ** | **255000** |

അനിശ്ചിതമായ കാലതാമസം, തന്മൂലമുണ്ടാകാനിടയുള്ള സാമ്പത്തിക നഷ്ടം എന്നിവ സംബന്ധിച്ച സർവ്വകലാശാലാധികൃതരുടെ അന്വേഷണത്തിനു വിധേയമായി ആകെ ചെലവു തുകയായ 2,55,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അവസാന ഗഡുവൊഴികെയുള്ള തുകകൾ (95%) മുൻകൂറായി നൽകിക്കഴിഞ്ഞ സാഹചര്യത്തിൽ, ഈ തുക റിലീസ് ചെയ്യുന്നതിനു മുമ്പ്, ചോർച്ച ബാധിച്ച മേൽക്കൂരയുടെ അറ്റകുറ്റപ്പണി ഉൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച് സൂപ്പർവൈസറി കമ്മിറ്റിയും എഞ്ചിനീയറിംഗ് വിഭാഗവും ചേർന്ന് പരിശോധന നടത്തി രേഖാമൂലം ഉറപ്പുവരുത്തേണ്ടതാണ്.

കോസ്റ്റ്ഫോർഡ് പോലെയുള്ള സ്ഥാപനങ്ങൾ കരാറിലെ ഉപാധികളും കാലപരിധികളും പാലിക്കാത്ത സാഹചര്യത്തിൽ ചെറുകിട മരാമത്തുവേലകൾ ചെലവു നിയന്ത്രിച്ച് നടപ്പിലാക്കാനുള്ള ബദൽ മാർഗ്ഗങ്ങൾ സർവ്വകലാശാലാധികൃതർ ആരായേണ്ടതുണ്ടെന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>

ഡോ. ജോസഫ് മാത്യു, പ്രൊഫസർ & ഹെഡ്

സി.ആർ.എസ്., മാടക്കത്തറ.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.1.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

130. പ്രസ്തുത പരാമർശം സംബന്ധിച്ച് അന്വേഷിക്കുന്നതിന് മൂന്ന് അന്വേഷണ കമ്മിറ്റികളെ യൂണിവേഴ്സിറ്റി നിയമിക്കുകയും മൂന്ന് കമ്മിറ്റികളും കോസ്റ്റ്ഫോർഡിന്റെ അനാസ്ഥ സ്ഥിരീകരിക്കുകയുമുണ്ടായെന്നും അവസാന ഗഡുവായ 11,750/- രൂപ കൊടുക്കാനുള്ളത് തടഞ്ഞു വച്ചിരിക്കുകയാണെന്നും എന്തുകൊണ്ടാണ് കാലതാമസം വന്നത് എന്നത് സംബന്ധിച്ച് കോസ്റ്റ്ഫോർഡിന്റെ വിശദീകരണം ലഭിച്ചാൽ പ്രസ്തുത തുക അനുവദിക്കാമെന്നും പ്ലാസ്റ്ററിംഗിൽ ചോർച്ചയുണ്ടായതിനെത്തുടർന്ന് റീ-പ്ലാസ്റ്ററിംഗ് ചെയ്ത് പ്രശ്നം പരിഹരിച്ചിട്ടുണ്ടെന്നും ഇപ്പോൾ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെന്നും കേരള കാർഷിക സർവ്വകലാശാല ഫിനാൻസ് വിംഗ് കംപ്ട്രോളർ സമിതിയെ അറിയിച്ചു.

131. കോസ്റ്റ്ഫോർഡ് സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാറുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, കോസ്റ്റ്ഫോർഡിന്റെ പ്രവൃത്തി തൃപ്തികരമാണെന്നും അവരുടേതല്ലാത്ത കാരണങ്ങളാലാണ് കെട്ടിടം പണിയിൽ കാലതാമസമുണ്ടായതെന്നും കേരള കാർഷിക സർവ്വകലാശാല ഫിനാൻസ് വിംഗ് കംപ്ട്രോളർ വ്യക്തമാക്കി.

132. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

133. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കെട്ടിടമില്ല - കാർഡമം ഡ്രൈയർ നിഷ്ഫല ആസ്തിയായി:**

സി.ആർ.എസ്, പാമ്പാടുംപാറ - ആർ.കെ.വി.വൈ. സ്കീം - ഫസ്റ്റ് ഫെയ്സ് - ഡെവലപ്പിങ്ങ് പ്രോട്ടോകോൾ ഫോർ ഓർഗാനിക് കൾട്ടിവേഷൻ ഓഫ് കാർഡമം (ഓഡിറ്റ് റിപ്പോർട്ട് : 2008-09, ഖണ്ഡിക നമ്പർ: 5(2))

| | |
|---|---|
| ◆ | രണ്ട് ലക്ഷത്തിന്റെ കാർഡമം ഡ്രൈയർ തുരുമ്പെടുക്കുന്നു. |
| ◆ | അനുയോജ്യമായ കെട്ടിടം ലഭ്യമല്ലാത്തതിനാലും സൂപ്പർവൈസറെ ലഭ്യമാകാത്തതിനാലും വാങ്ങി ഒരു വർഷം കഴിഞ്ഞിട്ടും യന്ത്രം സ്ഥാപിക്കാനായില്ല. |
| ◆ | യന്ത്രം വാങ്ങിയത് നടപടിക്രമങ്ങൾ പാലിക്കാതെ |

സർവ്വകലാശാലാ ഗവേഷണവിഭാഗം ഡയറക്ടറുടെ 19.03.08-ലെ ആർ-6/66055/07/XII-ാം നമ്പർ ഉത്തരവുപ്രകാരം സ്കീമിന്റെ ആവശ്യത്തിലേക്ക് 500 കി.ഗ്രാം ശേഷിയുള്ള കാർഡമം ഡ്രൈയർ വാങ്ങാൻ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചു. റെയ്ഡ്കോ (RAIDCO)യുടെ കട്ടപ്പന ശാഖയ്ക്ക് 06.05.08-ന് സപ്ലൈ ഓർഡർ നൽകുകയും 08.09.08-ന് റെയ്ഡ്കോ ഉപകരണം സപ്ലൈ ചെയ്യുകയും ചെയ്തു. ആയതിന്റെ വിലയായി 1,99,892/- രൂപ സി.ബി.വി. നമ്പർ 31/9/08 പ്രകാരം (ചെക്ക് നമ്പർ 518728, തീയതി: 18.09.08) സ്കീമിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാങ്ങൽ നടപടി പൂർത്തിയായി ഒരു വർഷത്തിനുശേഷവും യന്ത്രം സ്ഥാപിച്ചിട്ടില്ല എന്നാണ് ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ വ്യക്തമാകുന്നത് (8/2011-ലും യന്ത്രം സ്ഥാപിച്ചിട്ടില്ല എന്ന് സ്റ്റേഷൻ അധികൃതർ വാക്കാൽ അറിയിച്ചിട്ടുണ്ട്). അനുയോജ്യമായ കെട്ടിടത്തിന്റെ അഭാവത്തിലും ഒരു സൂപ്പർവൈസറുടെ സേവനം ലഭ്യമല്ലാത്തതിനാലും യന്ത്രം സ്ഥാപിച്ച് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സ്റ്റേഷൻ അധികൃതർ, ഗവേഷണവിഭാഗം ഡയറക്ടർക്ക് 06.01.2009-ന് അയച്ച സി.ആർ.എസ്.പി.(2) 566/07-ാം നമ്പർ കത്തിൽ രേഖപ്പെടുത്തിക്കാണുന്നു.

ഓഡിറ്റ് ടീമിന്റെ നേരിട്ടുള്ള പരിശോധനയിൽ യന്ത്രത്തിന്റെ ഉപരിഭാഗങ്ങൾ തുരുമ്പെടുത്തതായും കണ്ടെത്തി. റെയ്ഡ്കോയിൽ നിന്നുള്ള വെറുമൊരു പ്രൊഫോർമ ഇൻവോയ്സിന്റെ മാത്രം അടിസ്ഥാനത്തിലാണ് ഈ വാങ്ങൽ നടത്തിയത്. യന്ത്രം സ്ഥാപിക്കൽ, വാറന്റി ഉപാധികൾ എന്നിവ സംബന്ധിച്ച് സ്ഥാപനവും സർവ്വകലാശാലയും ചേർന്ന് തയ്യാറാക്കേണ്ടിയിരുന്ന രേഖാമൂലമുള്ള ഉടമ്പടിയും നിലവിലില്ല.

അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച ആസൂത്രണമൊന്നുമില്ലാതെ, ഫണ്ട് ലാപ്സായി പോകാതിരിക്കാൻ മാത്രമായി തിരക്കിട്ട നടത്തിയ ധനവ്യയമായിട്ടേ ഈ വാങ്ങൽ നടപടിയെ വീക്ഷിക്കാനാവൂ. യന്ത്രം ഇന്നോളം സ്ഥാപിച്ചിട്ടില്ലെന്നതും ഗുരുതരമായ വീഴ്ചയാണ്.

ഇക്കാര്യത്തിൽ സർവ്വകലാശാലാതലത്തിലുള്ള അന്വേഷണം ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് പരാമർശത്തിന് സർവ്വകലാശാല നൽകിയ വിശദീകരണത്തിൽ കാർഡമം ഡ്രൈയർ യൂണിറ്റ് സ്ഥാപിക്കാനുള്ള തുക സ്കീമിൽ വകയിരുത്തിയിരുന്നില്ലെന്നും പിന്നീട് 4 ലക്ഷം രൂപ അനുവദിച്ചു എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>

ഡോ. ജി. ശിവകുമാർ, അസോസിയേറ്റ് പ്രൊഫസർ & ഹെഡ്, സി.ആർ.എസ്., പാമ്പാട്ടുംപാറ.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.1.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

134. 2008-ൽ ആർ.കെ.വി.വൈ. പ്രോജക്ട് വഴി കാർഡമം ഡ്രൈയർ വാങ്ങിയെങ്കിലും യൂണിറ്റ് ഇൻസ്റ്റാൾ ചെയ്യാൻ പറ്റിയ കെട്ടിടമില്ലാത്തതിനാൽ പ്രവർത്തിപ്പിക്കാൻ സാധിച്ചില്ലെന്നും പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് യൂണിവേഴ്സിറ്റിയുടെ ഫണ്ടിൽ നിന്ന് തുക കണ്ടെത്തുകയും 2010-ൽ ഫണ്ട് അനുവദിച്ച് 2012-ൽ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തുവെന്നും റെയ്ഡ്കോ 2013-ൽ സ്ഥാപിച്ച ഡ്രൈയർ യൂണിറ്റ് 2014 മുതൽ പ്രവർത്തനക്ഷമമായെന്നും വർഷാവസാനം ഫണ്ട് അനുവദിച്ചതുകൊണ്ട് പർച്ചേസ് നടപടിക്രമങ്ങൾ പാലിക്കാൻ പറ്റിയില്ലെന്നും നിലവിൽ എല്ലാ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ടെന്നും കേരള കാർഷിക സർവ്വകലാശാല ഫിനാൻസ് വിംഗ് കംപ്ട്രോളർ അറിയിച്ചു

135. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

136. **നിലവിൽ കാർഡമം ഡ്രൈയർ സ്ഥാപനത്തിന് ഉതകുന്ന രീതിയിൽ പ്രവർത്തിപ്പിക്കുന്നുണ്ടെന്നുള്ള ഓഡിറ്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ഉന്നതവിദ്യാഭ്യാസ വകുപ്പ്

### കേരള സർവ്വകലാശാല

ഓഡിറ്റ് ഖണ്ഡിക

**പരീക്ഷാ ഫലപ്രഖ്യാപനത്തിൽ സർവ്വകലാശാലയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയ്ക്ക് നഷ്ടപരിഹാരം നൽകി-നഷ്ടം 36,555 രൂപ**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2004-05, ഖണ്ഡിക നമ്പർ 62)

സർവ്വകലാശാല ബി.കോം ഡിഗ്രി; ഫലപ്രഖ്യാപനത്തിൽ സർവ്വകലാശാലയുടെ ഭാഗത്തുനിന്നുള്ള വീഴ്ചമൂലം, ഫലപ്രഖ്യാപനം നീണ്ടതിനെത്തുടർന്ന് ഒരു അക്കാഡമിക് വർഷം നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി ആലപ്പുഴ എസ്.ഡി. കോളേജിലെ ഒരു വിദ്യാർത്ഥിനി തിരുവനന്തപുരം മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത കേസിൽ, നഷ്ടപരിഹാരതുക 15,000, 12% പലിശ ഉൾപ്പെടെ സർവ്വകലാശാല രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻ എന്നിവരിൽ നിന്നും ഈടാക്കി വിദ്യാർത്ഥിനിക്ക് നൽകാൻ വിധിയുണ്ടായി. ഈ വിധിക്കെതിരെ കേരള സർവ്വകലാശാല അഡീഷണൽ (III) ജില്ലാ കോടതിയിൽ നൽകിയ അപ്പീൽ 17.11.2003-ൽ കോടതി തള്ളുകയും കീഴ്കോടതി വിധി ശരിവയ്ക്കുകയും ചെയ്തു. കോടതി വിധിയനുസരിച്ച് തുക നൽകുന്നതിനു പകരം 36,555 രൂപ സർവ്വകലാശാല ഫണ്ടിൽ നിന്നും 17.1.2005-ൽ നൽകി. സർവ്വകലാശാല ഫണ്ടിൽ നിന്നും നൽകിയ 36,555 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി, സർവ്വകലാശാല ഫണ്ടിൽ അടച്ചിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.1.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

137. ഫലപ്രഖ്യാപനവുമായി ബന്ധപ്പെട്ട് സർവ്വകലാശാലയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയ്ക്ക് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 36,555/- രൂപ പിഴയടയ്ക്കുകയും കേസിൽ നിന്ന് ഒഴിവാകുകയും ചെയ്തിരുന്നുവെന്ന് കേരള സർവ്വകലാശാല രജിസ്ട്രാർ സമിതിയെ അറിയിച്ചു.

138. കോടതി ഉത്തരവുപ്രകാരം നഷ്ടപരിഹാരം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കണമെന്നാണ് ഓഡിറ്റിൽ പറഞ്ഞിരിക്കുന്നതെന്നും എന്നാൽ അങ്ങനെയൊരു നടപടി യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ ചൂണ്ടിക്കാട്ടിയതിന് വ്യക്തിപരമായ ബാധ്യതയായി കോടതി പരാമർശിച്ചിട്ടില്ലെന്നും യൂണിവേഴ്സിറ്റി എന്ന പൊതുവായ പേരിലാണ് പരാമർശിച്ചിട്ടുള്ളതെന്നും രജിസ്ട്രാറും കൺട്രോളറും അവരുടെ ഔദ്യോഗിക പദവികളിലാണ് കോടതി വ്യവഹാരത്തിന്റെ ഭാഗമാകുന്നതെന്നത് ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിരുന്നുവെന്നും കേരള സർവ്വകലാശാല രജിസ്ട്രാർ ബോധിപ്പിച്ചു.

139. കോടതി വിധികൂടി ഉൾപ്പെടുത്തിയ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്ന കാര്യം പരിഗണിക്കാമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**140. നഷ്ടപരിഹാരം നൽകിയ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാധ്യതയായി കോടതി പരാമർശിച്ചിട്ടില്ല എന്ന കേരള സർവ്വകലാശാല രജിസ്ട്രാറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച കോടതി വിധി കൂടി ഉൾപ്പെടുത്തിയ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കേരള സർവ്വകലാശാല**

**രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല - ബയോ ടെക്നോളജി വകുപ്പ്**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06, ഖണ്ഡിക:31)

ബയോ ടെക്നോളജി വകുപ്പിന്റെ 2005-06, 2006-07 വർഷങ്ങളിലെ വാർഷിക കണക്കുകൾ പരിശോധിക്കുന്നതിന് എത്തിയ ഓഡിറ്റ് ടീമിന് പ്രസ്തുത കണക്കുകളും സുപ്രധാന റെക്കോർഡുകളും ലഭ്യമാക്കിയില്ല. ഓഡിറ്റ് റിക്വിസിഷൻ പ്രകാരം ആവശ്യപ്പെട്ട രേഖകളും, രജിസ്റ്ററുകളും ലഭ്യമല്ല എന്ന് വകുപ്പ് മേധാവിയുടെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥൻ അറിയിച്ചു. ഈ വകുപ്പിലെ കണക്കുകളുടെ സൂക്ഷിപ്പിലെ ദയനീയാവസ്ഥ ഡിപ്പാർട്ട്മെന്റിന്റെ ഏറ്റവും അവസാനത്തെ ഓഡിറ്റ് നോട്ടിലും (29.07.2005-ൽ പുറപ്പെടുവിച്ച എൽ.എഫ്.കെ.യു.എ IX.790/05 നമ്പരിലുള്ള 2003-04 വർഷത്തെ ഓഡിറ്റ് നോട്ട്) പരാമർശിച്ചിട്ടുള്ളതാണ്. ലക്ഷക്കണക്കിന് രൂപ വിലമതിക്കുന്ന ശാസ്ത്ര ഉപകരണങ്ങൾ പായ്ക്കറ്റ് പോലും അഴിക്കാതെ ഗാരന്റി കാലയളവ് കഴിഞ്ഞും സൂക്ഷിച്ചുപോരുന്ന സ്ഥിതിയാണ് കാണുന്നത്.

വാർഷിക കണക്ക് പ്രകാരം 17,18,497 രൂപ ചെലവ് നടന്നിട്ടുള്ള വകുപ്പിൽ കൃത്യമായ കണക്കുകളും റിക്കാർഡുകളും സൂക്ഷിക്കാത്ത നിലവിലുള്ള ദുരവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. വളരെ വലിയ ഗവേഷക സാധ്യതകളും വിപുലമായ വികസന സാധ്യതയും ഉള്ള വകുപ്പിന്റെ ഭരണനിർവ്വഹണ വ്യവസ്ഥ കാര്യക്ഷമമാക്കാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ഡോ.ജി.എം.നായർ, പ്രൊഫ. ഇൻ-ചാർജ്ജ്,

ബയോ ടെക്നോളജി വകുപ്പ്, കാര്യവട്ടം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

141. പ്രസ്തുത വിഷയം ഗൗരവമായി കാണുകയും ഓഡിറ്റ് പരാമർശം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് മേധാവിയിൽനിന്ന് വിശദീകരണം ആവശ്യപ്പെടുകയും ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്നും നിലവിൽ കൃത്യമായ കണക്കുകളും രേഖകളും സൂക്ഷിക്കുന്നുണ്ടെന്നും 2020-21 വരെയുള്ള ഓഡിറ്റുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും കേരള സർവ്വകലാശാല രജിസ്ട്രാർ ബോധിപ്പിച്ചു.

142. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**143. ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കരുതെന്ന് വകുപ്പ് മേധാവിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും നിലവിൽ കൃത്യമായ കണക്കുകളും രേഖകളും സൂക്ഷിക്കുന്നുണ്ടെന്നും 2020-21 വരെയുള്ള ഓഡിറ്റുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള സർവ്വകലാശാലയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## കാലിക്കറ്റ് സർവ്വകലാശാല

ഓഡിറ്റ് ഖണ്ഡിക

**കാരണം രേഖപ്പെടുത്താതെ കെട്ടിടം പണി ഉപേക്ഷിച്ച വകയിൽ പാഴ്ച്ചെലവ് 1,87,864 രൂപ (കരാറുകാരന് നഷ്ടപരിഹാരം 90,000 രൂപ, കെട്ടിടത്തിന്റെ രൂപരേഖ തയ്യാറാക്കിയതിന് 97,864 രൂപ)**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക നമ്പർ: 53)

എൻ.സി.ഇ.ആർ.ടി.-യുടെ മാർഗ്ഗ നിർദ്ദേശക തത്വങ്ങളെ ആധാരമാക്കി പരിശീലനവും, ഗവേഷണവും നടത്തുന്നതിനായി ഒരു കെട്ടിടം നിർമ്മിക്കുന്നതിന് 16-3-2002 ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനമെടുക്കുകയും അതിൻ പ്രകാരം 1.25 കോടി രൂപ എസ്റ്റിമേറ്റിൽ നിന്നും 11.23% കുറവ് രേഖപ്പെടുത്തിയ കരാറുകാരനുമായി 4-10-2002-ൽ 62/2002-ാം നമ്പരായി കരാർ ഒപ്പ

വയ്ക്കുകയുമുണ്ടായി. കെട്ടിടത്തിന്റെ രൂപരേഖ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ എൽ.ബി.എസ്. സെന്റർ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. 97,864 (തൊണ്ണൂറ്റേഴായിരത്തി എണ്ണൂറ്റി അറുപത്തിനാല് രൂപ) 2002-03-ൽ തന്നെ നൽകി. എന്നാൽ വൈസ് ചാൻസലറും യൂണിവേഴ്സിറ്റി എഞ്ചിനീയറും 19-12-2002-ൽ നടത്തിയ കൂടിക്കാഴ്ചയെ തുടർന്ന് കാരണം രേഖപ്പെടുത്താതെ പ്രവൃത്തി നിർത്തിവയ്ക്കാൻ ആവശ്യപ്പെടുകയും പ്രസ്തുത വിവരം 19-3-2003-ൽ കരാറുകാരനെ അറിയിക്കുകയും ചെയ്തു. ഇതിനിടയിൽ പ്രവൃത്തി ആരംഭിച്ച കരാറുകാരൻ യൂണിവേഴ്സിറ്റിയുടെ നടപടിക്കെതിരായി നഷ്ടപരിഹാരം ആവശ്യപ്പെടുകയും 90,000 രൂപ സർവ്വകലാശാല നഷ്ടപരിഹാരം അനുവദിക്കുകയും ചെയ്തു. സാധ്യതാ പഠനം നടത്താതെ പ്രവൃത്തി തുടങ്ങുകയും പിന്നീട് കാരണം രേഖപ്പെടുത്താതെ പണി ഉപേക്ഷിക്കുകയും ചെയ്തതിനാൽ 1,87,864 (ഒരു ലക്ഷത്തി എൺപത്തേഴായിരത്തിഎണ്ണൂറ്റി അറുപത്തിനാല്) രൂപ ഫണ്ടിൽ നിന്നും പാഴ്ചെലവായി.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.2.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

144. പ്രസ്തുത പ്രോജക്ടുമായി മുന്നോട്ട് പോകേണ്ടതില്ലെന്ന വൈസ് ചാൻസലറുടെ തീരുമാനം സിൻഡിക്കേറ്റ് അംഗീകരിക്കുകയാണ് ചെയ്തതെന്നും കെട്ടിടത്തിന്റെ രൂപരേഖ തയ്യാറാക്കിയതിന് തിരുവനന്തപുരത്തെ എൽ.ബി.എസ്. സെന്ററിന് ഫീസ് നൽകണമായിരുന്നുവെന്നും കൂടാതെ കരാറുകാരന് നഷ്ടപരിഹാരം കൊടുക്കേണ്ടതായി വന്നുവെന്നും കാലിക്കറ്റ് യൂണിവേഴ്സിറ്റി പ്രോ-വൈസ് ചാൻസലർ അറിയിച്ചു.

145. പ്രോജക്ട് നിർത്തിവയ്ക്കാനുള്ള കാരണമെന്താണെന്ന സമിതിയുടെ ചോദ്യത്തിന്, അത് ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററിനുവേണ്ടിയുള്ള കെട്ടിടമായിരുന്നുവെന്നും 25 ലക്ഷം രൂപയായിരുന്നു എസ്റ്റിമേറ്റെന്നും അത്രയും തുക ചെലവഴിച്ച് പ്രസ്തുത പ്രവൃത്തിയുമായി മുന്നോട്ട് പോകേണ്ടതില്ലെന്ന വൈസ്

ചാൻസലറുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിർത്തിവച്ചതെന്നും പ്രസ്തുത നടപടിക്കെതിരായാണ് കരാറുകാരൻ നഷ്ടപരിഹാരം ആവശ്യപ്പെട്ടതെന്നും കാലിക്കറ്റ് സർവ്വകലാശാല പ്രോ-വൈസ് ചാൻസലർ മറുപടി നൽകി.

146. വർക്ക് ടെണ്ടർ ചെയ്യുന്നതിനുമുമ്പ് എത്ര സാമ്പത്തിക ബാധ്യത വരുമെന്ന് ആലോചിക്കേണ്ടതായിരുന്നുവെന്നും പ്രസ്തുത പ്രോജക്ടുമായി മുന്നോട്ട് പോകേണ്ടതില്ലെന്ന് തീരുമാനിക്കാനുള്ള കാരണത്തെക്കുറിച്ച് വ്യക്തമായ ധാരണയില്ല എന്നതാണ് പ്രധാന പ്രശ്നമെന്നും വൈസ് ചാൻസലർ ഏകപക്ഷീയമായി തീരുമാനമെടുക്കാൻ സാധ്യതയില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

147. വൈസ് ചാൻസലറുടെ തീരുമാനം സിൻഡിക്കേറ്റ് അംഗീകരിക്കുകയാണുണ്ടായതെന്നും പ്രോജക്ട് ഉപേക്ഷിക്കാനുള്ള വ്യക്തമായ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും കാലിക്കറ്റ് സർവ്വകലാശാല പ്രോ-വൈസ് ചാൻസലർ ബോധ്യപ്പെടുത്തി.

148. ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**149. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ജീവനക്കാരുടെ പി.എഫ്. റിക്കവറി ട്രഷറിയിലൊടുക്കുന്നതിലെ കാലതാമസം - പലിശ നൽകിയതിനാൽ യൂണിവേഴ്സിറ്റി ഫണ്ടിന് നഷ്ടം:**

(ഓഡിറ്റ് റിപ്പോർട്ട് വർഷം : 2004-05 , ഖണ്ഡിക നമ്പർ : 67 )

1978-ലെ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് ചാപ്റ്റർ XIV പ്രകാരമാണ് കോഴിക്കോട് സർവ്വകലാശാലയിൽ ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ട് നടപ്പിൽ വരുത്തിയിട്ടുള്ളത്. തിരൂരങ്ങാടി സബ്ട്രഷറിയിൽ ആരംഭിച്ച ടി.പി.എ. 387-ാം നമ്പർ അക്കൗണ്ടിലേക്ക് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും

പി.എഫ്. ഇനത്തിൽ റിക്കവറി നടത്തുന്ന തുക യഥാസമയം ട്രഷറിയിൽ നിക്ഷേപിക്കാതിരുന്നതിനാൽ ജീവനക്കാർക്ക് നൽകേണ്ട പലിശ ഇനത്തിൽ യൂണിവേഴ്സിറ്റിക്ക് 6,62,478 (ആറ് ലക്ഷത്തി അറുപത്തിരണ്ടായിരത്തി നാന്നൂറ്റി എഴുപത്തിഎട്ട്) രൂപയുടെ അധിക ബാധ്യതയുണ്ടായി.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.2.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

150. 2004-05-ൽ നോൺപ്ലാൻ ഗ്രാന്റിൽ സർവ്വകലാശാലയ്ക്ക് കിട്ടിയത് 3.42 കോടി രൂപയായിരുന്നുവെന്നും മൊത്തം വരുമാനം 44.67 കോടി രൂപയും മൊത്തം ചെലവ് 49.38 കോടി രൂപയുമായിരുന്നുവെന്നും ആ സമയത്ത് സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ടിയിരുന്ന ധനസഹായ വിഹിതം ലഭിക്കാതിരുന്നതിനാലും ശമ്പളവും പെൻഷനും നൽകേണ്ടതിനാലുമാണ് ശമ്പളത്തിൽനിന്നും കുറവ് വരുത്തിയിരുന്ന പ്രോവിഡന്റ് ഫണ്ട് വിഹിതം ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കാൻ വൈകിയതെന്ന് കാലിക്കറ്റ് സർവ്വകലാശാല പ്രോ-വൈസ് ചാൻസലർ സമിതിയെ അറിയിച്ചു.

151. പി.എഫ്. റിക്കവറി തുക വകമാറ്റി ചെലവഴിക്കാൻ പാടില്ലെന്നും അത് ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിലേയ്ക്ക് പോകേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. പി.എഫ്. റിക്കവറി തുക വകമാറ്റിയിട്ടില്ലെന്നും ഫണ്ട് കുറവായതിനാൽ ട്രഷറിയിലൊടുക്കുന്നതിൽ കാലതാമസം വന്നതാണെന്നും കാലിക്കറ്റ് സർവ്വകലാശാല പ്രോ-വൈസ് ചാൻസലർ ചൂണ്ടിക്കാട്ടി.

152. അങ്ങനെ അടയ്ക്കാൻ കാലതാമസം വന്നാൽ ജീവനക്കാർക്ക് അർഹതപ്പെട്ട പലിശ നഷ്ടപ്പെടുകയാണ് ചെയ്യുന്നതെന്നും സമയത്ത് അടയ്ക്കാതിരുന്നതിനാൽ ജീവനക്കാർക്ക് നൽകേണ്ട പലിശയിനത്തിൽ യൂണിവേഴ്സിറ്റിക്ക് അധിക ബാധ്യത വന്നു എന്നാണ് ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തലെന്നും ഇത് ഒഴിവാക്കാനായി എന്താണ് ചെയ്യുന്നതെന്നും സമിതി ആരാഞ്ഞതിന് ഗവൺമെന്റിൽനിന്ന് ആ

സമയത്ത് പ്ലാൻ ഫണ്ട് ലഭിച്ചിരുന്നില്ലെന്ന് കാലിക്കറ്റ് സർവ്വകലാശാല പ്രോ-വൈസ് ചാൻസലർ മറുപടി നൽകി.

153. യൂണിവേഴ്സിറ്റിക്കായി അനുവദിച്ച ഫണ്ട് അവർക്ക് നൽകുകതന്നെ ചെയ്യുമെന്നും പി.എഫ്. റിക്കവറി തുക വകമാറ്റാൻ അനുവാദമില്ലെന്നും തനതുഫണ്ടിൽനിന്ന് ഉപയോഗിക്കുന്നതായിരുന്നു അഭികാമ്യമെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

154. ആ വർഷം തനത് വരുമാനം 13 കോടി രൂപയും ഗ്രാന്റ് 31 കോടി രൂപയുമായിരുന്നെന്നും എന്നാൽ ചെലവ് വന്നത് 49.12 കോടി രൂപയായിരുന്നുവെന്നും കാലിക്കറ്റ് സർവ്വകലാശാല പ്രോ-വൈസ് ചാൻസലർ വ്യക്തമാക്കി.

155. നിലവിൽ ജീവനക്കാരുടെ പി.എഫ്. വിഹിതം കൃത്യമായി അടയ്ക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് അടയ്ക്കുന്നുണ്ടെന്ന് കാലിക്കറ്റ് സർവ്വകലാശാല പ്രോ-വൈസ് ചാൻസലർ മറുപടി നൽകി.

156. നിലവിലെ സ്ഥിതി സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് വിശദീകരണം നൽകണമെന്നും അതിനുശേഷം ഓഡിറ്റ് പരാമർശം ഒഴിവാക്കുന്ന കാര്യം പരിഗണിക്കാമെന്നും സമിതി തീരുമാനിച്ചു.

## <u>നിഗമനങ്ങൾ/ശിപാർശകൾ</u>

**157. ജീവനക്കാരുടെ പി.എഫ്. വിഹിതം ട്രഷറിയിൽ അടയ്ക്കുന്നതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അച്ചടിച്ച് ബൈന്റിംഗ് വിഭാഗത്തിലേക്ക് നൽകിയ പുസ്തക സാമഗ്രികൾ, പുസ്തകങ്ങൾ സ്റ്റോറിലെത്തിയതിൽ കുറവ്**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ :2-12)

സർവ്വകലാശാല പ്രസ്സിൽ പ്രിന്റ് ചെയ്യാൻ നൽകിയ വിവിധ തലക്കെട്ടിലുള്ള പുസ്തകങ്ങൾ പ്രിന്റ് ചെയ്ത് ബൈന്റിംഗ് സെക്ഷനിലേക്ക്

മാറ്റിയതിൽ മുഴുവൻ പ്രിന്റും ബൈന്റ് ചെയ്ത് ബുക്കായി സ്റ്റോറിലേക്ക് തിരികെ നൽകിയിട്ടില്ല. ഗവൺമെന്റ് പ്രസ്സ് മാനുവലിലെ ഖണ്ഡിക 652 പ്രകാരം പ്രസ്സ് സൂപ്രണ്ടിന്റെ ചുമതലയുള്ള അസിസ്റ്റന്റ് സൂപ്രണ്ട് ഏതെങ്കിലും ജോബ് നമ്പറിൽ കുറവ് സംഭവിക്കുകയാണെങ്കിൽ ആ കുറവ് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരം പുസ്തകത്തിൽ കുറവ് വന്ന വിവരം അസി. സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിട്ടില്ല. ഈ ഇനത്തിൽ 13,15,595 (പതിമൂന്ന് ലക്ഷത്തി പതിനയ്യായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റഞ്ച്) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.2.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

158. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

<u>**നിഗമനങ്ങൾ/ശിപാർശകൾ**</u>

**159. യൂണിവേഴ്സിറ്റി ഫണ്ടിന് വ്യക്തമായ നഷ്ടം സംഭവിച്ചിട്ടില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടതായുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വ്യവഹാരം നടത്തിയതും തുക അനുവദിച്ചതും - കാമ്പസ് സുരക്ഷയ്ക്ക് യു.ജി.സി. അനുവദിച്ച തുക അനുമതിയില്ലാതെ വക മാറ്റി ചെലവഴിച്ചു**

(ഓഡിറ്റ് റിപ്പോർട്ട് വർഷം:2005-06;ഖണ്ഡിക നമ്പർ:3-7)

ദേശീയപാതയുടെ ഇരുവശത്തുമായി വ്യാപിച്ചുകിടക്കുന്ന സർവ്വകലാശാലയുടെ അധീനതയിലുള്ള വസ്തുവിൽ ചുറ്റമതിൽ നിർമ്മിക്കുവാൻ വിദ്യാർത്ഥികൾ ബഹു.ഹൈക്കോടതിയിൽ ഒ.പി.20105/96 റിട്ട് ഹർജി ഫയൽ ചെയ്തു. ബഹു.ഹൈക്കോടതി പരാതി പരിശോധിക്കാൻ നിയമിച്ച അഡ്വ.സീമന്തിനി

കമ്മീഷൻ ചുറ്റുമതിൽ നിർമ്മാണവും, പൊതുറോഡ് കാമ്പസിൽ നിന്നും മാറ്റേണ്ട ആവശ്യകതയും ശിപാർശ ചെയ്തു. ഈ ശിപാർശകൾ 7.9.1998-ലെ ബഹു. ഹൈക്കോടതി വിധി അംഗീകരിച്ചതിനെ തുടർന്ന് 2002-03 സാമ്പത്തിക വർഷത്തിൽ ടി ആവശ്യത്തിനായി ബജറ്റിൽ തുക വകയിരുത്തിയതായി ബഹു.ഹൈക്കോടതിയിൽ ബോധിപ്പിക്കുകയുണ്ടായി. എന്നാൽ ഇതേ ആവശ്യത്തിനായി 10-ാം പദ്ധതിയിൽ 20 ലക്ഷം രൂപ യു.ജി.സി അനുവദിച്ചെങ്കിലും യു.ജി.സി. അനുമതിയില്ലാതെ സർവ്വകലാശാല ടി തുക വകമാറ്റി സെമിനാർ കോംപ്ലക്സിന്റെ പുനരുദ്ധാരണത്തിനായാണ് ഉപയോഗിച്ചിരിക്കുന്നത്. സർവ്വകലാശാലയുടെ ആസ്തി സംരക്ഷണത്തിന് അനുവദിച്ച തുക അനർഹമായി വകമാറ്റി ചെലവഴിച്ചത് നീതീകരിക്കുവാൻ കഴിയാത്തതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.2.4]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

160. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**161. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കോഴിക്കോട് സർവ്വകലാശാല**

**സർക്കാർ അംഗീകാരം ഇല്ലാതെ വിമൻസ് സ്റ്റഡി സെന്റർ സ്ഥാപിച്ച് അനധികൃത ചെലവ് തുടരുന്നു**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07, ഖണ്ഡിക നമ്പർ III(1))

പത്താം പഞ്ചവൽസര പദ്ധതിയിൽപ്പെടുത്തി കോഴിക്കോട് സർവ്വകലാശാലയിൽ വിമൻസ് സ്റ്റഡി സെന്റർ സ്ഥാപിക്കുന്നതിന് സർവകലാശാല നൽകിയ ശിപാർശ 25.10.2004-ലെ നമ്പർ എഫ്7-30/02(എൻ.എഫ്.ഇ-II)

കത്ത് പ്രകാരം യു.ജി.സി. അംഗീകരിക്കുകയുണ്ടായി. ഇപ്രകാരം അംഗീകാരം നൽകുമ്പോൾ തന്നെ സെന്ററിന് നിയമപരമായ അംഗീകാരം സർവകലാശാല നൽകണമെന്നും ആവശ്യത്തിന് (നിർദ്ദേശത്തിൽ പറഞ്ഞ പ്രകാരം) അധ്യാപക/അനധ്യാപക തസ്തികകൾ അനുവദിക്കണമെന്നും യു.ജി.സി. യുടെ ധനസഹായം പത്താം പഞ്ചവൽസര പദ്ധതിയിൽ മാത്രമായതിനാൽ 31.03.2007-ന് ശേഷം (പിന്നീട് 30.09.2007 വരെ ദീർഘിപ്പിച്ച് നൽകി) വേണ്ടിവരുന്ന ചെലവിന് സർക്കാരിൽനിന്നും അനുവാദം വാങ്ങേണ്ടതാണെന്നും യു.ജി.സി. വ്യക്തമാക്കിയിരുന്നു. സർവകലാശാലയിലെ അധ്യാപക/അനധ്യാപക ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സംസ്ഥാന സർക്കാർ നൽകുന്ന നോൺപ്ലാൻ ഗ്രാന്റിൽ നിന്നുമാണ് നൽകുന്നത്. 1978-ലെ കാലിക്കറ്റ് സർവകലാശാല (സ്റ്റേറ്റ് ഗവൺമെന്റ് റൂൾസ്)-ന് 27.10.1988 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ജീവനക്കാർക്ക് ശമ്പളമോ മറ്റ് ആനുകൂല്യങ്ങളോ അനുവദിച്ച് നൽകാനും വ്യവസ്ഥയില്ല. വസ്തുതകൾ ഇതായിരിക്കെ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ തന്നെ സെന്റർ സ്ഥാപിക്കുന്നതിന് 29.01.2005-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം (അജണ്ട 2005.045) തീരുമാനം എടുത്തു. ടി തീരുമാനം 19.03.2005-ലെ സെനറ്റ് യോഗം അംഗീകരിച്ചതിനെ തുടർന്ന് അപേക്ഷ ക്ഷണിച്ച് ഒരു റീഡറേയും രണ്ട് ലക്ചറർമാരേയും (റീഡറേയും ഒരു ലക്ചററേയും 1.10.2005 മുതൽക്കും ഒരു ലക്ചററെ 30.09.2005 മുതൽക്കും) നിയമിച്ച് യു.ജി.സി. നൽകിയ ധനസഹായത്തിൽ നിന്ന് ശമ്പളവും ആനുകൂല്യങ്ങളും അനുവദിച്ചു. എന്നാൽ അധ്യാപികമാരെ നിയമിച്ച് 10 മാസം കഴിഞ്ഞ് 20.08.2006-ന് മാത്രമാണ് ക്ലാസുകൾ ആരംഭിച്ചത്. 9.5.2005-ലേയും 3.3.2007 ലേയും ജി.എ.II/സി1/331/05 കത്ത് പ്രകാരം സെന്ററിന്റെ അംഗീകാരത്തിനും നിയമനം നൽകിയ അധ്യാപക തസ്തികയുടെ തുടർച്ചയ്ക്കുമായി സർവകലാശാല സർക്കാരിനോട് അപേക്ഷിച്ചെങ്കിലും ഗവൺമെന്റിന്റെ മുൻകൂർ അനുമതി തേടാതിരുന്നതിനാൽ സർവകലാശാലയുടെ അപേക്ഷ 26.4.2007-ലെ ഗവൺമെന്റ് ലെറ്റർ 6935/ബി1/2007/ഉ.വി. പ്രകാരം നിരസിക്കപ്പെടുകയുണ്ടായി. ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താതിരുന്നതിനാൽ അധ്യാപകരെ നിയമിച്ച് ഏകദേശം 10 മാസം കഴിഞ്ഞ് മാത്രം ക്ലാസ് തുടങ്ങിയതിനാൽ യു.ജി.സി. മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധ്യാപകർക്ക് ശമ്പളം നൽകേണ്ടിവന്നതും സർക്കാർ

അംഗീകാരമില്ലാതെ സെന്റർ സ്ഥാപിച്ച് 31.03.2007-ന് ശേഷവും അധ്യാപകർക്ക് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതും സർക്കാറിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നു.

നഷ്ടോത്തരവാദിയുടെ പേര്:

ഡോ.പി.പി.മുഹമ്മദ്, രജിസ്ട്രാർ

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.3.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

162. ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**163. സെന്റർ ഫോർ വിമൻ സ്റ്റഡീസിൽ 3 ടീച്ചിംഗ് പോസ്റ്റുകൾ 9.1.2012-ലെ ജി.ഒ.(എം.എസ്.) 8/12/ഹയർ എഡ്യൂക്കേഷൻ നമ്പർ സർക്കാർ ഉത്തരവിലൂടെ പത്താം പ്ലാൻ പീരിഡിലേക്ക് അനുവദിച്ചിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കോഴിക്കോട് സർവ്വകലാശാല**

**സർവ്വകലാശാലാ ഫണ്ടിന്റെ ദുർവ്യയം**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക IV(12))

മരാമത്ത് പ്രവൃത്തികൾക്ക് വകുപ്പ് തലത്തിൽ സാധനസാമഗ്രികൾ വാങ്ങി നൽകണമെങ്കിൽ പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരുമായി ഉടമ്പടിയിൽ ഏർപ്പെടേണ്ടതുണ്ട്. ആവശ്യങ്ങൾ നിജപ്പെടുത്താതെ കമ്പി വാങ്ങിയതിനാൽ ഏകദേശം 30 മെട്രിക് ടൺ കമ്പി വിവിധ ഇനങ്ങളിലായി സർവകലാശാലയിൽ സ്റ്റോക്ക് ഉണ്ടായിരുന്ന അവസരത്തിൽ മരാമത്ത് പ്രവൃത്തികൾക്ക് കമ്പി, സിമന്റ് എന്നിവ വാങ്ങി നൽകുന്നതല്ലെന്ന് 2003-ൽ സർവകലാശാല തീരുമാനം എടുത്തു. സ്റ്റോക്കിൽ അവശേഷിക്കുന്ന കമ്പി ഉപയോഗപ്പെടുത്തിയശേഷം തീരുമാനം

നടപ്പിൽ വരുത്തിയാൽ മതിയെന്ന് ഉപദേശിക്കേണ്ട എഞ്ചിനീയർ യഥാവിധി ബന്ധപ്പെട്ടവരെ അറിയിക്കാതെ സിൻഡിക്കേറ്റ് തീരുമാനം പെട്ടെന്ന് നടപ്പാക്കിയതുമൂലവും സർവകലാശാല പിന്നീട് നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾക്ക് ടി കമ്പി ഉപയോഗപ്പെടുത്താനും സാധിച്ചില്ല. മതിയായ ആവശ്യകത ഉറപ്പുവരുത്താതെ വാങ്ങിക്കൂട്ടിയ കമ്പി തുറസ്സായ സ്ഥലത്ത് കൂട്ടിയിട്ടതിനാൽ വെയിലും മഴയും ഏറ്റ് തുരുമ്പെടുത്ത് നശിക്കുകയാണ്. ഉപയോഗപ്പെടുത്താനാവാതെ തുരുമ്പെടുത്ത് നശിക്കുന്ന കമ്പി ലേലത്തിൽ വിൽക്കാൻ നടപടി സ്വീകരിക്കേണ്ടതും അപ്രകാരം ലേലം ചെയ്യുമ്പോൾ മാർക്കറ്റ് നിരക്കും ലേലനിരക്കും തമ്മിലുള്ള വ്യത്യാസം സർവകലാശാല ഫണ്ടിനുണ്ടായ നഷ്ടമായി കണക്കാക്കി ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതുമാണ്.

നഷ്ടോത്തരവാദിയുടെ പേരും സ്ഥാനപ്പേരും - ശ്രീ. അബ്ദുറഹിമാൻ, യൂണിവേഴ്സിറ്റി എഞ്ചിനീയർ.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.5.14)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

164. മരാമത്ത് പ്രവൃത്തികൾക്കുള്ള സാമഗ്രികൾ യൂണിവേഴ്സിറ്റി വാങ്ങി നൽകുന്നതല്ലെന്ന് 2003-ൽ തീരുമാനമെടുത്തിരുന്നുവെന്നും പ്രസ്തുത സമയത്ത് നേരത്തെ വാങ്ങിവച്ചിരുന്ന കമ്പി സർവ്വകലാശാലയിൽ സ്റ്റോക്കുണ്ടായിരുന്നുവെന്നും അവ പിന്നീട് നടന്ന മരാമത്ത് പണികൾക്ക് ഉപയോഗിക്കാൻ കഴിയാതെ വന്നതിനാൽ ലേലത്തിൽ വിൽക്കുകയുണ്ടായെന്നും കാലിക്കറ്റ് യൂണിവേഴ്സിറ്റി പ്രോ-വൈസ് ചാൻസലർ വിശദീകരിച്ചു. ചില സമയത്ത് സാധനങ്ങളുടെ വില കൂടുമ്പോൾ കരാറുകാർ സാമഗ്രികൾ എടുക്കാൻ മുന്നോട്ടുവരാത്ത സാഹചര്യത്തിൽ അവർക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചില സാമഗ്രികൾ വാങ്ങിക്കൊടുക്കാറുണ്ടെന്ന് അഭിപ്രായപ്പെട്ട സമിതി 30 മെട്രിക് ടണ്ണോളം കമ്പിവാങ്ങി സൂക്ഷിച്ചത് എന്താവശ്യത്തിനായിരുന്നുവെന്ന് ആരായുകയും സ്റ്റോക്കിൽ ഇത്രയധികം കമ്പി അവശേഷിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത കമ്പി ഉപയോഗപ്പെടുത്തിയശേഷം സിൻഡിക്കേറ്റ് തീരുമാനം നടപ്പിലാക്കിയാൽ മതിയെന്ന്

ബന്ധപ്പെട്ടവരെ എഞ്ചിനീയർ യഥാവിധി അറിയിക്കേണ്ടതായിരുന്നുവെന്ന് വിലയിരുത്തുകയും ചെയ്തു. കമ്പി വിറ്റ വിലയും മാർക്കറ്റ് വിലയും തമ്മിലുള്ള വ്യത്യാസം കണക്കാക്കി ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും നഷ്ടം ഈടാക്കുന്നതിനുള്ള നടപടി യൂണിവേഴ്സിറ്റി സ്വീകരിക്കണമെന്ന് സമിതി നിർദേശിച്ചു

**നിഗമനങ്ങൾ/ശിപാർശകൾ**

**165. കമ്പി വിറ്റ വിലയും മാർക്കറ്റ് വിലയും തമ്മിലുള്ള വ്യത്യാസം കണക്കാക്കി ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും നഷ്ടം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കോഴിക്കോട് സർവ്വകലാശാല – മലപ്പുറം ജില്ല**

**സിൻഡിക്കേറ്റ് തീരുമാനം യഥാസമയം നടപ്പാക്കിയില്ല**

**ഒഴിവാക്കാമായിരുന്ന അധിക ചെലവ്**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ; പാർട്ട് 3-21)

യൂണിവേഴ്സിറ്റി ക്യാമ്പസിൽ ഇടയ്ക്കിടെ വൈദ്യുതി നിലയ്ക്കുന്നതു കുറയ്ക്കുന്നതിനും വൈദ്യുതി നിലയ്ക്കുന്ന അവസരത്തിൽ ജനറേറ്റർ പ്രവർത്തിപ്പിക്കേണ്ടി വരുമ്പോൾ ഉണ്ടാകുന്ന അധികചെലവ് കുറയ്ക്കുന്നതിനുമുള്ള പരിഹാരമായി യൂണിവേഴ്സിറ്റി അധികാരികൾ യൂണിവേഴ്സിറ്റിക്ക് മാത്രമായി 11 കെ.വി. സ്റ്റേഷൻ അനുവദിക്കാൻ വേണ്ടി കെ.എസ്.ഇ.ബി. യോട് 16-5-2001 -ൽ അപേക്ഷിച്ചു. ഇക്കാര്യത്തിനായി ബഹു. വി.സി., ബഹു. കേരള വൈദ്യുതി മന്ത്രിക്ക് 26-9-2001-ലും 29-1-2002-ലും നിവേദനങ്ങൾ നൽകുകയും ചെയ്തു. മഞ്ചേരി ഇലക്ട്രിസിറ്റി സർക്കിളിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ ഡി.ബി.2/11 കെ.വി. ഡെഡിക്കേറ്റഡ് ഫീഡർ/യൂണി/ചേളാരി/02-03/803/എ.എസ്. നമ്പർ 1/03-04/മഞ്ചേരി തീയതി 11-4-2003 നമ്പർ കത്ത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി യൂണിവേഴ്സിറ്റിക്ക് നൽകുകയും എസ്റ്റിമേറ്റ് പ്രകാരമുള്ള തുക 10,72,400 രൂപ നിക്ഷേപിക്കാൻ 13-5-2003 -ലെ ഡി.ബി./യൂണിവേഴ്സിറ്റി ഫീഡർ/2003-04/1364-ാം നമ്പർ കത്ത് പ്രകാരം കെ.എസ്.ഇ.ബി. ആവശ്യപ്പെടുകയും ചെയ്തു. 13.8.2003-ാം തീയതിയിലെ സിൻഡിക്കേറ്റ് മീറ്റിംഗ് പ്രകാരം തുക പിൻവലിച്ച് അടവാക്കുന്നതിനു വേണ്ടി ശ്രീ.വി.ആർ. അനിൽകുമാറിനെ, (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ) ചുമതലപ്പെടുത്തി.

6.9.2005-ാം തീയതി സി.എ.ജി. ഓഡിറ്റ് 45-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഷെഡ്യൂൾ നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനാൽ മേൽ തുക സ്വീകരിക്കാൻ നിർവ്വാഹമില്ല എന്ന കെ.എസ്.ഇ.ബി. എഞ്ചിനീയറുടെ വാക്കാലുള്ള നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ തുക പിൻവലിക്കുകയോ നിക്ഷേപിക്കുകയോ ചെയ്തിട്ടില്ല എന്ന മറുപടി നൽകിയതായി കാണുന്നു.

എന്നാൽ, കെ.എസ്.ഇ.ബി. യുടെ 13-5-2003 -ലെ കത്ത് പ്രകാരം ആ സമയത്തു തന്നെ തുക നിക്ഷേപിക്കേണ്ട ചുമതല അസി. എക്സി. എഞ്ചിനീയറുടേതാണ്. ഇയാൾ ഈ ചുമതല കൃത്യസമയത്ത് നിർവ്വഹിക്കുന്നതിൽ വീഴ്ചവരുത്തിയതായി കാണുന്നു.

സ്റ്റേഷൻ നിർമ്മാണത്തിന് 12 ലക്ഷം രൂപ 2003-04 വർഷത്തെ ബജറ്റിൽ 42-4103-02 ശീർഷകത്തിൽ ഉൾപ്പെടുത്തുകയും പിൻവലിക്കാൻ അനുമതി നൽകുകയും ചെയ്തു. എന്നാൽ, 7-9-2007 -നാണ് യൂണിവേഴ്സിറ്റി അസി. എക്സി. എഞ്ചിനീയർ (ഇലക്ട്രിക്കൽ) കെ.എസ്. ഇ.ബി.ക്ക് 16,08,000 രൂപ അടവാക്കുന്നത്. യഥാസമയം തുക അടയ്ക്കാതിരുന്നതിനാലാണ് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള കൂടിയ തുക അടവാക്കേണ്ടിവന്നത്. ആയതിനാൽ യഥാസമയം പണമടവാക്കാത്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിലപാട് യൂണിവേഴ്സിറ്റിയുടെ ഉത്തമ താൽപ്പര്യങ്ങൾക്ക് നിരക്കുന്നതല്ല. ഇതുവഴി യൂണിവേഴ്സിറ്റിക്ക് 5,35,600(16,08,000 -10,72,400) രൂപയുടെ അധിക ബാധ്യത വന്നുചേർന്നു.

11 കെ.വി. സ്റ്റേഷൻ നിർമ്മിച്ചതിനുശേഷം ജനറേറ്റർ പ്രവർത്തിക്കുന്നതിന് ഡീസൽ വാങ്ങുന്ന ചെലവിൽ പ്രതിവർഷം 3,00,672/- രൂപ ലാഭം യൂണിവേഴ്സിറ്റി ഫണ്ടിന് വരുന്നു എന്ന് എക്സി. എഞ്ചിനീയർ 7-8-2009-ലെ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചിട്ടുണ്ട്. സിൻഡിക്കേറ്റ് തീരുമാനം യഥാസമയം നടപ്പിൽ വരുത്തി യഥാസമയം പ്രവൃത്തി പൂർത്തീകരിച്ചിരുന്നുവെങ്കിൽ യൂണിവേഴ്സിറ്റിക്ക് 4 വർഷത്തേക്ക് 12,02,688 രൂപ (3,00,672 x 4) ഡീസൽ ചെലവിൽ ലാഭിക്കാമായിരുന്നു.

ഭരണനിർവ്വഹണത്തിലെ ഗുരുതരമായ വീഴ്ച നിമിത്തം ഈ ഇനത്തിൽ യൂണിവേഴ്സിറ്റിക്ക് 17,38,288 രൂപ (5,35,600 + 12,02688) ലാഭിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുത്തിയിരിക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ

ശ്രീ.വി.ആർ.അനിൽകുമാർ,

എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഇലക്ട്രിക്കൽ വിംഗ് എഞ്ചിനീയറിംഗ് വിഭാഗം,

കോഴിക്കോട് സർവ്വകലാശാല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.4.6(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

166. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, യൂണിവേഴ്സിറ്റിക്ക് മാത്രമായി 11 കെ.വി. സബ്സ്റ്റേഷൻ അനുവദിക്കുന്നതിനായി മഞ്ചേരി ഇലക്ട്രിസിറ്റി സർക്കിളിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ 10,72,400/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി യൂണിവേഴ്സിറ്റിക്ക് നൽകുകയും സിൻഡിക്കേറ്റ് അത് പാസ്സാക്കുകയും ചെയ്തുവെന്നും എന്നാൽ പേമെന്റ് നടത്തുന്നതിനുമുമ്പ് ഷെഡ്യൂൾ നിരക്കുകൾ പുതുക്കി നിശ്ചയിച്ചതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന് കെ.എസ്.ഇ.ബി.യിൽ നിന്നും അറിയിച്ചിരുന്നുവെന്നും പലതവണ ഓർമ്മക്കുറിപ്പ് അയച്ചെങ്കിലും വളരെ വൈകിയാണ് കെ.എസ്.ഇ.ബി. റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കിയതെന്നും 17 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റാണ് നൽകിയതെന്നും ഏഴ് ലക്ഷം രൂപ അധികമായി വന്നുവെന്നും അത് സിൻഡിക്കേറ്റ് പാസ്സാക്കുകയും തുക അടയ്ക്കുകയും ചെയ്തുവെന്നും പ്രോജക്ട് ഇംപ്ലിമെന്റ് ചെയ്യാനും കെ.എസ്.ഇ.ബി. താമസം വരുത്തിയെന്നും കെ.എസ്.ഇ.ബി. വരുത്തിയ കാലതാമസമാണ് ഓഡിറ്റ് പരാമർശത്തിന് കാരണമായതെന്നും ആയതിനാൽ പരാമർശം ഒഴിവാക്കിനൽകണമെന്നും കാലിക്കറ്റ് യൂണിവേഴ്സിറ്റി പ്രോ വൈസ് ചാൻസലർ അഭ്യർത്ഥിച്ചു

167. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**168. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

### എം. ജി. സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല

ഓഡിറ്റ് ഖണ്ഡിക

### സർവ്വകലാശാലകൾ

ഓരോ സാമ്പത്തികവർഷത്തിലും കോടിക്കണക്കിന് രൂപ വരവും ചെലവും വരുന്ന സർവ്വകലാശാലകൾക്ക് അനുയോജ്യമായ രീതിയിൽ കണക്കുകൾ സൂക്ഷിക്കുന്നതിന് ആവശ്യമായ അക്കൗണ്ട്സ് റൂളുകൾ നാളിതുവരെ തയ്യാറാക്കിയിട്ടില്ല. കോഴിക്കോട് സർവ്വകലാശാലയിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ഓരോ ബജറ്റ് ഹെഡിനും അനുസൃതമായ ഡി.സി.ബി. പത്രിക ഹാജരാക്കിയിട്ടില്ല. പലപ്പോഴും വരവ് തുകതന്നെ ഡിമാന്റ് ചെയ്യുന്ന അവസ്ഥയാണ്.

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 1985-ലെ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ആക്ട് അനുസരിച്ച് (സെക്ഷൻ 37) യൂണിവേഴ്സിറ്റിക്ക് തനതായ ഓർഡിനൻസ് നിലവിലില്ലാത്തതിനാൽ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ നിർവ്വചിയ്ക്കാൻ കഴിയാതെ വരുന്നു. അതിനാൽ ജീവനക്കാർക്ക് ക്രമവിരുദ്ധമായി ആനുകൂല്യം നൽകുന്ന അവസ്ഥകളും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1983-ൽ പ്രവർത്തനമാരംഭിച്ച എം.ജി. യൂണിവേഴ്സിറ്റിയിൽ നാളിതുവരെ അക്കൗണ്ട്സ് റൂൾസും പ്രാബല്യത്തിൽ വന്നിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിക്കുന്ന അപാകതകൾ പരിഹരിച്ച് സർക്കാരിന് നൽകുന്ന റെക്ടിഫിക്കേഷൻ റിപ്പോർട്ടിന്മേൽ സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല. ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിക്കേണ്ട തുടർനടപടി സംബന്ധിച്ച നിർദ്ദേശങ്ങൾ യൂണിവേഴ്സിറ്റി ആക്ടിൽ നിലവിലില്ലാത്തതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്&റൂൾസ് അനുസരിച്ച് നഷ്ടത്തിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ കഴിയുന്നില്ല. ഇക്കാര്യം യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കേണ്ടതും

യൂണിവേഴ്സിറ്റി ഓർഡിനൻസും, അക്കൗണ്ട്സ് റൂൾസും പ്രാബല്യത്തിൽ വരുത്താൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2.13]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

169. നിലവിൽ യൂണിവേഴ്സിറ്റി റൂൾ അനുസരിച്ചുതന്നെയാണ് പ്രവർത്തിക്കുന്നതെന്ന് എം.ജി. സർവ്വകലാശാല ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

170. സർവ്വകലാശാല നാളിതുവരെ ഓർഡിനൻസ് തയ്യാറാക്കി പുറപ്പെടുവിച്ചിട്ടില്ല, നാളിതുവരെ അക്കൗണ്ട്സ് റൂൾസ് പ്രാബല്യത്തിൽ വരുത്തിയിട്ടില്ല, ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ എം.ജി. സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല തുടങ്ങിയ ഓഡിറ്റ് പരാമർശങ്ങളെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് എല്ലാ സർവ്വകലാശാലകൾക്കും ഒരേ അക്കൗണ്ട്സ് റൂൾസുണ്ടാക്കാൻവേണ്ടി പുതിയൊരു സോഫ്റ്റ്വെയർ തയ്യാറാക്കുന്നുണ്ടെന്നും അത് ഇംപ്ലിമെന്റ് ചെയ്തിട്ടില്ലെന്നും എൻ.ഐ.സി.യെയാണ് പ്രസ്തുത സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിനായി ഏൽപ്പിച്ചിരിക്കുന്നതെന്നും കൂടാതെ, എം.ജി.യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് അമെന്റ് ചെയ്യുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി റിപ്പോർട്ട് സിൻഡിക്കേറ്റിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും സിൻഡിക്കേറ്റ് അത് പരിഗണിച്ചതിനുശേഷം ഉടൻതന്നെ തീരുമാനമെടുക്കുന്നതാണെന്നും പോസ്റ്റ് ക്രിയേഷനുള്ള ഷെഡ്യൂൾ തയ്യാറാക്കി സിൻഡിക്കേറ്റിന് നൽകിയിട്ടുണ്ടെന്നും എം. ജി. യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസർ മറുപടി നൽകി.

171. ഓഡിറ്റ് പരാമർശം വന്ന് 12 വർഷം കഴിഞ്ഞിട്ടും സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്തുന്നതിനെക്കുറിച്ച് തീരുമാനമെടുക്കാൻ സിൻഡിക്കേറ്റിന് കഴിഞ്ഞിട്ടില്ലെന്നതിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി, ഇതുവരെ സിൻഡിക്കേറ്റ്

പരിഗണനയ്ക്കെടുക്കാത്തത് സർവ്വകലാശാല അഡ്മിനിസ്ട്രേഷന്റെ വീഴ്ചയാണെന്നും വിലയിരുത്തി.

172. ഓഡിറ്റ് റിപ്പോർട്ട് വന്നുകഴിഞ്ഞാൽ നിർദ്ദിഷ്ട ദിവസത്തിനകം പ്രസ്തുത റിപ്പോർട്ട് സർവ്വകലാശാല സിൻഡിക്കേറ്റിന് മുമ്പാകെ സമർപ്പിച്ച് മറുപടി തയ്യാറാക്കി നൽകേണ്ടതല്ലേയെന്ന സമിതിയുടെ ചോദ്യത്തിന്, സിൻഡിക്കേറ്റിന് റിപ്പോർട്ട് സബ്മിറ്റ് ചെയ്തിട്ടുണ്ടായിരുന്നുവെന്നും അതിനുശേഷമാണ് സിൻഡിക്കേറ്റ് ഒരു സബ്കമ്മിറ്റി രൂപീകരിച്ചതെന്നും പ്രസ്തുത കമ്മിറ്റി അത് പരിശോധിച്ച് രണ്ടാമതൊരു റിപ്പോർട്ട് സിൻഡിക്കേറ്റിന് നൽകിയിട്ടുണ്ടെന്നും ഇക്കാര്യത്തിൽ സിൻഡിക്കേറ്റ് അടിയന്തരമായി തീരുമാനമെടുക്കുന്നതാണെന്നും എം.ജി. യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസർ മറുപടി നൽകി.

173. പ്രസ്തുത വിഷയത്തിൽ സർവ്വകലാശാലയുടെ ഭാഗത്തുനിന്ന് കാലതാമസമുണ്ടായിട്ടുണ്ടെന്ന് വിലയിരുത്തിയ സമിതി, ടി വിഷയത്തിൽ സർക്കാരിന്റെ ഇടപെടൽ ഉണ്ടാകാത്തതിൽ അതൃപ്തി രേഖപ്പെടുത്തി. ഉന്നതവിദ്യാഭ്യാസ വകുപ്പ് ഓഡിറ്റ് റിപ്പോർട്ട് പരിശോധിക്കണമെന്നും സർവ്വകലാശാല വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

<u>കോഴിക്കോട് സർവ്വകലാശാല</u>

174. പ്രസ്തുത വിഷയത്തിലെ പോരായ്മകൾ ചൂണ്ടിക്കാണിച്ചിരുന്നെങ്കിലും അവ ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ലെന്നും ഡി.സി.ബി. തയ്യാറാക്കുന്നില്ല എന്നുള്ളതാണ് ഓഡിറ്റ് പരാമർശമെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ ചൂണ്ടിക്കാട്ടിയതിന് നിലവിൽ ഡി.സി.ബി. തയ്യാറാക്കുന്നുണ്ടെന്ന് കാലിക്കറ്റ് യൂണിവേഴ്സിറ്റി പ്രോ-വൈസ് ചാൻസലർ സമിതിയെ ബോധിപ്പിച്ചു.

175. ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയതിനുശേഷം തീരുമാനമെടുക്കാമെന്ന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**176. എം.ജി. സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരാമർശം വന്ന് 12 വർഷം കഴിഞ്ഞിട്ടും സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്തുന്നതിന് സിൻഡിക്കേറ്റ് തീരുമാനമെടുക്കാത്തതിലും പ്രസ്തുത വിഷയത്തിൽ സർവ്വകലാശാലയുടെ ഭാഗത്ത് നിന്ന് കാലതാമസമുണ്ടായിട്ടും സർക്കാർ ഇടപെടൽ ഉണ്ടാകാത്തതിലും സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഉന്നതവിദ്യാഭ്യാസ വകുപ്പ് ഓഡിറ്റ് പരാമർശം സംബന്ധിച്ച് പരിശോധിക്കുന്നതിനും സർവ്വകലാശാല വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

**177. കാലിക്കറ്റ് സർവ്വകലാശാലയുമായി ബന്ധപ്പെട്ട പരാമർശം സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**എം. ജി. സർവ്വകലാശാല**

ഓഡിറ്റ് ഖണ്ഡിക

പൊതു അവലോകനം

**നിയമനങ്ങൾ പാലിക്കുന്നതിൽ-നടപ്പാക്കുന്നതിൽ സർവ്വകലാശാലയുടെ ഭാഗത്തുള്ള വീഴ്ചകൾ**

സർവ്വകലാശാലയിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് അധിക സാമ്പത്തിക ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങണമെന്ന് ചട്ടങ്ങൾ [സെക്ഷൻ37(ഡി) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ആക്ട്] അനുശാസിക്കുന്നുണ്ടെങ്കിലും പോസ്റ്റ് അപ്ഗ്രഡേഷൻ, സമയബന്ധിത ഗ്രേഡുകൾ, ഉയർന്ന ശമ്പള സ്കെയിലുകൾ എന്നിവ സർവ്വകലാശാലയിൽ അനുവദിക്കുന്നത് സർക്കാർ അംഗീകാരത്തോടെയല്ല എന്ന് കാണുന്നു. അതോടൊപ്പം ജീവനക്കാർക്ക് നൽകിവരുന്ന ഉയർന്ന വീട്ടുവാടക ബത്തയും സർക്കാർ നിരക്കിലും ഉയർന്ന ഓണം മുൻകൂറും, യാത്രപ്പടി നിരക്കുകളും നിലവിലും യാതൊരു മാനദണ്ഡവുമില്ലാതെ അനുവദിച്ചു വരുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.3.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

178. സർവ്വകലാശാലകളിൽ നിയമങ്ങൾ പാലിക്കുന്നതിലും നടപ്പാക്കുന്നതിലും വീഴ്ചയുണ്ടെന്ന് സമിതി (2019-21)യുടെ 57-ാമത് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെന്നും പോസ്റ്റ് അപ്ഗ്രഡേഷൻ, സമയബന്ധിത ഗ്രേഡുകൾ, ഉയർന്ന ശമ്പള സ്കെയിലുകൾ എന്നിവ നിലവിൽ സർവ്വകലാശാലയിൽ അനുവദിക്കുന്നില്ലെന്നും എം.ജി. സർവ്വകലാശാല ഫിനാൻസ് ഓഫീസർ ബോധിപ്പിച്ചു.

179. ഇതുസംബന്ധിച്ച വിശദീകരണം ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**180. നിലവിൽ യൂണിവേഴ്സിറ്റിയിൽ പോസ്റ്റ് അപ്ഗ്രേഡേഷൻ, സമയബന്ധിത ഗ്രേഡുകൾ, ഉയർന്ന ശമ്പള സ്കെയിലുകൾ ഓഡിറ്റ് പരാമർശിച്ച മറ്റാനുകൂല്യങ്ങൾ എന്നിവ നൽകുന്നില്ല എന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഉയർന്ന നിരക്കിൽ വീട്ടുവാടകബത്ത നൽകിയത്**

പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്ന യൂണിവേഴ്സിറ്റിയിലെ ജീവനക്കാർക്ക് പ്രതിമാസം 150 രൂപ നിരക്കിൽ മാത്രമാണ് വീട്ടുവാടക ബത്തക്ക് അർഹതയുള്ളത്. എന്നാൽ (സി) വിഭാഗം നഗരങ്ങളിൽ അനുവദനീയമായിട്ടുള്ള നിരക്കിൽ യൂണിവേഴ്സിറ്റി ജീവനക്കാർക്ക് വീട്ടുവാടകബത്ത നൽകുന്നു. സർക്കാർ ഉത്തരവിനെ മറികടക്കുന്നതിനായി അധികമായി അനുവദിച്ചിട്ടുള്ള തുക തനതു ഫണ്ടിൽ നിന്നും നൽകാനുള്ള നയമാണ് സർവ്വകലാശാല സ്വീകരിച്ചിരിക്കുന്നത്. എന്നാൽ ഇതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭിച്ചിട്ടില്ല. സർവ്വകലാശാല ആക്ട്, സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരം സർക്കാർ ഗ്രാന്റുകൾ ഉൾപ്പെടെയുള്ള എല്ലാ

തുകകളും ചേർന്നുള്ള എം. ജി. സർവ്വകലാശാല ഫണ്ടിന് ' തനത് ഫണ്ട് ' 'ഗവൺമെന്റ് ഫണ്ട് ' എന്നിങ്ങനെ വർഗ്ഗീകരണം നൽകി തനതുഫണ്ടിൽ നിന്നും അധിക വീട്ടുവാടകബത്ത അനുവദിക്കുന്നു. ഇപ്രകാരമുള്ള വർഗ്ഗീകരണത്തിന് നിയമസാധുതയില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.3.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

181. പത്താം ശമ്പളപരിഷ്കരണ കമ്മീഷൻ ശിപാർശകൾ സർവ്വകലാശാലയിൽ നടപ്പാക്കിയത് മുതൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിരക്കിലാണ് വീട്ടുവാടകബത്ത നൽകി വരുന്നതെന്നും നിലവിൽ ഉയർന്ന നിരക്കിലുള്ള വീട്ടുവാടക ബത്ത സർവ്വകലാശാലയിൽ അനുവദിക്കുന്നില്ലെന്നും എം.ജി. സർവ്വകലാശാല ഫിനാൻസ് ഓഫീസർ മറുപടി നൽകി. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

182. ഓഡിറ്റ് വകുപ്പ് ശിപാർശ നൽകിയിരുന്നോയെന്ന സമിതിയുടെ ചോദ്യത്തിന്, 2021 ജനുവരിയിൽ ചേർന്ന ഓഡിറ്റ് കമ്മിറ്റി ഈ വിഷയത്തിൽ തീരുമാനമെടുത്തിട്ടുണ്ടെന്ന് എം.ജി. സർവ്വകലാശാല ഫിനാൻസ് ഓഫീസർ മറുപടി നൽകി.

## നിഗമനങ്ങൾ/ശിപാർശകൾ

**183. നിലവിൽ സർവ്വകലാശാലയിൽ ഉയർന്ന നിരക്കിലുള്ള വീട്ടുവാടക ബത്ത അനുവദിക്കുന്നില്ലെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിരക്കിലാണ് വീട്ടുവാടകബത്ത നൽകിവരുന്നതെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചത്-തുടർന്നു കൊണ്ടുപോകുന്നു - ക്രമവിരുദ്ധം :**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2001-02, ഖണ്ഡിക നമ്പർ: 3(26)]

അസാധാരണമായ ഒരു സാഹചര്യത്തിൽ മാത്രം സൃഷ്ടിക്കപ്പെടാവുന്ന ഒരു സൂപ്പർന്യൂമററി തസ്തിക, ക്രമപ്രകാരമുള്ള ഒരു ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് നിർത്തലാക്കണമെന്ന തത്വത്തിനു വിരുദ്ധമായി എം.ജി. സർവ്വകലാശാലയിൽ ഒരു അസിസ്റ്റന്റ് (ഇലക്ട്രിക്കൽ) എഞ്ചിനീയറുടെ തസ്തിക (സൂപ്പർ ന്യൂമററിയായി സൃഷ്ടിക്കപ്പെട്ടത്) അനിയന്ത്രിതമായി തുടർന്നു വരുന്നതായി കാണുന്നു. സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ടിരുന്ന ശ്രീ. വി. രാജേഷിനെ അസിസ്റ്റന്റ് എഞ്ചിനീയറുടെ (ഇലക്ട്രിക്കൽ) വിരമിക്കൽ മൂലമുണ്ടായ ഒഴിവിലേക്ക് മാറ്റുകയും, ഓവർസിയർ (ഇലക്ട്രിക്കൽ) ആയിരുന്ന ശ്രീ. ഷാജി കുര്യന് അസിസ്റ്റന്റ് എഞ്ചിനീയറായി സ്ഥാനക്കയറ്റം നൽകി ശ്രീ.വി രാജേഷിനുവേണ്ടി സൃഷ്ടിച്ചിരുന്ന സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കുകയും ചെയ്തിരിക്കുന്നു. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ 13-12-2004-ലെ 22-5-38-2523-ാം നമ്പർ തീരുമാനപ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറിന്റെ സൂപ്പർന്യൂമററി തസ്തിക 13-12-2004 മുതൽ 6 മാസത്തേയ്ക്ക് നിലനിർത്താൻ നിശ്ചയിച്ചിട്ടുണ്ട്. സൂപ്പർന്യൂമററി തസ്തിക അനിയന്ത്രിതമായി തുടരുന്നു എന്നത് പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് തുല്യമാണ്. ആയതിന് സർക്കാർ അനുവാദം ലഭ്യമാക്കിയതായി കാണുന്നില്ല. ആയതിനാൽ ടി തസ്തിക നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.3.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

184. അസാധാരണമായ സാഹചര്യത്തിൽ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുകയും അത് തുടർന്നുകൊണ്ടുപോകുവാൻ സർക്കാരിലേയ്ക്ക് അനുമതി തേടിയപ്പോൾ നിലവിലെ സ്ഥിതി തുടരാൻ അനുവാദം നൽകുകയും ചെയ്തിരുന്നുവെന്നും സർക്കാരിൽ നിന്നും പിന്നീട് അറിയിപ്പൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ തസ്തിക തുടർന്നുകൊണ്ടുപോകുകയാണെന്നും എം.ജി. സർവ്വകലാശാല ഫിനാൻസ് ഓഫീസർ വ്യക്തമാക്കി.

185. ഒരു പ്രത്യേക കാലഘട്ടത്തിലേയ്ക്ക് മാത്രമാണ് സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്നതെന്നും അത് സ്ഥിരം തസ്തികയ്ക്ക് തുല്യമാക്കുന്നത് അനുവദിക്കാനാവില്ലെന്നും അഭിപ്രായപ്പെട്ട സമിതി സിൻഡിക്കേറ്റിന് അങ്ങനെ തീരുമാനിക്കാനുള്ള അവകാശമുണ്ടോയെന്ന് ആരാഞ്ഞതിന്, സിൻഡിക്കേറ്റിന് തസ്തിക അനുവദിക്കാനുള്ള അധികാരമില്ലെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

186. സൂപ്പർന്യൂമററി തസ്തിക സ്ഥിരം തസ്തികയാക്കി മാറ്റാൻ കഴിയില്ലെന്ന് അഭിപ്രായപ്പെട്ട സമിതി, സർക്കാർ അംഗീകാരമില്ലാതെ സൂപ്പർന്യൂമററി തസ്തിക നിലനിർത്തുന്നതിൽ അതൃപ്തി രേഖപ്പെടുത്തി. കൂടാതെ, സൂപ്പർന്യൂമററി തസ്തിക നിലനിർത്തുന്നത് സംബന്ധിച്ച് വിശദമായി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പിനോട് സമിതി നിർദേശിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**187. സർവ്വകലാശാല സൂപ്പർന്യൂമററി തസ്തിക സർക്കാർ അംഗീകാരമില്ലാതെ സ്ഥിരം തസ്തികയാക്കി നിലനിർത്തുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. സർവ്വകലാശാലയുടെ പ്രസ്തുത നടപടി സംബന്ധിച്ച് വിശദമായി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർവ്വകലാശാല ജീവനക്കാർക്ക് അനധികൃതമായി പ്രത്യേക വേതനം നൽകിയത്**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03, ഖണ്ഡിക നമ്പർ: 3(4))

സർവ്വകലാശാലയിലേക്ക് ഗ്രേഡ്-2 അസിസ്റ്റന്റുമാരെ തിരഞ്ഞെടുക്കുന്നതിന് നടത്തിയ പരീക്ഷ, ശിപായിമാരുടെ റേഷ്യോപ്രമോഷൻ, ശമ്പള പരിഷ്കരണം നടപ്പാക്കൽ മുതലായവയോടനുബന്ധിച്ച് അധിക ജോലി ചെയ്യേണ്ടി വന്നത് പരിഗണിച്ച് ബന്ധപ്പെട്ട യൂണിവേഴ്സിറ്റി ജീവനക്കാർക്ക് പ്രത്യേക വേതനം നൽകുകയുണ്ടായി. എന്നാൽ ശമ്പള പരിഷ്കരണം, ഹയർഗ്രേഡ് മുതലായ

സ്ഥാനക്കയറ്റങ്ങളോടനുബന്ധിച്ചുള്ള ശമ്പളനിർണ്ണയം എന്നിവ ബന്ധപ്പെട്ട സെക്ഷനുകളുടെ ദൈനംദിന ജോലികളുടെ ഭാഗം തന്നെയാണ്. ശമ്പള പരിഷ്കരണം, പ്രമോഷൻ എന്നിവയുമായി ബന്ധപ്പെട്ട ഏതുജോലിയും ചെയ്യുന്നതിന് ബന്ധപ്പെട്ട സെക്ഷനുകളിൽ നിയമിക്കപ്പെടുന്ന ജീവനക്കാർ ബാദ്ധ്യസ്ഥരാണ്. സാധാരണ ഓഫീസ് പ്രവൃത്തിയായല്ലാതെ അധിക ജോലിയായി പ്രസ്തുത പ്രവൃത്തികൾ കണക്കാക്കാനാവില്ല. സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ഏൽപ്പിക്കുന്ന ഏതു ജോലിയും സാധാരണ പ്രവൃത്തിദിവസങ്ങളിൽ സർവ്വകലാശാലയിലെ സ്ഥിര ജീവനക്കാർ ചെയ്യേണ്ടതാണ്. ഒരു ജീവനക്കാരന്റെ മുഴുവൻ സമയവും അയാൾക്ക് ശമ്പളം നൽകുന്ന തൊഴിൽ ദാതാവിന് (ഗവൺമെന്റ്, അർദ്ധഗവൺമെന്റ്, പൊതുമേഖല തുടങ്ങിയവ) വിധേയമാണെന്നും, പ്രത്യേക പ്രതിഫലം നൽകാതെ തന്നെ മതിയായ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജോലി ചെയ്യിക്കുന്നതിന് അധികാരമുണ്ടായിരിക്കുമെന്നും കെ.എസ്.ആർ.പാർട്ട് I - ലെ ചട്ടം 14 പ്രകാരം പറയുന്നു. കെ.എസ്.ആർ.പാർട്ട് I സെക്ഷൻ 3 -ന്റെ അനുബന്ധം 7 അനുസരിച്ച് അവധി ദിവസം ജോലി ചെയ്യുന്ന ജീവനക്കാരന് നഷ്ടമായ അവധിയ്ക്ക് പരിഹാരമായി ഒഴിവിനല്ലാതെ പ്രതിഫലത്തിനർഹതയില്ല. കൂടാതെ 1985-ലെ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ആക്ട് അദ്ധ്യായം 5-ലെ വകുപ്പ് 37 (ഡി) പ്രകാരം സർവ്വകലാശാലയിലെ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് ഗവൺമെന്റിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരുവിധ ബത്തകളും നൽകുന്നതല്ല എന്ന് പറയുന്നു. ഈ സാഹചര്യത്തിൽ ജീവനക്കാർക്ക് പ്രത്യേക വേതനം നൽകിയത് അനധികൃതവും സർവ്വകലാശാലയുടെ സാമ്പത്തിക താല്പര്യങ്ങൾക്ക് വിരുദ്ധവുമാണ്. പ്രത്യേക വേതനയിനത്തിലുള്ള ചെലവ് 72,450 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.3.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

188. സർവ്വകലാശാലയിൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നതിനുള്ള പരീക്ഷയടക്കമുള്ള വളരെയധികം അപേക്ഷകൾ വന്നപ്പോൾ അധിക ജോലി നിർവ്വഹിച്ചതിനാണ് ഈ തുക നൽകിയതെന്നും പ്രസ്തുത സമയത്ത് യൂണിവേഴ്സിറ്റിയിൽ നിരവധി തസ്തികകൾ ജീവനക്കാരില്ലാതെ ഒഴിഞ്ഞു കിടക്കുകയായിരുന്നുവെന്നും ഉള്ളവരെക്കൊണ്ട് അധികജോലി ചെയ്യിപ്പിച്ചതാണെന്നും പുറത്തുള്ള മറ്റൊരു ഏജൻസിക്ക് നൽകിയാൽ ഇതിൽക്കൂടുതൽ തുകയാകുമായിരുന്നുവെന്നും എം.ജി. സർവ്വകലാശാല ഫിനാൻസ് ഓഫീസർ സമിതി മുൻപാകെ ബോധിപ്പിച്ചു

189. അത്തരത്തിലൊരു താരതമ്യം നടത്തുന്നത് ശരിയല്ലെന്ന് അഭിപ്രായപ്പെട്ട സമിതി സർവ്വകലാശാലയ്ക്ക് പ്രത്യേകം സ്റ്റാറ്റ്യൂട്ടുണ്ടെന്നും അതിന് വിധേയമായിട്ടാണ് കാര്യങ്ങൾ ചെയ്യേണ്ടതെന്നും വിലയിരുത്തി. ജീവനക്കാർക്ക് അധിക വേതനമായി നൽകിയ തുക അവരിൽ നിന്നും ഈടാക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**190. സർവ്വകലാശാലകൾ അവയുടെ സ്റ്റാറ്റ്യൂട്ടിന് വിധേയമായി പ്രവർത്തിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ജീവനക്കാർക്ക് അധികമായി നൽകിയ 72,450/-രൂപ അവരിൽ നിന്നും തിരികെ ഈടാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വൻകിട നിർമ്മാണ പ്രവൃത്തികൾ കേന്ദ്ര പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചതുമൂലം യൂണിവേഴ്സിറ്റിക്ക് കനത്തനഷ്ടം**

[ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03, ഖണ്ഡിക നമ്പർ 3 (15 എ)]

മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് സ്വന്തമായി എഞ്ചിനീയറിംഗ് യൂണിറ്റ് നിലവിലുണ്ടെങ്കിലും വൻകിട കെട്ടിടം നിർമ്മിക്കേണ്ട സാഹചര്യത്തിൽ കേന്ദ്ര പൊതുമരാമത്ത് വകുപ്പിനെയാണ് ഏൽപ്പിക്കുന്നത്. യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ കീഴിലുള്ള എഞ്ചിനീയറിംഗ് യൂണിറ്റിൽ എല്ലാ പദവികളിലുമുള്ള

ഉദ്യോഗസ്ഥൻമാരുണ്ടെങ്കിലും മരാമത്ത് പ്രവൃത്തികൾ അവരുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും നടത്തുവാൻ സർവ്വകലാശാലയ്ക്ക് താൽപ്പര്യമില്ല. പ്രവൃത്തികൾ എഞ്ചിനീയറിംഗ് വിഭാഗത്തെ ഏൽപ്പിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. കേന്ദ്ര പൊതുമരാമത്ത് വകുപ്പ് അവരുടേതായ സ്പെസിഫിക്കേഷൻ പ്രകാരമാണ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. എസ്റ്റിമേറ്റ് തുകയ്ക്ക് പുറമേ എസ്റ്റിമേറ്റ് തുകയുടെ 8 ശതമാനം ഡിപ്പാർട്ടുമെന്റൽ ചാർജിനത്തിലും 2 ശതമാനം നികുതിയായും കേന്ദ്ര പൊതുമരാമത്ത് വകുപ്പ് വകയിരുത്തുന്നു. കേന്ദ്ര പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റുമായി താരതമ്യം ചെയ്യുമ്പോൾ യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് യൂണിറ്റ് തയ്യാറാക്കിയ എസ്റ്റിമേറ്റ് ചെലവിന്റെ കാര്യത്തിൽ അഭികാമ്യമാണ്. കൂടാതെ കരാറിലെ വ്യവസ്ഥകൾ പ്രകാരം യൂണിവേഴ്സിറ്റിക്ക് സി.പി.ഡബ്ല്യു.ഡി. നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഒരു ഘട്ടത്തിലും ഇടപെടാൻ സാധിക്കുന്നില്ല. ഉദാഹരണം സ്കൂൾ ഓഫ് എൻവയേൺമെന്റൽ സയൻസിനുവേണ്ടി തറ വിസ്തീർണ്ണം 3735.4 ച. മീറ്ററുള്ള കെട്ടിടത്തിന് കേന്ദ്ര പൊതുമരാമത്ത് നിർണ്ണയിച്ച എസ്റ്റിമേറ്റ് 521.07 ലക്ഷമാണ്. എന്നാൽ ഇതേ സമയത്ത് സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിന് വേണ്ടി തറവിസ്തീർണ്ണം 1388 ചതുരശ്ര മീറ്റർ വരുന്ന കെട്ടിടത്തിന് യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് യൂണിറ്റ് തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക 74,24,258 രൂപയാണ്. അതായത് ഒരു ചതുരശ്ര മീറ്റർ നിർമ്മാണ ചെലവ് യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് യൂണിറ്റ് മുഖേനയുള്ള ചെലവിനേക്കാൾ 2750 രൂപ അധികമാണ്. ഈ ഇനത്തിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിക്ക് 1 കോടിയോളം രൂപ അധിക ചെലവ് വന്നിട്ടുണ്ട്. യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് വിഭാഗത്തിലെ ശമ്പളത്തിനും മറ്റുമായി ചെലവഴിക്കുന്ന തുക കണക്കിലെടുക്കുമ്പോൾ നഷ്ടം ഭീമമാകുന്നു. 2006-07 വർഷത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിനുവേണ്ടി പദ്ധതിയേതരയിനത്തിൽ 75 ലക്ഷം രൂപ ചെലവഴിച്ചു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.3.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

191. ഒരു പ്രത്യേക സാഹചര്യത്തിലാണ് പുറത്തുള്ള ഏജൻസിയെ പ്രവൃത്തി ഏൽപ്പിച്ചതെന്നും ഓഡിറ്റ് പരാമർശം വന്നതിനുശേഷം എല്ലാ പ്രവൃത്തികളും സർവ്വകലാശാല എഞ്ചിനീയറിംഗ് വിഭാഗം വഴി മാത്രമേ ചെയ്യാവൂ എന്ന് തീരുമാനമെടുത്തിട്ടുണ്ടെന്നും എം.ജി. സർവ്വകലാശാല ഫിനാൻസ് ഓഫീസർ വ്യക്തമാക്കി.

192. 10 ലക്ഷം രൂപയ്ക്കുമുകളിൽ അടങ്കലുള്ള പ്രവൃത്തികൾ നടത്തുന്നതിന്റെ ചുമതല കേന്ദ്ര പൊതുമരാമത്ത് വകുപ്പിനേയും മറ്റ് അക്രെഡിറ്റഡ് ഏജൻസികളേയുമാണോ സർവ്വകലാശാല നിലവിലും ഏൽപ്പിക്കുന്നതെന്നും അതിൽ താഴെ അടങ്കൽ വരുന്ന പ്രവൃത്തികൾ സർവ്വകലാശാല എഞ്ചിനീയറിംഗ് വിഭാഗം നേരിട്ടാണോ നിർവ്വഹിക്കുന്നതെന്നും സമിതി ആരാഞ്ഞതിന്, യൂണിവേഴ്സിറ്റിയിൽ എഞ്ചിനീയറിംഗ് യൂണിറ്റുണ്ടെങ്കിലും വലിയ അടങ്കൽ തുകയുള്ള പ്രവൃത്തികൾ സി.പി.ഡബ്ല്യൂ.ഡി.യെയാണ് ഏൽപ്പിക്കാറുള്ളതെന്ന് എം.ജി. സർവ്വകലാശാല ഫിനാൻസ് ഓഫീസർ മറുപടി നൽകി.

193. ഓരോ യൂണിവേഴ്സിറ്റിക്കും കീഴിലുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിന് തന്നെ നേരിട്ട് പണികൾ ഏറ്റെടുക്കാനുള്ള പ്രാപ്തിയുണ്ടെന്നാണ് സർക്കാർ കരുതുന്നതെന്നും പത്തുലക്ഷം എന്നുള്ള സീലിംഗ് സിൻഡിക്കേറ്റ് തീരുമാനമായിരിക്കാമെന്നും ഇതു സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നിർദ്ദേശം നൽകാമെന്നും പ്രവൃത്തി ഏൽപ്പിച്ചത് സി. പി. ഡബ്ല്യൂ. ഡി. യെയായതിനാൽ സർവ്വകലാശാലയുടെ വിശദീകരണം അംഗീകരിക്കാമെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അഭിപ്രായപ്പെട്ടു

194. ഇതുസംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**195. ഓരോ യൂണിവേഴ്സിറ്റിയുടെയും കീഴിലുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിന് നേരിട്ട് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ പ്രാപ്തിയുണ്ടെന്ന് സമിതി വിലയിരുത്തുന്നു. സർവ്വകലാശാല 10 ലക്ഷം രൂപയ്ക്ക് മുകളിൽ അടങ്കലുള്ള പ്രവൃത്തികൾ കേന്ദ്ര പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഉത്തരവുകൾ പാലിക്കാതെയുള്ള നിയമനങ്ങളും, വേതനം നൽകലും**

താൽക്കാലിക ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമേ നിയമനങ്ങൾ നടത്താവൂ എന്ന് സർക്കാരും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയും നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും പല ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളും പ്രസ്തുത നിർദ്ദേശം മറികടന്ന് നിയമനങ്ങൾ നൽകുകയും സ്ഥിരപ്പെടുത്തൽ നടത്തുകയും, അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്യുതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവുകൾ മറികടന്ന് അധിക നിരക്കിൽ വേതനം നൽകിയതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

**മഹാത്മാഗാന്ധി സർവ്വകലാശാല**

**(എ) ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി കുടിശ്ശിക ബില്ലുകൾ തയ്യാറാക്കിയതിന് അധിക വേതനം നൽകി**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04 ഖണ്ഡിക: 3-3 (എ)

ജി.ഒ.(പി) 145/2006/ഫിൻ. തീയതി 25.03.2006 പ്രകാരം സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും നൽകിയ ശമ്പളപരിഷ്കരണം യൂണിവേഴ്സിറ്റി ജീവനക്കാർക്കും ബാധകമാക്കി ശമ്പളം പരിഷ്കരിക്കുകയുണ്ടായി.

ഇതിനെ തുടർന്ന് അദ്ധ്യാപകേതര, നോൺ ഗസറ്റഡ് ജീവനക്കാരുടെ കുടിശ്ശിക ശമ്പള ബില്ലുകൾ തയ്യാറാക്കിയത് യൂണിവേഴ്സിറ്റി അഡ്മി. സി (Ad.C) വിഭാഗം ഉദ്യോഗസ്ഥരും, പരിശോധന നിർവ്വഹിച്ചത് യൂണിവേഴ്സിറ്റി ഓഡിറ്റ് വിഭാഗം ജീവനക്കാരുമാണ്. ഈ പ്രവൃത്തി അധിക ജോലിയായി കണക്കാക്കി

പ്രത്യേക വേതനം അനുവദിക്കണമെന്ന് ഉദ്യോഗസ്ഥർ അവകാശവാദം ഉന്നയിക്കുകയുണ്ടായി.

തുടർന്ന് 20.07.2007-ലെ യൂണിവേഴ്സിറ്റി ഓർഡർ നമ്പർ 1175 എ 1/ 2007/ അഡ്മിനിസ്ട്രേഷൻ പ്രകാരം വൈസ് ചാൻസലർ 2,51,500/- രൂപ ഈ ആവശ്യത്തിനായി അനുവദിക്കുകയും തുക ജീവനക്കാർക്ക് വിതരണം ചെയ്യുകയും ചെയ്തു. ഒരു ഉദ്യോഗസ്ഥന്റെ മുഴുവൻ സമയവും അദ്ദേഹത്തിന് വേതനം നൽകുന്ന സർക്കാരിന് വിനിയോഗിക്കാനുള്ളതും, കൂടുതലായി യാതൊരു പ്രതിഫലത്തിനുള്ള അവകാശം ഇല്ലാതെതന്നെ അധികൃതർക്ക് അയാളുടെ സേവനം ഏതുവിധത്തിലും വിനിയോഗിക്കാവുന്നതുമാണ് എന്ന് കേരള സർവ്വീസ് റൂൾസ് (ഭാഗം-1) ചട്ടം 14 നിഷ്കർഷിക്കുന്നു.

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 10.07.2006-ലെ നമ്പർ 16137/ബി3/06/2/ എഡ്യൂക്കേഷൻ, കത്ത് പ്രകാരവും സർക്കാർ ജീവനക്കാർക്ക് അനുവദിക്കാത്ത യാതൊരുവിധ ആനുകൂല്യത്തിനും യൂണിവേഴ്സിറ്റി ജീവനക്കാർക്ക് അർഹതയില്ല എന്നു വ്യക്തമാക്കിയിട്ടുണ്ട്. ശമ്പള പരിഷ്കരണത്തെ തുടർന്ന് വന്ന കുടിശ്ശിക ശമ്പള ബില്ലുകൾ തയ്യാറാക്കുന്ന പ്രവൃത്തികൾ സ്ഥിരം ജോലിയുടെ ഒരു ഭാഗം തന്നെയായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

ബില്ലുകൾ തയ്യാറാക്കുന്നതും, അതിനോടനുബന്ധിച്ചുള്ള പ്രവൃത്തികളും ഉദ്യോഗസ്ഥരുടെ സാധാരണ ജോലിയിൽപ്പെടുന്നതായിരിക്കെ, ഇത് അധിക പ്രവൃത്തിയായി കണക്കാക്കി അധികവേതനം നൽകിയ നടപടി ന്യായീകരിക്കാവുന്നതല്ല. ഇതിനായി നൽകിയ 2,51,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**(ബി) നിയമന തീയതി പ്രാബല്യത്തിൽ പതിനൊന്ന് ലൈബ്രറി അസിസ്റ്റന്റുമാരുടെ തസ്തിക സ്ഥിരപ്പെടുത്തി**

(ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക: III-19)

യൂണിവേഴ്സിറ്റി ഉത്തരവ് നമ്പർ യു.ഒ.2476/എ 5(1)/07 അഡ്മിനിസ്ട്രേഷൻ തീയതി 05.11.2007 പ്രകാരം യൂണിവേഴ്സിറ്റിയിലെ താത്ക്കാലിക ലൈബ്രറി

അസിസ്റ്റന്റ് തസ്തികകളിലേക്ക് നടത്തിയ നിയമനങ്ങൾ നിയമന തീയതി മുതൽ സ്ഥിരപ്പെടുത്തുകയുണ്ടായി. 1998, 2000, 2001 വർഷങ്ങളിലായി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വിവിധ സ്വാശ്രയ സ്ഥാപനങ്ങളിലേക്കായി 14 ലൈബ്രറി അസിസ്റ്റന്റുമാരുടെ താല്ക്കാലിക തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. സ്ഥിരനിയമനം നടത്തുന്നതിലേക്കായി വിജ്ഞാപനം പുറപ്പെടുവിച്ചതായി ഫയലിൽ കാണുന്നു. എന്നാൽ സ്വാശ്രയ സ്ഥാപനങ്ങളിലുള്ള ഒഴിവിലേക്ക് ഒരു വർഷത്തേക്ക് താല്ക്കാലികമായി മാത്രമാണ് ഇവയിൽ പതിനൊന്ന് തസ്തികകൾ സൃഷ്ടിച്ചത് എന്ന് സേവനപുസ്തകം, നോട്ട് ഫയൽ എന്നിവയുടെ പരിശോധനയിൽ വ്യക്തമാകുന്നു. സ്വാശ്രയ സ്ഥാപനങ്ങൾ യൂണിവേഴ്സിറ്റിയുടെ മുഖ്യധാരയിൽ പെടാത്തതും സ്വന്തം വരുമാനം കൊണ്ട് പ്രവർത്തിക്കേണ്ടവയുമാകയാൽ അവയ്ക്കാവശ്യമുള്ള തസ്തികകൾ താത്കാലികമായി ഓരോ വർഷത്തേയ്ക്ക് സൃഷ്ടിക്കുകയും നിയമന കാലയളവ് ഘട്ടമായി നീട്ടുകയും ചെയ്യുന്നു. 14 താല്ക്കാലിക തസ്തികകൾ സൃഷ്ടിച്ചതിൽ 11 എണ്ണം സ്വാശ്രയ സ്ഥാപനങ്ങളിലും 3 എണ്ണം പെഡഗോഗിക്കൽ സയൻസിലുമാണ്. 13.12.2004-ൽ കൂടിയ സിൻഡിക്കേറ്റ് മീറ്റിംഗ് 31/5.38/2385-ാം ഇനമായി മേൽപ്പറഞ്ഞ 11 താല്ക്കാലിക ലൈബ്രറി അസിസ്റ്റന്റുമാരുടെ നിയമനം, പെൻഷൻ, മരണം, മറ്റു ജോലികളിൽ പ്രവേശിക്കുന്നത്, ദീർഘകാല അവധി തുടങ്ങിയ കാരണങ്ങളാലുണ്ടാകുന്ന സ്ഥിരം ഒഴിവുകളിലേയ്ക്ക് ക്രമീകരിക്കുന്നതിനായി അനുവാദം നൽകുന്നതിന് സർക്കാരിനോട് അപേക്ഷിച്ചു. യൂണിവേഴ്സിറ്റി അദ്ധ്യാപക നിയമന നിരോധനം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് സർക്കാർ പ്രസ്തുത അപേക്ഷ നിരസിച്ചു. (കത്ത് നമ്പർ 07.04.2005-ലെ 4304/ ബി-4/2005 എച്ച്.ഇ.ഡി.എൻ.) ജോലിഭാരം സംബന്ധിച്ച പഠന റിപ്പോർട്ട് സർക്കാർ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ സിൻഡിക്കേറ്റ് ഇതുവരെ തീരുമാനമെടുത്തിട്ടില്ല. ഗവൺമെന്റ് ഉത്തരവ് (എംഎസ്.)90/06. ഉന്നത വിദ്യാഭ്യാസം തീയതി 10.08.2006 പ്രകാരം ഗവൺമെന്റിന്റെ സാമ്പത്തിക അച്ചടക്ക ഉത്തരവുകൾ പാലിച്ചിട്ടുണ്ടെന്നും ഗവൺമെന്റിന്റെ മുൻകൂർ അനുമതിയില്ലാതെ തസ്തികകൾ ഒന്നും സൃഷ്ടിച്ചിട്ടില്ലായെന്നുമുള്ള തൊട്ടുമുൻ മാസത്തെ സംബന്ധിച്ച സത്യവാങ്മൂലമില്ലാതെ പദ്ധതിയേതര ഗ്രാന്റുകളും, മുൻപാദ സാമ്പത്തിക വർഷത്തെ സംബന്ധിച്ച

സാക്ഷ്യപ്പെടുത്തലില്ലാതെ പദ്ധതി ഗ്രാന്റുകളും നൽകില്ല എന്ന് വ്യക്തമാക്കുകയുണ്ടായി. ഇപ്രകാരമുള്ള എല്ലാ ഗവൺമെന്റ് നിർദ്ദേശങ്ങളും അവഗണിച്ച് ലൈബ്രറി അസിസ്റ്റന്റ്മാരുടെ 14 തസ്തികകൾ സൃഷ്ടിച്ചത്, യൂണിവേഴ്സിറ്റിയുടെ മുഖ്യധാരയിൽപെടുത്തി (സിൻഡിക്കേറ്റ് തീരുമാനം ഉപാ.നമ്പർ 18.ഒ.എ.19/6.25) ഇൻക്രിമെന്റ് ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും നൽകിയത് സർക്കാർ അനുമതി ഇല്ലാതെയാണ്. എം.ജി. യൂണിവേഴ്സിറ്റി ആക്ട് 1985 വകുപ്പ് 37 പ്രകാരം സാമ്പത്തിക ബാദ്ധ്യതകളുണ്ടാക്കുന്ന ചെലവുകൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങണമെന്ന് നിഷ്കർഷിക്കുന്നു. ഇതനുസരിച്ച് തസ്തികകൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന് സമർപ്പിച്ചു എങ്കിലും നാളിതുവരെ ഗവൺമെന്റ് മറുപടി നൽകിയിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.3.1(എ), (ബി)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

196. ശമ്പളപരിഷ്കരണ ബില്ലുകൾ തയ്യാറാക്കുന്നതിനാണ് അധിക വേതനം നൽകിയതെന്നും ഗവൺമെന്റ് റൂൾ അനുസരിച്ച് അധിക ജോലി ചെയ്യുന്നവർക്ക് നഷ്ടപരിഹാര അവധിയാണ് നല്കുന്നതെന്നും എന്നാൽ നഷ്ടപരിഹാര അവധി നല്കിയാൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങളെ ബാധിക്കുമെന്നതിനാലാണ് അധിക വേതനം നൽകാൻ തീരുമാനിച്ചതെന്നും അതുകൊണ്ട് യൂണിവേഴ്സിറ്റിക്ക് അധികനഷ്ടം വന്നിട്ടില്ലെന്നും പ്രസ്തുത ജോലി പുറത്തുള്ള ഏജൻസിയെ ഏൽപ്പിച്ചിരുന്നുവെങ്കിൽ ഇതിലേറെ നഷ്ടം വരുമായിരുന്നുവെന്നും എം. ജി. യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസർ വിശദീകരിച്ചു.

197. ജീവനക്കാർക്ക് നൽകിയ അധിക വേതനമായ 2,51,500/- രൂപ തിരികെ ഈടാക്കാത്തതിന് നല്കിയ വിശദീകരണം തൃപ്തികരമല്ല എന്ന് സമിതി അറിയിച്ചതിന് പ്രസ്തുത കാലയളവിൽ യൂണിവേഴ്സിറ്റിയിൽ ഇരുന്നൂറോളം ഒഴിവുകളുണ്ടായിരുന്നുവെന്നും ജീവനക്കാരുടെ കുറവ് മൂലം യൂണിവേഴ്സിറ്റിയിലെ ജോലികൾ കൃത്യസമയത്ത് നടക്കാതെ വരുമെന്നതിനാലാണ് അവരെക്കൊണ്ട് അധിക ജോലി ചെയ്യിക്കേണ്ടിവന്നതെന്നും എം. ജി. യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസർ മറുപടി നൽകി.

198. അനുവദനീയമായ സമയത്തിനുള്ളിൽ പ്രസ്തുത ജോലി ചെയ്തതിന് അധിക വേതനം നൽകിയിരിക്കുന്നുവെന്നതാണ് ഓഡിറ്റ് ഒബ്ജക്ഷനായി പറഞ്ഞിരിക്കുന്നതെന്നും നിയമാനുസൃതമായി ഒരു ജീവനക്കാരൻ ഓഫീസിൽ ജോലി ചെയ്യുന്ന സമയത്ത് കൂടുതൽ ജോലി ചെയ്യേണ്ടിവരുമ്പോൾ അതിന് അധികവേതനം നൽകുന്നതിന് നിയമം അനുവദിക്കുന്നില്ലെന്നും ഇരുന്നൂറോളം തസ്തികകളിൽ ജീവനക്കാരില്ലാത്ത കാര്യം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ ചൂണ്ടിക്കാട്ടിയതിന് ഓഫീസ് സമയം കഴിഞ്ഞുള്ള സമയത്ത് അധിക ജോലി ചെയ്തതിനാണ് അധിക വേതനം നൽകിയതെന്ന് എം. ജി. യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസർ വ്യക്തമാക്കി.

199. ജീവനക്കാരുടെ കുറവ് കാരണമാണ് ഇങ്ങനെയൊരു സാഹചര്യമുണ്ടായതെന്ന് ഓഡിറ്റ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ലേയെന്ന് സമിതി ആരാഞ്ഞതിന്, ഓഡിറ്റ് വകുപ്പിന് വിശദമായ മറുപടി നല്കിയിരുന്നുവെന്നും അതനുസരിച്ചാണ് സമിതിക്ക് നിലവിൽ മറുപടി നല്കിയിരിക്കുന്നതെന്നും എം.ജി.യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസർ മറുപടി നൽകി.

200. ഒരു ഉദ്യോഗസ്ഥന്റെ മുഴുവൻ സമയവും അദ്ദേഹത്തിന് വേതനം നൽകുന്ന സർക്കാരിന് വിനിയോഗിക്കാനുള്ളതും കൂടുതലായി യാതൊരു പ്രതിഫലത്തിനുള്ള അവകാശവും ഇല്ലാതെ തന്നെ അധികൃതർക്ക് അയാളുടെ സേവനം ഏതുവിധത്തിലും വിനിയോഗിക്കാവുന്നതുമാണ് എന്ന് കേരള സർവ്വീസ് റൂൾസ് (ഭാഗം-1) ചട്ടം 14 നിഷ്കർഷിക്കുമ്പോൾ, അധിക വേതനം നൽകിയത് ശരിയല്ലെന്ന് നിരീക്ഷിച്ച സമിതി, നിയമവിധേയമായി മാത്രമേ കാര്യങ്ങൾ ചെയ്യാൻ പാടുള്ളൂ എന്ന് അഭിപ്രായപ്പെട്ടു. പ്രസ്തുത കാലഘട്ടത്തിലെ സിൻഡിക്കേറ്റിന്റെ അനുമതിയോടുകൂടിയാണ് അധിക വേതനം കൊടുത്തിരിക്കുന്നതെന്ന് എം. ജി. യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസർ അറിയിച്ചു.

201. പരാമർശ വിഷയത്തിൽ സർക്കാരിന്റെ നിലപാടെന്തെന്ന് സമിതി ആരാഞ്ഞതിന്, ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ, അക്കൗണ്ട്സ്

വിഭാഗമാണ് ശമ്പള പരിഷ്കരണ ബില്ലുകൾ തയ്യാറാക്കേണ്ടതെന്നും അതൊരു അഡീഷണൽ ജോലിയല്ലെന്നും അത് അവരുടെ ഡ്യൂട്ടിയുടെ ഭാഗമാണെന്നും അതുകൊണ്ട് അധികമായി കൊടുത്ത തുക ഒന്നുകിൽ അവരുടെ കയ്യിൽനിന്നും ഈടാക്കുകയോ അല്ലെങ്കിൽ അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും വസൂലാക്കുകയോ ചെയ്യണമെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ചൂണ്ടിക്കാട്ടി.

202. അധികമായി നൽകിയ തുക അധിക വേതനം കൈപ്പറ്റിയ ജീവനക്കാരിൽ നിന്നോ അല്ലെങ്കിൽ അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

203. നിയമന തീയതി പ്രാബല്യത്തിൽ പതിനൊന്ന് ലൈബ്രറി അസിസ്റ്റന്റുമാരുടെ തസ്തിക സ്ഥിരപ്പെടുത്തി എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് 2004-05 വർഷത്തിൽ യൂണിവേഴ്സിറ്റിയിലുണ്ടായിരുന്ന 14 ഒഴിവുകൾ നികത്താൻ 'സിൻഡിക്കേറ്റ്' തീരുമാനമെടുത്തിരുന്നുവെന്നും സ്വാശ്രയ കോളേജുകൾക്കായി 11 പേരെയാണ് താൽക്കാലികമായി എടുത്തതെന്നും എം. ജി. യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസർ വ്യക്തമാക്കി.

204. തസ്തികകൾ അനുവദിക്കുന്നതിന് യൂണിവേഴ്സിറ്റി സർക്കാരിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടെങ്കിലും സർക്കാർ തുടർനടപടി സ്വീകരിക്കാത്തതെന്താണെന്ന് സമിതി ആരാഞ്ഞതിന്, ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചതിനുശേഷം പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട പഴയ ഫയൽ കണ്ടെടുക്കാൻ ശ്രമിച്ചെങ്കിലും ലഭ്യമായില്ലെന്നും ഫയൽ കണ്ടെടുത്ത് അടിയന്തിരമായി ഈ വിഷയം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

## <u>നിഗമനങ്ങൾ/ശിപാർശകൾ</u>

**205. ശമ്പളപരിഷ്കരണത്തിന്റെ ഭാഗമായി കടിശ്ശിക ബില്ലുകൾ തയ്യാറാക്കിയതിന് അധിക വേതനമായി നൽകിയ 251500/- രൂപ, തുക കൈപ്പറ്റിയ ജീവനക്കാരിൽ നിന്നോ അല്ലെങ്കിൽ അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**206. തസ്തികകൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശം യൂണിവേഴ്സിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല എന്ന സർവ്വകലാശാലയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.**

**കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല**

ഓഡിറ്റ് ഖണ്ഡിക

**പൊതു അവലോകനം**

**സ്റ്റാറ്റ്യൂട്ടിന്റെ അഭാവം**

1986-ലെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല നിയമമനുസരിച്ച് ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് സ്റ്റാറ്റ്യൂട്ടുകൾ നിർമ്മിക്കേണ്ടതുണ്ട്. നിയമത്തിന്റെ 38-ാം വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള 1 മുതൽ 11 വരെ ഇനങ്ങളെ സംബന്ധിച്ച സ്റ്റാറ്റ്യൂട്ടുകളാണ് നിർമ്മിക്കേണ്ടത്. ആദ്യ സ്റ്റാറ്റ്യൂട്ട് നിർമ്മിക്കേണ്ടത് സർക്കാരിന്റെ ചുമതലയാണ്. നിയമത്തിലെ 55-ാം വകുപ്പ് പ്രകാരമുള്ള ഇടക്കാല വ്യവസ്ഥകൾ പ്രകാരം പുതിയ സ്റ്റാറ്റ്യൂട്ട് നിർമ്മിക്കുന്നതുവരെ പഴയ നിയമങ്ങൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾ പ്രാബല്യത്തിലിരിക്കുന്നതാണ്. അദ്ധ്യാപകരുടെ സേവന വ്യവസ്ഥകൾ സംബന്ധിച്ച് 1991-ൽ പുറപ്പെടുവിച്ച സ്റ്റാറ്റ്യൂട്ട് ഒഴികെ പുതിയ നിയമപ്രകാരമുള്ള മറ്റു സ്റ്റാറ്റ്യൂട്ടുകൾ നിർമ്മിക്കുന്നതിന് സർക്കാർ നടപടിക്കായുള്ള യാതൊരു നീക്കങ്ങളും യൂണിവേഴ്സിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. 20 വർഷത്തിനുശേഷവും ഇടക്കാല വ്യവസ്ഥകളനുസരിച്ചാണ് യൂണിവേഴ്സിറ്റി പ്രവർത്തിച്ചുവരുന്നത്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 5.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

207. പ്രസ്തുത പരാമർശം സംബന്ധിച്ച് (സാങ്കേതിക തടസ്സം കാരണം ഓൺലൈനായി യോഗത്തിൽ പങ്കെടുത്ത കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഫിനാൻസ് ഓഫീസർ നൽകിയ മറുപടി വ്യക്തമാകാത്തതിനാൽ) വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

208. സർവ്വകലാശാല കരട് സ്റ്റാറ്റ്യൂട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും സ്റ്റാറ്റ്യൂട്ട് ലഭ്യമായാൽ നിയമ വകുപ്പിനെക്കൊണ്ട് വെറ്റ് ചെയ്യിപ്പിച്ച് തുടർനടപടികളിലേയ്ക്ക് പോകാമെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**209. സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് തയ്യാറാക്കി അതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർവ്വകലാശാലകൾ**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമപ്രകാരം കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടെയും ഓഡിറ്റിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർവ്വകലാശാലാ കാര്യാലയങ്ങളിൽ കൺകറന്റ് ഓഡിറ്റ് ഓഫീസുകൾ മുഖേന ഓഡിറ്റ് നടത്തുന്ന രീതിയാണ് നിലവിലുള്ളത്. കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ നിലവിലുള്ള ഓഡിറ്റ് സംവിധാനം താഴെ കൊടുക്കുന്നു.

| ക്രമ നം. | സർവ്വകലാശാലയുടെ പേര് | ഓഡിറ്റ് സംവിധാനം |
|---|---|---|
| 1 | കേരള സർവ്വകലാശാല | കൺകറന്റ് ഓഡിറ്റ് ഓഫീസ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 19 ജീവനക്കാർ |
| 2 | മഹാത്മാഗാന്ധി സർവ്വകലാശാല | കൺകറന്റ് ഓഡിറ്റ് ഓഫീസ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 17 ജീവനക്കാർ |
| 3 | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | കൺകറന്റ് ഓഡിറ്റ് ഓഫീസ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 15 ജീവനക്കാർ |

| | | |
|---|---|---|
| 4 | കേരള കാർഷിക സർവ്വകലാശാല | കൺകറന്റ് ഓഡിറ്റ് ഓഫീസ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 25 ജീവനക്കാർ |
| 5 | കാലിക്കറ്റ് സർവ്വകലാശാല | കൺകറന്റ് ഓഡിറ്റ് ഓഫീസ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 19 ജീവനക്കാർ |
| 6 | സംസ്കൃത സർവ്വകലാശാല | കൺകറന്റ് ഓഡിറ്റ് ഓഫീസ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 12 ജീവനക്കാർ |
| 7 | കണ്ണൂർ സർവ്വകലാശാല | കൺകറന്റ് ഓഡിറ്റ് ഓഫീസ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 12 ജീവനക്കാർ |
| 8 | വെറ്ററിനറി സർവ്വകലാശാല | ഓഡിറ്റ് ഓഫീസ് അനുവദിക്കുന്നത് സർക്കാർ പരിഗണനയിലാണ്. |
| 9 | മെഡിക്കൽ സർവ്വകലാശാല | ഓഡിറ്റ് ഓഫീസ് അനുവദിക്കുന്നത് സർക്കാർ പരിഗണനയിലാണ്. |
| 10 | ഫിഷറീസ് സർവ്വകലാശാല | ഓഡിറ്റ് ഓഫീസ് അനുവദിക്കുന്നത് സർക്കാർ പരിഗണനയിലാണ്. |

## 2010-11 വർഷം സർവ്വകലാശാലകൾക്ക് ലഭിച്ച ഗ്രാന്റ് തുകയുടെ വിവരം

| ക്രമ നം. | യൂണിവേഴ്സിറ്റി | പദ്ധതിയിതരം | പദ്ധതി | | സ്പെഷ്യൽ ഫണ്ടുകൾ (ഇയർമാർക്ക്ഡ്) | | | |
|---|---|---|---|---|---|---|---|---|
| | | സംസ്ഥാന സർക്കാർ | സംസ്ഥാന സർക്കാർ | യു.ജി.സി | സംസ്ഥാന സർക്കാർ | യു.ജി.സി | കേന്ദ്ര സർക്കാർ | മറ്റ് ഏജൻസികൾ |
| 1 | കേരള സർവ്വകലാശാല | 744500000 | 213000000 | 38713000 | 44051656 | 18762509 | 36416993 | 20705258 |
| 2 | മഹാത്മാഗാന്ധി സർവ്വകലാശാല | 309969000 | 171050000 | 31012000 | - | 16452312 | | 81805813 |
| 3 | കൊച്ചിശാസ്ത്ര സാങ്കേതിക സർവ്വകലാശാല | 243800000 | 221612500 | 59662986 | - | - | 59541579 | 33591630 |
| 4 | കാലടി സംസ്കൃത സർവ്വകലാശാല | 163800000 | 40000000 | 40902646 | - | - | 40871000 | 5109375* |
| 5 | കാർഷിക സർവ്വകലാശാല | 963400000 | 439375000 | - | 191063146 | - | 172973529 | 970359228 |
| 6 | കാലിക്കറ്റ് സർവ്വകലാശാല | 540800000 | 80000000 | 62895000 | 59106250 | - | | 4941000 |
| 7 | കണ്ണൂർ സർവ്വകലാശാല | 97244000 | 340000000 | 23217000 | 3021724 | 7179579 | 253200 | 10729702 |

ജീവനക്കാർക്ക് ലഭിക്കേണ്ടുന്ന പലിശയുൾപ്പെടെ 30,69,62,336/- രൂപയുടെ കുറവുണ്ട്. ബാങ്കുകളിലെ സേവിംഗ്സ് അക്കൗണ്ടുകളായും ടേം ഡെപ്പോസിറ്റുകളായും പി.എഫ്. അക്കൗണ്ട് സൂക്ഷിച്ചതുകാരണം പലിശയിനത്തിൽ ഏകദേശം 2 കോടി രൂപയുടെ നഷ്ടം യൂണിവേഴ്സിറ്റി ഫണ്ടിന് 2008-09 വർഷം മാത്രം ഉണ്ടായിട്ടുണ്ട്. ആയതിനാൽ മറ്റു യൂണിവേഴ്സിറ്റികളിലേതുപോലെ പി. എഫ്. അക്കൗണ്ടുകൾ ഗവൺമെന്റ് ട്രഷറികളിൽ ആരംഭിക്കാനുള്ള നടപടികൾ എത്രയുംപെട്ടെന്ന് സ്വീകരിക്കേണ്ടതും പലിയശയിനത്തിൽ കുറവുവന്ന തുക വീണ്ടെടുക്കുവാൻ സർക്കാരിനോടഭ്യർത്ഥിക്കേണ്ടതുമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, അദ്ധ്യായം 3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

210. 2010-11 കാലഘട്ടത്തിൽ ഫിഷറീസ് സർവ്വകലാശാല പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും 1.4.2011 മുതലാണ് പ്രവർത്തനം ആരംഭിച്ചതെന്നും ഫിഷറീസ് സർവ്വകലാശാല പ്രതിനിധിയും മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള വെറ്ററിനറി സർവ്വകലാശാല 2010-11 കാലഘട്ടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും എട്ട് ഉദ്യോഗസ്ഥരുമായി 2.5.2012-ലാണ് ഓഡിറ്റ് ഓഫീസ് പ്രവർത്തനം ആരംഭിച്ചതെന്നും വെറ്ററിനറി സർവ്വകലാശാല രജിസ്ട്രാറും മെഡിക്കൽ സർവ്വകലാശാല 2010-ലാണ് പ്രവർത്തനം ആരംഭിച്ചതെന്നും പൊതുവായ നിർദ്ദേശങ്ങളെല്ലാം മെഡിക്കൽ സർവ്വകലാശാല അംഗീകരിച്ച് പോകുന്നുണ്ടെന്നും മെഡിക്കൽ സർവ്വകലാശാല പ്രതിനിധി സമിതിയെ അറിയിച്ചു

## <u>നിഗമനങ്ങൾ / ശിപാർശകൾ</u>

**211. ഓഡിറ്റ് കണ്ടെത്തിയ അപാകതകളെല്ലാം പരിഹരിച്ചിട്ടുണ്ടെന്നും പൊതുവായ നിർദ്ദേശങ്ങളെല്ലാം എല്ലാ സർവ്വകലാശാലകളും പാലിക്കുന്നുണ്ടെന്നുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ശ്രീ. ടി. പി. രാമകൃഷ്ണൻ**
**അദ്ധ്യക്ഷൻ**
**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി**

**തിരുവനന്തപുരം**
2023 ആഗസ്റ്റ് 10

# അനുബന്ധം - I

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നം. | ഖണ്ഡിക നം. | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ ശിപാർശകൾ |
|---|---|---|---|
| 1 | 8 | സാംസ്കാരിക കാര്യം | കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് ഓഡിറ്റ് പരാമർശിച്ച 17,75,700/- രൂപ പിരിഞ്ഞുകിട്ടിയത് സംബന്ധിച്ചും വിജ്ഞാനകോശം വാല്യങ്ങൾ സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന് വിതരണത്തിനായി നൽകിയ വകയിൽ ഇൻസ്റ്റിറ്റ്യൂട്ടിന് 207330/- രൂപ ലഭിച്ചത് സംബന്ധിച്ചുമുള്ള രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കാൻ സമിതി നിർദ്ദേശിക്കുന്നു. കൂടാതെ, വിജ്ഞാനകോശം വാല്യങ്ങൾ വിതരണം ചെയ്ത വകയിൽ സ്കൂളുകളിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 19, 20 | " | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. വിജ്ഞാന സമ്പാദനത്തിന് നൂതന സാങ്കേതിക വിദ്യകൾ നിലവിലുള്ള സാഹചര്യത്തിൽ സർവ്വവിജ്ഞാനകോശം വാല്യങ്ങളുടെ അച്ചടി പരമാവധി കുറച്ച് ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റുന്നതായിരിക്കും ഉചിതം എന്ന് സമിതി നിരീക്ഷിക്കുന്നു. സർവ്വവിജ്ഞാനകോശം സി.ഡി. രൂപത്തിൽ സ്കൂളുകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സംസ്ഥാന ലൈബ്രറി കൗൺസിലുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ ലൈബ്രറികളിലും വിജ്ഞാനകോശം വാല്യങ്ങൾ എത്തിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, സർവ്വവിജ്ഞാനകോശം തയ്യാറാക്കുന്നതോടൊപ്പം ഭാഷയുടെ നവീകരണത്തിനുതകുന്ന പുതിയ മേഖലകൾ കൂടി ഇൻസ്റ്റിറ്റ്യൂട്ട് കണ്ടെത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 3 | 30 | " | കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ പി.എസ്.സി യ്ക്ക് വിടുന്നത് സംബന്ധിച്ച സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്ന നടപടി ത്വരിതപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ കരാർ നിയമനം സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പുസ്തക പ്രദർശന മേളകൾ, വിജ്ഞാനമുദ്രണം പ്രസ്സിന്റെ |

| | | | |
|---|---|---|---|
| | | | ആധുനികവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 34 | " | അക്കാദമിക് കൗൺസിൽ കാലാകാലങ്ങളിൽ സിലബസിൽ മാറ്റം വരുത്തുമ്പോൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുമായോ മറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങളുമായോ ആശയവിനിമയം നടത്തണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 38 | " | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 42 | " | പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 51, 52 | " | കേരള കലാമണ്ഡലത്തിൽ 1984-ലെ സ്റ്റാഫ് പാറ്റേൺ പ്രകാരം അനുവദിച്ചിരുന്ന 112 തസ്തികകൾ ഒഴിവായത് എങ്ങിനെയെന്ന് പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br>52. കലാമണ്ഡലത്തെ ഒരു പ്രത്യേക സ്ഥാപനമായി പരിഗണിച്ച് കൃത്യമായ പഠനം നടത്തണമെന്നും അവിടുത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന ഒരു സംവിധാനം ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 56 | " | സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ 4 തസ്തികകൾ സൃഷ്ടിച്ച് ശമ്പള സ്കെയിൽ അനുവദിച്ച് നൽകിയെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച സാധൂകരണം സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 64 | തൊഴിലും നൈപുണ്യവും വകുപ്പ് | കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിലെ പോരായ്മകൾ കൃത്യമായി വിലയിരുത്തി ആയവ പരിഹരിക്കുന്നതിനും കുടിശ്ശിക പിരിവിന്റെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 67 | | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 11 | 71 | ഭവന നിർമ്മാണ വകുപ്പ് | പ്രസ്തുത പ്രവൃത്തിക്കായി ചെലവഴിച്ച തുകയ്ക്ക് സർക്കാർ സാധൂകരണം ലഭിച്ചിട്ടുണ്ടെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 77 | " | യഥാസമയം വാടക പിരിച്ചെടുക്കുന്നതിൽ ബോർഡിന്റെ ഭാഗത്ത് കടുത്ത അനാസ്ഥ ഉള്ളതായി സമിതി വിലയിരുത്തുന്നു. നോട്ടീസ് അയച്ചതല്ലാതെ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ബോർഡ് യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. കുടിശ്ശിക നിവാരണത്തിന് ഭവനനിർമ്മാണ ബോർഡ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 80 | " | നെടുമങ്ങാട് റവന്യൂ ടവറിൽ മുറികൾ വാടകയ്ക്ക് നൽകിയതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 87, 88 | " | ഭവന നിർമ്മാണ ബോർഡ് നിർമ്മിച്ച ഫ്ലാറ്റുകൾ, കെട്ടിടങ്ങൾ എന്നിവ വിൽക്കാതെ കിടക്കുന്നതിനുള്ള പ്രധാന കാരണം നിർമ്മാണത്തിലെ അപാകതകളും കുടിവെള്ളം അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുമാണെന്ന് സമിതി വിലയിരുത്തുന്നു.<br>88. ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുമ്പോൾത്തന്നെ ഭാവിയിലുണ്ടാകുന്ന ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുമോയെന്ന് പരിശോധിച്ച് നൂതന സാങ്കേതിക വിദ്യകളുപയോഗിച്ച് ആവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി ഉണ്ടാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുകയും ഭവനനിർമ്മാണ ബോർഡ് കുടിവെള്ളവും മറ്റ് അടിസ്ഥാന സൗകര്യങ്ങളുമില്ലാത്ത ഫ്ലാറ്റുകൾ വാടകയ്ക്ക് കൊടുക്കുന്നതിൽ അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഫ്ലാറ്റുകളിൽ കുടിവെള്ളവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കുന്നതിനും വാടക കുടിശ്ശിക ഈടാക്കുന്നതിനും ബോർഡ് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 91 | റവന്യൂ (ദേവസ്വം) | ക്ഷേത്ര ഫണ്ടിന് നഷ്ടം വരുത്തിയ എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിലുള്ള ക്രിമിനൽ കേസ് വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 16 | 102, 103, 104, 105, 106 | " | ക്ഷേത്രങ്ങളിലെ ജോലിഭാരം കണക്കിലെടുത്ത് ആവശ്യമായ തസ്തികകൾ അംഗീകരിക്കുന്നതിന് ക്ഷേത്രഭരണാധികാരികൾ സമർപ്പിക്കുന്ന അപേക്ഷ പരിശോധിച്ച് ആവശ്യമായ നിയമനങ്ങൾക്ക് അംഗീകാരം നൽകിവരുന്നുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ നിയമനം സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br>ക്ഷേത്ര ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനായി നിയമിച്ച അഡ്വ. ഗോപാലകൃഷ്ണൻ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണെന്ന് സമിതി മനസ്സിലാക്കുന്നു. ഡി.എ. കുടിശ്ശിക സംബന്ധിച്ച പ്രശ്നം കാരണം ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം നൽകാതിരിക്കുന്ന നടപടി അംഗീകരിക്കാനാവില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ യൂണിയൻ നേതാക്കളുമായി ചർച്ച ചെയ്ത് നിലവിലുള്ള ശമ്പളമെങ്കിലും കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നും പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.<br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ മരാമത്ത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br>സ്റ്റോർ പർച്ചേസ് മാന്വൽ ബാധകമാക്കണം എന്ന പരാമർശം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.<br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ക്ഷേത്രഭൂമി സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 108 | " | നഷ്ടതുകയായ 1,28,801/- രൂപ ദേവസ്വം അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 18 | 110 | " | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 114, 115 | കൃഷി (ഫാംസ്) | കാമ്പസ് ഡെവലപ്‌മെന്റ് ആന്റ് സെൻട്രൽ നഴ്സറി സിവിൽ പ്രവൃത്തികളിലെ നഷ്ടം എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച വിജിലൻസ് കേസന്വേഷണത്തിന്റെ മെല്ലെപ്പോക്കിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കേസ് അന്വേഷണം ത്വരിതപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.<br>115. അബാർഡ് പദ്ധതി പൊതുമരാമത്ത് ചട്ടങ്ങൾ പാലിച്ചിട്ടില്ല എന്ന പരാമർശം സംബന്ധിച്ച് ഓഡിറ്റ് കണ്ടെത്തിയ ബാധ്യതാ തുകയായ 56,785/- രൂപ അബാർഡ് പദ്ധതിയുടെ അന്നത്തെ കോർഡിനേറ്ററുടെ ചുമതല വഹിച്ചിരുന്നയാളുടെ പെൻഷൻ ആനുകൂല്യത്തിൽ നിന്ന് ഈടാക്കാൻ ഉത്തരവായിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത തുക ഈടാക്കി ഓഡിറ്റിന് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 118 | " | ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 120 | " | കേസന്വേഷണത്തിന്റെ മെല്ലെപ്പോക്കിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കേസ് അന്വേഷണം അടിയന്തിരമായി പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 22 | 124, 125 | " | തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ഭരണകാര്യാലയ നിർമ്മാണത്തിനായി ലഭിച്ച കുറഞ്ഞ ടെണ്ടർ അവഗണിച്ച് സർവകലാശാലയ്ക്ക് നഷ്ടം വരുത്തിയതിലൂടെ കരാർ വ്യവസ്ഥയുടെ ലംഘനമാണ് നടന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് വകുപ്പ് തലത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.<br>സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പൂക്കോട് വെറ്ററിനറി കോളേജുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 23 | 129 | " | കെ.വി.കെ. മഞ്ചേശ്വർ ട്രെയ്നീസ് ഹോസ്റ്റൽ കെട്ടിടത്തിന്റെ ശേഷിച്ച പണി പൂർത്തീകരിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെട്ടു മറ്റ് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 133 | " | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 25 | 136 | " | നിലവിൽ കാർഡമം ഡ്രൈയർ സ്ഥാപനത്തിന് ഉതകുന്ന രീതിയിൽ പ്രവർത്തിപ്പിക്കുന്നുണ്ടെന്നുള്ള ഓഡിറ്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 26 | 140 | ഉന്നത വിദ്യാഭ്യാസ വകുപ്പ് | നഷ്ടപരിഹാരം നൽകിയ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാധ്യതയായി കോടതി പരാമർശിച്ചിട്ടില്ല എന്ന കേരള സർവ്വകലാശാല രജിസ്ട്രാറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച കോടതി വിധി കൂടി ഉൾപ്പെടുത്തിയ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 27 | 143 | " | ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കരുതെന്ന് വകുപ്പ് മേധാവിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും നിലവിൽ കൃത്യമായ കണക്കുകളും രേഖകളും സൂക്ഷിക്കുന്നുണ്ടെന്നും 2020-21 വരെയുള്ള ഓഡിറ്റുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള സർവ്വകലാശാലയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 28 | 149 | " | ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 29 | 157 | " | ജീവനക്കാരുടെ പി.എഫ്. വിഹിതം ട്രഷറിയിൽ അടയ്ക്കുന്നതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 30 | 159 | " | യൂണിവേഴ്സിറ്റി ഫണ്ടിന് വ്യക്തമായ നഷ്ടം സംഭവിച്ചിട്ടില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടതായുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 31 | 161 | " | ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 32 | 163 | " | സെന്റർ ഫോർ വിമൻ സ്റ്റഡീസിൽ 3 ടീച്ചിംഗ് പോസ്റ്റുകൾ 9.1.2012-ലെ ജി.ഒ.(എം.എസ്.) 8/12/ഹയർ എഡ്യൂക്കേഷൻ നമ്പർ സർക്കാർ ഉത്തരവിലൂടെ പത്താം പ്ലാൻ പീരിഡിലേക്ക് അനുവദിച്ചിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 33 | 165 | " | കമ്പി വിറ്റ വിലയും മാർക്കറ്റ് വിലയും തമ്മിലുള്ള വ്യത്യാസം കണക്കാക്കി ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും നഷ്ടം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 34 | 168 | " | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 35 | 176, 177 | " | എം.ജി. സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരാമർശം വന്ന് 12 വർഷം കഴിഞ്ഞിട്ടും സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്തുന്നതിന് സിൻഡിക്കേറ്റ് തീരുമാനമെടുക്കാത്തതിലും പ്രസ്തുത വിഷയത്തിൽ സർവ്വകലാശാലയുടെ ഭാഗത്ത് നിന്ന് കാലതാമസമുണ്ടായിട്ടും സർക്കാർ ഇടപെടൽ ഉണ്ടാകാത്തതിലും സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഉന്നതവിദ്യാഭ്യാസ വകുപ്പ് ഓഡിറ്റ് പരാമർശം സംബന്ധിച്ച് പരിശോധിക്കുന്നതിനും സർവ്വകലാശാല വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.<br>കാലിക്കറ്റ് സർവ്വകലാശാലയുമായി ബന്ധപ്പെട്ട പരാമർശം സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 36 | 180 | " | നിലവിൽ യൂണിവേഴ്സിറ്റിയിൽ പോസ്റ്റ് അപ്ഗ്രേഡേഷൻ, സമയബന്ധിത ഗ്രേഡുകൾ, ഉയർന്ന ശമ്പള സ്കെയിലുകൾ ഓഡിറ്റ് പരാമർശിച്ച മറ്റാനുകൂല്യങ്ങൾ എന്നിവ നൽകുന്നില്ല എന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 37 | 183 | " | നിലവിൽ സർവ്വകലാശാലയിൽ ഉയർന്ന നിരക്കിലുള്ള വീട്ടുവാടക ബത്ത അനുവദിക്കുന്നില്ലെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിരക്കിലാണ് വീട്ടുവാടകബത്ത നൽകിവരുന്നതെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 38 | 187 | " | സർവ്വകലാശാല സൂപ്പർന്യൂമററി തസ്തിക സർക്കാർ അംഗീകാരമില്ലാതെ സ്ഥിരം തസ്തികയാക്കി നിലനിർത്തുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. സർവ്വകലാശാലയുടെ പ്രസ്തുത നടപടി സംബന്ധിച്ച് വിശദമായി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. |
| 39 | 190 | " | സർവ്വകലാശാലകൾ അവയുടെ സ്റ്റാറ്റ്യൂട്ടിന് വിധേയമായി പ്രവർത്തിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ജീവനക്കാർക്ക് അധികമായി നൽകിയ 72,450/-രൂപ അവരിൽ നിന്നും തിരികെ ഈടാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 40 | 195 | " | ഓരോ യൂണിവേഴ്സിറ്റിയുടെയും കീഴിലുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിന് നേരിട്ട് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ പ്രാപ്തിയുണ്ടെന്ന് സമിതി വിലയിരുത്തുന്നു. സർവ്വകലാശാല 10 ലക്ഷം രൂപയ്ക്ക് മുകളിൽ അടങ്കലുള്ള പ്രവൃത്തികൾ കേന്ദ്ര പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 41 | 205, 206 | " | ശമ്പളപരിഷ്കരണത്തിന്റെ ഭാഗമായി കുടിശ്ശിക ബില്ലുകൾ തയ്യാറാക്കിയതിന് അധിക വേതനമായി നൽകിയ 251500/- രൂപ, തുക കൈപ്പറ്റിയ ജീവനക്കാരിൽ നിന്നോ അല്ലെങ്കിൽ അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br>തസ്തികകൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശം യൂണിവേഴ്സിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല എന്ന സർവ്വകലാശാലയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 42 | 209 | " | സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് തയ്യാറാക്കി അതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 43 | 211 | " | ഓഡിറ്റ് കണ്ടെത്തിയ അപാകതകളെല്ലാം പരിഹരിച്ചിട്ടുണ്ടെന്നും പൊതുവായ നിർദ്ദേശങ്ങളെല്ലാം എല്ലാ സർവ്വകലാശാലകളും പാലിക്കുന്നുണ്ടെന്നുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23) - 2008-09 മുതൽ 2010-2011 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളിന്മേലുള്ള ന്യൂനതാ പരിഹാര നടപടി പത്രിക**

| ക്രമ നമ്പർ | സ്ഥാപനം | പരാമർശ വർഷം | ഖണ്ഡിക | ആഡിറ്റ് പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|---|---|---|
| 1 | കേരള സംസ്ഥാന സർവ വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് | 2008-09 | 3.1.5 | വിജ്ഞാന കോശം വാല്യങ്ങൾ നൽകിയ ഇനത്തിൽ സ്ഥാപനത്തിന് നഷ്ടം. | <u>1)കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി</u><br><br>കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന് പരമാവധി 10 ലക്ഷം രൂപ വില വരുന്ന പുസ്തകങ്ങൾ നല്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിലുള്ള വ്യവസ്ഥപ്രകാരം 40% ഡിസ്കൗണ്ട് കിഴിച്ചുള്ള തുകയ്ക്കാണ് വിജ്ഞാനകോശം വാല്യങ്ങൾ ബുക്ക് മാർക്കിന് നൽകി വരുന്നത്. നാളിതുവരെ 89,27,074/- രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. 2020-2021 സാമ്പത്തികവർഷം 3,00,000/- (മൂന്ന്ലക്ഷം രൂപ) ലഭിച്ചിട്ടുണ്ട് . കുടിശ്ശികയായി 12,54,620/- (പന്ത്രണ്ടുലക്ഷത്തി അമ്പത്തിനാലായിരത്തി അറുനൂറ്റി ഇരുപത് രൂപ) കൂടി ലഭിക്കാനുണ്ട്. ഫോൺ മുഖാന്തിരവും കത്ത് മുഖേനയും ഓർമ്മക്കുറിപ്പ് നല്കിയും കുടിശ്ശിക ഈടാക്കുന്നതിനുള്ള ഊർജിത ശ്രമങ്ങൾ നടത്തിവരുന്നു.<br><br><u>2)സാഹിത്യ പ്രവർത്തക സഹകരണസംഘം</u><br><br>സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2008-2009 വർഷത്തെ ഖണ്ഡിക 3.1.5 പ്രകാരം സാഹിത്യപ്രവർത്തക സഹകരണ സംഘത്തിൽ നിന്നും തുകകൾ ഒന്നും തന്നെ ലഭിക്കാനില്ല.<br><br><u>3)സ്കൂൾ(ഡി.ഇ.ഒ) മുഖാന്തിരം</u><br><br>ഇൻസ്റ്റിറ്റ്യൂട്ട് അതാത് സമയത്ത് പ്രസിദ്ധീകരിക്കുന്ന വിജ്ഞാനകോശം വാല്യങ്ങൾ എല്ലാ ഹൈസ്കൂളുകൾക്കും, |

| | | | | | |
|---|---|---|---|---|---|
| | | | | | എൽ.പി. യു.പി സ്കൂളുകൾക്കും (സർക്കാർ, എയ്ഡഡ്) ബന്ധപ്പെട്ട ജില്ലാ /ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ മുഖേന സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിതരണം നടത്തി വരുന്നു. ആയതിനാലാണ് കുടിശ്ശിക നിലനിന്നുപോരുന്നത്. എന്നാൽ 2020-2021, 2021-2022 എന്നീ സാമ്പത്തിക വർഷത്തിൽ 11,05,730/-, 9,63,061/-രൂപ വീതം പിരിഞ്ഞുകിട്ടിയിട്ടുണ്ട്. 1,13,96,163/-(ഒരു കോടി പതിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി നൂറ്റി അറുപത്തിമൂന്ന് രൂപ) കുടിശ്ശികയായി ലഭിക്കാനുണ്ട്. കുടിശ്ശിക ഈടാക്കുന്നതിനായി അതാത് സ്കൂളുകൾക്കും , ഡി.ഇ.ഒ ഓഫീസുകളിലും ഓർമ്മകുറിപ്പുകൾ അയച്ച വരുന്നു. |
| | | | 3.3.3 | മാനദണ്ഡങ്ങൾ ലംഘിച്ച് നിയമനം | ലോക വിജ്ഞാനം എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയുടെ മാതൃകയിൽ മലയാളത്തിൽ സർവവിജ്ഞാനകോശം വാല്യങ്ങളായി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക എന്ന ദൗത്യമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. ഇത്തരത്തിൽ ആധികാരികമായ വിജ്ഞാനകോശം വാല്യങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന് ഈ മേഖലയിൽ പ്രത്യേകമായ കഴിവും പരിജ്ഞാനവും ഉള്ള മാനവശേഷി കൂടിയേ തീരു. സംസ്ഥാനത്തിന്റെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി സമയബന്ധിതമായി ഈ പ്രവർത്തികൾ പൂർത്തിയാക്കുന്നതിനുള്ള മാനവശേഷി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ കണ്ടെത്തി നടപ്പിലാക്കുന്നത് പ്രായോഗികമല്ല എന്നതിനാലാണ് ഇൻസ്റ്റിറ്റ്യൂട്ടിൽ മുൻപ് ഈ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ജീവനക്കാരുടെ സേവനം തുടർ വർഷങ്ങളിലും ഉപയോഗിക്കാൻ |

| | | | | | |
|---|---|---|---|---|---|
| | | | | | നിർബന്ധിതമായത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിലെ തികച്ചും വ്യത്യസ്തമായ ഈ പ്രത്യേകതകൾ പരിഗണിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയല്ലാതെ മാനവശേഷി ഉപയോഗിച്ചത് സംബന്ധിച്ച തടസ്സവാദം ഒഴിവാക്കുന്നത് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. |
| 2 | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | 2009-10 | 2.1.6 | ദേശീയതലത്തിൽ സാംസ്കാരികവും വൈകാരികവുമായ ഉന്നമനത്തിന് മലയാള ഭാഷയെ വികസിപ്പിക്കുക, ഭരണ ഭാഷയെന്ന നിലയിൽ മലയാളത്തെ സജീവമാക്കി ഉപയോഗപ്പെടുത്താൻ സർക്കാരുമായി സഹകരിച്ച് പ്രവർത്തിക്കുക, ഉന്നത ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസ മേഖലയുൾപ്പെടെ എല്ലാ തലങ്ങളിലും അദ്ധ്യയനഭാഷയായി മലയാള ഭാഷയെ പ്രയോജനപ്പെടുത്താൻ പ്രവർത്തിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ 1955-ലെ തിരു-കൊച്ചി ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം 1968-ൽ കേരള സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായി. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 40 വർഷം പിന്നിട്ടുമ്പോൾ മലയാള ഭാഷ തനിമയോടെ നിൽക്കുവാൻ സഹായിക്കുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. 18.08.1999-ലെ ജി.ഒ.(പി)35/99/സി.എ.ഡി പ്രകാരം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങളെല്ലാം പി.എസ്.സിക്ക് നൽകിയിരുന്നു. തുടർന്ന് 31.10.2000-ലെ | ഇത് ഒരു പൊതുവായ പരാമർശം ആണ്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലും വിജ്ഞാനമുദ്രണം പ്രസ്സിലും താൽക്കാലിക നിയമനം നടത്തേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിലേയ്ക്ക് ക്ഷണിക്കുന്നു. 1999-ൽ തന്നെ ഇൻസ്റ്റിറ്റ്യൂട്ട്, വി.എം.പി എന്നിവയുടെ നിയമനം സർക്കാർ പി.എസ്.സിക്ക് വിട്ടുവെങ്കിലും കരട് സ്പെഷ്യൽ റൂൾസ് സർക്കാരിന്റെ പരിഗണനയിലാണ്. ആയതിനാൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്/ വിജ്ഞാന മുദ്രണം പ്രസ്സ് എന്നിവിടങ്ങളിൽ സ്ഥിരനിയമനങ്ങൾ നടക്കുന്നില്ല. ദൈനംദിന പ്രവർത്തനങ്ങൾ പോലും മുന്നോട്ട് കൊണ്ടുപോകാൻ ആവശ്യമായ ജീവനക്കാരുടെ അഭാവം മൂലമാണ് ദിവസവേതന/കരാർ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. ഇത്തരത്തിൽ നടത്തുന്ന നിയമനങ്ങൾക്ക് നിലവിൽ ഭരണസമിതിയുടെയും സർക്കാരിന്റെയും അംഗീകാരം വാങ്ങുന്നുണ്ട്. നിലവിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ആസ്ഥാന ഓഫീസ്, കോഴിക്കോട് പ്രാദേശിക കേന്ദ്രം എന്നിവ സംഘടിപ്പിക്കുന്ന പുസ്തകോത്സവങ്ങൾ ലാഭകരമായിട്ടാണ് നടത്തി വരുന്നത്. കൂടാതെ ഏതെങ്കിലും തരത്തിലുള്ള നഷ്ടം സംഭവിക്കുന്ന പക്ഷം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ആയത് ഈടാക്കി വരുന്നുണ്ട്. ആയതിനാൽ പുസ്തകപ്രദർശനങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിന് അധിക ബാധ്യതയുണ്ടാക്കുന്നില്ല. പരാമർശം ഒഴിവാക്കണമെന്ന് |

| | | | | | |
|---|---|---|---|---|---|
| | | | | 1110/ബി1/2000/സി.എ.ഡി ഉത്തരവിൽ കരാർ നിയമനങ്ങൾ സർക്കാർ അനുമതിയോടുകൂടി മാത്രമേ നടത്താൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ വ്യവസ്ഥകൾ പാലിക്കാതെ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നരീതി ചട്ടവിരുദ്ധമാണ്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആസ്ഥാന ഓഫീസ്, കോഴിക്കോട് പ്രാദേശിക കേന്ദ്രം എന്നിവിടങ്ങളിൽ നിന്നും 14 ജില്ലകളിലും സംഘടിപ്പിക്കുന്ന പുസ്തക പ്രദർശന മേളകൾ ഇൻസ്റ്റിറ്റ്യൂട്ടിന് അധിക ബാദ്ധ്യതയുണ്ടാക്കുന്നു. കൂടാതെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിജ്ഞാന മുദ്രണം പ്രസ്സിൽ ആധുനിക സൗകര്യങ്ങളുള്ള മൾട്ടികളർ ഓഫ് സെറ്റ് പ്രസ്സ് സ്ഥാപിക്കേണ്ടതും, വർഷം തോറും സ്വകാര്യ പ്രസ്സിന് നൽകുന്ന അച്ചടിക്കൂലി ഒഴിവാക്കേണ്ടതുമാണ്. | അഭ്യർത്ഥിക്കുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന അക്കാദമിക് സ്ഥാപനമാണ്. നിലവിൽ 2022-23 ബഡ്ജറ്റിൽ വിജ്ഞാനമുദ്രണം പ്രസ്സിന്റെ കെട്ടിടം നവീകരിക്കുന്നതിന് സർക്കാർ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ആയതിൽ ഭരണാനുമതി നൽകിയിട്ടുണ്ട് . |
| 3 | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | 2010-11 | 4.2 | സി.എസ്.ടി.ടി ഗ്രാന്റ് വിനിയോഗം, താൽക്കാലിക നിയമനം | യൂണിവേഴ്സിറ്റി തലത്തിലുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനാണ് സി.എസ്.ടി.ടി ഗ്രാന്റ് ലഭിക്കുന്നത്. ഈ ഫണ്ട് ഉപയോഗിച്ച് ഇൻസ്റ്റിറ്റ്യൂട്ട് യൂണിവേഴ്സിറ്റി തലത്തിലുള്ള പുസ്തകങ്ങൾ തന്നെയാണ് പ്രസിദ്ധീകരിക്കുന്നത്. നിലവിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർമാർ, അക്കാദമിക് വിഭാഗം ജീവനക്കാർ എന്നിവർ ഉൾപ്പെടുന്ന സമിതിയിൽ പരിശോധിച്ചതിന് ശേഷം മാത്രമാണ് ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നത്. ആയതിനാൽ ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നുണ്ട്. ഇത്തരത്തിൽ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ച് |

| | | | | | |
|---|---|---|---|---|---|
| | | | | | അംഗീകരിക്കുന്നതും ലോക്കൽ ഫണ്ട് ഓഡിറ്റ് ആണ്. നാളിതുവരെയും ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ സംബന്ധിച്ച് സി.എസ്.ടി.ടിയിൽ നിന്ന് യാതൊരു ആക്ഷേപവും ഉണ്ടായിട്ടില്ല. ഇക്കാരണങ്ങളാൽ പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 1999-ൽ തന്നെ ഇൻസ്റ്റിറ്റ്യൂട്ട്, വി.എം.പി എന്നിവയുടെ നിയമനം സർക്കാർ പി.എസ്. സി ക്ക് വിട്ടുവെങ്കിലും കരട് സ്പെഷ്യൽറൂൾ സർക്കാരിന്റെ പരിഗണനയിലാണ്. ആയതിനാൽ ഇൻസ്റ്റിറ്റ്യൂട്ട് /പ്രസ് എന്നിവിടങ്ങളിൽ സ്ഥിരനിയമനങ്ങൾ നടക്കുന്നില്ല. ദൈനംദിന പ്രവർത്തനങ്ങൾ പോലും മുന്നോട്ട് കൊണ്ടുപോകാൻ ആവശ്യമായ ജീവനക്കാരുടെ അഭാവം മൂലമാണ് ദിവസവേതന/കരാർ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. ഇത്തരത്തിൽ നടത്തുന്ന നിയമനങ്ങൾക്ക് നിലവിൽ ഭരണസമിതിയുടെയും സർക്കാരിന്റെയും അംഗീകാരം വാങ്ങുന്നുണ്ട്. ആയതിനാൽ പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സർക്കാർ പരിഗണനയിലുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്പെഷ്യൽ റൂളിൽ വിജ്ഞാന മുദ്രണം പ്രസ്സിലെ ജീവനക്കാരുടെ നിയമനം സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| | | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | 4.2.1 | വിജ്ഞാനമുദ്രണം പ്രസ് – വികലാംഗരുടെ താൽക്കാലിക നിയമനം ക്രമ വിരുദ്ധം | ഈ സമാഹൃത ഓഡിറ്റ് പരാമർശം 2006-2007 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഖണ്ഡിക 14-ലാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇത് സംബന്ധിച്ച വിശദമായ മറുപടി 06.01.2022 തീയതിയിൽ നടന്ന ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സമിതിയിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ നൽകിയിട്ടുള്ളതും ബഹു.സമിതി പരാമർശം ഒഴിവാക്കുവാൻ തീരുമാനിച്ചതുമാണ്. യോഗത്തിന്റെ മിനിറ്റ്സ് ലഭിച്ചിട്ടില്ല. പ്രസ്തുത പരാമർശത്തിൽ ഉൾപ്പെട്ടിട്ടുള്ള |

| | | | | | |
|---|---|---|---|---|---|
| | | | | | ഭിന്നശേഷിക്കാരായ 9 ജീവനക്കാരെ 07/12/18-ലെ സ.ഉ(കൈ) നം. 47/2018/സാം.കാ.വ (അനുബന്ധം 1) പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുണ്ട്. പരാമർശം ഒഴിവാക്കാൻ അഭ്യർത്ഥിക്കുന്നു. ഓഡിറ്റ് പരാമർശത്തിനുള്ള മറുപടിയ്ക്ക് പുറമെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലും വിജ്ഞാനമുദ്രണം പ്രസ്സിലും താൽക്കാലിക നിയമനം നടത്തേണ്ടിവരുന്ന സാഹചര്യത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ദൈനംദിന പ്രവർത്തനങ്ങൾ പോലും മുന്നോട്ട് കൊണ്ടുപോകാൻ ആവശ്യമായ ജീവനക്കാരുടെ അഭാവംമൂലമാണ് ദിവസവേതന/കരാർ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. ഇത്തരത്തിൽ നടത്തുന്ന നിയമനങ്ങൾക്ക് നിലവിൽ ഭരണസമിതിയുടെയും സർക്കാരിന്റെയും അംഗീകാരം വാങ്ങുന്നുണ്ട്. |
| | | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | 4.2.2 | സ്റ്റാൾ വാടക പിരിച്ചെടുക്കാത്തതു വഴി നഷ്ടം. | ഈ പരാമർശം 2006-2007 കാലയളവിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 10.07.2014-ലെ ബി/845/2010/സിൽ നമ്പർ ഉത്തരവ് (അനുബന്ധം 2) പ്രകാരം ശ്രീ.എൻ.ജയകൃഷ്ണന്റെ 2005-06 മുതൽ 2007-08 കാലയളവിലെ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉണ്ടായിരുന്ന എല്ലാ ബാധ്യതകളും ക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്. |

ജനാർദ്ദനൻ. കെ
അഡീഷണൽ സെക്രട്ടറി
സാംസ്കാരിക കാര്യ വകുപ്പ്
ഗവ: സെക്രട്ടേറിയറ്റ്

അനുബന്ധം - 1

**കേരള സർക്കാർ**

<u>സംഗ്രഹം</u>

സാംസ്കാരികകാര്യ വകുപ്പ് - റിട്ട് ഹർജി (സി) നമ്പർ 4817/2013, റിട്ട് ഹർജി (സി) നം.18356/2014 കേസുകളിന്മേൽ ബഹു. കേരള ഹൈക്കോടതിയുടെ 23/03/2017 ലെ വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൻ കീഴിലുള്ള വിജ്ഞാനമുദ്രണം പ്രസ്സിൽ ജോലി ചെയ്തുവരുന്ന അംഗപരിമിതരായ 10 താല്ക്കാലിക ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (സി) വകുപ്പ്**

**സ.ഉ.(കൈ) നം.47/2018/സാം.ക.വ.** തീയതി, തിരുവനന്തപുരം, 07/12/2018

---

പരാമർശം - 1. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ HRMP No.6969/12-മേലുള്ള 21/12/2013-ലെ ഉത്തരവ്.

2. റിട്ട് ഹർജി (സി) നം.4817/2013, റിട്ട് ഹർജി (സി) നം.18356/2014 കേസുകളിന്മേൽ ബഹു. കേരള ഹൈക്കോടതിയുടെ 23/03/2017 ലെ വിധിന്യായം.

3. CCC(CIVIL) 2081/2018 - മേൽ ബഹു. ഹൈക്കോടതിയുടെ 31.10.2018, 19.11.2018, 28.11.2018 എന്നീ തീയതികളിലെ നിർദ്ദേശങ്ങൾ.

4. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 07.11.2018 തീയതിയിലെ വി1/1973/2014/സിൽ നം. റിപ്പോർട്ട്.

5. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 24.11.2018 തീയതിയിലെ വി1/1973/2014/സിൽ നം. കത്ത്.

<u>**ഉത്തരവ്**</u>

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ 15 വർഷത്തിലധികമായി ജോലിചെയ്തു വരുന്ന അംഗപരിമിതരായ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താത്തത് നീതിനിഷേധവും മനുഷ്യാവകാശ ലംഘനവും ആണെന്നും ആയതിനാൽ 31/03/2014-നകം ടി ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്നും മനുഷ്യാവകാശ കമ്മീഷന്റെ പരാമർശം 1 ലെ ഉത്തരവിൽ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. തിരുവനന്തപുരം വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്റർ സെക്രട്ടറിയും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും തമ്മിലുള്ള 10.02.1998 ലെ കരാർ പ്രകാരം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് കീഴിലുള്ള വിജ്ഞാനമുദ്രണം പ്രസ്സിൽ വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്ററിൽ (VRC) നിന്നും അംഗപരിമിതരായ ജീവനക്കാരെ പീസ് റേറ്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യിക്കുന്നതിനും അവർക്കുള്ള പ്രതിഫലം വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്റർ മുഖേന നൽകുന്നതിനും തീരുമാനിച്ചിരുന്നു. പ്രസ്സിന്റെ പ്രവർത്തന സ്തംഭനം ഒഴിവാക്കുന്നതിന്റെ ഭാഗമായി, 10 വർഷത്തിലേറെക്കാലം വിജ്ഞാനമുദ്രണം പ്രസ്സിൽ ബയന്റിംഗ് ജോലി ചെയ്ത പരിചയം കണക്കിലെടുത്ത് നിർദ്ദിഷ്ട യോഗ്യതയുള്ള അംഗപരിമിതരായ ജീവനക്കാരെ ബയന്റർമാരായും അല്ലാത്തവരെ വർക്കർമാരായും താല്ക്കാലികമായി നിയമിക്കുന്നതിന് 04.02.2008, 16.12.2008 എന്നീ തീയതികളിലെ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണ സമിതി യോഗം തീരുമാനിക്കുകയുണ്ടായി. അപ്രകാരം താല്ക്കാലികാടിസ്ഥാനത്തിൽ നിയമനം ലഭിച്ച താഴെപ്പറയുന്ന അംഗപരിമിതരായ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനാണ് കമ്മീഷൻ ശുപാർശ ചെയ്തിരുന്നത്. പ്രസ്തുത ജീവനക്കാരുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

1. ബിന്ദു ബി., 2. തങ്കി കെ., 3. സുധീർ കെ. എസ്., 4. പ്രഭ എസ്., 5. വാസന്തി എസ്., 6. പ്രസന്നകുമാരി വി. , 7. മണിക്കുട്ടൻ പി. ജി., 8. ലത എസ്., 9. ശാന്തമ്മ ടി., 10. സാവിത്രി എം. 11. ലതാകുമാരി ബി .

3. മനുഷ്യാവകാശ കമ്മീഷന്റെ വിധി നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് ടി ജീവനക്കാർ

ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന റിട്ട് ഹർജികൾ 4817/2013, 18356/2014 നമ്പർ റിട്ട് ഹർജികളിന്മേൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിരുന്ന വിധിന്യായത്തിൽ ടി ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് എത്രയും വേഗം നടപ്പിലാക്കണമെന്ന് ബഹു.ഹൈക്കോടതി ഉത്തരവായിരുന്നു.

4. WP(C) നം.4817/2013 നമ്പർ കേസിലെ 23.03.2017 ലെ വിധിന്യായം നടപ്പിലാക്കിയിട്ടില്ലെന്ന ഹർജിയിന്മേൽ ബഹു. ഹൈക്കോടതി സ്വമേധയാ Contempt of Court case (Civil) No. 2081/2018 ആയി കോടതിയലക്ഷ്യകേസ് എടുത്തിട്ടുണ്ട്. വിധിന്യായം അനുകൂലമായി നടപ്പിലാക്കുന്നതിന് ബഹു. ഹൈക്കോടതി 17.12.2018 വരെ സമയപരിധി അനുവദിച്ചിട്ടുണ്ട്.

5. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ പരാമർശം (4), (5) പ്രകാരമുള്ള റിപ്പോർട്ടുകളുടെയും മേല്പറഞ്ഞ വസ്തുതകളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാതിക്കാരിൽ ക്രമ നമ്പർ 8 ൽ പരാമർശിക്കുന്ന ശ്രീമതി ലത എസ്. നിലവിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലി ചെയ്യുന്നില്ലെന്ന് പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ പരാമർശം (1), (2) ഉത്തരവുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത കേസുകളിൽ കക്ഷികളായ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിലുള്ള വിജ്ഞാനമുദ്രണം പ്രസ്സിൽ താല്ക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട അംഗപരിമിതരായ ജീവനക്കാരെ അങ്ങേയറ്റം മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലും ഒരു പ്രത്യേക കേസായി പരിഗണിച്ചും താഴെപ്പറയും പ്രകാരം ഉത്തരവ് തീയതി പ്രാബല്യത്തിൽ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകുന്നു.

1. ശ്രീമതി റ്റി. ശാന്തമ്മ, ശ്രീമതി ബി. ലതാകുമാരി, ശ്രീമതി എം. സാവിത്രി എന്നിവരെ അവർ നിലവിൽ ജോലി ചെയ്തു വരുന്ന L.D. ബയന്റർ തസ്തികയിലും (പരിഷ്കരിച്ച ശമ്പള സ്കെയിൽ 18000-41500)
2. ശ്രീ. പി. ജി. മണിക്കുട്ടൻ, ശ്രീ. കെ. എസ്. സുധീർ എന്നിവരെ അവർ നിലവിൽ ജോലി ചെയ്തു വരുന്ന ലാസ്കർ ഗ്രേഡ് II തസ്തികയിലും (പരിഷ്കരിച്ച ശമ്പള സ്കെയിൽ 16500-35700)
3. ശ്രീമതി ബിന്ദു ബി., ശ്രീമതി പ്രഭ എസ്. എന്നിവരെ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന രണ്ട് ലാസ്കർ ഗ്രേഡ് II തസ്തികയിലും (പരിഷ്കരിച്ച ശമ്പള സ്കെയിൽ 16500-35700)
4. ശ്രീമതി വാസന്തി എസ്., ശ്രീമതി വി. പ്രസന്നകുമാരി, ശ്രീമതി കെ. തങ്കി എന്നിവരെ 3 ലാസ്കർ ഗ്രേഡ് II (പരിഷ്കരിച്ച ശമ്പള സ്കെയിൽ 16500-35700) സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

ഇപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം (3) പ്രകാരമുള്ള വിധിന്യായം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
സെക്രട്ടറി

ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്
പൊതുഭരണ (എസ്. സി.) വകുപ്പ് (05/12/2018 ലെ അജണ്ട ഐറ്റം നം. 2675 പ്രകാരം)
കരുതൽ ഫയൽ/ആഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം
Indhu
സെക്ഷൻ ആഫീസർ

അനുബന്ധം (2)

# കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ ഉത്തരവ്

വിഷയം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - ശ്രീ. എൻ. ജയകൃഷ്ണൻ, റിസർച്ച് ഓഫീസറുടെ പേരിൽ അനുവദിച്ച മുൻകൂർ കണ്ടിജൻസി തുകകൾ ക്രമീകരിച്ച് ഉത്തരവാകുന്നു.

സൂചന :
1. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 10.05.2005 ലെ ബി/1063/99/സിൽ നമ്പർ ഉത്തരവ്.
2. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 04.01.2007 ലെ എസ്.പി2/1724/07/സിൽ നമ്പർ ഉത്തരവ്.
3. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 18.01.2007 ലെ എസ്.പി2/85/07/സിൽ നമ്പർ ഉത്തരവ്.
4. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 03.04.2007 ലെ എസ്.പി2/526/07/സിൽ നമ്പർ ഉത്തരവ്.
5. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 04.01.2008 ലെ എസ്.പി2/52/08/സിൽ നമ്പർ ഉത്തരവ്.
6. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 18.02.2008 ലെ എസ്.പി2/402(4)/08/സിൽ നമ്പർ ഉത്തരവ്.
7. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 26.04.2008 ലെ ഇ1/1404/08/സിൽ നമ്പർ ഉത്തരവ്.
8. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 30.04.2008 ലെ ഇ1/1488/08/സിൽ നമ്പർ ഉത്തരവ്.
9. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 12.08.2008 ലെ എ/1454/08/സിൽ നമ്പർ ഉത്തരവ്.
10. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 15.07.2005 ലെ എസ്.പി2/1177/05/സിൽ നമ്പർ ഉത്തരവ്.
11. 03.07.2014 ലെ ശ്രീ. എൻ. ജയകൃഷ്ണന് നൽകിയ നോട്ടീസ്
12. 08.07.2014 ലെ ശ്രീ. എൻ. ജയകൃഷ്ണന്റെ സമർപ്പണം.
13. 08.07.2014 ലെ രസീത് നമ്പർ 43794.
14. 07.06.2014 ലെ ശ്രീ. എൻ. ജയകൃഷ്ണന് നൽകിയ കത്ത് നമ്പർ എസ്.പി.2/526/2007/സിൽ.

**ഉത്തരവ് നമ്പർ ബി/1845/2010/സിൽ** **തീയതി 10/07/2014**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ റിസർച്ച് ഓഫീസറായ ശ്രീ. എൻ. ജയകൃഷ്ണൻ സൂചന ഒന്നിലെ ഉത്തരവുപ്രകാരം 900/- രൂപയും സൂചന രണ്ട് പ്രകാരം 25000/- രൂപയും സൂചന മൂന്ന് പ്രകാരം 20000/-രൂപയും സൂചന നാല് പ്രകാരം 2700/- രൂപയും സൂചന

അഞ്ച് പ്രകാരം 35000/- രൂപയും സൂചന ആറ് പ്രകാരം 7500/- രൂപയും സൂചന ഏഴ് പ്രകാരം 2430/- രൂപയും സൂചന എട്ട് പ്രകാരം 15000/- രൂപയും സൂചന ഒൻപത് പ്രകാരം 15000/- രൂപയും സൂചന പത്ത് പ്രകാരം 400/- രൂപയും ചേർത്ത് ആകെ 1,23,930/- രൂപ (ഒരു ലക്ഷത്തി ഇരുപത്തി മൂന്നായിരത്തി തൊള്ളായിരത്തി മുപ്പത് രൂപ മാത്രം) മുൻകൂറായി വിവിധ ആവശ്യങ്ങൾക്ക് കൈപ്പറ്റിയിട്ടുണ്ട്. സൂചന ഉത്തരവുപ്രകാരം അനുവദിച്ച മുൻകൂർ തുക ക്രമീകരിക്കാത്തതിനാൽ കൈപ്പറ്റിയ തുകയിനത്തിലെ 1,23,930/- രൂപയും പലിശയിനത്തിൽ 28149/-രൂപയും ചേർത്ത് ആകെ 1,52,079/- രൂപ (ഒരു ലക്ഷത്തി അൻപത്തി രണ്ടായിരത്തി എഴുപത്തിയൊൻപത് രൂപ മാത്രം) ശ്രീ. എൻ. ജയകൃഷ്ണന്റെ പേരിൽ ബാധ്യതയായി നിലനിൽക്കുന്നു. നിലവിലെ ബാധ്യതകളുടെ റിക്കവറിയായി 2014 ജൂൺ മാസം വരെ 1,13,752/-രൂപ (ഒരു ലക്ഷത്തി പതിമൂന്നായിരത്തി എഴുന്നൂറ്റി അൻപത്തിരണ്ട് രൂപ മാത്രം) ശ്രീ. എൻ. ജയകൃഷ്ണന്റെ മാസശമ്പളത്തിൽ നിന്നും തവണകളായി ഈടാക്കിയിട്ടുണ്ട്. ഇനിയും ബാധ്യതയായി നിലനിൽക്കുന്ന 38,327/- രൂപ (മുപ്പത്തി എട്ടായിരത്തി മുന്നൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) അദ്ദേഹത്തിൽ നിന്നും ഈടാക്കി സൂചന ഉത്തരവ് പ്രകാരം കൈപ്പറ്റിയ മുൻകൂർ തുകകൾ ക്രമീകരിക്കാൻ ഡയറക്ടർ ഉത്തരവായിട്ടുണ്ട്.

ശ്രീ. എൻ. ജയകൃഷ്ണന് നൽകിയ നിർദേശമനുസരിച്ച് 08.07.2014 ലെ രസീത് നമ്പർ 43794 പ്രകാരം 2,06,810/- രൂപ (രണ്ടുലക്ഷത്തി ആറായിരത്തി എണ്ണൂറ്റി പത്ത് രൂപ മാത്രം) ശ്രീ. എൻ. ജയകൃഷ്ണൻ ക്യാഷ് കൗണ്ടറിൽ ഒടുക്കിയിട്ടുണ്ട്. ഇതിൽ 38,327/- രൂപ ഈ ഉത്തരവ് പ്രകാരമുള്ള ബാധ്യതയാണ്.

ഈ സാഹചര്യത്തിൽ ശ്രീ. എൻ. ജയകൃഷ്ണന് വിവിധ ചെലവുകൾക്കായി മുൻകൂറായി അനുവദിച്ച് നൽകിയ 1,23,930/-രൂപ (ഒരു ലക്ഷത്തി ഇരുപത്തിമൂന്നായിരത്തി തൊള്ളായിരത്തി മുപ്പത് രൂപ മാത്രം) ഉൾപ്പെടെ സൂചന 14-ൽ പ്രതിപാദിക്കുന്ന ശ്രീ. എൻ. ജയകൃഷ്ണന്റെ പേരിൽ 2005-06 മുതൽ 2007-08 കാലയളവിൽ ഇൻസ്റ്റിറ്റ്യൂട്ടിലുണ്ടായിരുന്ന എല്ലാ ബാധ്യതകളും ഇതിനാൽ ക്രമീകരിച്ച് ഉത്തരവാകുന്നു.

ഡയറക്ടർ

കോപ്പി: കാഷ്യർ(നടപടിക്കായി)/എ.ഒ/എഫ്.എ/എ.ഡി(എസ്)/
ഓഡിറ്റ്/സൂപ്രണ്ട്/ബിൽ/അക്കൗണ്ട്സ്/
ശ്രീ. എൻ. ജയകൃഷ്ണൻ (റിസർച്ച് ഓഫീസർ)/
സ്റ്റോക്ക് ഫയൽ.

ആജ്ഞാനുസരണം,

സൂപ്രണ്ട്

## കേരള നിയമസഭ - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-2009 മുതൽ 2010-2011 വരെയുള്ള സമാഹൃത ഓഡിറ്റ് ഖണ്ഡികകളിന്മേൽ സ്വീകരിച്ച ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | ഖണ്ഡികയും സാംസ്കാരിക സ്ഥാപനത്തിന്റെ പേരും | സമിതിയുടെ ശിപാർശ | ന്യൂനതാ പരിഹാര നടപടി |
|---|---|---|---|
| 1 | 5.4.7.<br>കേരള കലാമണ്ഡലം കല്പിത സർവകലാശാല | 5.4.7.(1). താൽക്കാലിക ജീവനക്കാരുടെ നിയമനം - സർക്കാർ അംഗീകാരം വാങ്ങിയില്ല.<br>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഖണ്ഡിക നമ്പർ: 11<br><br>2008-2009 സാമ്പത്തിക വർഷത്തിൽ കേരള കലാമണ്ഡലത്തിൽ വിവിധ വിഭാഗങ്ങളിലായിട്ട് 91 ജീവനക്കാർ താൽക്കാലികമായി ജോലി ചെയ്യുന്നുണ്ട്. 1984 ലെ സ്റ്റാഫ് പാറ്റേൺ പ്രകാരം മൊത്തം 112 സ്ഥിരം ജീവനക്കാർക്കാണ് സർക്കാർ അനുമതി നല്കിയിട്ടുള്ളത്. താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് ഇതുവരെ സർക്കാർ അനുമതി നല്കിയിട്ടില്ല. 20 വർഷമായി ഈ സ്ഥാപനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ച് വരുന്നുണ്ട്. കലാമണ്ഡലം എക്സിക്യൂട്ടീവ് ബോർഡിന്റെ തീരുമാന പ്രകാരമാണ് 2008-2009 വർഷത്തിലും താൽക്കാലിക ജീവനക്കാരെ നിയമിച്ചത്. സർക്കാർ അനുമതിയില്ലാതെ താൽക്കാലിക നിയമനം നടത്താൻ പാടില്ലെന്ന് വ്യക്തമായ നിർദ്ദേശം ഉണ്ടായിട്ടും താൽക്കാലിക നിയമനം നടത്തിയത് അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ താൽക്കാലിക നിയമനം നടത്തിയതിന് ഉടനെതന്നെ സർക്കാറിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. അംഗീകാരം ലഭിക്കുന്നതുവരെ താൽക്കാലിക മായി നിയമനം നിർത്തി വയ്ക്കേണ്ടതുമാണ്. | കലാമണ്ഡലത്തിൽ നിന്നും ലഭ്യമായ മറുപടിയിൽ വ്യക്തതയില്ലാത്തതിനാൽ വ്യക്തമായ മറുപടി ലഭ്യമാക്കുവാൻ കലാമണ്ഡലം ഡെപ്യൂട്ടി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>(എ 1/95/2022/സാം.കാ.വ) |

<table>
<tr>
<td>2</td>
<td>5.4.8.<br>കേരള ലളിതകലാ അക്കാദമി</td>
<td>5.4.8.(1). സർക്കാർ അംഗീകാരമില്ലാതെ സ്ഥിര നിയമനം.<br><u>ഓഡിറ്റ് റിപ്പോർട്ട് വർഷം: 2008-09, ഖണ്ഡിക നമ്പർ: 5</u><br><br>കേരള ലളിതകലാ അക്കാഡമി സ്റ്റാഫിന്റെ നിയമനവും സേവന വ്യവസ്ഥകളും സംബന്ധിച്ച ചട്ടങ്ങളിലെ 4(സി) പ്രകാരം 'അക്കാഡമിയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിന് ഗവൺമെന്റിലേക്ക് ശുപാർശ ചെയ്യുകയും ഗവൺമെന്റിന്റെ അംഗീകാരത്തോടെ നിയമനം നടത്തുക'യും ചെയ്യുക എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. സ്ഥാപനത്തിന്റെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ ഇപ്രകാരമാണ്.<br>സെക്രട്ടറി : 1<br>മാനേജർ : 1<br>എക്സിബിഷൻ ഓഫീസർ : 1<br>യു.ഡി.ക്ലർക്ക് : 1<br>എൽ.ഡി.ക്ലർക്ക് : 1<br>അക്കൗണ്ടന്റ് : 1<br>കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് : 1<br>കെയർ ടേക്കർ : 1<br>അറ്റൻഡർ : 2<br>പ്യൂൺ : 2<br>നൈറ്റ് വാച്ച് മാൻ : 1<br>----<br>ആകെ 13<br>====<br>എന്നാൽ സർക്കാറിന്റെ അനുമതി വാങ്ങാതെ 4 പുതിയ തസ്തികകൾ സൃഷ്ടിച്ച് അവർക്ക് സർക്കാർ ശമ്പള സ്കെയിലിൽ 01.06.2008 മുതൽ ശമ്പളം നൽകി വരുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം</th><th>പേര്</th><th>തസ്തിക</th><th>ശമ്പള സ്കെയിൽ</th></tr>
<tr><td>1</td><td>സുബ്രഹ്മണ്യൻ</td><td>കെയർ ടേക്കർ</td><td>6680-10790</td></tr>
</table>
</td>
<td>കേരള ലളിതകലാ അക്കാഡമിയിലെ 4 താൽക്കാലിക ജീവനക്കാരായിരുന്ന ശ്രീ. സുബ്രഹ്മമണ്യൻ നമ്പൂതിരി, ശ്രീ. കെ.ജി. രാജീവ്, ശ്രീ. ഗോകുൽ ദാസ്, ശ്രീമതി. കെ. ജെ സൂസി എന്നിവരുടെ സേവനം സ്ഥിരപ്പെടുത്തുന്നതിന് മുൻപ് ശമ്പളസ്കെയിൽ അനുവദിച്ച നൽകിയ കേരള ലളിതകലാ അക്കാഡമിയുടെ നടപടി സ. ഉ. (എം. എസ്) 39/12/സി.എ.ഡി തീയതി 19/06/20212 പ്രകാരം സാധൂകരിച്ചിട്ടുണ്ട്.</td>
</tr>
</table>

<table>
<tr>
<td></td>
<td></td>
<td>
<table>
<tr><td></td><td>നമ്പൂതിരി</td><td></td><td></td></tr>
<tr><td>2</td><td>കെ.ജി. രാജീവ്</td><td>ഡ്രൈവർ</td><td>5250-8390</td></tr>
<tr><td>3</td><td>ഗോകുൽ ദാസ്</td><td>നൈറ്റ് വാച്ച്മാൻ</td><td>4510-6230</td></tr>
<tr><td>4</td><td>കെ.ടി. സൂസി</td><td>സ്വീപ്പർ</td><td>4510-6230</td></tr>
</table>
മുൻകൂട്ടി സർക്കാറിൽ നിന്ന് അനുമതി വാങ്ങാതെ 18.06.2008 ലെ നാലാം നമ്പർ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ മേൽ തസ്തിക സൃഷ്ടിക്കുകയും അവർക്ക് സർക്കാർ ശമ്പള സ്കെയിൽ അനുവദിച്ച് നൽകുകയും ചെയ്ത നടപടി ക്രമപ്രകാരമല്ല. ചട്ടം 4(സി) പ്രകാരം സർക്കാറിന്റെ അനുമതി വാങ്ങേണ്ടതാണ്.
</td>
<td></td>
</tr>
</table>

ജനാർദ്ദനൻ. കെ
അഡീഷണൽ സെക്രട്ടറി
സാംസ്കാരിക കാര്യ വകുപ്പ്
ഗവ: സെക്രട്ടേറിയറ്റ്

## ലോക്കൽ ഫണ്ട്സ് അക്കൗണ്ട്സ് സമിതി (2021 -23)

## കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിനെ സംബന്ധിച്ച ന്യൂനതാ പരിഹാര റിപ്പോർട്ട്.

| ക്രമ നം. | ഓഡിറ്റ് ഖണ്ഡിക / ശിപാർശ | മറുപടി |
|---|---|---|
| 1 | **2008 - 09 വർഷത്തെ ശിപാർശ നമ്പർ 2.16**<br>പൊതു അവലോകനം -<br>കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിലെ അംശദായം ശേഖരിക്കുന്നതും അവ യഥാസമയം അടയ്ക്കാതെ കൈവശം വയ്ക്കുന്നതും .കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന് 1998 - 99 മുതൽ 1999 - 2000 വരെ - 110. 12/- ലക്ഷം രൂപ അംശദായ കുടിശ്ശിക. | 1999-2000 വരെ അംശദായ ഇനത്തിൽ കുടിശ്ശിക ഉണ്ടായിരുന്നതും റവന്യൂ റിക്കവറിക്ക് ശിപാർശ ചെയ്തതുമായ തുകയാണ് 110.12 ലക്ഷം രൂപ. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ ഫാക്ടറികളിൽ നിന്നും തൊഴിലാളികളുടെ ഹാജർ അനുസരിച്ച് ഒരു ഹാജരിന് ഒരു രൂപ എന്ന നിരക്കിൽ (2021 ഫെബ്രുവരി മുതൽ രണ്ട് രൂപ) തൊഴിലാളികളിൽ നിന്നും അംശദായം തൊഴിലുടമ ഈടാക്കുകയും തൊഴിലുടമാ വിഹിതം കൂടിചേർത്ത് എല്ലാ മാസവും 10-ാം തീയതിക്ക് മുമ്പായി തൊഴിലുടമ ബാങ്കിൽ അംശദായം ഒടുക്കുവരുത്തേണ്ടതുമാണ്. അംശദായം ഒടുക്കുവരുത്തിയ ചെലാന്റെ പകർപ്പും, പ്രതിമാസ സ്റ്റേറ്റ്മെന്റും തൊഴിലുടമ ബന്ധപ്പെട്ട ഇൻസ്പെക്ടർ ഓഫീസിൽ ഹാജരാക്കുന്നു. ആയത് ശേഖരിച്ച് ഫാക്ടറി പരിശോധനയുടെയും, ഹിയറിംഗ് സമയത്ത് ഫാക്ടറി ഉടമകൾ ഹാജരാക്കുന്ന രേഖകളുടെയും അടിസ്ഥാനത്തിൽ ആദ്യം താൽക്കാലിക നിർണ്ണയിക്കൽ ഉത്തരവും ശേഷം അന്തിമ നിർണ്ണയിക്കൽ ഉത്തരവും പുറപ്പെടുവിക്കുന്നു. അന്തിമ നിർണ്ണയിക്കൽ ഉത്തരവ് പ്രകാരം ഉടമ തുക ഒടുക്കുവരുത്തുവാൻ ഉണ്ടെങ്കിൽ ആയതിന് കൃത്യമായ അറിയിപ്പ് നൽകുകയും സമയപരിധിക്കുള്ളിൽ തുക ഒടുക്കുവരുത്തിയില്ലെങ്കിൽ നോട്ടീസ് നൽകി റവന്യൂ റിക്കവറി നടപടിക്ക് ശിപാർശ ചെയ്യുകയുമാണ് ചെയ്യുന്നത്. ഓരോ വർഷവും വിവിധ ഇൻസ്പെക്ടർ കാര്യാലയങ്ങളിലായി ഇത്തരം |

ധാരാളം കേസുകൾ ഉണ്ടാകാറുണ്ട്. ബോർഡിൽ 1999-2000 വരെ കുടിശ്ശിക ഉണ്ടായിരുന്ന 110.12 ലക്ഷം രൂപ റവന്യൂ റിക്കവറി വഴി പിരിച്ചെടുക്കുന്നതിന് ശിപാർശ ചെയ്തിരുന്നു. ടി തുകയിൽ ഭൂരിഭാഗവും തുടർന്നുള്ള വർഷങ്ങളിൽ ഉടമകളിൽ നിന്നും റവന്യൂ അധികാരികൾ മുഖേന ഈടാക്കിയിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരം 2014 ജനുവരി 15 മുതൽ ഫെബ്രുവരി 28 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. തുടർന്ന് കുടിശ്ശിക ഉണ്ടായിരുന്ന തുക 96,81,467/-രൂപ (തൊണ്ണൂറ്റി ആറ് ലക്ഷത്തി എൺപത്തി ഒന്നായിരത്തി നാണൂറ്റി അറുപത്തി ഏഴ് രൂപ മാത്രം) ഈടാക്കുന്നതിനായി കുടിശ്ശിക വരുത്തിയവരെ നേരിൽ കണ്ട് തുടർനടപടികൾ സ്വീകരിക്കുന്നതിന് റവന്യൂ അധികാരികളുടെയും ക്ഷേമനിധി ഇൻസ്പെക്ടർമാരുടെയും സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. കൂടാതെ 2015 ഒക്ടോബർ 1 മുതൽ നവംബർ 30 വരെയുള്ള കാലയളവിൽ ബോർഡിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുകയും അതുവഴി 11,04,471/- രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. 25.09.2019 -ലെ സ.ഉ(സാധാ)നം. 1165/2019/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 2019 നവംബർ 15 മുതൽ നടപ്പിലാക്കിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കൊറോണ വ്യാപനത്തിന്റെ സാഹചര്യത്തിൽ ബോർഡ് അനുമതിയോടുകൂടി 2021 നവംബർ മാസം വരെ വിവിധ ഘട്ടങ്ങളിലായി നീട്ടി നൽകിയിരുന്നു. ഇപ്രകാരം 5,22,099/- രൂപ ബോർഡിന് ലഭിക്കുകയുണ്ടായി. നിലവിൽ ബോർഡിന് റവന്യൂ റിക്കവറി ഇനത്തിൽ 71,70,288/- രൂപയാണ് കുടിശ്ശികയായി ലഭിക്കുവാനുള്ളത്.

| | | |
|---|---|---|
| | | ഓരോ വർഷവും പിരിഞ്ഞുകിട്ടാൻ ബാക്കി നിൽക്കുന്ന തുകകൾ തൊട്ടടുത്ത സാമ്പത്തിക വർഷത്തെ ഡി.സി.ബി സ്റ്റേറ്റ്മെൻറിൽ അരിയർ ഡിമാന്റായി ഉൾപ്പെടുത്തുന്നുണ്ട്.<br>റവന്യൂ റിക്കവറി കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി അധികാരികളും ഇൻസ്പെക്ടർമാരും ഉൾപ്പെടുന്ന സ്ക്വാഡ് കുടിശ്ശിക വരുത്തിയവരെ തുക ഒടുക്കുവരുത്തുന്നതിനായി സമീപിക്കുമ്പോൾ ഫാക്ടറികൾ കൈമാറ്റം ചെയ്യപ്പെടുകയോ കുടിശ്ശിക വരുത്തിയവർ മരണപ്പെടുകയോ ചെയ്തിട്ടുള്ളതായികാണുന്നു. കൂടാതെ കശുവണ്ടി മേഖല നിലവിൽ അഭിമുഖീകരിക്കുന്ന പ്രതിസന്ധിയും തുക ഈടാക്കുന്നതിൽ ഒരു പരിധി വരെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. |
| 2 | **<u>2010-11 വർഷത്തെ ശിപാർശ നമ്പർ 4.5</u>**<br>കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധിയിൽ തൊഴിലാളി അംഗങ്ങളുടേയും പെൻഷണർമാരുടേയും കൃത്യമായ വിവരം ആസ്ഥാന ഓഫീസിലും സബ് ഓഫീസുകളിലും ലഭ്യമല്ല. തൊഴിലാളികളുടെ പേരുവിവരം അംശദായ അടവ് എന്നിവയുടെ കണക്ക് നിലവിൽ സൂക്ഷിക്കുന്നത് ഫാക്ടറി ഉടമകളാണ്. | ക്ഷേമനിധി ബോർഡിന്റെ ഇൻസ്പെക്ടർ കാര്യാലയങ്ങളിൽ ക്ഷേമനിധി അംഗത്വത്തിനായി സമർപ്പിക്കുന്ന അപേക്ഷയിൽ ജനന തീയതി, മേൽവിലാസം എന്നിവ വ്യക്തമാക്കുന്നുണ്ട്. അപേക്ഷയോടൊപ്പം അവകാശികളുടെ പേരും, ബന്ധുത്വവും ഉൾപ്പെടുത്തി നാമനിർദ്ദേശ ഫോറവും സമർപ്പിക്കുന്നുണ്ട്. അപേക്ഷയിലേയും നാമനിർദ്ദേശ ഫോറത്തിലേയും വിശദാംശങ്ങൾ ഓരോ ഫാക്ടറികൾക്കും പ്രത്യേകം സൂക്ഷിക്കുന്ന മെമ്പർഷിപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്.<br>ഓരോ ഫാക്ടറിയിൽ നിന്നും ഇൻസ്പെക്ടർ കാര്യാലയങ്ങളിൽ ലഭിക്കുന്ന മാസാന്ത്യ സ്റ്റേറ്റ്മെൻറും, ഫാക്ടറി ഉടമ സമർപ്പിക്കുന്ന വാർഷാന്ത്യ സ്റ്റേറ്റ്മെൻറും (ഫോറം 1) പരിശോധിച്ച് ഓരോ തൊഴിലാളിയുടെയും പേർക്ക് വരവ് വയ്ക്കുന്ന അംശദായം സംബന്ധിച്ച് വ്യക്തത വരുത്തുന്നുണ്ട്. |

| | | |
|---|---|---|
| | | ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകളിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ പെൻഷണർമാരുടെ വിരമിക്കൽ തീയതി, പെൻഷൻ അനുവദിച്ച തീയതി, തുക എന്നിവ വ്യക്തമായി രേഖപ്പെടുത്തുന്നുണ്ട്. മരണമടഞ്ഞ പെൻഷണർമാരെ തുടർന്നുള്ള പെൻഷൻ വിതരണത്തിൽ നിന്നും കൃത്യമായി ഒഴിവാക്കുന്നുമുണ്ട്.<br>ബോർഡിൽ നിലവിൽ പെൻഷൻ ഉൾപ്പെടെയുള്ള മുഴുവൻ ആനുകൂല്യങ്ങളും ബാങ്ക് മുഖേനയാണ് വിതരണം ചെയ്യുന്നത്. കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന കമ്പനി മുഖാന്തിരമാണ് പെൻഷൻ വിതരണം പ്രതിമാസം നടത്തിവരുന്നത്. സേവന സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടുള്ള പെൻഷണർമാർക്കാണ് പെൻഷൻ വിതരണം നടത്തിവരുന്നത്. നിലവിൽ അക്ഷയ മുഖാന്തിരം മസ്റ്ററിംഗ് നടത്തിയാണ് പെൻഷണർമാരുടെ വിവരങ്ങൾ ഉറപ്പ് വരുത്തുന്നത്.<br>ബോർഡിൽ നിലവിൽ രജിസ്റ്റർ ചെയ്ത അംഗങ്ങളുടേയും ലൈവ് മെമ്പേഴ്സിന്റേയും പെൻഷണർമാരുടേയും എണ്ണം അനുബന്ധമായി ചേർക്കുന്നു. |

എൻ.കെ.ചന്ദ്ര
ഗവ.ജോയിന്റ് സെക്രട്ടറി
തൊഴിലും നൈപുണ്യവും വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ എണ്ണം ഓഫീസ് തിരിച്ച് ചുവടെ ചേർക്കുന്നു.

| ഇൻസ്പെക്ടർ ഓഫീസ് | രജിസ്റ്റേഡ് മെമ്പേഴ്സ് | ലൈവ് മെമ്പേഴ്സ് |
|---|---|---|
| കല്ലമ്പലം | 24328 | 5508 |
| കൊട്ടിയം | 28337 | 6657 |
| കൊല്ലം | 23199 | 5156 |
| ചാത്തന്നൂർ | 25166 | 6611 |
| കുണ്ടറ | 32211 | 8176 |
| ആയൂർ | 14283 | 6434 |
| കൊട്ടാരക്കര | 20730 | 6694 |
| എഴുകോൺ | 24932 | 5628 |
| കായംകുളം | 16430 | 4696 |
| ഭരണിക്കാവ് | 24761 | 8000 |
| ഇരിങ്ങാലക്കുട | 9245 | 2127 |
| ചവറ | 16267 | 3974 |
| **ആകെ** | **259889** | **69661** |

ബോർഡിലെ പെൻഷനേഴ്സിന്റെ വിവരങ്ങൾ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസ് തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ലാ എക്സിക്യൂട്ടീവ് ഓഫീസ് | പെൻഷനേഴ്സിന്റെ എണ്ണം |
|---|---|
| കൊട്ടാരക്കര | 25745 |
| കൊട്ടിയം | 23277 |
| കായംകുളം | 14348 |
| **ആകെ** | **63370** |

# കേരള നിയമസഭ
## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23)
## സമാഹൃത ഓഡിറ്റ് റിപ്പോർട്ട്
## ന്യൂനതാ പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | ഖണ്ഡിക നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 6.1.1 | 2007-2008 | വാർഷിക കണക്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾ സ്വകാര്യ ഏജൻസിയെ (ധൻ & കമ്പനി) ഏൽപ്പിച്ചത് ചട്ടവിരുദ്ധം-[ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05,ഖണ്ഡിക നമ്പർ:34(1)]<br><br>ഭവന നിർമ്മാണ ബോർഡ് (മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ്) ചട്ടം 1984 പ്രകാരം അക്കൗണ്ട്സ് തയ്യാറാക്കേണ്ടത് ഫിനാൻസ് മാനേജർ ആണെന്നിരിക്കെ , 1995-96 മുതൽ 1998-99 വരെയുള്ള അക്കൗണ്ട്സ് തയ്യാറാക്കുന്നതിന്റെ ഭാഗമായി ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കാൻ 30-04-2004-ൽ ധൻ ആന്റ് കമ്പനിയുമായി കരാർ ഒപ്പുവച്ചു. ഹൗസിംഗ് ബോർഡിൽ ചാർട്ടേർഡ് അക്കൗണ്ടന്റായ ഒരു ഫിനാൻസ് ഓഫീസറുടെ കീഴിൽ അക്കൗണ്ടന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിലേക്കായി 7,44,706 രൂപയും 1999-2000 മുതൽ 2004-2005 വരെയുള്ള വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിലേക്കായി 4,30,283 രൂപയും, വയനാട് ഡിവിഷൻ ഓഫീസിൽ സ്പെഷ്യൽ ഓഡിറ്റ് | സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 1997-1998, 1998-1999 വർഷങ്ങളിലെ വാർഷിക കണക്ക് തയ്യാറാക്കിയ രീതിയെ അക്കൗണ്ടന്റ് ജനറൽ വിമർശിക്കുകയും, കണക്കുകൾ കൃത്രിമമായി തയ്യാറാക്കിയതായും അഭിപ്രായപ്പെട്ടിരുന്നു. വർഷങ്ങളായി ബാങ്ക് അക്കൗണ്ടുകളുടെ അനുരഞ്ജിപ്പ് നടത്താത്തത് മൂലം തെറ്റായി തുകകൾ നൽകിയത് കണ്ടു പിടിക്കേണ്ടത് അനിവാര്യമായിരുന്നു. ഇതേ തുടർന്ന് സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 1999-2000, 2000-2001 വർഷങ്ങളിലെ വാർഷിക കണക്കുകൾ തയ്യാറാക്കാൻ M/s. Dhan & Co. യെ ചുമതലപ്പെടുത്തി. ഭവന നിർമ്മാണ ബോർഡിന്റെ വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന് വേണ്ടി വിവിധ ഓഫീസുകളിലെ ബാങ്ക് അക്കൗണ്ട് പരിശോധിച്ചപ്പോൾ ബാങ്ക് അക്കൗണ്ടുകൾ അനുരഞ്ജിപ്പിച്ചിട്ടില്ല എന്ന് ബോധ്യപ്പെടുകയും, ടി വിഷയം 21.03.2003 ലെ ബോർഡ് യോഗം ചർച്ച ചെയ്യുകയും 1995-1996 മുതലുള്ള വർഷങ്ങളിലെ ബാങ്ക് അക്കൗണ്ടുകൾ അനുരഞ്ജിപ്പ് ചെയ്യാനുള്ള ജോലിയും ഓഡിറ്റർമാരായ M/s. Dhan & Co യെ ഏൽപ്പിക്കാൻ തീരുമാനിച്ചു. പ്രസ്തുത ജോലികൾക്ക് ഫീസ് ഇനത്തിൽ 7.50 ലക്ഷം രൂപയും യഥാർത്ഥത്തിൽ ചെലവാകുന്ന യാത്രാ ബത്ത ചെലവുകളും ആണ് M/s. Dhan & Co. ആവശ്യപ്പെട്ടത്. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സെക്രട്ടറി, ഫിനാൻസ് മാനേജർ എന്നിവർ M/s. Dhan & Co. യുമായി ചർച്ച ചെയ്ത് ഫീസ് 6 ലക്ഷം രൂപയും യഥാർത്ഥത്തിൽ ചെലവാകുന്ന യാത്രാ ബത്ത |

| | | | | |
|---|---|---|---|---|
| | | | നടത്തിയതിന് 14,140 രൂപയും(യാത്രാപ്പടി,താമസം എന്നതിലേയ്ക്കായി) ധൻ ആന്റ് കമ്പനിയ്ക്ക് നൽകി.<br><br>കേരള സർവ്വീസ് ചട്ടം ഭാഗം II ,ഭവന നിർമ്മാണ ബോർഡ് (അനൗദ്യോഗിക അംഗങ്ങൾക്കുള്ള ബത്ത) ചട്ടം 2,3 പ്രകാരവും, ഭവന നിർമ്മാണ ബോർഡ് ആക്റ്റ് വകുപ്പുകൾ 25, 120 പ്രകാരവും മേൽചെലവുകൾ ക്രമപ്രകാരമല്ല. | ചെലവുകളും നൽകാമെന്നും ധാരണയാകുകയും, ടി വിഷയം 12.01.2004 ലെ ബോർഡ് ചർച്ച ചെയ്യുകയും (ഇനം. 2) 01.04.1995 മുതൽ 31.03.1999 വരെയുള്ള ബാങ്ക് അക്കൗണ്ടുകളുടെ അനുരഞ്ജിപ്പ് നടത്തുന്ന ജോലികൾ M/s. Dhan & Co.-യെ ഏൽപ്പിക്കാനും തീരുമാനിച്ചു. ഇതിനായി ഫീസ് ഇനത്തിൽ 6 ലക്ഷം രൂപയും യഥാർത്ഥത്തിൽ ചെലവാകുന്ന യാത്ര ദിനബത്ത, താമസ ചെലവുകൾ എന്നിവ നൽകുവാനും തീരുമാനിച്ചു. ഇതേ തുടർന്ന് 28.03.2006 ലെ G.O(Rt) No. 21/2006/Housing പ്രകാരം ബാങ്ക് അക്കൗണ്ടുകളുടെ അനുരഞ്ജിപ്പ് M/s. Dhan &Co. യെ ഏൽപ്പിച്ചതിൻപ്രകാരമുള്ള തുക അംഗീകരിയ്ക്കുകയും ടി.എ/ഡി.എ ഇനത്തിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക നൽകിയത് മുൻകാലപ്രാബല്യത്തോടെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ M/s. Dhan & Co -യ്ക്ക് ബാങ്ക് അക്കൗണ്ട് അനുരഞ്ജിപ്പിന് ടി.എ/ഡി.എ ഇനത്തിൽ 5.44 ലക്ഷം രൂപയാണ് ബോർഡ് നല്കിയിരുന്നത്. M/s. Dhan & Co- യ്ക്ക് നാല്ല വർഷത്തെ ബാങ്ക് അക്കൗണ്ട് ജോലിക്ക് ടി.എ/ഡി.എ യിൽ ഏഴ്ല ലക്ഷം രൂപയാക്കി നിജപ്പെടുത്തി ഈ ഇനത്തിൽ യഥാർത്ഥത്തിൽ ചെലവാകുന്ന തുകക്ക് അനുവാദം നൽകണമെന്ന് ബോർഡ് സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം പരിശോധിച്ച് 1995-1996 മുതൽ 1998-1999 വരെയുള്ള കാലഘട്ടത്തിൽ ബാങ്ക് അക്കൗണ്ട് അനുരഞ്ജിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് ടി.എ/ഡി.എ ഇനത്തിൽ M/s. Dhan & Co -യ്ക്ക് 5.44 ലക്ഷം രൂപ നല്കിയ നടപടിക്ക് 17.02.2016 ലെ സ.ഉ (സാധാ) നം.12/2016/ഭവനം പ്രകാരം സാധൂകരണം നൽകിയിട്ടുണ്ട്. |
| 2. | 2.15 | 2008-2009 | കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്<br><br>ഹൗസിംഗ് ബോർഡിന്റെ വിവിധ ഡിവിഷൻ ഓഫീസുകളുടെയും യൂണിറ്റ് ഓഫീസുകളുടെയും കീഴിൽ വരുന്ന റവന്യൂ ടവറുകൾ, | സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള കെട്ടിടങ്ങളിൽ സർക്കാർ കാര്യാലയങ്ങളും പ്രൈവറ്റ് സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. സർക്കാർ കാര്യാലയങ്ങളുടെ വാടക |

| | | | | |
|---|---|---|---|---|
| | | | കടമുറികൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവിടങ്ങളിൽ നിന്നും വാടക പിരിച്ചെടുക്കുന്നതിൽ ബോർഡ് വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല. തന്മൂലം വാടക, പിഴപ്പലിശ എന്നീയിനങ്ങളിൽ കോടികളുടെ നഷ്ടം ബോർഡിന് വർഷംതോറും ഉണ്ടാകുന്നു.<br><br>കൂടാതെ റവന്യൂ ടവറുകളിലും ഓഫീസ് കോംപ്ലക്സുകളിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കറണ്ടുചാർജ്ജും, വെള്ളക്കരവും ബോർഡ് ഫണ്ടിൽ നിന്നും അടയ്ക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. വാടകക്കാരുമായി ഏർപ്പെട്ടിട്ടുള്ള വാടക കരാറുകളിൽ ഇതു സംബന്ധിച്ച് വ്യവസ്ഥ ചെയ്യാത്തതുമൂലമാണ് ഇത്തരത്തിൽ ഭീമമായ നഷ്ടം സംഭവിക്കുന്നത്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി അനുഭവിച്ചുകൊണ്ടിരിക്കുന്ന ബോർഡ് ഈ വിഷയത്തിൽ ഒരു പുനഃപരിശോധന എത്രയുംവേഗം നടത്തേണ്ടതാണ്. | കുടിശ്ശിക സെറ്റിൽ ചെയ്യുന്നതിനായി 06.05.2020 ലെ G.O (Rt) No.16/2020/HSG പ്രകാരം 19.88 കോടി രൂപ അനുവദിച്ചുത്തരവാകുകയും സർക്കാർ കാര്യാലയങ്ങളുടെ 07/2020 വരെയുള്ള മുഴുവൻ കുടിശ്ശികയും സെറ്റിൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. സർക്കാരിൽ നിന്നും ലഭിച്ച വാടക കുടിശ്ശിക തുക അഡ്ജസ്റ്റ് ചെയ്തതുവഴി ഡിമാന്റിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. 31.03.2021 ലെ കണക്കുപ്രകാരം സർക്കാർ കാര്യാലയങ്ങളുടെ ഡിമാൻഡ് 3.93 കോടി രൂപയും സർക്കാരേതര കാര്യാലയങ്ങളുടെ ഡിമാൻഡ് 7.91 കോടി രൂപയുമാണ്. 2020-2021 കാലയളവിൽ 11.06 കോടി രൂപ വാടകയിനത്തിൽ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. 2021-2022 കാലയളവിൽ 14.28 കോടി രൂപ വാടകയിനത്തിൽ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. കുടിശ്ശിക വരുത്തുന്ന പ്രൈവറ്റ് സ്ഥാപനങ്ങൾക്കും / വ്യക്തികൾക്കും എതിരെ കുടിശ്ശിക നോട്ടീസ് നൽകുകയും നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന വേളയിൽ കുടിശ്ശിക തുകയുടെ ഒരുഭാഗം ഒടുക്കുകയും ഒഴിപ്പിക്കൽ നടപടിയിൽ നിന്ന് ഒഴിവാക്കുകയും ചെയ്യുന്ന പ്രവണതയുണ്ട്. കോവിഡ് രോഗ വ്യാപനവുമായി ബന്ധപ്പെട്ട് 2020 ഏപ്രിൽ മുതൽ 2021 ഡിസംബർ വരെ സർക്കാർ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതിനാൽ കുടിശ്ശികക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചിരുന്നില്ല. കൂടാതെ കോവിഡ് പശ്ചാത്തലം കണക്കിലെടുത്ത് വാടകയിൽ ഇളവ് ആവശ്യപ്പെട്ട് കുടിശ്ശികക്കാരായ വാടകക്കാർ |

| | | | | |
|---|---|---|---|---|
| | | | | ബഹു.മുഖ്യമന്ത്രിയ്ക്കും, ബഹു.റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രിയ്ക്കും, സർക്കാരിലും അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ച് ലോക്ക്ഡൗൺ കാലയളവിൽ അടഞ്ഞു കിടന്ന രണ്ടു മാസത്തെ വാടക ഇളവ് അനുവദിക്കാനുള്ള ബോർഡ് തീരുമാനത്തിന് 07.04.2022 ലെ സ.ഉ (സാധാ) നം. 35/2022/HSG ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.<br>സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള റവന്യൂ ടവറുകളിലും ഓഫീസ് കോംപ്ലക്സുകളിലും പ്രവർത്തിക്കുന്ന ഓഫീസുകളുടെയും കടകളുടെയും വൈദ്യുത ചാർജ് അതാത് വ്യക്തികൾ / ഓഫീസുകൾ ആണ് അടയ്ക്കുന്നത്. എന്നാൽ പൊതു പരിപാലനത്തിൽ വരുന്ന വൈദ്യുത ചാർജ് / വാട്ടർ ചാർജ്, മറ്റ് പൊതുപരിപാലന ചെലവുകൾ എന്നിവ 2012 ലെ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് (ഫോർമേഷൻ ഓഫ് മാനേജിങ് കമ്മിറ്റി ഫോർ റവന്യൂ ടവേഴ്സ് ആൻഡ് കൊമേർഷ്യൽ ഓഫീസ് കോംപ്ലെക്സ്) റെഗുലേഷൻ പ്രകാരം ആർ.ഡി.ഒ അല്ലെങ്കിൽ തഹസിൽദാർ, പോലീസ് വകുപ്പിൽ നിന്നുള്ള പ്രതിനിധി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാടകക്കാരിൽ നിന്നുള്ള പ്രതിനിധി എന്നിവർ ഉൾപ്പെട്ട 11 അംഗ മാനേജിങ് കമ്മിറ്റിയാണ് നടത്തുന്നത്. കെട്ടിടങ്ങളുടെ പൊതുവായിട്ടുള്ള സ്ഥലങ്ങളുടെ മുഴുവൻ ചുമതലകൾ കൂടാതെ പൊതു സ്ഥലങ്ങളുടെ വൈദ്യുതി, വെള്ളക്കരം എന്നിവ നിർവഹിക്കേണ്ട ചുമതല നിലവിലെ റെഗുലേഷൻ പ്രകാരം പ്രസ്തുത കമ്മിറ്റിക്കാണ്. |

| | | | | |
|---|---|---|---|---|
| 3. | 3.1.10(1) | 2009-10 | നെടുമങ്ങാട് റവന്യൂ ടവറിൽ കടമുറികളും, ഓഫീസ് മുറികളും വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നതുമൂലം ബോർഡ് ഫണ്ടിന് നഷ്ടം<br>ഓഡിറ്റ് റിപ്പോർട്ട് വർഷം : 2007-08, ഖണ്ഡിക നമ്പർ:33.2(a)<br><br>നെടുമങ്ങാട് റവന്യൂ ടവറിൽ ആകെ 66 കടമുറികളും 19 ഓഫീസുകളുടെ പ്രവർത്തനത്തിനാവശ്യമായ സ്ഥലസൗകര്യവും ഉണ്ട്. റവന്യൂ ടവറിന്റെ നിർമ്മാണത്തിനായി ഏകദേശം 5 കോടി രൂപ ചെലവായിട്ടുണ്ട്.<br>ഇതുകൂടാതെ കെട്ടിട നികുതി, വെള്ളക്കരം, താൽക്കാലിക ജീവനക്കാരുടെ വേതനം എന്നീയിനങ്ങളിലും ബോർഡിന് ചെലവുണ്ട്. വാടക രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ റവന്യൂ ടവറിൽ നിന്നുള്ള വാടക വരുമാനം കണക്കാക്കുവാൻ കഴിഞ്ഞിട്ടില്ല. റവന്യൂ ടവറിന്റെ പ്രവർത്തനം ആരംഭിച്ച സമയത്തു തന്നെ 57 കടമുറികളും 5 ഓഫീസുകൾ പ്രവർത്തിക്കുന്നതിനുള്ള സ്ഥലവും ഒഴിഞ്ഞു കിടക്കുകയായിരുന്നു. എന്നാൽ ഈ ഒഴിഞ്ഞമുറികൾ വാടകയ്ക്ക് നൽകുവാൻ അധികൃതർ ഫലപ്രദമായ നടപടികൾ സ്വീകരിച്ചില്ല.<br>അവസാനമായി മുറികളുടെ ലേലം നടന്നത് 01.03.2007-ലാണ്. ഈ സാഹചര്യത്തിൽ ബോർഡ് അധികൃതർ ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് അന്വേഷിക്കേണ്ടതുമാണ്. കൂടാതെ രജിസ്റ്ററുകൾ കൃത്യമായി | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കീഴിൽ നെടുമങ്ങാട് റവന്യൂ ടവറിലെ കടമുറികളും ഓഫീസ് സ്ഥലങ്ങളും വാടകയ്ക്ക് നൽകുന്നതിനായി പത്രമാധ്യമത്തിലൂടെ നോട്ടീസുകൾ നൽകിയും ആവശ്യം ഉന്നയിക്കുന്നവരെ ഫോൺ മുഖേന അറിയിച്ചും പൊതുജനങ്ങളെ ക്യാൻവാസ് ചെയ്തും വാടകയ്ക്ക് നൽകി വരുന്നുണ്ട്. കടമുറികളും ഓഫീസ് സ്ഥലങ്ങളും ഒഴിയുന്ന മുറയ്ക്ക് പുതിയ വാടകക്കാരെ കണ്ടെത്തുന്നതിനായി പത്രപ്പരസ്യം നൽകുകയും ആവശ്യക്കാരെ ഫോൺ മുഖേന ബന്ധപ്പെടുകയും ചെയ്തിട്ടുണ്ട്. നെടുമങ്ങാട് റവന്യൂ ടവറിലെ 14 കടമുറികളുടെ ലേല നടപടി 2009-10 കാലയളവിൽ നടത്തി വാടകയ്ക്ക് നൽകിയിട്ടുള്ളതുമാണ്. പത്രപ്പരസ്യത്തിലൂടെയും മറ്റ് നടപടികളിലൂടെയും പരമാവധി ആവശ്യക്കാരെ ഉൾക്കൊള്ളിക്കുവാൻ സാധിച്ചുവെങ്കിലും മുഴുവൻ സ്ഥലങ്ങൾക്കായും ആവശ്യക്കാരെ ലഭ്യമാകാത്തതിനാലാണ് വാടകയിടങ്ങൾ ഒഴിഞ്ഞുകിടന്നത്. ലേല നടപടികൾ ഊർജ്ജിതമാക്കിയതിലൂടെ നെടുമങ്ങാട് റവന്യൂ ടവറിലെ ഭൂരിഭാഗം വാടകയിടങ്ങളും വാടകയ്ക്ക് നൽകുവാൻ സാധിച്ചിട്ടുണ്ട്. 2020 ൽ കോവിഡ് മഹാമാരി തുടങ്ങിയ കാലയളവിൽ 5 കടമുറികളും ഒരു ഓഫീസ് സ്ഥലവും മാത്രമാണ് ഒഴിഞ്ഞു കിടപ്പുണ്ടായിരുന്നത്. നിലവിൽ 4 കടമുറികളും ഒരു ഓഫീസ് സ്ഥലവും മാത്രമാണ് ഒഴിഞ്ഞു കിടക്കുന്നത്. ആയതിൽ ഒഴിവുള്ള ഓഫീസ് സ്ഥലം നെടുമങ്ങാട് റവന്യൂ ടവറിൽ തന്നെ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് രജിസ്ട്രാർ (കോ -ഓപ്പറേറ്റീവ് രജിസ്ട്രാർ ഓഫീസ്) ഓഫീസിന് വാടകയ്ക്ക് ആവശ്യപ്പെട്ടിട്ടുണ്ട്. ഒഴിവുള്ള കടമുറികൾ വാടകയ്ക്ക് നൽകുന്നതിനായി എല്ലാ മാസവും ആദ്യത്തെയും മൂന്നാമത്തെയും ബുധനാഴ്ചകളിൽ ലേലം നടത്തുന്നുണ്ട്. ഒഴിവുള്ള സ്ഥലങ്ങൾ പൂർണ്ണമായി വാടകയ്ക്ക് നൽകുവാൻ സത്വര നടപടി സ്വീകരിച്ചു |

| | | | | |
|---|---|---|---|---|
| | | | പരിപാലിക്കേണ്ടതും അവ യഥാക്രമം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.<br><br><u>ഉത്തരവാദിയായ ഉദ്യോഗസ്ഥ:</u><br>ശ്രീമതി.സി.ജെ.അനില, എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവനന്തപുരം ഡിവിഷൻ നമ്പർ–1. | വരികയാണ്. കോവിഡിന്റെ സാഹചര്യത്തിൽ സാമ്പത്തിക ബുദ്ധിമുട്ടിലായതു കാരണം വാടകക്കാരെ ലഭ്യമാകവാൻ ചെറിയ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. |
| 4 | 4.3 | 2010–11 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്<br><br>ഫ്ളാറ്റുകളും പ്ലോട്ടുകളും കെട്ടിടങ്ങളും അലോട്ടുചെയ്യാത്തതു കാരണം ഭവന നിർമ്മാണ ബോർഡിന് വൻ നഷ്ടം.<br><br>സൗകര്യങ്ങളുടെ അപര്യാപ്തതയും നിർമ്മാണത്തിലെ അപാകതകളും നിരക്കുകൾ നിശ്ചയിക്കുന്നതിന്റെ അശാസ്ത്രീയതയും കാരണം ഫ്ളാറ്റുകളും പ്ലോട്ടുകളും ഏറ്റെടുക്കാൻ ആളില്ല.<br><br>സമൂഹത്തിലെ വിവിധ തട്ടിലുള്ള ജനവിഭാഗങ്ങൾക്ക് (പ്രത്യേകിച്ചും ദുർബല വിഭാഗം) ഭവന നിർമ്മാണത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് 1971–ൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് രൂപം കൊണ്ടത്. ഇതിനു പുറമേ മറ്റു വിവിധ പദ്ധതികളായ ഓഫീസ് –കം–ഷോപ്പിംഗ് കോംപ്ലക്സുകൾ, റവന്യൂ ടവറുകൾ, എം.പി/എം.എൽ.എ മാരുടെ ഭവന നിർമ്മാണ പദ്ധതികൾ, വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ, ഗസ്റ്റ് ഹൗസുകൾ, മിനി ടൗൺ ഷിപ്പുകൾ, ഹാബിറ്റാറ്റ് സെന്ററുകൾ, റെന്റൽ ഹൗസിംഗ് സ്കീമുകൾ മുതലായ പ്രവർത്തനങ്ങൾ ബോർഡ് ഏറ്റെടുത്തു | സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുൻകാലങ്ങളിൽ നിർമ്മിച്ച ഫ്ലാറ്റുകൾ, പ്ലോട്ടുകൾ, കെട്ടിടത്തോടുകൂടിയ പ്ലോട്ടുകൾ എന്നിവയിൽ തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഒഴികെ മറ്റെല്ലാ ജില്ലകളിലെയും ഭവന പദ്ധതികളിലെ ഫ്ലാറ്റുകൾ, പ്ലോട്ടുകൾ, കെട്ടിടത്തോടുകൂടിയ പ്ലോട്ടുകൾ എന്നിവയിൽ ഭൂരിഭാഗവും വിറ്റഴിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ബാലരാമപുരം ഭവന പദ്ധതിയിൽ 54 ഫ്ലാറ്റുകൾ ഒഴിഞ്ഞു കിടപ്പുണ്ട്. ബാലരാമപുരം ഭവന പദ്ധതിയിൽ കുടിവെള്ളത്തിന്റെ അഭാവമാണ് പ്രധാനമായും ഫ്ലാറ്റുകൾ വിറ്റഴിക്കാൻ കഴിയാത്തതിന് കാരണം. ബാലരാമപുരത്ത് പദ്ധതി ആസൂത്രണം ചെയ്ത സമയത്ത് 184 ഫ്ലാറ്റുകൾക്കും ജലം ലഭ്യമാക്കുന്നതിനുള്ള സ്രോതസ്സ് ഉണ്ടായിരുന്നു. കാലാകാലങ്ങളിൽ പ്രദേശത്ത് വികസനം വരികയും ജനസാന്ദ്രത കൂടുകയും ചെയ്തപ്പോൾ ആവശ്യത്തിന് ജലം ലഭ്യമാകാതെ വന്നു. ആയതു ബോർഡിന്റെ പദ്ധതിയെയും ബാധിച്ചു. എന്നിരുന്നാലും പദ്ധതി പ്രദേശത്ത് ജലം ലഭ്യമാക്കുന്നതിന് പദ്ധതി പ്രദേശത്തിനടുത്ത് മറ്റൊരു സ്ഥലം ബോർഡ് ഏറ്റെടുത്ത് open well കുഴിക്കുകയും അതിൽനിന്ന് ജലം പമ്പ് ചെയ്ത് എല്ലാവർക്കും ലഭ്യമാക്കിയിരുന്നു. എങ്കിലും വെള്ളത്തിന്റെ പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞില്ല. ഇക്കാരണത്താൽ പ്രസ്തുത പദ്ധതിയിലെ ഒഴിവുള്ള |

| | | | | |
|---|---|---|---|---|
| | | | നടത്തിവരുന്നു. കൂടാതെ വിവിധ സർക്കാർ വകുപ്പുകളുടെ കൺസൾട്ടൻസി ജോലികളും ഏറ്റെടുത്തു നടത്തുന്നു.<br><br>ബോർഡ് മുൻ വർഷങ്ങളിൽ നിർമ്മിച്ച ഒട്ടേറെ ഫ്ളാറ്റുകൾ, പ്ലോട്ടുകൾ, കെട്ടിടത്തോടുകൂടിയ പ്ലോട്ടുകൾ എന്നിവ അലോട്ട് ചെയ്യാതെയും വിറ്റഴിക്കാതെയും ഉപയോഗ ശൂന്യമായി കിടക്കുന്നതുമൂലം ബോർഡിന് ഭീമമായ നഷ്ടം നേരിടുന്നു. മികച്ച സൗകര്യങ്ങളുടെ അപര്യാപ്തതയും നിർമ്മാണത്തിലെ പോരായ്മകളും നിരക്ക് നിശ്ചയിക്കുന്നതിലെ അശാസ്ത്രീയതയുമാണ് ഇതിനു പ്രധാന കാരണങ്ങൾ. | ഫ്ലാറ്റുകൾക്കായി ആരും മുന്നോട്ട് വരുന്നില്ല. ബാലരാമപുരം പദ്ധതിയിൽ മാത്രമാണ് ഇത്തരത്തിലൊരു അവസ്ഥ വന്നിട്ടുള്ളതെന്നും ജല അതോറിറ്റിയുമായി ബന്ധപ്പെട്ട് പദ്ധതി സ്ഥലത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിനും ബോർഡ് അധികൃതർ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ഭവന നിർമ്മണ ബോർഡ് ആവശ്യമായ സൗകര്യങ്ങളോടെ നിർമ്മിച്ചിട്ടുള്ള ഫ്ലാറ്റുകളും, വീടുകളും, പ്ലോട്ടുകളും എന്നിവയുടെ വില നിശ്ചയിക്കുന്നത് PWD നിശ്ചയിച്ചിട്ടുള്ള നിരക്ക് അനുസരിച്ചും ബോർഡിന്റെ അംഗീകാരത്തോടെയുമാണ് എന്നതിനാൽ നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നതിൽ അശാസ്ത്രീയത ഉണ്ടായിട്ടില്ല എന്നാണ് ബോർഡ് അറിയിച്ചിട്ടുള്ളത്. |
| | | | ബോർഡിന്റെ വിവിധ ഓഫീസുകളുടെ കീഴിൽ വരുന്ന റവന്യൂ ടവറുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, കടമുറികൾ എന്നിവിടങ്ങളിൽനിന്ന് വാടക പിരിച്ചെടുക്കുന്നതിൽ ബോർഡ് വീഴ്ച വരുത്തുന്നു. ഇക്കാരണത്താൽ വാടക/പിഴപ്പലിശ എന്നീയിനങ്ങളിൽ ഭീമമായ നഷ്ടം ബോർഡിനുണ്ടാകുന്നു. യഥാസമയം വാടകക്കരാറിൽ ഏർപ്പെടാത്തതുകൊണ്ടും വാടകക്കരാർ പുതുക്കി ഉയർന്ന നിരക്കിലുള്ള വാടക പിരിച്ചെടുക്കാത്തതുകൊണ്ടും ബോർഡിന്റെ വരുമാനം ഗണ്യമായി കുറയുന്നു. കളക്ടർക്കും ചീഫ് റവന്യൂ ഓഫീസർക്കും റിപ്പോർട്ട് ചെയ്ത റവന്യൂ റിക്കവറി കേസുകളിൻമേൽ ഫലപ്രദമായ തുടർ നടപടികൾ സ്വീകരിച്ചു കാണുന്നില്ല. | സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള കെട്ടിടങ്ങളിൽ സർക്കാർ കാര്യാലയങ്ങളും പ്രൈവറ്റ് സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. വാടകയ്ക്ക് സ്ഥാപിക്കുന്ന സർക്കാർ കാര്യാലയങ്ങളുടെ വാടക കുടിശ്ശിക സെറ്റിൽ ചെയ്യുന്നതിനായി 06.05.2020 ലെ സർക്കാർ ഉത്തരവ് G.O (Rt) No.16/2020/HSG പ്രകാരം 19.88 കോടി രൂപ അനുവദിച്ചുതരവാകുകയും സർക്കാർ കാര്യാലയങ്ങളുടെ 07/2020 വരെയുള്ള മുഴുവൻ കുടിശ്ശികയും സെറ്റിൽ ചെയ്യുകയും ചെയ്തു. സർക്കാരിൽ നിന്നും ലഭിച്ച വാടക കുടിശ്ശിക തുക അഡ്ജസ്റ്റ് ചെയ്തതുവഴി ഡിമാന്റിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. 31.03.2021 ലെ കണക്കുപ്രകാരം സർക്കാർ |

| | | | | |
|---|---|---|---|---|
| | | | | കാര്യാലയങ്ങളുടെ ഡിമാൻഡ് 3.93 കോടി രൂപയും സർക്കാരേതര കാര്യാലയങ്ങളുടെ ഡിമാൻഡ് 7.91 കോടി രൂപയുമാണ്. 2020-2021 കാലയളവിൽ ബോർഡിന് 11.06 കോടി രൂപയും 2021-2022 കാലയളവിൽ 14.28 കോടി രൂപയും വാടകയിനത്തിൽ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. കുടിശ്ശിക വരുത്തുന്ന പ്രൈവറ്റ് സ്ഥാപനങ്ങൾക്കും / വ്യക്തികൾക്കും എതിരെ കുടിശ്ശിക നോട്ടീസ് നൽകുകയും നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന വേളയിൽ കുടിശ്ശിക തുകയുടെ ഒരുഭാഗം ഒടുക്കുകയും ഒഴിപ്പിക്കൽ നടപടിയിൽ നിന്ന് ഒഴിവാക്കുകയും ചെയ്യുന്ന പ്രവണതയുണ്ട്. കോവിഡ് രോഗ വ്യാപനവുമായി ബന്ധപ്പെട്ട് 2020 ഏപ്രിൽ മുതൽ 2021 ഡിസംബർ വരെ സർക്കാർ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതിനാൽ കുടിശ്ശികക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചിരുന്നില്ല. കൂടാതെ കോവിഡ് പശ്ചാത്തലം കണക്കിലെടുത്ത് വാടകയിൽ ഇളവ് ആവശ്യപ്പെട്ട് കുടിശ്ശികക്കാരായ വാടകക്കാർ ബഹു.മുഖ്യമന്ത്രിയ്ക്കും, ബഹു.റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രിയ്ക്കും, സർക്കാരിലും അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ച് ലോക്ക്ഡൗൺ കാലയളവിൽ അടഞ്ഞു കിടന്ന രണ്ടു മാസത്തെ വാടക ഇളവ് അനുവദിക്കാനുള്ള ബോർഡ് തീരുമാനത്തിന് 07.04.2022 ലെ സ.ഉ (സാധാ) നം. 35/2022/HSG ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.<br>സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ വിവിധ ഓഫീസുകളിലായി |

| | | | | |
|---|---|---|---|---|
| | | | | വാടകയിനത്തിൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ച 58 കേസുകളാണ് നിലവിലുള്ളത്. ടി കേസുകളിലെല്ലാം തന്നെ വിവിധ ജില്ലാ കളക്ടർമാരിൽ നിന്നും റവന്യൂ റിക്കവറി സർട്ടിഫിക്കറ്റ് ലഭ്യമായതിനെ തുടർന്ന് ഡിമാൻഡ് നോട്ടീസുകൾ തയാറാക്കി നല്കിയിട്ടുള്ളതും ജപ്തി നടപടികൾ സ്വീകരിക്കുന്നതിലേക്കായിട്ടുള്ള തുടർ നടപടികൾ സ്വീകരിച്ച് വരികയുമാണ്. കോവിഡ് പശ്ചാത്തലം കണക്കിലെടുത്ത് 2020 ഏപ്രിൽ മാസം വരെ വാടക / വായ്പയിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾ തൽക്കാലം നിർത്തിവയ്ക്കുന്നതിന് സർക്കാർ നിർദേശം നൽകിയതിനാൽ റവന്യൂ റിക്കവറി നടപടികളുമായി മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ലെങ്കിലും ടി കാലയളവുകളിൽ കുടിശ്ശിക കക്ഷികളെ നേരിൽ കണ്ട് പരമാവധി തുക അടപ്പിക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരികയുമാണ്.<br><br>സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്നും വായ്പ എടുത്തവർ മനഃപൂർവ്വം കുടിശ്ശിക വരുത്തിയതിനെ തുടർന്ന് കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ ജില്ലാ കളക്ടർ വഴിയാണ് നടപ്പാക്കിയിരുന്നത്. തുടർന്ന് 29.03.2004 ലെ ജി .ഒ (കൈ )നം 74 / 2004 / ആർ .ഡി പ്രകാരം ബോർഡിലെ ചീഫ് റവന്യൂ ഓഫീസറെ കുടിശ്ശിക പിരിച്ചെടുക്കാൻ ജില്ലാ കളക്ടറുടെ എല്ലാ അധികാരവും നിർവ്വഹിക്കാൻ ഉത്തരവ് ആയിരുന്നു. തുടർന്ന് ബോർഡിലെ ചീഫ് റവന്യൂ ഓഫീസർ വഴി റവന്യൂ റിക്കവറി നടത്തുകയും ചെയ്തു. |

| | | | | |
|---|---|---|---|---|
| | | | | ഭവനനിർമ്മാണബോർഡ് സമൂഹത്തിലെ വിവിധ വരുമാന പരിധിയിൽപ്പെടുന്നവർക്ക് നൽകിയ വായ്പ പദ്ധതിയിൽ വിവിധ ഓഫീസുകളിലായി കുടിശ്ശിക തുക പിരിഞ്ഞു കിട്ടാനുള്ള കേസുകളിൽ ഭൂരിഭാഗവും റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളവയാണ്. ഭവനനിർമ്മാണബോർഡിൽ കുടിശ്ശികപ്പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലെ സ .ഉ (കൈ)നം 6/ 2004 /ഭവനം ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർ, താഴ്ന്ന വരുമാനമുള്ള വിഭാഗക്കാർ, ഇടത്തരം വരുമാനമുള്ള വിഭാഗക്കാർ എന്നിവർക്ക് പിഴപ്പലിശയിൽ 100% ഇളവ് ആണ് നൽകിയിരുന്നത്. 07.02.2004 മുതൽ 31.03.2018 വരെ നടപ്പിലാക്കിയിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ വളരെയധികം കുടിശ്ശിക ഒഴിവാക്കാൻ കഴിയുകയും ഗുണഭോക്താക്കൾക്ക് വളരെയധികം പ്രയോജനം ലഭിക്കുകയും ചെയ്തു. നീണ്ട 14 വർഷങ്ങളായി തുടർന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ പിരിച്ചെടുക്കാൻ കഴിയാവുന്നതിൽ നല്ലൊരു പങ്കം പിരിച്ചെടുക്കാൻ ബോർഡിന് സാധിച്ചിട്ടുണ്ട്. ഇനി അവശേഷിക്കുന്നവരിൽ പലരും സാമ്പത്തിക പരാധീനതയും രോഗാവസ്ഥയും വാർദ്ധക്യാവസ്ഥയും മൂലം തിരിച്ചടവ് ശേഷി കുറഞ്ഞവരാണ്. എന്നാൽ ഉയർന്ന വരുമാനമുള്ള പലരും ബോധപൂർവ്വം തിരിച്ചടയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടതിനാൽ ഭവന വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിനായി |

| | | | | |
|---|---|---|---|---|
| | | | | ജില്ലാതലത്തിൽ അദാലത്ത് സംഘടിപ്പിക്കുന്നതിന് 19.07.2018 ലെ സ.ഉ (കൈ)നം 6/2018/ഭവനം പ്രകാരം ഉത്തരവായിട്ടുണ്ട്. നിലവിൽ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഗൃഹ സന്ദർശനം ഉൾപ്പെടെയുള്ള പരിശോധനകൾ നടത്തി അവരുടെ സാമ്പത്തിക സ്ഥിതി വിലയിരുത്തിയതിനുശേഷം കുടിശ്ശിക പൂർണമായും തിരിച്ചടയ്ക്കാൻ കഴിവുള്ളവരുടെയും ഭാഗികമായി തിരിച്ചടയ്ക്കാൻ കഴിയാത്തവരുടെയും പട്ടിക ജില്ലാതലത്തിൽ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ 8 വിഭാഗങ്ങളായി തിരിച്ച് അദാലത്ത് സംഘടിപ്പിച്ചിരുന്നു. സർക്കാർ ഉത്തരവ് അനുസരിച്ച് 2018 ഡിസംബർ 30 മുതൽ ബോർഡ് ജില്ലകൾതോറും വായ്പ അദാലത്തുകൾ സംഘടിപ്പിച്ച് നിരവധി ആനുകൂല്യം നൽകിയതിനാൽ 31.12.2018 ന് ആകെ ഉണ്ടായിരുന്ന 2185 ആർ.ആർ ഫയലുകളിൽ (101.79 കോടി രൂപ കുടിശ്ശിക തുക) 886 കുടിശ്ശികക്കാർ 31.03.2021 നുള്ളിൽ വായ്പ തീർപ്പാക്കിയിരുന്നു. കോവിഡ് സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ തൽക്കാലം നിർത്തിവയ്ക്കുകയും 31.03.2022 വരെ വായ്പ കുടിശ്ശിക തീർപ്പാക്കുന്നതിനായി ജില്ലാതല അദാലത്തുകളിൽ നിശ്ചയിച്ച തുക അടക്കുന്നതിന് സമയം നൽകിയിരുന്നതുമാണ്. എന്നാൽ 17.03.2022 ൽ കൂടിയ ബോർഡ് യോഗം ടി കാലാവധി 30.06.2022 വരെ ദീർഘിപ്പിച്ച് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. |

ലീന. എം.ഡി.
പെൻ 102836
ജോയിന്റ് സെക്രട്ടറി
ഭവനനിർമ്മാണ വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഫോൺ: 0471-2518801

6

(72)

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-16) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് ഡയറക്ടറുടെ 2009-2010 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - മലബാർ ദേവസ്വം ബോർഡിനെ സംബന്ധിക്കുന്ന പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി.**

| ഖണ്ഡിക | പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|
| 3.4.5 (i) | തളിപ്പറമ്പ് ശ്രീ രാജരാജേശ്വര ക്ഷേത്രം ആവശ്യകതയിൽ കവിഞ്ഞും അംഗീകാരമില്ലാത്തതുമായ സ്ഥാപനം മുഖേനയും ചന്ദനം വാങ്ങിയതു വഴി ക്ഷേത്ര ഫണ്ടിന് 1,53,145/- രൂപ നഷ്ടം സംഭവിച്ചത് ഓഡിറ്റ് റിപ്പോർട്ട് വർഷം2002-07 ഖണ്ഡിക (42) | തളിപ്പറമ്പ് ശ്രീ രാജരാജേശ്വര ക്ഷേത്രം ആവശ്യകതയിൽ കവിഞ്ഞും അംഗീകാരമില്ലാത്തതുമായ സ്ഥാപനം മുഖേനയും ചന്ദനം വാങ്ങിയതുവഴി ക്ഷേത്ര ഫണ്ടിന് നഷ്ടം വരുത്തിയതായി കണ്ടെത്തിയതിനാൽ അച്ചടക്ക നടപടിയുടെ ഭാഗമായി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. ഇ.കെ. ബാബു നമ്പൂതിരിയെ 14/07/2006 ന് കൂടിയ ടി.ടി.കെ. ദേവസ്വം മാനേജ്മെന്റ് കമ്മിറ്റി യോഗം സസ്പെന്റ് ചെയ്തിട്ടുണ്ട്. മേൽ കാര്യത്തിൽ ടിയാൻ ചെലവ് ചെയ്ത 1,53,145/- രൂപ ദേവസ്വത്തിലേക്ക് തിരിച്ചടപ്പിക്കാൻ ദേവസ്വം തീരുമാനമെടുത്തിട്ടുണ്ട്. ചന്ദനം വാങ്ങൽ അടക്കമുള്ള ശ്രീ. ഇ.കെ. ബാബുവിന്റെ പലവിധ ധനാപഹരണങ്ങളുമായി ബന്ധപ്പെട്ട് തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 371/2007 പ്രകാരം പരാതി രജിസ്റ്റർ ചെയ്യുകയും ആയതിൽ തളിപ്പറമ്പ് ജുഡീഷ്യൽ ഡിസ്ട്രിക്ട് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ സി.സി.344/12 നമ്പരായി ഒരു വ്യവഹാരവും നിലവിലുണ്ട്. ആയത് തീർപ്പാക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അനന്തര നടപടികൾ കൈക്കൊള്ളുമെന്ന് ബോധിപ്പിക്കുന്നു. |

Additional Secretary to Govt.
Revenue (Devaswom) Dept.
Govt. Secretariat
Ph: 0471-2335625 & 2518397

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ2009-2010, 2010-2011 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്- മലബാർ ദേവസ്വം ബോർഡിനെ സംബന്ധിക്കുന്ന പരാമർശത്തിന്മേൽ സ്വീകരിച്ച ന്യൂനതാ പരിഹാര നടപടി പത്രിക**

| ഖണ്ഡിക | പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|
| 2010-2011<br>4.6.1(2) | **വേലാഘോഷത്തിന് പണം നൽകിയത് ക്രമവിരുദ്ധം**<br><br>ഓഡിറ്റ് റിപ്പോർട്ട് വർഷം 2007 -08 ഖണ്ഡിക നമ്പർ (15 )<br><br>ഹൈക്കോടതി വിധി മറികടന്ന് വേലാഘോഷത്തിന് 2 . 1 8 ലക്ഷം നൽകി പണം നൽകിയതിന് രേഖയില്ല . | ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസറുടെ ചുമതല വഹിച്ചിരുന്ന ശ്രീമതി. എം. വിലാസിനി മണപ്പുള്ളി ദേവസ്വം 2007 ലെ വേലമഹോത്സവത്തോടനുബന്ധിച്ച് ചെലവഴിച്ച തുകയുടെ സാധൂകരണം നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് (സാധാ) നമ്പർ: 6776 / 2015/ആർ.ഡി. തീയതി 19.12.2015 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതി വ്യവഹാരങ്ങൾ നിലവിലുണ്ടെങ്കിൽ അതിന്റെ അന്തിമ വിധിക്ക് വിധേയമായി ശ്രീമതി വിലാസിനിക്കെതിരെ സ്വീകരിച്ചിരിക്കുന്ന റവന്യൂ റിക്കവറി നടപടികളും അവസാനിച്ചതായി കണക്കാക്കേണ്ടതാണെന്നും ടിയാളെ പൂർണ്ണമായി കുറ്റവിമുക്തയാക്കി പ്രഖ്യാപിച്ചതായും ഉത്തരവിൽ വിശദീകരിച്ചിട്ടുണ്ട് (പകർപ്പ് അടക്കം ചെയ്യുന്നു). |
| | | |

**റ്റി.ആർ. ജയപാൽ**
**പെൻ: 101611**
**ഗവ: അഡീഷണൽ സെക്രട്ടറി**
**റവന്യൂ (ദേവസ്വം) വകുപ്പ്**
**ഗവ: സെക്രട്ടേറിയറ്റ്**
**ഫോൺ: 0471-2335426 & 2518397**

A9

# കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ (ദേവസ്വം) വകുപ്പ് - മലബാർ ദേവസ്വം ബോർഡിനു കീഴിലെ മണപ്പുള്ളി ഭഗവതി ദേവസ്വത്തിൻെറ 2007 -ലെ വേലമഹോത്സവവുമായി ബന്ധപ്പെട്ട് എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന ശ്രീമതി എ വിലാസിനി ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ദേവസ്വം) വകുപ്പ്

**സ ഉ (സാധാ) നം. 6776/2015/ആർഡി തിരുവനന്തപുരം, തീയതി, 19/12/2015.**

---

പരാമർശം - 1) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സർചാർജ്ജ് സർട്ടിഫിക്കറ്റ് നം എൽ എഫ് 13374/സ്പെ സെൽ/സി എസ് സി/എ3/11 തീയതി 25/7/2015

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ഓഫീസ് നടപടിക്രമങ്ങൾ നം എൽ എഫ് 13374/സ്പെ സെൽ/സി എസ് സി/എ3/11 തീയതി 25/7/2012

3) മലബാർ ദേവസ്വം കമ്മീഷണറുടെ ഉത്തരവ് നമ്പർ എച്ച് ആർ ജെ5-9238/2006 തീയതി 28/2/2007

4) മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 30/1/2015 -ലെ എച്ച്6-9238/2006/എംഡിബി നമ്പർ കത്ത്

## <u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ ശ്രീ മണപ്പുള്ളി ഭഗവതി ദേവസ്വം 2007 -ലെ വേലമഹോത്സവം നടത്തുന്നതിലേക്കായി വേലക്കമ്മിറ്റിക്ക് ദേവസ്വം ഫണ്ടിൽ നിന്നും എക്സിക്യൂട്ടീവ് ഓഫീസർ തുക അനുവദിച്ചതിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം സർചാർജ്ജ് ഏർപ്പെടുത്തിയിരുന്നു. ടി ക്ഷേത്രത്തിലെ എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന ശ്രീ പി കെ സായിപ്രസാദിനെ സാമ്പത്തിക ക്രമക്കേടിൻെറ പേരിൽ കമ്മീഷണർ സസ്പെൻറ് ചെയ്യുകയും തുടർന്ന് ഡിവിഷൻ അസിസ്റ്റൻറ് കമ്മീഷണറായിരുന്ന ശ്രീമതി എ വിലാസിനിയെ എക്സിക്യൂട്ടീവ് ഓഫീസറുടെ താൽക്കാലിക ചുമതല ഏൽപ്പിക്കുകയും ടിയാൾ 28/11/2006 തീയതിയിൽ ചാർജ്ജ് ഏറ്റെടുക്കുകയും ചെയ്തിരുന്നു.

ക്ഷേത്രത്തിലെ വേലമഹോത്സവം 16/2/2007 -നാണ് ആരംഭിച്ചത്. ശ്രീമതി എ വിലാസിനി എക്സിക്യൂട്ടീവ് ഓഫീസറായി ചാർജ്ജ് ഏറ്റെടുക്കുന്ന സമയത്ത് ഉത്സവം നടത്തുന്നതിനുള്ള വേലാഘോഷകമ്മിറ്റി രൂപീകരിച്ചിട്ടുണ്ടായിരുന്നെങ്കിലും ബഹു ഹൈക്കോടതിയുടെ ഉത്തരവിൻെറ അടിസ്ഥാനത്തിൽ 12/2/2007 ലാണ് പുതിയ കമ്മിറ്റി രൂപീകരിച്ചിരുന്നത്. ചുരുങ്ങിയ സമയത്തിനുള്ളിൽ ഉത്സവത്തിനാവശ്യമായ ഫണ്ട് പിരിച്ചെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ വേല കമ്മിറ്റിയുടെ നിവേദനത്തിൻെറ അടിസ്ഥാനത്തിൽ വേല നടത്തിപ്പിനായി ദേവസ്വം കമ്മീഷണർ പരാമർശം നാല് പ്രകാരം വേല ആഘോഷക്കമ്മിറ്റി പിരിച്ച തുക ആഘോഷത്തിന് തികയാതെ വരുകയാണെങ്കിൽ അത്യാവശ്യം വേണ്ട തുക ദേവസ്വം ഫണ്ടിൽ നിന്നും അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ് എന്ന വ്യവസ്ഥയിന്മേൽ ഫണ്ട് വിനിയോഗത്തിനായി അനുമതി നൽകിയിരുന്നു.

പരാമർശം നാലിലെ മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ ഉത്തരവിന് പരാമർശം മൂന്ന് പ്രകാരം സർക്കാർ സാധൂകരണം നൽകിയിരുന്നു. എന്നാൽ ദേവസ്വം ബോർഡ് കമ്മീഷണറുടെ ഉത്തരവിനെയാണ് സർക്കാർ സാധൂകരിച്ചിട്ടുള്ളതെന്നും ഫണ്ട് വിനിയോഗിച്ച

തിനെ സാധൂകരിച്ചിട്ടില്ലെന്നും കൂടാതെ ദേവസ്വം കമ്മീഷണറുടെ അനുമതി കൂടാതെയാണ് ഫണ്ട് വിനിയോഗിച്ചതെന്നും കമ്മീഷണറുടെ അനുമതി കൂടാതെ ഫണ്ട് വിനിയോഗിച്ചതിനാൽ ഉത്സവത്തിനായി ദേവസ്വം ഫണ്ടിൽ നിന്നും അനുവദിച്ച തുക എക്സിക്യൂട്ടീവ് ഓഫീസറുടെ ബാദ്ധ്യതയായി കണക്കാക്കി ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം സൂചന ഒന്നും രണ്ടും പ്രകാരം സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്

മേൽ കാര്യം പരിശോധിച്ചതിൽ ഉത്സവം തുടങ്ങുന്നത് 16/2/2007 തീയതി മുതലും ഫണ്ട് വിനിയോഗത്തിനായി കമ്മീഷണർ പ്രത്യേകാനുമതി നൽകി ഉത്തരവായിരിക്കുന്നത് 28/2/2007 ലുമാണ് അതായത് ഉത്സവം തുടങ്ങിയതിനുശേഷം മാത്രമാണ് കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത് ഉത്സവം നടന്നുകൊണ്ടിരിക്കുമ്പോൾ ദേവസ്വം ഫണ്ടിൽ നിന്നും തുക എടുത്ത് ഉപയോഗിക്കുക മാത്രമാണ് ഏക പോംവഴി, അല്ലാതെ ഫണ്ട് തികയാതെ വന്നു എന്ന കാരണത്താൽ ഉത്സവം നിർത്തിവച്ച് കമ്മീഷണറുടെ അനുമതി വാങ്ങിയതിനുശേഷം ഉത്സവം തുടർന്ന് നടത്താൻ സാധിക്കുകയില്ല ഈ കേസിൽ വേല കമ്മിറ്റിയിൽ നിന്നും അപേക്ഷ വാങ്ങി എക്സിക്യൂട്ടീവ് ഓഫീസർ കമ്മീഷണറുടെ അനുമതിക്ക് നൽകിയില്ല എന്ന പ്രൊസീജിയർ ലാപ്സ് മാത്രമാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് ചൂണ്ടിക്കാണിച്ചിരിക്കുന്നത് അല്ലാതെ എക്സിക്യൂട്ടീവ് ഓഫീസർ 1,91,614/- രൂപ യുടെ അഴിമതി കാണിച്ചെന്നോ ടി തുക അനധികൃതമായി കൈവശപ്പെടുത്തിയെന്നോ ചൂണ്ടിക്കാണിച്ചിട്ടില്ല എക്സിക്യൂട്ടീവ് ഓഫീസറുടെ ചുമതല ഉണ്ടായിരുന്ന ശ്രീമതി എ വിലാസിനി ആഘോഷത്തിനായി ഫണ്ട് തികഞ്ഞില്ല എന്ന കാരണത്താൽ വേല ആഘോഷം നിർത്തിവച്ചിരുന്നുവെങ്കിൽ ഭക്തജനങ്ങളിൽ കടുത്ത അസംതൃപ്തിയും, നിരാശയും ആയതുമൂലം വളരെയധികം ക്രമസമാധാന പ്രശ്നങ്ങൾ വരെ ഉണ്ടാകാൻ കാരണമാകുകയും സ്ഥിതിഗതികൾ വളരെ സങ്കീർണ്ണമാവുകയും ചെയ്യുമായിരുന്നു എക്സിക്യൂട്ടീവ് ഓഫീസറുടെ ചുമതല ഉണ്ടായിരുന്ന ശ്രീമതി എ വിലാസിനിയുടെ നടപടി തികച്ചും സദുദ്ദേശപരവും ശ്ലാഘനീയവുമാണ് മേൽ സാഹചര്യത്തിൽ എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന ശ്രീമതി എ വിലാസിനി, ശ്രീ മണപ്പുള്ളി ഭഗവതി ദേവസ്വം 2007 -ലെ വേല മഹോത്സവത്തോടനുബന്ധിച്ച് ചെലവഴിച്ച 1,91,614/- രൂപയ്ക്ക് (ഒരു ലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി അറുന്നൂറ്റിപതിന്നാല് രൂപാ മാത്രം) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതി വ്യവഹാരങ്ങൾ നിലവിലുണ്ടെങ്കിൽ അതിന്റെ അന്തിമ വിധിക്കു വിധേയമായി ശ്രീമതി വിലാസിനിയ്ക്കെതിരെ സ്വീകരിച്ചിരിക്കുന്ന റവന്യൂ റിക്കവറി നടപടികളും ഇതിനാൽ അവസാനിച്ചതായി കണക്കാക്കാവുന്നതും ടിയാളെ പൂർണ്ണമായി കുറ്റവിമുക്തയാക്കി പ്രഖ്യാപിക്കുകയും ചെയ്യുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ആർ ജ്യോതിലാൽ,**
**ഗവൺമെൻറ് സെക്രട്ടറി.**

കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്, കോഴിക്കോട്

ശ്രീമതി വിലാസിനി എ, ശ്രീവത്സം, പൂജാനഗർ, പുത്തൂർ, പാലക്കാട്

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (യു.ഒ 78347/വ്യയം.ബി3/15/ഫിൻ തീയതി 9/12/2015)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

-1-

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-2011 വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - മലബാർ ദേവസ്വം ബോർഡിനെ സംബന്ധിക്കുന്ന പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി

| ഖണ്ഡിക | പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|
| 4.6 | 1. **<u>ജീവനക്കാരുടെ നിയമനം :</u>**<br><br>ക്ഷേത്രങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താൻ ഹിന്ദുമത ധർമ്മസ്ഥാപന ഭരണവകുപ്പ് അനുവദിക്കാത്തതുമൂലം മറ്റ് പോംവഴികളില്ലാതെ പലക്ഷേത്രങ്ങളും ദൈനംദിന കാര്യങ്ങൾ ചെയ്തുപോരുന്നത് താൽക്കാലിക ജീവനക്കാരെ നിയമിച്ചുകൊണ്ടാണ്. ഇത്തരം നിയമനങ്ങളെല്ലാംതന്നെ സുതാര്യതയോ നിയമന മാനദണ്ഡങ്ങളോ പാലിക്കാതെയാണ് നടത്തിയിട്ടുള്ളത്. ആയതിനാൽ ഇത്തരം നിയമനങ്ങൾക്ക് വകുപ്പ് അംഗീകാരം നൽകിയിട്ടുമില്ല.<br><br>വരവ് ചെലവുകളുടെ ഗണ്യമായ വർദ്ധനമൂലം പല ക്ഷേത്രങ്ങളിലും പുതിയ നിയമനങ്ങൾ അനിവാര്യമായിട്ടുണ്ട്. ജീവനക്കാരുടെ അപര്യാപ്തതമൂലം ഓഡിറ്റ് സംബന്ധമായ രജിസ്റ്ററുകൾ എഴുതി പൂർണ്ണമാക്കാൻ എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് കഴിയാതെ വരുന്നത് മൂലം ഓഡിറ്റിന് വരവ് ചെലവ് കണക്കുകൾ സമയ ബന്ധിതമായി സമർപ്പിക്കുവാനും ഓഡിറ്റ് നടത്താനും കഴിയാതെ വരുന്നു. ആയതിനാൽ അടിയന്തിരമായി ആവശ്യത്തിനു ജീവനക്കാരെ | ക്ഷേത്രങ്ങളിൽ ഒഴിവുകൾഉള്ള അംഗീകൃത തസ്തികകളിൽ ക്ഷേത്രഭരണാധികാരികളുടെ അപേക്ഷ പരിശോധിച്ചും അംഗീകാരമില്ലാത്ത തസ്തികകളിൽ, ക്ഷേത്രത്തിന്റെ ദൈനംദിന നടത്തിപ്പിന് ആവശ്യമാണെങ്കിൽ, ക്ഷേത്രത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത്, തസ്തിക സൃഷ്ടിച്ചും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്.<br><br>മലബാർ ദേവസ്വം ബോർഡ് 02/10/2008 ൽ അധികാരമേറ്റടുത്തപ്പോൾ നേരിടേണ്ടി വന്ന മുഖ്യ പ്രശ്നം നൂറ് കണക്കിന് ക്ഷേത്രങ്ങിലെ അംഗീകൃതവും അല്ലാത്തതുമായ തസ്തികകളിലെ താൽക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ചായിരുന്നു. 18.03.2010 തീയതിയിലെ മലബാർ ദേവസ്വം ബോർഡ് യോഗം മൂന്ന് വർഷമോ അതിലധികം കാലമോ തുടർച്ചയായി സർവ്വീസ് ഉള്ളവരും ഇപ്പോഴും താൽക്കാലിക ജീവനക്കാരായി തുർന്നുവരുന്നവരുമായ ക്ഷേത്രജീവനക്കാരുടെ തസ്തിക നിയമാനുസൃതം അംഗീകരിക്കുവാനും അവരെ 02.10.2008 മുതൽ സർവ്വീസിൽ സ്ഥിരപ്പെടുത്തുവാനും സാമ്പത്തികാനുകൂല്യം, നിയമനം അംഗീകരിക്കുന്ന തീയതി മുതൽ നൽകുവാനും തീരുമാനിക്കുകയും ഇതിന്റെ ഭാഗമായി ക്ഷേത്രങ്ങളിലെ അനിവാര്യ തസ്തികകൾ മുൻകാല പ്രാബല്യത്തോടെ അനുവദിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഇതിന് പുറമെ വരുന്ന മേൽ പരാമർശിച്ച വിധത്തിലുള്ള താൽക്കാലിക ജീവനക്കാരെ സൂപ്പർ ന്യൂമററിയായി |

| | | |
|---|---|---|
| | നിയമിക്കുന്നതിനുള്ള അനുമതി നൽകാനുള്ള നടപടികൾ ഭരണവകുപ്പ് ത്വരിതപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ബഹു. നിയമസഭാ സമിതിയുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. | നിലനിർത്തുവാൻ തീരുമാനിക്കുകയും പ്രസ്തുത തീരുമാന പ്രകാരം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ട് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട് (ജെ6-1080/2008/ എം.ഡി.ബി തീയ്യതി 25.06.2010). ക്ഷേത്രങ്ങളിലെ വരുവാനവും ചെലവും വർദ്ധിക്കുന്നതിനുസരിച്ച് ജോലിഭാരം കണക്കിലെടുത്ത് ആവശ്യമായ തസ്തികൾ അംഗീകരിക്കുന്നതിന് ക്ഷേത്ര ഭരണാധികാരികൾ സമർപ്പിക്കുന്ന അപേക്ഷ പരിശോധിച്ച് ആവശ്യമായ തസ്തികൾ അനുവദിച്ച് ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള അനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നുമുണ്ട്. |
| 4.6 | **2. സേവനവേതന വ്യവസ്ഥകളിലെ അവ്യക്തത:** കാലോചിതവും സമഗ്രവുമായ സേവനവേതന വ്യവസ്ഥകളുടെ അഭാവം ഓഡിറ്റിന് വിഘാതമായി തീരുന്നുണ്ട്.സംസ്ഥാന സർക്കാർ ജീവനക്കാരുടെ സമാനമായ ശമ്പള പട്ടിക നിലവിലുള്ള ക്ഷേത്രങ്ങളിലും ജീവനക്കാർക്ക് ഗുണം കൂട്ടുന്ന സംഗതികളിൽ സർവീസ് ചട്ടങ്ങൾ ബാധകമാക്കുകയും അല്ലാത്ത കാര്യങ്ങളിൽ ബാധകമല്ലെന്ന് സ്വയം നിശ്ചയിക്കുകയും ചെയ്യുന്ന ഒരു പ്രവണതയുണ്ട്. ആയതിനാൽ ഇതു സംബന്ധിച്ച് വ്യക്തമായ നിയമങ്ങളും ചട്ടങ്ങളും ഉണ്ടാകേണ്ടതുണ്ട്.ഇക്കാര്യത്തിലേക്ക് ബഹു.നിയമസഭാ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. | ക്ഷേത്ര ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) നിയമത്തിലും, ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് അഡ്വ.ഗോപാലകൃഷ്ണൻ ചെയർമാനും രണ്ട് മെമ്പർമാർ അംഗങ്ങളുമായ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി അതിന്റെ റിപ്പോർട്ട് 07/09/2017 ന് ബഹു. ദേവസ്വം വകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിക്കുകയും ആയതിന്മേൽ റവന്യൂ (ദേവസ്വം) വകുപ്പിന്റെ ദേവ-1/373/2017/റവ നമ്പർ ഫയലിൽ തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |
| | | |

9

| | | |
|---|---|---|
| 4.6 | **3. മരാമത്ത്:**<br>ക്ഷേത്രങ്ങളിൽ നടത്തുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ വകുപ്പ് 100(2)(ക്യൂ)(ആർ(എസ)പ്രകാരമുള്ള ചട്ടങ്ങളും അതിന്റെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ വകുപ്പ്/ബോർഡ് കമ്മീഷണർമാർ പുറപ്പെടുവിക്കുന്ന സർക്കുലറുകളും ഉത്തരവുകളും നിലവിലുണ്ടെങ്കിലും ആയത് ക്ഷേത്ര ഭരണാധികാരികൾ കൃത്യമായി പാലിച്ച് വരുന്നില്ല. മരാമത്ത് പ്രവർത്തികളിൽ ഈടാക്കുന്ന, നികുതികൾ പലക്ഷേത്രങ്ങളും കേന്ദ്ര-സംസ്ഥാന സർക്കാരിലേക്ക് ഒടുക്കുന്നതായി കാണുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ അംഗീകരിക്കുന്നതിന് എഞ്ചിനീയറിംഗ് വിംഗ് മലബാർ ദേവസ്വം ബോർഡിൽ ഉണ്ടാകേണ്ടത് അനിവാര്യമാണ്. | ക്ഷേത്രങ്ങളിൽ നടക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും പ്രവൃത്തി മേൽനോട്ടം ചെയ്യുന്നതിനും മലബാർ ദേവസ്വം ബോർഡിന് കീഴിൽ എഞ്ചിനീയറിംങ്ങ് വിംങ്ങ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 4.6 | **4. കേരള സ്റ്റോർ പർച്ചേയ്സ് മാന്വൽ ബാധകമാക്കണം:**<br><br>മലബാർ ദേവസ്വം ബോർഡിനു കീഴിൽ വരുന്ന ക്ഷേത്രങ്ങളിൽ ദൈനംദിന ആവശ്യങ്ങൾക്കോ അല്ലാതെയോ ഉള്ള യാതൊരു വാങ്ങലുകൾക്കും നിലവിൽ കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 120-162 കേരള സ്റ്റോർ പർച്ചെസ്സ് മാന്വൽ എന്നിവയിലെ നിബന്ധനകൾ ബാധകമല്ല. ഇക്കാര്യത്തിൽ നിലവിലുള്ള | മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങിലെ സാമ്പത്തിക ഇടപാടുകൾ കുറ്റമറ്റതും കാര്യക്ഷമമാക്കുന്നതിനും ക്ഷേത്രഭരണം സുഗമമാക്കുന്നതിനുമായി ദേവസ്വം ബോർഡ് കമ്മീഷണർ സർക്കുലർ പുറപ്പെടുവിക്കുകയും ബോർഡിന് കീഴിലെ എല്ലാ ക്ഷേത്രങ്ങൾക്കും കേരളാ സ്റ്റോർ പർച്ചേഴ്സ് മാന്വൽ ബാധകമായിരിക്കുമെന്ന് നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. സർക്കുലറിനെതിരെ പാരമ്പര്യ ട്രസ്റ്റി വെൽഫയർ അസോസിയേഷൻ ബഹു. ഹൈക്കോടതി മുമ്പാകെ |

| | | |
|---|---|---|
| | നിയമങ്ങളും ചട്ടങ്ങളും ക്ഷേത്രങ്ങളുടെ കാര്യത്തിലും ബാധകമാക്കേണ്ടതാണ്. | ഫയൽ ചെയ്ത കേസുകളിലെ പൊതു വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടി നിബന്ധന ഭേദഗതി ചെയ്ത് മലബാർ ദേവസ്വം ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| 4.6 | **<u>5. ക്ഷേത്രഭൂമി:</u>**<br>ക്ഷേത്രാധികാരികൾ അലംഭാവം കാണിക്കുന്നതുകൊണ്ടും വീഴ്ചവരുത്തുന്നതുകൊണ്ടും പല ക്ഷേത്രങ്ങളുടെയും ഭൂമി, വർഷങ്ങൾ കഴിയുംതോറും അന്യാധീനപ്പെടുന്നതായി കാണുന്നു. ക്ഷേത്ര ഭൂമിയെ സംബന്ധിച്ച് യാതൊരു രേഖയും മിക്കക്ഷേത്രങ്ങളിലും ലഭ്യമല്ല. കൂടാതെ ക്ഷേത്രഭൂമി അതിരുകൾ കെട്ടി സംരക്ഷിക്കുന്നതിൽ ക്ഷേത്രങ്ങൾ അലംഭാവം കാണിക്കുന്നു. ബഹു കേരള ഹൈക്കോടതി ഉത്തരവിനെ അടിസ്ഥാനമാക്കിയുള്ള സർക്കുലറിൽ ദേവസ്വം സൂക്ഷിച്ചുവരുന്നതും 01.04.1964-നു മുമ്പുള്ള ദേവസ്വം രേഖകൾ പരിശോധിക്കാതെയും ദേവസ്വത്തിന് നോട്ടീസ് നൽകാതെയും കൈവശാവകാശം പതിച്ചു നൽകിക്കൊണ്ട് പാസ്സാക്കിയ എല്ലാ ഉത്തരവുകളും റദ്ദാക്കി കിട്ടാൻ ആവശ്യമായ നിയമനടപടി സ്വീകരിക്കണമെന്നും തെളിവുകളുടെ അടിസ്ഥാനത്തിലല്ലാതെ ദേവസ്വംഭൂമി പതിച്ചുനൽകപ്പെടുന്നില്ല എന്നുറപ്പുവരുത്താൻ ആവശ്യ നടപടികളും എടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.<br>ഇങ്ങനെ നടപടിയെടുക്കാതിരുന്ന് നഷ്ടം സംഭവവിക്കാനിടയായാൽ ആയത് ബന്ധപ്പെട്ട | മലബാർ ദേവസ്വം ബോർഡിന് അതിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ മേൽ ഭരണപരമായ മേൽനോട്ടച്ചുമതല മാത്രമാണുള്ളത്. ദേവസ്വം ഭൂമി ഉടമസ്ഥൻ എന്ന നിലയ്ക്ക് ഭൂമി സംരക്ഷിക്കുന്നതിനും, കയ്യേറ്റം തടയുന്നതിനും, കയ്യേറ്റഭൂമി ഒഴിപ്പിച്ചെടുക്കുന്നതിനും നിയമത്തിലെ 94 എ വകുപ്പ് പ്രകാരം നടപടി സ്വീകരിക്കേണ്ടത് ക്ഷേത്രഭരണാധികാരികളായ ട്രസ്റ്റിമാർ/ എക്സിക്യൂട്ടീവ് ഓഫീസർമാർ ആണ്. പ്രസ്തുത വകുപ്പ് പ്രകാരം ദേവസ്വം ഭൂമിയിലെ കയ്യേറ്റം കണ്ടെത്തുന്നതിനും ഒഴിപ്പിക്കുന്നതിനും മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ ഒരു ലാന്റ് കൺസർവൻസി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

-11-

| | | |
|---|---|---|
| | ക്ഷേത്രാധികാരിയുടെ ബാധ്യതയായി കണക്കാക്കി വസൂൽ ചെയ്യുന്നതായിരിക്കുമെന്ന് ടി സർക്കുലറിൽ ഓർമ്മിപ്പിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ കൈക്കൊണ്ട നടപടികളെക്കുറിച്ച് ഒരു പ്രതിമാസ റിപ്പോർട്ട് എല്ലാ ക്ഷേത്രാധികാരികളും അതാത് അസിസ്റ്റന്റ് കമ്മീഷണർമാർക്ക് നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.<br>എന്നാൽ ലാന്റ് ട്രൈബ്യൂണലുകൾ കൈവശാവകാശം പതിച്ചുനൽകിയ എല്ലാ കേസുകളും പരിശോധിച്ച് അപ്രകാരം പാസാക്കിയ ഉത്തരവുകൾ റദ്ദാക്കി കിട്ടാൻ ഹിന്ദുമതധർമ്മ സ്ഥാപന നിയമപ്രകാരമോ ഭൂപരിഷ്കരണ നിയമ പ്രകാരമോ ഭരണ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി വിവരങ്ങൾ ലഭ്യമല്ല. ഈ വിഷയത്തിൽ കൈക്കൊണ്ട നടപടികളെക്കുറിച്ചുള്ള പ്രതിമാസ റിപ്പോർട്ട് ക്ഷേത്രാധികാരികൾ അസിസ്റ്റന്റ് കമ്മീഷണർമാർക്ക് നൽകിയതായും കാണുന്നില്ല.<br>ആയതിനാൽ ക്ഷേത്രഭൂമി അന്യാധീനപ്പെട്ടു പോകാതിരിക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതുണ്ട്. | |
| <br>**4.6.(1)**<br><br>**4.6.1 (1)** | **പാലക്കാട് ജില്ല**<br>**ശ്രീ മണപ്പുള്ളിക്കാവ് ദേവസ്വം**<br><br>**കയ്യിരിപ്പ് തുക വരവിലെടുത്തില്ല - നഷ്ടം 1.28 ലക്ഷം.**<br>(ഓഡിറ്റ് വർഷം: 2006, ഖണ്ഡിക നമ്പർ: 12) | |

| | | |
|---|---|---|
| | 01.01.2006 മുതൽ 27.11.2006 വരെയുള്ള കാലയളവിൽ ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ ആയിരുന്ന ശ്രീ. പി.കെ. സായിപ്രസാദ് 1,28,801/- രൂപ ദേവസ്വത്തിലേക്ക് തിരിച്ചടയ്ക്കാനുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.<br>01.01.2006 ന് മുന്നിരിപ്പ് 7,20,112.46<br>01.01.2006 മുതൽ 27.11.2006 കൂടിയുള്ള കാലയളവിൽ ശ്രീ. പി.കെ. സായിപ്രസാദ് സമർപ്പിച്ച വരവുചെലവ് പത്രിക പ്രകാരമുള്ള വരവ് - 78,60,232.25<br>(+) 21.01.2006 ന് ചെക്ക്/ഡി.ഡി. വരവു ചേർത്തതിൽ കുറവുവന്ന തുക - 4500.00<br>(+) വേല അക്കൗണ്ടിലെ നീക്കിയിരിപ്പ് ദേവസ്വത്തിൽ മുതൽകൂട്ടിയ വകയിൽ വരവ് - 27.969.50<br>ആകെ വരവ് - 86,12,814.21 | ശ്രീ മണപ്പുള്ളിക്കാവ് ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന ശ്രീ. പി.കെ. സായിപ്രസാദ്, 20.08.2011 ന് 1,00,000/- രൂപയും 20.12.2011 ന് ബാക്കി 28,802/- രൂപയും ദേവസ്വത്തിലേക്ക് അടവാക്കിയിട്ടുണ്ട്. |

M.HARSHAN
Additional Secretary to Govt.
Revenue(Devaswom)Dept.
Govt.Secretariat
Ph:0471-2335426 & 2518397

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള കേരള കാർഷിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഇനിയും ലഭ്യമാക്കാനുള്ളതുമായ ഖണ്ഡികകളിന്മേൽ സ്വീകരിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.**

| ഖണ്ഡിക | ശിപാർശ | മറുപടി |
|---|---|---|
| 3.4.6 | **അബാർഡ് പദ്ധതി-പൊതുമരാമത്ത് ചട്ടങ്ങൾ പാലിച്ചിട്ടില്ല.**<br><br>കേരള കാർഷിക സർവ്വകലാശാലയുടെ 6.6.2006-ലെ നമ്പർ ജി.എ.ഡി.1/27178/05 ഉത്തരവ് പ്രകാരം തൃശ്ശൂർ നഗരസഭയുടെ 2005-06 വർഷത്തെ കേരള വികസന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അബാർഡ് വനിതാ തൊഴിൽദാന പദ്ധതി തൃശ്ശൂർ നഗരസഭയും യൂണിവേഴ്സിറ്റിയും സംയുക്തമായി നടപ്പാക്കുന്നതിന് 23-1-2006-ലെ തൃശ്ശൂർ നഗരസഭ കൗൺസിലിന്റെ 55ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുള്ളതാണ്. ബന്ധപ്പെട്ട മരാമത്ത് പണികൾ നടത്തിയപ്പോൾ 12.11.1997-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 254/97/തഭവ. (പൊതുമരാമത്ത് പണിയുടെ നടത്തിപ്പ് ചട്ടങ്ങൾ) പാലിച്ചതായി കാണുന്നില്ല. | ഓഡിറ്റ് കണ്ടെത്തിയിട്ടുള്ള ബാധ്യത തുകയായ 56,785/- രൂപ അബാർഡ് പദ്ധതിയുടെ കോ-ഓർഡിനേറ്ററുടെ ചുമതല വഹിച്ചിരുന്ന ഡോ.ഗോപിനാഥൻ റിട്ടയേർഡ് പ്രൊഫസറുടെ ബാധ്യതയായി നിശ്ചയിച്ചിട്ടുണ്ട്. മേൽ തുക ടിയാളുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങളിൽ നിന്നും ഇടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുകയാണ്. |

| | | |
|---|---|---|
| | ആദായനികുതി, വിദ്യാഭ്യാസ സെസ് (7455 രൂപ), വാറ്റ് (45676 രൂപ), നിർമ്മാണത്തൊഴിലാളി ക്ഷേമനിധി (3654 രൂപ) എന്നിവ കരാറുകാരനിൽ നിന്ന് കിഴിവ് ചെയ്തിട്ടില്ല. മേൽ ഇനങ്ങളിലായി ആകെ 56785 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി അടക്കേണ്ടതാണ്. | |
| 3.10.5 | **സ്റ്റാഫ് പാറ്റേൺ പരിഗണിക്കാതെയുള്ള അധ്യാപക നിയമനം :**<br><br>നിലവിലുള്ള അംഗീകൃത സ്റ്റാഫ് പാറ്റേൺ ലംഘിച്ചുകൊണ്ട് പ്രൊഫസ്സർ, അസോസിയേറ്റ് പ്രൊഫസ്സർ, അസിസ്റ്റന്റ് പ്രൊഫസ്സർ തുടങ്ങിയ കേഡറുകളിൽ സയന്റിഫിക് സ്റ്റാഫിനെ അധികമായി നിയമിച്ചതിനാൽ ഭീമമായ സാമ്പത്തികബാദ്ധ്യത ഹോർട്ടികർച്ചർ കോളേജിനും സർവ്വകലാശാലയ്ക്കും ഉണ്ടായി. അധികമായി നിയമിച്ചവരുടെ അടിസ്ഥാന ശമ്പളത്തിന്റെയും തൻവർഷം നിലവിലുള്ള ഡി.എ.യുടെയും അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ തൻവർഷം മാത്രം 36.83 ലക്ഷത്തിലധികം രൂപയുടെ അധികബാദ്ധ്യത ഇതുമൂലം ഉണ്ടായിട്ടുണ്ടെന്ന് കാണുന്നു. ടി നിയമനങ്ങളുടെ സാധുത, ആയവമൂലം | ഹോർട്ടികൾച്ചർ കോളേജിൽ ആകെ അനുവദിച്ച അധ്യാപക തസ്തികകളിലേക്ക് മാത്രമാണ് നിയമനം നടത്തിയിട്ടുള്ളത്. ഓരോ ഡിപ്പാർട്ട്മെന്റിലും പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളാണ് ആവശ്യാനുസരണം അനുവദിക്കപ്പെട്ടിട്ടുള്ളത്. ഓഡിറ്റ് കാലയളവിൽ ഒരു ഡിപ്പാർട്ട്മെന്റിലും ആകെ അനുവദിക്കപ്പെട്ട അധ്യാപക തസ്തികകളുടെ എണ്ണത്തേക്കാൾ കൂടുതൽ അധ്യാപകരെ നിയമിച്ചിട്ടില്ല.<br><br>ഇതുകൂടാതെ 1986 യു.ജി.സി. സ്കീമിൽ നിഷ്കർഷിച്ച പ്രകാരം സർവ്വകലാശാല എക്സിക്യൂട്ടിവ് കമ്മിറ്റി അംഗങ്ങൾ അടങ്ങുന്ന സബ് കമ്മിറ്റി ഒരു വർക്ക് സ്റ്റഡി നടത്തുകയും അതനുസരിച്ച് എല്ലാ കോളേജുകളിലെയും അദ്ധ്യാപക തസ്തികകളുടെ എണ്ണം നിർണ്ണയിച്ചുകൊണ്ട് ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. ഈ റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഹോർട്ടികൾച്ചർ കോളേജിലെ അധ്യാപകരെ പുനർവിന്യസിച്ചിട്ടുമുണ്ട്. ആയതിനാൽ ഇപ്പോഴത്തെ കാലയളവിലും ഹോർട്ടികൾച്ചർ കോളേജിലെ |

| | | |
|---|---|---|
| | തുടർച്ചയായി വരുന്ന അധികബാദ്ധ്യത എന്നിവയെക്കുറിച്ച് അന്വേഷണവും നടപടികളും സർവ്വകലാശാലാ ഭരണവിഭാഗത്തോട് നിർദ്ദേശിക്കുന്നു. | അദ്ധ്യാപക നിയമനങ്ങൾ ക്രമ പ്രകാരം അനുവദിക്കപ്പെട്ട തസ്തികകളിലേക്ക് മാത്രമേ നടത്തിയിട്ടുള്ളൂ. സർവ്വകലാശാലയിൽ യു.ജി.സി. സ്കീം നിലവിൽ വന്നതിനുശേഷം താഴെ പറയുന്ന രീതിയിലുള്ള അദ്ധ്യാപക തസ്തികകളാണ് നിലവിലുള്ളത്.<br><br>1.അസിസ്റ്റന്റ് പ്രൊഫസർ.<br>2.അസിസ്റ്റന്റ് പ്രൊഫസർ (സീനിയർ സ്കെയിൽ)<br>3.അസോസിയേറ്റ് പ്രൊഫസർ/ അസിസ്റ്റന്റ് പ്രൊഫസർ (സെലക്ഷൻ ഗ്രേഡ്)<br>4.പ്രൊഫസർ.<br><br>അസിസ്റ്റന്റ് പ്രൊഫസറായി നിയമനം ലഭിക്കുന്ന ഒരദ്ധ്യാപകൻ കാലക്രമത്തിൽ കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷനിലൂടെ (സി.എ.പി) അസിസ്റ്റന്റ് പ്രൊഫസറായോ പ്രൊഫസർ ആയോ സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ നിയമന തസ്തികയായ അസിസ്റ്റന്റ് പ്രൊഫസർ തസ്തിക അപ്ഗ്രേഡ് ചെയ്ത് അസിസ്റ്റന്റ് പ്രൊഫസർ/പ്രൊഫസർ ആയി മാറ്റുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. ഈ അദ്ധ്യാപകൻ റിട്ടയർ ചെയ്യുമ്പോൾ അദ്ദേഹം വഹിക്കുന്ന പ്രൊഫസർ തസ്തിക അനുവദിക്കപ്പെട്ട തസ്തികയായ അസിസ്റ്റന്റ് പ്രൊഫസറുടേതായി തരം താഴ്ത്തപ്പെടുന്നതാണ്. ആയതിനാൽ കോളേജിൽ അസിസ്റ്റന്റ് പ്രൊഫസറുടെ അനുവദിക്കപ്പെട്ട തസ്തികയിൽ ഉള്ള ഒരധ്യാപകൻ (അസിസ്റ്റന്റ് പ്രൊഫസർ) സി.എ.പി. വഴി അസ്സോസിയേറ്റ് പ്രൊഫസർ ആകുമ്പോൾ അദ്ദേഹത്തിന്റെ അസിസ്റ്റന്റ് പ്രൊഫസർ തസ്തിക അപ്ഗ്രേഡ് ചെയ്ത് അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയായി |

| | | |
|---|---|---|
| | | മാറ്റപ്പെട്ടതായി കണക്കാക്കുന്നതാണ്. അസ്സോസിയേറ്റ് പ്രൊഫസർക്ക് പ്രൊഫസറായി പ്രൊമോഷൻ ലഭിക്കുമ്പോഴും ഇതേ സ്ഥിതിയാണുള്ളത്. മേൽപ്പറഞ്ഞതിൽ നിന്നും കോളേജിൽ അനുവദിക്കപ്പെട്ട ഗ്രേഡിലുള്ള അദ്ധ്യാപക തസ്തികകളിലേക്ക് മാത്രമേ നിയമനം നടത്തിയിട്ടുള്ളുവെന്നും ആയതിൽ ഓഡിറ്റ് ചൂണ്ടിക്കാട്ടിയ രീതിയിലുള്ള അധിക ചെലവ് വരുത്തിയിട്ടില്ല എന്നും വ്യക്തമാകുന്നതാണ്.<br>കേരള കാർഷിക സർവ്വകലാശാലയിൽ യു.ജി.സി പദ്ധതി നടപ്പിലാക്കുന്നതിന് മുൻപ് അന്നത്തെ വ്യവസ്ഥിതി അനുശാസിച്ച പ്രകാരം അനുവദിക്കപ്പെട്ട അദ്ധ്യാപക തസ്തികകളാണുണ്ടായിരുന്നത്. കൂടാതെ കാലാകാലങ്ങളിൽ സർവ്വകലാശാലയിലെ ഭരണസമിതി തീരുമാനങ്ങൾ പ്രകാരവും അന്നത്തെ സാഹചര്യങ്ങൾക്കനുസരിച്ചും അധ്യാപകരുടെ തസ്തികകൾ സൃഷ്ടിക്കുകയും അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണത്തിനനുസൃതമായി മാത്രം അധ്യാപകരെ സർവ്വകലാശാല നിയമിച്ചിരുന്നതുമാണ്.<br><br>കേരള കാർഷിക സർവ്വകലാശാലയിൽ യു.ജി.സി പദ്ധതി നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് ഇവിടുത്തെ അധ്യാപകരുടെ ജോലി ഭാരവും അതിനനുസൃതമായിട്ടുള്ള തസ്തിക പുനർനിർണ്ണയവും അത്യന്താപേക്ഷിതമായി മാറ്റി. എന്നാൽ യു.ജി.സി പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നത് കോടതി വ്യവഹാരങ്ങളും അധ്യാപക വിഭാഗത്തിന്റെ പ്രക്ഷോഭ പരിപാടികളും കാരണം നീണ്ടുപോയി. ആയതിനാൽ മേൽപ്രകാരമുള്ള ജോലി ഭാരം/തസ്തിക പുനർനിർണ്ണയം സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിച്ചില്ല. മേൽ പ്രകാരമുള്ള നടപടികൾ കാലതാമസം നേരിട്ടപ്പോൾ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, അക്കൗണ്ടന്റ് ജനറൽ, ലോക്കൽ ഫണ്ട് ഓഡിറ്റ് തുടങ്ങിയ |

| | | |
|---|---|---|
| | | ഭാഗങ്ങളിൽ നിന്നും വിമർശനങ്ങൾ ഉയർന്ന സാഹചര്യത്തിൽ അധ്യാപകരുടെ വിവിധ സംഘടന പ്രതിനിധികളുടെ ഒരു കമ്മിറ്റി രൂപീകരിക്കുകയും 07.11.2003 ലെ GA/C2/37002/03 നമ്പർ ഉത്തരവ് പ്രകാരം മേൽ കമ്മിറ്റിയെ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ചുമതലപ്പെടുത്തിയിരുന്നതുമാണ്. പിന്നീട് ടി കമ്മിറ്റി അധ്യാപനം, ഗവേഷണം, വിജ്ഞാന വ്യാപനം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന അധ്യാപകരുടെ/ശാസ്ത്രജ്ഞരുടെ ജോലിഭാരം നിർണ്ണയിക്കുന്നതിന് ഒരു നിശ്ചിത മാതൃക സമർപ്പിക്കുകയും ആയത് സർവ്വകലാശാലയുടെ 08.02.2005 ലെ 407-മത് ഭരണസമിതി ചില ഭേദഗതികളോടുകൂടി അംഗീകരിക്കുകയുമുണ്ടായി. മേൽ പ്രകാരം അംഗീകരിച്ച അധ്യാപകരുടെ ജോലിഭാരം നിർണ്ണയിക്കുന്നതിനുള്ള മാർഗരേഖയുടെ മാതൃക സർവ്വകലാശാലയുടെ ഡീൻ, ഡയറക്ടർ തലങ്ങളിൽ മേൽ കാര്യത്തിനായി അയക്കുകയും ഉണ്ടായിട്ടുള്ളതാണ്. പിന്നീട് സർവ്വകലാശാല ഭരണസമിതി നിർദ്ദേശിച്ച പ്രകാരം എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റി മേൽ കാര്യത്തിനായി സർവ്വകലാശാലയിലെ ഡീൻ, അസോസിയേറ്റ് ഡീൻ, ഡയറക്ടർ പദവിയിലുള്ള തലവന്മാരുടെ സമ്മേളനം വിളിച്ചുകൂട്ടുകയും 23.08.2006 തീയതിയിൽ ചേർന്ന എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റി, സർവ്വകലാശാലയിലെ വിവിധ കോളേജുകളിലെ അധ്യാപകരുടെ തസ്തിക പുനർനിർണ്ണയം ചെയ്തതായ ഒരു പഠന റിപ്പോർട്ട് ഭരണസമിതിയുടെ ശുപാർശയ്ക്കായി സമർപ്പിക്കുകയും ആയത് 15.10.2007 ലെ 444-മത് ഭരണസമിതി അംഗീകരിച്ചിട്ടുള്ളതുമാണ്. മേൽ റിപ്പോർട്ടിൽ വെള്ളാനിക്കരയിലെ ഹോർട്ടിക്കൾച്ചർ കോളേജിലെ പ്ലാന്റേഷൻ ക്രോപ്പ് & സ്പൈസസ് എന്ന വകുപ്പിൽ അധ്യാപകരുടെ എട്ട് തസ്തികകൾ വേണമെന്ന് ശുപാർശ ചെയ്തിരുന്നതും അതുപ്രകാരം മേൽ വകുപ്പിലെ തസ്തികകളുടെ |

| | | |
|---|---|---|
| | | പുനഃക്രമീകരണം സർവ്വകലാശാല പൂർത്തിയാക്കി കഴിഞ്ഞിട്ടുള്ളതുമാണ്.<br>മേൽ പഠന റിപ്പോർട്ടിൽ വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ മറ്റു വകുപ്പുകളിൽ അധ്യാപക തസ്തികകൾ അധികമുള്ളതായി പരാമർശിക്കുന്നില്ല.<br>വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിൽ അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണത്തേക്കാൾ കൂടുതൽ അധ്യാപകരെ സർവ്വകലാശാല ഒരിക്കലും നിയമിച്ചിട്ടില്ല. മേൽ കോളേജിലെ പ്ലാന്റേഷൻ ക്രോപ്സ് & സ്പൈസസ് വകുപ്പിൽ യു.ജി.സി അനുശാസിച്ച പ്രകാരം തസ്തിക പുനഃക്രമീകരണം എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം ആവശ്യമായി വന്നപ്പോൾ മേൽ വകുപ്പിൽ അധ്യാപകരുടെ തസ്തികാ നിർണ്ണയവും പുനർവിന്യാസവും സർവ്വകലാശാല പൂർത്തീകരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. ആയത് കൊണ്ട് തന്നെ അധ്യാപകരെ കൂടുതലായി നിയമിച്ച് അനാവശ്യ ചെലവുണ്ടാക്കേണ്ട സ്ഥിതി ഒരിക്കലും ഉണ്ടായിട്ടില്ല. |
| 3.4.6 (A) & 3.11.4 | **3.4.6(A) കാമ്പസ് ഡെവലപ്മെന്റ് ആന്റ് സെൻട്രൽ നഴ്സറി-സിവിൽ പ്രവൃത്തികളിലെ നഷ്ടം.**<br><br>സുസജ്ജമായ ഒരു എഞ്ചിനിയറിങ് വിഭാഗം സർവ്വകലാശാലയ്ക്ക് സ്വന്തമായി ഉണ്ടായിരിക്കെ മരാമത്തു പ്രവൃത്തികളിൽ സാമാന്യമായി പാലിക്കേണ്ട നടപടിക്രമങ്ങൾ ഒന്നുംതന്നെ പാലിക്കാതെ ഫാമിൽ ജോലിനോക്കുന്ന ഏതാനും താൽക്കാലിക | നഴ്സറി ക്രമക്കേടുമായി ബന്ധപ്പെട്ടിട്ടുള്ള പ്രസ്തുത പരാമർശങ്ങളിന്മേൽ വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. വിജിലൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് മറുപടി സമർപ്പിക്കുന്നതാണെന്ന് അറിയിക്കുന്നു. |

| | | |
|---|---|---|
| | തൊഴിലാളികളെ കരാറുകാരാക്കി നിരവധി സിവിൽ പ്രവൃത്തികൾ നിർവ്വഹിച്ചുകാണുന്നു. എസ്റ്റിമേറ്റോ, റഫ് എസ്റ്റിമേറ്റോ തയ്യാറാക്കിയിട്ടില്ല. മത്സരാധിഷ്ഠിതമായ ടെൻഡർ ക്ഷണിച്ചിട്ടില്ല. രണ്ടോമൂന്നോ വ്യക്തികളുടെ പേരിലുള്ള വളരെ ഉയർന്ന നിരക്കിലുള്ള ക്വട്ടേഷനുകളാണ് ഒട്ടുമിക്ക വർക്കുകളിലും സമർപ്പിക്കപ്പെട്ടിരിക്കുന്നത്. കരാർ ജോലികൾക്കുവേണ്ട സമ്മതപത്രം ഒപ്പിട്ടിട്ടില്ല. സ്റ്റാംപ് ഡ്യൂട്ടി ഇനത്തിൽ സംസ്ഥാന ഫണ്ടിന് നഷ്ടമുണ്ടായി. അളവു പുസ്തകങ്ങളോ വാല്യുവേഷൻ സർട്ടിഫിക്കറ്റോ നിലവിലില്ല. നികുതിയിനത്തിലും വെൽഫെയർ ഫണ്ട് ഇനത്തിലുമുള്ള തുകകൾ കരാർ തുകയിൽനിന്ന് കുറവ് ചെയ്ത് അതാതു ഫണ്ടുകളിൽ ഒടുക്കിയിട്ടില്ല. മേൽ വിവരിച്ച സാഹചര്യത്തിൽ വിവിധ സിവിൽ ജോലികളിലായി ചെലവഴിച്ച 13,82,416 രൂപ തടസ്സത്തിൽ വയ്ക്കുന്നു. ഈയിനത്തിലുള്ള നിയമവിധേയമല്ലാത്ത പ്രവർത്തനങ്ങളെക്കുറിച്ച് സർവ്വകലാശാലാ തലത്തിൽ അന്വേഷണം നടത്തി കൃത്യമായ സാമ്പത്തിക നഷ്ടം കണക്കാക്കി ഉത്തരവാദിയായ സ്റ്റേഷൻ മേധാവിയിൽനിന്ന് ഈടാക്കേണ്ടതാണ്. | |

| | | |
|---|---|---|
| | **3.11.4. ലെയറിങ് മോസ് വാങ്ങിയതിലെ അധികച്ചെലവ്.**<br><br>3,41,187 രൂപ ചെലവഴിച്ച് തൻവർഷം വാങ്ങിയ 6823.75 കി.ഗ്രാം ലെയറിങ് മോസ് മുഴുവനായും വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ, തൻവർഷം നടന്ന 33,494 എണ്ണം ലെയറിങ്ങിന് ആവശ്യമായ സാമാന്യമായ അളവ് മോസ് 1674.7 കി.ഗ്രാം ആണ്. മാർക്കറ്റിൽ ദുർലഭമായ ലെയറിങ് മോസ് അധികരിച്ച അളവിൽ വാങ്ങിയതിനാലും ലെയറിങ് എണ്ണത്തിന്റെ അനുപാതവുമായി പൊരുത്തപ്പെടാത്തവിധം മുഴുവൻ മോസും വിതരണം ചെയ്തതിനാലും അധികമായി വാങ്ങിയ മോസിന്റെ വിലയായ 2,57,452 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | |

അനിത കുമാരി കെ.ബി
അഡീഷണൽ സെക്രട്ടറി
കൃഷി വകുപ്പ്
ഗവൺമെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

# കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി – ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികകളിലെ ഓഡിറ്റ് പരാമർശങ്ങളിന്മേൽ കേരള കാർഷിക സർവ്വകലാശാല സ്വീകരിച്ച ഓഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

| ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് പരാമർശം | സ്വീകരിച്ച നടപടി |
|---|---|---|---|
| 3.6.2(1) | 2006-07 ഖണ്ഡിക നം.8 | **കൃഷി വിജ്ഞാന കേന്ദ്രം, തൃശ്ശൂർ - ഭരണകാര്യാലയ നിർമ്മാണം - കുറഞ്ഞ ടെണ്ടർ അവഗണിച്ചതിനാൽ സർവ്വകലാശാലയ്ക്ക് സാമ്പത്തിക നഷ്ടം.**<br><br>ഓഡിറ്റ് റിപ്പോർട്ടുകൾ : 2006 - 07, ഖണ്ഡിക നമ്പർ:8<br><br>ഭരണകാര്യാലയ നിർമ്മാണത്തിനായി കണ്ണൂർ, മലപ്പുറം എന്നീ കൃഷി വിജ്ഞാന കേന്ദ്രങ്ങൾക്കൊപ്പം തൃശ്ശൂർ കർഷക വിജ്ഞാന കേന്ദ്രയിലേയ്ക്കും 3,34,500/- രൂപ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ ക്ഷണിയ്ക്കുകയുണ്ടായി. ലഭിച്ച ടെണ്ടറുകളിൽ എസ്റ്റിമേറ്റ് തുകയേക്കാൾ 7.1% കുറഞ്ഞ ക്വട്ടേഷൻ വ്യക്തമായ കാരണങ്ങളില്ലാതെ നിരസിച്ചു കൊണ്ട് എസ്റ്റിമേറ്റിലും 13.5% കൂടുതൽ ഉദ്ധരിച്ച ക്വട്ടേഷൻ അംഗീകരിച്ചിരിക്കുന്നു. ഈ നടപടിയിൽ പി.ഡബ്ല്യൂ.ഡി. മാന്വൽ ഖണ്ഡിക 15-7-14, സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 31 എന്നിവയുടെയും അനുബന്ധ സർക്കാർ ഉത്തരവുകളുടെയും ലംഘനം ഉൾപ്പെട്ടിട്ടുള്ളതിനാൽ ഭരണവകുപ്പുതലത്തിലുള്ള അന്വേഷണം ശുപാർശ ചെയ്യുന്നു. | ഐ.സി.എ.ആർ കണ്ണൂർ, മലപ്പുറം എന്നീ കെ.വി.കെ.കൾക്ക് ഒപ്പമാണ് തൃശ്ശൂർ വെള്ളാനിക്കരയിലും കെ.വി.കെ. തുടങ്ങുവാനായി അംഗീകാരം നല്കിയത്. അംഗീകാരം ലഭിച്ച ഉടനെതന്നെ കെ.വി.കെ. തൃശ്ശൂരിനു വേണ്ടിയുള്ള അഡ്മിനിസ്ട്രേറ്റീവ് കെട്ടിടത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി 6.10.2004 ൽ ബാംഗ്ലൂർ ഐ.സി.എ.ആർ സോണൽ ഓഫീസിലേക്ക് അയയ്ക്കുകയുണ്ടായി. എന്നാൽ ഐ.സി.എ.ആറിന്റെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ പുതുക്കി സമർപ്പിക്കുവാനുള്ള നിർദ്ദേശത്തോടെ സോണൽ ഓഫീസിൽ നിന്ന് തിരിച്ചയക്കുകയുണ്ടായി. കൂടാതെ 10 ലക്ഷം രൂപ ഒന്നാം ഗഡുവായി 2004-05 ഐ.സി.എ.ആർ ബഡ്ജറ്റിൽ തുക വകയിരുത്തുകയും ചെയ്തു. ആയതിൻ പ്രകാരം പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ പുതുക്കി തയ്യാറാക്കി പണിക്ക് അംഗീകാരം കിട്ടുവാനുള്ള കാലതാമസം ഒഴിവാക്കുവാൻ വേണ്ടി ഫിസിക്കൽ പ്ലാന്റ് ഡയറക്ടർ തന്നെ നേരിട്ട് ബാംഗ്ലൂർ സോണൽ ഓഫീസിൽ 20.10.2004 ൽ എത്തിക്കുകയുണ്ടായി. അതേ സമയം 2004 ഡിസംബറിനുള്ളിൽ വകയിരുത്തിയ തുകയുടെ 2/3 ഭാഗം ചിലവാക്കുവാൻ വേണ്ടിയുള്ള അടിയന്തിര നടപടികൾ എടുക്കുവാൻ ഫിസിക്കൽ പ്ലാന്റ് ഡയറക്ടറോട് സോണൽ ഓഫീസിൽ നിന്നും എക്സ്റ്റൻഷൻ ഡയറക്ടറുടെ ഓഫീസിൽ നിന്നും അറിയിക്കുകയു ണ്ടായി. അപ്രകാരം പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കാൻ വേണ്ടി തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ മൂന്നു കെ.വി.കെ.കൾക്കും ഒരുമിച്ച് ടെൻഡർ നോട്ടീസ് നമ്പർ 5/2004-05 തിയ്യതി 27.10.2004 ന് ഐ.സി.എ.ആറിന്റെ അംഗീകാരത്തിന് വിധേയമായി ടെൻഡർ ചെയ്യുകയുണ്ടായി. മേല്പറഞ്ഞ ടെൻഡറിൽ തൃശ്ശൂർ കെ.വി.കെയിലെ അഡ്മിനിസ്ട്രേറ്റീവ് കെട്ടിടത്തിന്റെ നിർമ്മാണത്തിനായി താഴെപ്പറയുന്ന കരാറുകാർ ക്വാട്ട് ചെയ്യുകയുണ്ടായി. |

1. ശ്രീ. വിൻസെന്റ് ആന്റണി : 22.30% എസ്റ്റിമേറ്റ് തുകയേക്കാൾ അധികം
2. ശ്രീ. കെ.എം.അലക്സാർ : 22.30% എസ്റ്റിമേറ്റ് തുകയേക്കാൾ അധികം
3. ശ്രീ. ജയൻ തോമസ്.എ. : 13.50% എസ്റ്റിമേറ്റ് തുകയേക്കാൾ അധികം
4. ശ്രീ. കെ.വി.ശിവാനന്ദൻ : 7.1% എസ്റ്റിമേറ്റ് തുകയേക്കാൾ കുറവ്

മേല്പറഞ്ഞ ടെൻഡറുകളിൽ ശ്രീ. കെ.വി.ശിവാനന്ദൻ ഏറ്റവും കുറഞ്ഞ നിരക്കായ 7.1% എസ്റ്റിമേറ്റ് തുകയേക്കാൾ കുറവ് രേഖപ്പെടുത്തുകയുണ്ടായി. എന്നാൽ 1999 പി.ഡബ്ല്യു.ഡി റേറ്റ് ഷെഡ്യൂൾ നിലവിൽ വന്നതിനു ശേഷം കാർഷിക സർവ്വകലാശാലയിൽ കെട്ടിട പണികൾക്ക് കരാറുകാർ ക്വാട്ട് ചെയ്ത നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ ശ്രീ.ശിവാനന്ദന്റെ എസ്റ്റിമേറ്റ് തുകയേക്കാൾ 7.1% കുറഞ്ഞ നിരക്ക് തീർത്തും സ്വീകാര്യയോഗ്യമല്ലായിരുന്നു. മാത്രമല്ല, ശ്രീ.ശിവാനന്ദന്റെ 7.1% എസ്റ്റിമേറ്റ് തുകയേക്കാൾ കുറഞ്ഞ നിരക്കിൽ പണി ഏല്പിച്ചാൽ അദ്ദേഹത്തിന്റെ കെട്ടിട നിർമ്മാണത്തിലെ പരിചയക്കുറവും വിശിഷ്യാ ഐ.സി.എ.ആറിന്റെ സമയ പരിധിക്കുള്ളിൽ പണി തീർക്കണമെന്നുമുള്ള നിർദ്ദേശവും പ്രയോഗത്തിൽ വരുത്തുവാൻ സാദ്ധ്യമല്ല എന്നു കണ്ടതിനാലാണ് രണ്ടാമത്തെ കുറഞ്ഞ നിരക്കായ 13.5% എസ്റ്റിമേറ്റ് തുകയെക്കാൾ കൂടുതൽ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ജയൻ തോമസിന് ഈ പണി നല്കുവാനുള്ള നിർബന്ധിതാവസ്ഥ ഉണ്ടായത്. ഇതിലുപരി ശ്രീ.ശിവാനന്ദന്റെ കുറഞ്ഞ നിരക്ക് 7.1% എസ്റ്റിമേറ്റ് തുകയേക്കാൾ കുറവ് ആയതിനാൽ പണികൾ കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്യുന്നത് ഒഴിവാക്കുവാനും പണികൾ തൃപ്തികരമായി പൂർത്തീകരിക്കുന്നതിനും വേണ്ടി നടപ്പിലാക്കിയിട്ടുള്ള പെർഫോർമെൻസ് ഗ്യാരന്റി ശ്രീ. ശിവാനന്ദനിൽ നിന്നും പിടിച്ചു വെയ്ക്കുവാൻ നിർവ്വാഹമുണ്ടായിരുന്നില്ല. കാരണം ക്വാട്ട് ചെയ്ത നിരക്ക് 25% നും 50% നും ഇടയിൽ എസ്റ്റിമേറ്റ് തുകയേക്കാൾ കുറവാണെങ്കിൽ മാത്രമേ കരാറുകാരനിൽ നിന്നും പെർഫോർമെൻസ് ഗ്യാരന്റി പിടിച്ചു വയ്ക്കുവാൻ സാധ്യമാവുകയുള്ളൂ.

മേല്പറഞ്ഞ കാരണങ്ങൾ പരിഗണിച്ചും വിശിഷ്യാ ഐ.സി.എ.ആറിന്റെ സമയബന്ധിതമായി പണി പൂർത്തിയാക്കണം എന്ന നിർദ്ദേശം മാനിച്ചും സർവ്വകലാശാലയ്ക്ക് കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന ഫണ്ട് ഒരു തരത്തിലും നഷ്ടപ്പെടരുത് എന്നു കണക്കാക്കിയും മേല്പറഞ്ഞ പണികൾ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ശിവാനന്ദനെ ഒഴിവാക്കി രണ്ടാമത് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.ജയൻ തോമസിന്റെ ടെൻഡർ സർവ്വകലാശാലയുടെ ഭരണ സമിതിയുടെ അംഗീകാരത്തിന് വിധേയമായി

5. കളിമണ്ണ് ഖനന നിരോധനം മൂലം പണിക്കാവശ്യമായ ചുടുകട്ട

-31-

| | | | |
|---|---|---|---|
| | | | അംഗീകരിച്ച നടപടി ദയവായി അംഗീകരിക്കുവാനും ഓഡിറ്റ് ഒബ്ജക്ഷ ഒഴിവാക്കി തരുവാനും അപേക്ഷിക്കുന്നു. |
| 3.6.2(ii) | 2006-07 ഖണ്ഡിക നം.12 | **വെറ്ററിനറി കോളേജ്, പൂക്കോട് – ഇന്റേണീസ് ഹോസ്റ്റലിന്റെ അടിയന്തിര നിർമ്മാണം അനിശ്ചിതമായി നിർത്തിവയ്ക്കപ്പെട്ടു. അധികച്ചെലവും നിരുത്തരവാദിത്തവും അന്വേഷണ വിധേയമാക്കണം.**<br><br>റിപ്പോർട്ടുകൾ: 2006 – 07 ഖണ്ഡിക നമ്പർ: 12<br><br>12/05നകം പൂർത്തിയാകേണ്ട അടിയന്തിര പണി എന്ന പ്രത്യേക വിശേഷണത്തോടെ ആരംഭിച്ച പൂക്കോട് വെറ്ററിനറി കോളേജിലെ ഇന്റേണീസ് ഹോസ്റ്റലിന്റെ പണി ഓഡിറ്റ് വേളയിലും എങ്ങുമെത്താതെ അവശേഷിക്കുന്നു. എസ്റ്റിമേറ്റിനേക്കാൾ 15% അധികരിച്ച നിരക്കിൽ ശ്രീ.അനൂപ് അശോക് എന്നയാൾക്ക് എഗ്രീഡ് പി.എ.സി 52,13,836 രൂപയ്ക്ക് കരാർ നൽകുകയും തുടർന്ന് മൂന്നുതവണ കാലാവധി നീട്ടിക്കൊടുക്കുകയും ചെയ്തു. പ്ലാൻ, സൈറ്റ് എന്നിവ അന്തിമമായി നിശ്ചയിക്കാതെ തിരക്കിട്ട് ടെണ്ടർ ചെയ്തതു മുതൽ കരാറുകാരൻ കരാർ കാലാവധികൾ തുടർച്ചയായി അട്ടിമറിയ്ക്കുകയും പണി പാതിവഴിയിലുപേക്ഷിക്കുകയും ചെയ്തതുവരെയുള്ള കാര്യങ്ങളിൽ സർവ്വകലാശാലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഗുരുതരമായ കെടുകാര്യസ്ഥതയായി ഓഡിറ്റ് വീക്ഷിക്കുന്നു.<br><br>കോൺട്രാക്ടർക്ക് നിരുപാധികം സമയപരിധി നീട്ടിക്കൊടുക്കൽ, 35,23,152 രൂപ ചെലവഴിച്ചതിന്റെ സാധുത, ഓഡിറ്റ്വേള വരെയും പണി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാത്ത സാഹചര്യം എന്നിവ തുടരന്വേഷണം ആവശ്യപ്പെടുന്നു. | മേൽപറഞ്ഞ പണിയുടെ ഡ്രോയിങ്ങും എസ്റ്റിമേറ്റും വെറ്ററിനറി കോളേജിലെ അസോസിയേറ്റ് ഡീനുമായി കൂടിയാലോചിച്ചാണ് 2004 ഡിസംബറി തയ്യാർ ചെയ്തിട്ടുള്ളത്. തുടർന്ന് ഈ പണി ടെണ്ടർ ചെയ്യുകയും 15.1 ൽ കരാറുകാരൻ ശ്രീ. അനൂപ് അശോക് കരാർ ഒപ്പു വെയ്ക്കുകയ ചെയ്തു. പക്ഷെ പണി തുടങ്ങുന്ന സമയത്ത് വെറ്ററിനറി അസോസിയേ ഡീൻ പണിയാനുദ്ദേശിച്ച സ്ഥലത്തെപ്പറ്റി ചില തടസവാദങ്ങ ഉന്നയിക്കുകയും മേൽപ്പറഞ്ഞ പണി ക്ലിനിക്കൽ കോംപ്ലക്സിനും മെയി റോഡിനും അടുത്തായി വേണമെന്നു നിർബന്ധിക്കുകയും ചെയ്ത മേൽപ്പറഞ്ഞ പണിയുടെ മുഖ്യ പ്രയോജകൻ എന്ന നിലയിൽ അസോ ഡീനിന്റെ നിർദ്ദേശം കണക്കിലെടുക്കേണ്ടി വന്നു. വാസ്തവത്തിൽ പ യുടെ സ്ഥലം നിശ്ചയിക്കുന്ന സമയത്തോ, എസ്റ്റിമേറ്റ് തയ്യാറാക്കു സമയത്തോ, അസോ. ഡീൻ മേൽപ്പറഞ്ഞ തടസവാദം ഉന്നയിച്ചിരുന്നു ആയതിൻപ്രകാരം പണി സ്ഥലം മാർച്ച് 2005 ൽ അസോസിയേ ഡീനിന്റേയും മറ്റ് കോളേജ് അധികാരികളുടേയും അഭിപ്രായമനുസരി മാറ്റം വരുത്തുകയു ണ്ടായി. മുൻപ്പറഞ്ഞ യാഥാർത്ഥ്യങ്ങൾ പരിഗണിക മ്പോൾ പണിയുടെ കാലതാമസം ഉണ്ടാകാനുള്ള പ്രധാന കാരണ പണിയാനുദ്ദേശിച്ച സ്ഥലം മാറ്റി നിശ്ചയിച്ചതാണ്.<br><br>ഈ പണിയുടെ കാലാവധി താഴെ പറയുന്ന കാരണങ്ങളാൽ മുന പ്രാവശ്യമായി കരാറുകാരന് സമയം നീട്ടി കൊടുത്തിട്ടുണ്ട്.<br><br>1. കരാറുകാരന് പണി സ്ഥലം ഏൽപ്പിക്കുന്നതിനുള്ള കാലതാമസം.<br>2. അപ്രതീക്ഷിതവും ശക്തവും തുടർച്ചയായുണ്ടായ വയനാട്ടിലെ മഴ ഈ പണിയുടെ പുരോഗതിയെ കാര്യമായി ബാധിച്ചിട്ടുണ്ട്.<br>3. പുഴയിൽ നിന്ന് മണലെടുക്കുന്നതിനുള്ള കേരള സർക്കാരി വിലക്ക്.<br>4. വയനാട് ജില്ലയിൽ കെട്ടിടം പണിയാനുള്ള സാമഗ്രികളുടെയ തൊഴിലാളികളുടെയും ലഭ്യത കുറവ്. |

| | | | |
|---|---|---|---|
| | | | മേൽപ്പറഞ്ഞ വിശദീകരണങ്ങൾ പരിഗണിച്ചു കൊണ്ട് ഓഡിറ്റ് ഒബ്ജക്ഷ ഒഴിവാക്കി തരുവാൻ അപേക്ഷിക്കുന്നു. |
| 3.7.14(i) | 2006-07 ഖണ്ഡിക നം.2 | **കൃഷി വിജ്ഞാന കേന്ദ്രം, മഞ്ചേശ്വർ – ട്രെയ്നീസ് ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം.**<br><br>ഓഡിറ്റ് റിപ്പോർട്ട് വർഷം:2006–07 ഖണ്ഡിക നമ്പർ: 2<br><br>1999ൽ ടെണ്ടർചെയ്ത് 44% അധികരിച്ച നിരക്കിൽ കോൺട്രാക്ടർ ശ്രീ.സുരേന്ദ്രനായിക്കിന് കരാർ നൽകിയ ട്രെയ്നിംഗ് ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം, 13 ലക്ഷത്തിലേറെ രൂപ ചെലവഴിച്ചശേഷം പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടതായി കാണുന്നു. ആദ്യ ധാരണാ പത്രമനുസരിച്ച് 5/2000–ത്തിൽ പൂർത്തീകരിക്കേണ്ട പ്രവൃത്തിയ്ക്ക് മാറിവന്ന മരാമത്തു ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി പലതവണ പിഴചുമത്താത്ത സമയപരിധി ദീർഘിപ്പിച്ചു നൽകുകയും ഒടുവിൽ 2005–ലെ ക്ലോഷർ എഗ്രിമെന്റ് പ്രകാരം ചെയ്തുതീർത്ത 50% പ്രവൃത്തികളുടെ മൂല്യമായി 13,21,597 രൂപ നിശ്ചയിച്ചുനൽകുകയും ചെയ്ത ശേഷവും നിർമ്മാണസംരംഭം വ്യക്തമായ കാരണമില്ലാതെ ഉപേക്ഷിക്കപ്പെട്ടിരിക്കുകയാണ്. കരാറുകാരന്റെ പിഴവുമൂലമുണ്ടായ കാലവിളംബത്തിന്റെ (27.05.2000– 30.06.2001) പിഴയായി ആകെ 1,16,666 രൂപയും എഗ്രിമെന്റ് ഒപ്പിടാനുണ്ടായ കാലതാമസത്തിനു പിഴയായി 15,000 രൂപയും ഓഡിറ്റിൽ നിജപ്പെടുത്തുന്നു. | മേൽപ്പറഞ്ഞ പണി 1999 ൽ ടെൻഡർ ചെയ്തു. കോൺട്രാക്ട ശ്രീ.ബി.സുന്ദരം നായ്ക്കിനെ 44% അധിക നിരക്കിൽ നിർമ്മാണ ഏൽപ്പിച്ചിട്ടുള്ളതാണ്. കരാറുകാരൻ സുന്ദരൻ നായിക് പണി നല്ല പുരേ ഗതിയിൽ ചെയ്തു വരികയും ഏകദേശം 50% പണികൾ പൂർത്തിയാക്ക കയും ചെയ്ത അവസരത്തിൽ യൂണിവേഴ്സിറ്റി അഭിമുഖീകരിച്ച വള വലിയ സാമ്പത്തിക പ്രതിസന്ധിമൂലം 15.01.01 ലെ രജിസ്ട്രാറുടെ ഉത്തര നം. GA/E2/2137/01 തിയ്യതി 15.03.01 പ്രകാരം സർവ്വകലാശാലയി എല്ലാ മരാമത്ത് പണികളും നിർത്തിവെയ്ക്കുകയുണ്ടായി. ഈ കാലയളവി ള്ളിൽ പണിസ്ഥലത്തുള്ള വെള്ളത്തിന്റെ ദൗർലഭ്യം മൂലവും ഗ്രാനൈറ്റ് മെറ്റൽ, വെട്ടുകല്ല് മുതലായവ അടുത്ത സ്ഥലമായ മംഗലാപുരത്ത് വേണ്ട ലഭ്യമല്ലാതിരുന്നതിനാലും മൂന്നു പ്രാവശ്യമായി ഈ പണിയുടെ കാലാവധ പിഴ കൂടാതെ നീട്ടികൊടുക്കുകയുണ്ടായി.<br><br>എന്നാൽ പിന്നീട് 2003-04 സർവ്വകലാശാലയുടെ ബഡ്ജറ്റ് എസ്റ്റിമേ പ്രകാരം, നിർത്തിവെച്ച പണികൾ മുൻഗണനാക്രമത്തിൽ പുനരാരംഭിക്ക വാൻ ആവശ്യമായ തുക വകയിരുത്തുകയും അതനുസരിച്ച് പണ പുനരാരംഭിക്കുവാൻ കരാറുകാരനോട് സർവ്വകലാശാല ആവശ്യപ്പെടുകയു ചെയ്തു. എന്നാൽ പുതുക്കിയ റേറ്റ് ഷെഡ്യൂൾ 1999ൽ നിലവി വന്നതു കൊണ്ട് നിരക്ക് വർധന നൽകാതെ പണി ചെയ്യുവാ കഴിയില്ലെന്നും അല്ലെങ്കിൽ വിടുതൽ കരാർ വെച്ചു കൊണ്ട് ഈ പണിയി നിന്ന് വിടുതൽ ചെയ്യാൻ അനുവദിക്കണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടു.<br><br>20.7.04 ൽ കൂടിയ സർവ്വകലാശാലയുടെ വർക്ക്സ് കമ്മിറ്റിയി മേൽപറഞ്ഞ പണിയുടെ വിശദാംശങ്ങൾ വയ്ക്കുകയും വിശദമാ ചർച്ചയ്ക്ക് ശേഷം വർക്ക്സ് കമ്മിറ്റി ഡി.പി.പി.യോട് കരാറുകാരനുമായ വീണ്ടും ബന്ധപ്പെടുവാനും ബാക്കിയുള്ള പണികൾകൂടി ചെയ്ത തരുവാനുള്ള സാധ്യതകളെകുറിച്ച് ആരായുവാൻ നിർദ്ദേശിക്കുകയു ചെയ്തു. അതുപ്രകാരം കരാറുകാരനുമായി ബന്ധപ്പെട്ടപ്പോൾ അദ്ദേഹ ഇത്രയും കാലതാമസം വന്നതു കാരണം നിരക്ക് കൂടുതൽ നൽകിയാ മാത്രമേ ഈ പണി മുന്നോട്ട് പോകാൻ കഴിയുകയുള്ളുവെന്നും ഇപ്പോഴത്തെ സാഹചര്യത്തിൽ ബാധ്യതകളൊന്നുമില്ലാതെ ഈ പണിയിൽ നിന്ന് വിടുത |

നൽകണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി. നിരക്ക് വർധന ഒരു തരത്തിലും നടപ്പിലാക്കാൻ സാധ്യമല്ലാത്തതിനാലും, കൂടുതൽ നിയമപരമായ നൂലാമാലകളിൽ നിന്നും ഒഴിവാക്കുവാൻ വേണ്ടി കരാറുകാരൻ ശ്രീ.ബി സുന്ദരം നായിക്കിനെ ഈ വർക്കിൽ നിന്ന് ഉത്തരവ് നം.എ4/3734/98 തിയ്യതി 29.7.05 പ്രകാരം വിടുതൽ ചെയ്യുകയും, ബഹുമാനപ്പെട്ട വൈസ് ചാൻസലർ, രജിസ്ട്രാർ, കംപ്ട്രോളർ എന്നിവരെ വിടുതൽ കരാർ വെയ്ക്കുന്നതിനായി അറിയിക്കുകയും ചെയ്തു. ഇതനുസരിച്ച് അവസാന ബിൽ സെറ്റിൽ ചെയ്യുകയും ആ വിവരം രജിസ്ട്രാറെ അറിയിക്കുകയും ചെയ്തു.

എന്നാൽ പിന്നീട് പീലിക്കോട് ആർ.എ.ആർ.എസ് അസോസിയേറ്റ് ഡയറക്ടർ ഈ വർക്ക് പൂർത്തീകരിച്ച് ഹോസ്റ്റൽ ഉപയോഗപ്രദമാക്കി തരുവാനും 2006 – 07 ബഡ്ജറ്റിൽ ഈ വർക്കിനായി 10.00 ലക്ഷം രൂപ 406 – 40 – 4499 എന്ന ഹെഡിൽ വകയിരുത്തിയിട്ടുള്ളതായി ഫിസിക്കൽ പ്ലാന്റ് ഡയറക്ടറെ അറിയിച്ചു.

29.05.2008 ൽ നടന്ന 22-ാം വർക്ക്സ് കമ്മിറ്റി, വർക്ക് സൈറ്റ് സന്ദർശിക്കുകയും ബാക്കി പണി പൂർത്തീകരിക്കുവാനുള്ള അംഗീകാരത്തിനായി ഭരണ സമിതിയിലേക്ക് ശുപാർശ ചെയ്യുകയും ഉണ്ടായി. 02.06.08ലെ 450-ാമത്തെ ഭരണ സമിതിയുടെ അംഗീകാരം ലഭിച്ചതിനെതുടർന്ന് ശേഷിക്കുന്ന പണിയുടെ എസ്റ്റിമേറ്റ് സാമ്പത്തിക അംഗീകാരത്തിനായി കംപ്ട്രോളർക്ക് സമർപ്പിച്ചപ്പോൾ യൂണിവേഴ്സിറ്റിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടാതെ അംഗീകാരം നൽകാൻ ബുദ്ധിമുട്ടാണ് എന്ന് കംപ്ട്രോളർ അറിയിക്കുകയുണ്ടായി. അത് പ്രകാരം ഇപ്പോഴും തത്സ്ഥിതി തുടരുകയാണ്.

മേൽപ്പറഞ്ഞ വിശദീകരണങ്ങൾ പരിഗണിച്ചു കൊണ്ടും ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കി തരുവാൻ അപേക്ഷിക്കുന്നു.

കെ.എസ്. അനിൽകുമാർ
അഡീഷണൽ ഡയറക്ടർ
കൃഷി വകുപ്പ്

-35-

# കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-14) - ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികയിലെ ഓഡിറ്റ് പരാമർശങ്ങളിൽ കേരള കാർഷിക സർവ്വകലാശാല സ്വീകരിച്ച ന്യൂനതാ പരിഹാര നടപടി പത്രിക

| ഖണ്ഡിക | വർഷം | ഖണ്ഡിക / ശുപാർശ | നടപടി പത്രിക |
|---|---|---|---|
| 3.1<br>3.1.1 | ഓഡിറ്റ് റിപ്പോർട്ട് 2007-08 & 2008-09 ഖണ്ഡിക നം.5 | **വിപണനകേന്ദ്രനിർമ്മാണത്തിൽ കോസ്റ്റ് ഫോർഡിന്റെ അനാസ്ഥ**<br>(സി.ആർ.എസ്.മാടക്കത്തറ – സ്കീം – എസ്റ്റാബ്ലിഷ്മെന്റ് ഓഫ് മോഡൽ നഴ്സറി ഫോർ കാഷ്യൂ)<br>ഓഡിറ്റ് റിപ്പോർട്ട്: 2007-08 & 2008-09, ഖണ്ഡിക നമ്പർ 5<br>• ഒരിക്കൽ കരാർവെച്ച് മുൻകൂർ നൽകിയ പ്രവൃത്തിക്ക് പുതുക്കിയ ഷെഡ്യൂൾ നിരക്ക് നൽകാനായി എസ്റ്റിമേറ്റ് പുതുക്കി.<br>• 95 ശതമാനം തുക മുൻകൂർ നൽകിയിട്ടും പൂർത്തിയായത് കെട്ടിടത്തിന്റെ സ്ട്രക്ചർമാത്രം.<br>• പുതിയ കോൺക്രീറ്റ് മേൽക്കൂര ചോർന്നൊലിക്കുന്നു.<br>ഡയറക്ടർ ഓഫ് റിസർച്ച്, കാർഷിക സർവ്വകലാശാലയുടെ 31.3.2008ലെ ആർ5/60790/07ാം നമ്പർ ഉത്തരവുപ്രകാരം 1.95 ലക്ഷം രൂപ ചെലവു കണക്കാക്കി ഒരു വിപണനകേന്ദ്രവും അനുബന്ധ ടോയ്ലറ്റും നിർമ്മിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും പ്രസ്തുത മരാമത്തുപണി തൃശ്ശൂരിലെ അയ്യന്തോളിലുള്ള കോസ്റ്റ് ഫോർഡ് (COSTFORD) എന്ന നിർമ്മാണസ്ഥാപനത്തെ ഏൽപ്പിക്കുകയും ചെയ്തു. കോസ്റ്റ് ഫോർഡ് ഡയറക്ടറും മാടക്കത്തറ കശുവണ്ടി ഗവേഷണ കേന്ദ്രത്തിന്റെ തലവനും ഒപ്പിട്ട ധാരണാപത്രം (നം.444/07-08) 31.3.2008ന് നിലവിൽ വന്നു. അന്നേദിവസം തന്നെ, എസ്റ്റിമേറ്റിന്റെ 50% തുകയായ 97,500/ രൂപ (കത്ത് നമ്പർ സി.ആർ.എം.27/07(ii) തീയതി 31.3.08) കോസ്റ്റ് ഫോർഡിന് മുൻകൂറായി അനുവദിച്ചു.<br>മുൻകൂറിന്റെ ആദ്യഗഡു ലഭിച്ചാലുടൻ പണി ആരംഭിക്കണമെന്നും മുഴുവൻ പ്രവൃത്തികളും ആറുമാസത്തിനകം പൂർത്തീകരിക്കണമെന്നും ധാരണാ പത്രത്തിൽ നിഷ്കർഷിച്ചിരുന്നുവെങ്കിലും 14.7.2008 വരെ ഈ പ്രവൃത്തി ആരംഭിക്കാനുള്ള ഒരു നടപടിയും കൈക്കൊണ്ടില്ല. ഫണ്ട് വിനിയോഗത്തിനായി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ (എസ്.എച്ച്.എം) അനുശാസിച്ചിട്ടുള്ള സമയനിബന്ധന, ധാരണാപത്രപ്രകാരം കോസ്റ്റ് ഫോർഡ് അംഗീകരിച്ച കാലപരിധി എന്നിവ സൂചിപ്പിച്ചുകൊണ്ട് ആറു റിമൈന്റുകൾ (30.4.2008, 23.5.2008, 13.6.2008, 26.6.2008, 03.07.2008, 19.7.2008 എന്നീ തിയതികളിലെ അതേ നമ്പർ കത്തുകൾ) സ്റ്റേഷൻ അധികൃതർ കോസ്റ്റ് ഫോർഡിന് അയയ്ക്കുകയുണ്ടായി. തുടർന്ന് 14.7.2008ന് പ്രസ്തുത സ്ഥാപനത്തിലെ ഒരു ജൂനിയർ | ഓഡിറ്റിന്റെ നിർദ്ദേശപ്രകാരം താഴെപറയുംവിധം 3 കമ്മിറ്റിക രൂപീകരിച്ചിട്ടുണ്ട്.<br>**ഒന്നാം കമ്മിറ്റി:** ഡോ.ജോസ് മാത്യു, പ്രൊഫസർ & ഹെഡ്, ക മാവ് ഗവേഷണകേന്ദ്രം, മാടക്കത്തറ, ഡോ.വി.ആർ.രാമചന്ദ്ര പ്രൊഫസർ ആന്റ് യൂണിറ്റ് ചീഫ് കെ.എ.യു, അഗ്ര എഞ്ചിനീയറിംഗ് സർവ്വീസ് സെന്റർ, ഡോ. സി.മിനി, പ്രൊഫസ കോളേജ് ഓഫ് അഗ്രികൾച്ചർ, വെള്ളായണി. ഉത്തരവ് നമ ആർ.2/60790/07 തിയ്യതി 31.3.2008.<br>**രണ്ടാം കമ്മിറ്റി:** ഡോ.വി.കെ രാജു, അസോസിയേറ്റ് ഡയറക് ഓഫ് റിസർച്ച് (ഫാംസ്), ഡോ.എസ്.പാത്തുമ്മാൾ ബീ അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് (എം&ഇ ഡോ.കെ.പി.വിശാലാക്ഷി, പ്രൊഫസർ ഹെഡ്, ഹോർട്ടികൾച്ചറ കോളേജ് ഉത്തരവ് നമ്പർ.ആർ2/60790/07 തിയ്യതി 1.9.2011.<br>**മൂന്നാമത് കമ്മിറ്റി:** ശ്രീ.പി.എം.മുഹമ്മദ് ഇസ്മയിൽ, അസിസ്റ്റ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശ്രീ.ബി മുഹമ്മദ് എർഷ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉത്തരവ് നമ്പർ എ2/2114/2011 തിയ്യതി 12.10.2011.<br>മേൽപറഞ്ഞ മൂന്ന് കമ്മിറ്റികളും സ്ഥലം സന്ദർശി ബന്ധപ്പെട്ട രേഖകളെല്ലാം പരിശോധിക്കുകയും, റിപ്പോ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>വിൽപ്പനകേന്ദ്രം നിർമ്മാണത്തിൽ കോസ്റ്റ് ഫോർഡ് കാലതാമ വരുത്തി എന്ന ഓഡിറ്റിന്റെ കണ്ടെത്തൽ ശരിയാണെന്നാണ് മൂ കമ്മിറ്റികളും വിലയിരുത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ്/കരാർപ്രകാ തന്നെ ബന്ധപ്പെട്ട ഏജൻസി നിർമ്മാണം പൂർത്തിയാക്കിയിട്ടുള മുകളിൽ നിന്നുള്ള ചോർച്ച തടയാൻ ടെറസ് വീണ്ടും പ്ലാസ്റ്റ ചെയ്തതായും കമ്മിറ്റി പറഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | ഉദ്യോഗസ്ഥൻ സ്റ്റേഷൻ സന്ദർശിച്ച് മരാമത്തുപ്രവൃത്തികളുടെ പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുള്ള സാധ്യതകൾ ആരായുകയും തുടർന്ന് കോസ്റ്റ് ഫോർഡ് സമർപ്പിച്ച 2,35,000/ രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് 19.9.2008ലെ ആർ2/60790/07-ാം ഉത്തരവുപ്രകാരം മുൻകാല പ്രാബല്യത്തോടെ അംഗീകരിച്ചു നൽകുകയും ഒരു സപ്ലിമെന്ററി ധാരണാപത്രം (നം.444 എസ്/08-09 തി.25.8.2008) ഒപ്പു വെയ്ക്കുകയും തുടർന്ന്, പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം നൽകേണ്ട ആദ്യഗഡുവിന്റെ ബാക്കിതുകയും രണ്ടാംഗഡുവും ആവശ്യപ്പെട്ടുകൊണ്ട് നിർമ്മാണസ്ഥാപനം സ്റ്റേഷൻ അധികൃതർക്ക് അപേക്ഷ നൽകുകയും, 25/12/2008 നകം പ്രവൃത്തി പൂർത്തിയാക്കണമെന്ന സപ്ലിമെന്ററി ധാരണാപത്രത്തിലെ വ്യവസ്ഥയ്ക്ക് വിധേയമായി തുകകൾ അനുവദിക്കുകയും ചെയ്തു. സ്കീമിന്റെ നീട്ടിക്കിട്ടിയ കാലാവധി 30/09/2008 ൽ അവസാനിക്കുമെന്നതിനാൽ, സൂപ്പർവൈസറി കമ്മിറ്റിയുടെ 29/09/2008-ലെ തീരുമാന പ്രകാരം 3, 4 ഗഡുക്കളായി നൽകേണ്ട തുകകളുടെ ചെക്കുകളും സ്റ്റേഷൻ അധികൃതർ പാസാക്കുകയു ണ്ടായി. എന്നാൽ പദ്ധതിയുടെ പൂർത്തീകരണം സാക്ഷ്യപ്പെടുത്താനുള്ള രേഖകളുടെ അഭാവത്തിൽ ഈ ചെക്കുകൾ പെന്റിംഗിൽവച്ചു.<br><br>ഇതിനിടയിൽ, നിർമ്മാണസ്ഥാപനം അനിശ്ചിതമായ കാലതാമസം വരുത്തിയിട്ടും കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിനായി കോസ്റ്റ്ഫോർഡ് 30/09/2008 ന് അതായത് സ്കീം അവസാനിക്കുന്നതിന്റെ തലേന്നാൾ സമർപ്പിച്ച 20000/ രൂപയുടെ പുതിയൊരു എസ്റ്റിമേറ്റ് അന്നേദിവസം തന്നെ സ്റ്റേഷൻ അധികൃതർ അംഗീകരിച്ചു നൽകി (ഉത്തരവു നമ്പർ സി.ആർ.എം./27 /07(iii) തീയതി 30/09/2008). നിലവിലുള്ള ബഡ്ജറ്റിൽ വൈദ്യുതീകരണം ഉൾപ്പെട്ടിട്ടില്ല എന്ന ന്യായത്തിന്മേലാണ് അധിക തുക അംഗീകരിച്ചത്. കോസ്റ്റ്ഫോർഡ് വൈദ്യുതീകരണം പോലെയുള്ള ഒരവിഭാജ്യഘടകം പ്രവൃത്തികളിൽപെടുത്താതെ വിട്ടുകളഞ്ഞതും സ്റ്റേഷൻ അധികൃതർ ആയത് അംഗീകരിച്ച് അധിക പ്രവൃത്തിയായി പരിഗണിച്ചതും വിചിത്രമായ കീഴ്വഴക്കമായി ഓഡിറ്റ് വീക്ഷിക്കുന്നു.<br><br>നീട്ടിക്കൊടുത്ത അവസാനസമയപരിധിയും അവസാനിക്കുന്ന ഡിസംബർ മാസം മുതലങ്ങോട്ട് സ്റ്റേഷൻ അധികൃതർ കോസ്റ്റ്ഫോർഡിന് തുടർച്ചയായി റിമൈന്റുകൾ അയച്ചതായും (2.12.08, 16.3.08, 22.12.08, 14.7.09, 25.8.09, 1.1.10 തീയതികളിലെ അതേ നമ്പർ കത്തുകൾ) അനൗപചാരികമായ നിരവധി അഭ്യർത്ഥനകൾ നടത്തിയതായും കാണുന്നു. ഫണ്ടിംഗ് ഏജൻസിയുമായും നിർമ്മാണ സ്ഥാപനവുമായുമുള്ള ഉടമ്പടികൾ ലംഘിക്കപ്പെട്ടാൽ ഉണ്ടാകുന്ന ഭവിഷ്യത്തുക്കളെക്കുറിച്ച് ഓർമ്മപ്പെടുത്തുന്ന കത്തുകളും ഇക്കൂട്ടത്തിലുണ്ട്.<br><br>പെന്റിംഗ് ചെക്കുകളുടെ സമയപരിധി അവസാനിക്കുന്നതിനു തൊട്ടുമുമ്പ് 25.8.09 ന് സ്റ്റേഷൻ തലവൻ അയച്ച 11 ാമത്തെ റിമൈന്റർ ഉപസംഹരിക്കുന്നത് | കെട്ടിടനിർമ്മാണത്തിന് കാലതാമസം വരാനിടയ സാഹചര്യത്തെപ്പറ്റി കോസ്റ്റ് ഫോർഡിൽ നിന്നും മതിയ വിശദീകരണം ലഭ്യമായശേഷം ഓഡിറ്റിന്റെ അനുമതിയേ മാത്രമേ അവസാനഗഡു നൽകാവൂ എന്ന് ഡോ.വി.കെ.ര ചെയർമാനായ കമ്മിറ്റി ശുപാർശ ചെയ്യുകയും അതേസമ ന്യായമായ സമയപരിധിക്കുള്ളിൽ മറുപടി ലഭ്യമായില്ലെ മേൽ തുക നൽകാവുന്നതല്ലെന്നും ശുപാർശ ചെയ്തു.<br><br>ഇതിനനുസരിച്ച് സി.ആർ.എം/27/2007(iii) തിയ്യതി 25.11 പ്രകാരം കോസ്റ്റ് ഫോർഡിനോട് വിശദീകരണം ആരാ യുണ്ടായി.<br><br>മണൽ, കെട്ടിടനിർമ്മാണ സാമഗ്രികൾ, തൊഴിലാളികള ക്ഷാമം എന്നിവയ്ക്കു പുറമെ ഈ സാമഗ്രികൾക്ക് എസ്റ്റി നിരക്കിൽ നിന്നും ഉണ്ടായ അപ്രതീക്ഷിതമായ വില വർ മൂലമാണ് സമയത്തിന് കെട്ടിടനിർമ്മാണം പൂർത്തിയാക കഴിയാതിരുന്നതെന്നും അതിനാൽ വന്ന കാലതാമസം കേ ഫോർഡിന്റെ കുറ്റമല്ലാ എന്നും അവർ 28.11.2011ലെ കത്തുപ്രക ബാക്കി തുക നൽകണമെന്നും ആവശ്യപ്പെട്ടിരിക്കയാണ്.<br><br>ഈ സാഹചര്യത്തിൽ മൂന്നു കമ്മിറ്റികളുടെ റിപ്പോ കോസ്റ്റ് ഫോർഡിന്റെ മറുപടിയും പരിഗണിച്ച് ഓഡിറ്റ് ത നീക്കണമെന്നും ബാക്കി തുകയായ 11750 രൂപ നൽകാന അനുമതി നൽകണമെന്നും അപേക്ഷിക്കുന്നു. |

ഇങ്ങനെ : "എസ്റ്റിമേറ്റ് തുകയുടെ 95 ശതമാനവും നൽകികഴിഞ്ഞെങ്കിലും, ഇന്നോളം കെട്ടിടത്തിന്റെ സ്ട്രക്ചർ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പുതുതായി നിർമ്മിച്ച കോൺക്രീറ്റ് മേൽക്കൂര ഗുരുതരമായി ചോർന്നൊലിക്കുകയാണെന്ന വസ്തുത കൂടി താങ്കളെ ഖേദപൂർവ്വം അറിയിച്ചുകൊള്ളട്ടെ.

നൽകിയ മുൻകൂർ തുകകളുടെയും കൈമാറ്റം ചെയ്യാത്ത ചെക്കുകളുടെയും വിശദവിവരം ചുവടെ ചേർക്കുന്നു:

| സി.ബി. വൗച്ചർനം. | ചെക്ക് നം/ തിയ്യതി | ചെലവിന്റെ വിശദാംശങ്ങൾ | തുക (രൂപ) |
|---|---|---|---|
| 155/3/07-08 | 063588/31.3.08 | ആദ്യഗഡു (ആദ്യ എസ്റ്റിമേറ്റ് തുകയായ 1.95 ലക്ഷം രൂപയുടെ 50% | 97500 |
| 29/9/08-09 | 68426/5.9.08 | പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ആദ്യഗഡുവിന്റെ ബാക്കി 20000<br>രണ്ടാം ഗഡു 58750 | 78750 |
| 127/9/08-09 | 68499/30.9.08 | മൂന്നാം ഗഡു | 47000 |
| 127/9/08-09 | 68500/30.9.08 | നാലാം ഗഡു (പെന്റിംഗ് ചെക്ക്) | 11750 |
| 128/9/08-09 | 70401/30.9.08 | വൈദ്യുതീകരണത്തിനായുള്ള പുതിയ എസ്റ്റിമേറ്റ് പ്രകാരം നൽകിയത് | 20000 |
| | | **ആകെ** | 255000 |

അനിശ്ചിതമായ കാലതാമസം, തന്മൂലമുണ്ടാകാനിടയുള്ള സാമ്പത്തിക നഷ്ടം എന്നിവ സംബന്ധിച്ച സർവ്വകലാശാലാധികൃതരുടെ അന്വേഷണത്തിനു വിധേയമായി ആകെ ചെലവു തുകയായ 2,55,000/ രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. അവസാന ഗഡുവൊഴികെയുള്ള തുകകൾ (95%) മുൻകൂറായി നൽകിക്കഴിഞ്ഞ സാഹചര്യത്തിൽ, ഈ തുക റിലീസ് ചെയ്യുന്നതിനു മുമ്പ്, ചോർച്ച ബാധിച്ച മേൽക്കൂരയുടെ അറ്റകുറ്റപ്പണി ഉൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച് സൂപ്പർവൈസറി കമ്മിറ്റിയും എഞ്ചിനീയറിംഗ് വിഭാഗവും ചേർന്ന് പരിശോധന നടത്തി രേഖാമൂലം ഉറപ്പുവരുത്തേണ്ടതാണ്.

കോസ്റ്റ് ഫോർഡ് പോലെയുള്ള സ്ഥാപനങ്ങൾ കരാറിലെ ഉപാധികളും കാലപരിധികളും പാലിക്കാത്ത സാഹചര്യത്തിൽ ചെറുകിട മരാമത്തുവേലകൾ ചെലവു നിയന്ത്രിച്ചു നടപ്പിലാക്കാനുള്ള ബദൽ മാർഗ്ഗങ്ങൾ സർവ്വകലാശാലാധികൃതർ ആരായേണ്ടതുണ്ടെന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u>

ഡോ.ജോസഫ് മാത്യു, പ്രൊഫസർ & ഹെഡ്, സി.ആർ.എസ്.മാടക്കത്തറ.

| | | | |
|---|---|---|---|
| 3.1.2 | ഓഡിറ്റ് റിപ്പോർട്ട് 2008-09 ഖണ്ഡിക നം.5(2) | <u>കെട്ടിടമില്ല – കാർഡമം ഡ്രൈയർ നിഷ്ഫലമായി</u><br>സി.ആർ.എസ്.പാമ്പാടുംപാറ – ആർ.കെ.വി.വൈ സ്കീം ഫസ്റ്റ് ഫെയ്സ് – ഡെവലപ്പിങ്ങ് പ്രോട്ടോകോൾ ഫോർ ഓർഗാനിക് കൾട്ടിവേഷൻ ഓഫ് കാർഡമം.<br><u>ഓഡിറ്റ് റിപ്പോർട്ട്:</u> 2008-09, ഖണ്ഡിക നമ്പർ 5 (2).<br>• രണ്ട് ലക്ഷത്തിന്റെ കാർഡമം ഡ്രൈയർ തുരുമ്പെടുക്കുന്നു.<br>• അനുയോജ്യമായ കെട്ടിടം ലഭ്യമല്ലാത്തതിനാലും സൂപ്പർവൈസറെ ലഭ്യമാക്കാത്തതിനാലും വാങ്ങി ഒരു വർഷം കഴിഞ്ഞിട്ടും യന്ത്രം സ്ഥാപിക്കാനായില്ല.<br>• യന്ത്രം വാങ്ങിയത് നടപടിക്രമങ്ങൾ പാലിക്കാതെ.<br><br>സർവ്വകലാശാലാ ഗവേഷണവിഭാഗം ഡയറക്ടറുടെ 19.3.08ലെ ആർ.6/66055/07/XII-ാം നമ്പർ ഉത്തരവുപ്രകാരം സ്കീമിന്റെ ആവശ്യത്തിലേക്ക് 500 കി.ഗ്രാം ശേഷിയുള്ള കാർഡമം ഡ്രൈയർ വാങ്ങാൻ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചു. റെയ്ഡ്കോയുടെ കട്ടപ്പനശാഖയ്ക്ക് 06.05.2008ന് സപ്ലൈ ഓർഡർ നൽകുകയും 8.9.2008ന് റെയ്ഡ്കോ ഉപകരണം സപ്ലൈ ചെയ്യുകയും ചെയ്തു. ആയതിന്റെ വിലയായി 1,99,892 രൂപ സി.ബി.വി. നമ്പർ 31.9.2008 പ്രകാരം (ചെക്ക് നമ്പർ 518728 തീയതി 18.9.2008 സ്കീമിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാങ്ങൽ നടപടി പൂർത്തിയായി ഒരു വർഷത്തിനുശേഷവും യന്ത്രം സ്ഥാപിച്ചിട്ടില്ല എന്നാണ് ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ വ്യക്തമാകുന്നത് (8/2011ലും യന്ത്രം ഇൻസ്റ്റാൾ ചെയ്തിട്ടില്ല എന്ന് സ്റ്റേഷൻ അധികൃതർ വാക്കാൽ അറിയിച്ചിട്ടുണ്ട്). അനുയോജ്യമായ കെട്ടിടത്തിന്റെ അഭാവത്തിലും ഒരു സൂപ്പർവൈസറുടെ സേവനം ലഭ്യമല്ലാത്തതിനാലും യന്ത്രം സ്ഥാപിച്ച് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സ്റ്റേഷൻ അധികൃതർ, ഗവേഷണവിഭാഗം ഡയറക്ടർക്ക് 6.1.2009ന് അയച്ച സി.ആർ.എസ്.പി(2) 566/07 ാം നമ്പർ കത്തിൽ രേഖപ്പെടുത്തിക്കാണുന്നു.<br><br>ഓഡിറ്റ് ടീമിന്റെ നേരിട്ടുള്ള പരിശോധനയിൽ യന്ത്രത്തിന്റെ ഉപരിഭാഗങ്ങൾ തുരുമ്പെടുത്തതായും കണ്ടെത്തി. റെയ്ഡ്കോയിൽ നിന്നുള്ള വെറുമൊരു പ്രൊഫോർമ ഇൻവോയ്സിന്റെ മാത്രം അടിസ്ഥാനത്തിലാണ് ഈ വാങ്ങൽ നടത്തിയത്. യന്ത്രം സ്ഥാപിക്കൽ, വാറന്റി ഉപാധികൾ എന്നിവ സംബന്ധിച്ച് സ്ഥാപനവും സർവ്വകലാശാലയും ചേർന്ന് തയ്യാറാക്കേണ്ടിയിരുന്ന രേഖാമൂലമുള്ള ഉടമ്പടിയും നിലവിലില്ല. | ആർ.കെ.വി.വൈ. പ്രോജക്ടിൽ കാർഡമം ഡ്രൈയർ വാങ്ങുന്നതിലേയ്ക്കായി അനുവദിക്കപ്പെട്ട ഫണ്ട് ഉപയോഗിച്ച് 08-09-08–ന് റെയ്ഡ്കോയിൽ നിന്നു ഡ്രൈയർ വാങ്ങുക യുണ്ടായി. എന്നാൽ അത് സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന നിലവിലുള്ള സ്ഥലം തികയാത്തതിനാൽ പുതിയ കെട്ടിടം പണിയേണ്ടതായി വന്നു. കെട്ടിടനിർമ്മാണത്തിനുള്ള ഫണ്ട് ടി പ്രോജക്ടിൽ അനുവദിക്കപ്പെട്ടിരുന്നില്ല ആയതിനാൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആയതിലേയ്ക്കായി തുക വകയിരുത്തുന്നതിനുള്ളനടപടികൾ എടുക്കുകയും ചെയ്തു.<br>തത്ഫലമായി 27-09-2010– ന് R3/64252/09 dt. 27-9-10 ഓർഡർ പ്രകാരം തുക അനുവദിച്ചു. അതിനുശേഷം ഡ്രൈയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റ് ഓഫീസിൽ നിന്നും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br>2012-മാണ്ട് ആരംഭത്തിൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കി. അന്നുമുതൽ റെയ്ഡ്കോ അധികാരികളോട് നിരന്തരം ഡ്രൈയർ സ്ഥാപിക്കുവാൻ അപേക്ഷിക്കുകയും അതിനു ശേഷം ഓഫീസ് കത്ത് നംപർ. 1099/13 തീയതി 23-07-2013 പ്രകാരം കണ്ണൂരുള്ള റെയ്ഡ്കോ മാനേജരോട് നേരിട്ട് അപേക്ഷിക്കുകയും കത്തിന്റെ പകർപ്പ് ഡ്രൈയർ വാങ്ങിയ ബ്രാഞ്ച് മാനേജർക്ക് നൽകുകയുമുണ്ടായി. അനന്തരഫലമായി റെയ്ഡ്കോ ഡ്രൈയർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. നിർദ്ദിഷ്ട കെട്ടിടത്തിൽ ഡ്രൈയർ സ്ഥാപിക്കുകയും റെയ്ഡ്കോയിൽ നിന്നുള്ള സാങ്കേതിക വിദഗ്ധർ ഇപ്പോൾ അടിയന്തിരമായി കാർഡമം ഡ്രൈയർ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രവർത്തികൾ ചെയ്തുവരികയുമാണ്. |

അടിസ്ഥാനസൗകര്യങ്ങൾ സംബന്ധിച്ച ആസൂത്രണമൊന്നുമില്ലാതെ, ഫണ്ട് ലാപ്സായി പോകാതിരിക്കാൻ മാത്രമായി തിരക്കിട്ടു നടത്തിയ ധനവ്യയമായിട്ടേ ഈ വാങ്ങൽ നടപടിയെ വീക്ഷിക്കാനാവൂ. യന്ത്രം ഇന്നോളം സ്ഥാപിച്ചിട്ടില്ലെന്നതും ഗുരുതരമായ വീഴ്ചയാണ്.

ഇക്കാര്യത്തിൽ സർവ്വകലാശാലാതലത്തിലുള്ള അന്വേഷണം ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് പരാമർശത്തിന് സർവ്വകലാശാല നൽകിയ വിശദീകരണത്തിൽ കാർഡമം ഡ്രൈയർ യൂണിറ്റ് സ്ഥാപിക്കാനുള്ള തുക സ്കീമിൽ വകയിരുത്തിയിരുന്നില്ലെന്നും പിന്നീട് 4 ലക്ഷം രൂപ അനുവദിച്ചു എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:</u>
ഡോ.ജി.ശിവകുമാർ, അസോസിയേറ്റ് പ്രൊഫസർ & ഹെഡ്,
<u>സി.ആർ.എസ്.പാമ്പാടുംപാറ.</u>

കെ.എസ്. അനിൽകുമാർ
അഡീഷണൽ സെക്രട്ടറി

**ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2007-08) സർവ്വകലാശാലകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊണ്ടുള്ള ആഡിറ്റ് നൂതന പരിഹാര നടപടി പത്രിക (Remedial Measures Taken Statement)**

| ക്രമ നം. | സമാഹൃത ആഡിറ്റ് വർഷം | ആഡിറ്റ് ഖണ്ഡിക | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| | | **5.1 കേരള സർവ്വകലാശാല** | | |
| 1) | 2007-08 | 5.1.1 | പരീക്ഷാ ഫലപ്രഖ്യാപനത്തിൽ സർവ്വകലാശാലയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയ്ക്ക് നഷ്ടപരിഹാരം നൽകി - നഷ്ടം 36,555/- രൂപ (ആഡിറ്റ് റിപ്പോർട്ട് വർഷം - 2004-05, ഖണ്ഡിക നം.62) | പ്രസ്തുത കാലയളവിൽ കേരള സർവ്വകലാശാലയിൽ രജിസ്ട്രാറായി സേവനമനുഷ്ഠിച്ചിരുന്നത് ശ്രീ.കെ.കെ.രാമചന്ദ്രനും പരീക്ഷാ കൺട്രോളറായി സേവനമനുഷ്ഠിച്ചിരുന്നത് ശ്രീ.ജെയിംസ് ജോസഫുമായിരുന്നു. മേൽ സൂചിപ്പിച്ചിരുന്ന ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിച്ചു.<br>സർവ്വകലാശാല രജിസ്ട്രാറും കൺട്രോളറും അവരുടെ ഔദ്യോഗിക പദവികളിലാണ് കോടതി വ്യവഹാരത്തിന്റെ ഭാഗമാകുന്നത്. കൃത്യമായ നിയമോപദേശം ലഭിച്ച ശേഷം സിൻഡിക്കേറ്റിന്റെ തീരുമാനപ്രകാരം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| | | **5.2 കാലിക്കറ്റ് സർവ്വകലാശാല** | | |
| 1) | 2007-08 | 5.2.1 | കാരണം രേഖപ്പെടുത്താതെ കെട്ടിടം പണി ഉപേക്ഷിച്ച | എൻ.സി.ഇ.ആർ.ടി.യുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി |

| | | | | |
|---|---|---|---|---|
| | | | വകയിൽ പാഴ്ച്ചെലവ് - 1,87,864/- രൂപ (കരാറുകാരന് നഷ്ടപരിഹാരം - 90,000/- രൂപ, കെട്ടിടത്തിന്റെ രൂപരേഖ തയ്യാറാക്കിയതിന് 97,864/- രൂപ) (ആഡിറ്റ് റിപ്പോർട്ട് വർഷം - 2004-05, ഖണ്ഡിക നം.53) | സെന്റർ ഫോർ ടീച്ചിങ് ആൻഡ് റിസർച്ച് ഫൈനേഴ്സ് ട്രെയിനിങ് എന്ന ഒരു കെട്ടിടം നിർമ്മിക്കുന്നതിന് 16.03.2002 ൽ ചേർന്ന സർവ്വകലാശാല സിന്റിക്കേറ്റിന്റെ യോഗം 1,25,00,000/- തുകയുടെ എസ്റ്റിമേറ്റിന് അനുമതി നൽകുകയുണ്ടായി. പ്രസ്തുത തീരുമാനം നടപ്പിൽ വരുത്തുന്നതിനായി നം.പി.എൽ.ഡി.ബിന./1184/2002 തീയതി 25.03.2002 പ്രകാരം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് പ്രവർത്തിക്ക് ടെൻഡർ ക്ഷണിക്കുകയും ടെണ്ടറിൽ കുറഞ്ഞ നിരക്കായ 11.23 ശതമാനം കുറവ് രേഖപ്പെടുത്തിയ കെ. സതീഷ് കുമാർ എന്ന കരാറുകാരന് പ്രവർത്തി അനുവദിച്ചുകൊണ്ട് നം.പി.എൽ.ഡി.ബിന./1184/2002 തീയതി 26.02.2002 പ്രകാരം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെത്തുടർന്ന് 04.10.2002 കരാറുകാരനും സർവ്വകലാശാലയും തമ്മിൽ കരാർ ഒപ്പിടുകയും കരാറുകാരൻ പ്രവർത്തിക്കാവശ്യമായ സാധനസാമഗ്രികൾ സൈറ്റിൽ ശേഖരിക്കുകയും സൈറ്റ് ഓഫീസ് നിർമ്മിക്കുകയും ചെയ്തു. അങ്ങനെയിരിക്കെ പുതുതായി അധികാരമേറ്റ വൈസ് ചാൻസലർ 19.12.2002 ന് വിളിച്ച ചേർത്ത |

| | | | | |
|---|---|---|---|---|
| | | | | എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ യോഗത്തിൽ വെച്ച് മേൽ പ്രവർത്തി തുടരേണ്ടതില്ലെന്ന് ഉത്തരവ് നൽകി. ഇക്കാര്യം യോഗത്തിന്റെ മിനിട്സിൽ രേഖപ്പെടുത്തുകയും ചെയ്തു. തുടർന്ന് ഉത്തരവ് പ്രകാരം കരാറുകാരനോട് പ്രവർത്തി തുടരേണ്ടതില്ലെന്ന് അദ്ദേഹം അതുവരെ ചെയ്ത സൈറ്റ് ഓഫീസ് നിർമ്മാണം, സാധനസാമഗ്രികൾ കൊണ്ടുവന്ന നിലയിലെ കടത്തുകൂലി, സെക്യൂരിറ്റി നിക്ഷേപത്തിന്റെ പലിശ, സൈറ്റ് വൃത്തിയാക്കൽ, വെള്ളം സംഭരണത്തിനായി ചെയ്ത പ്രവർത്തികൾ എന്നീ ഇനത്തിൽ 1,99,500/- രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ട് കത്ത് നൽകുകയുണ്ടായി. നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് 90,000/- രൂപ നഷ്ടപരിഹാരം നൽകാൻ സിൻഡിക്കേറ്റ് തീരുമാനിക്കുകയും തുക കരാറുകാരന് നൽകുകയുമാണ് ഉണ്ടായത്. യൂണിവേഴ്സിറ്റി വൈസ് ചാൻസലർ അദ്ദേഹത്തിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച്, യൂണിവേഴ്സിറ്റി ഏറ്റെടുത്ത ഒരു പ്രവർത്തി ഇനി തുടരേണ്ടതില്ല എന്ന് നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മേൽ പ്രവർത്തി ഉപേക്ഷിച്ചത്. സർവ്വകലാശാലയെ സംബന്ധിച്ച് ഉചിതമായ തീരുമാനം |

| | | | | |
|---|---|---|---|---|
| | | | | കൈക്കൊള്ളുന്നതിന് സർവ്വകലാശാല നിയമം അനുവദിക്കുന്ന അധികാരം ഉപയോഗിച്ചാണ് അന്നത്തെ വൈസ് ചാൻസലർ ഇക്കാര്യത്തിൽ തീരുമാനം എടുത്തത് എന്നതിനാൽ ആഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. |
| 2) | 2007-08 | 5.2.2 | ജീവനക്കാരുടെ പി.എഫ്. റിക്കവറി ട്രഷറിയിൽ ഒടുക്കുന്നതിലെ കാലതാമസം - പലിശ നൽകിയതിനാൽ യൂണിവേഴ്സിറ്റി ഫണ്ടിന് നഷ്ടം (ആഡിറ്റ് റിപ്പോർട്ട് വർഷം 2004-05, ഖണ്ഡിക നം.67) | ഈ കാലയളവിൽ യൂണിവേഴ്സിറ്റിക്ക് ലഭിക്കേണ്ടിയിരുന്ന സർക്കാർ പദ്ധതിയേതര ധനസഹായ വിഹിതം ലഭിക്കാത്തതിനാലും ശമ്പളവും പെൻഷനും ബന്ധ ചെലവുകളും നൽകേണ്ടിയിരുന്നതിനാലും ശമ്പളത്തിൽ നിന്നും കുറവ് വരുത്തിയിരുന്ന പ്രോവിഡന്റ് ഫണ്ട് വിഹിതം ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കാൻ വൈകിയിരുന്നു. യൂണിവേഴ്സിറ്റിയുടെ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ നിന്ന് ലഭിച്ച അധിക വരുമാനം ഉപയോഗിച്ചും, സ്വാശ്രയ കോഴ്സുകളിൽ നിന്നും ലഭിച്ച വരുമാനം ഉപയോഗിച്ചും ആയത് വലിയൊരളവിൽ പരിഹരിച്ചിട്ടുണ്ട്. പ്രോവിഡന്റ് ഫണ്ട് വിഹിതം വൈകി ഒടുക്കിയതിൽ ഉണ്ടായ പലിശക്കുറവ് പരിഹരിക്കുന്നതിനായി 8 കോടി രൂപ ട്രഷറി അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 3) | 2007-08 | 5.2.3 | അച്ചടിച്ച് ബൈൻഡിംഗ് വിഭാഗത്തിലേക്ക് നൽകിയ പുസ്തക സാമഗ്രികൾ, പുസ്തകങ്ങൾ സ്റ്റോറിലെത്തിയതിൽ കുറവ്. (ആഡിറ്റ് റിപ്പോർട്ട് വർഷം 2005-06, ഖണ്ഡിക നം.2 - 12) | 22.01.2007 ൽ LFAD നടത്തിയ 2005-06 ഓഡിറ്റ് പീരീഡിലെ ഓഡിറ്റ് ഒബ്ജക്ഷനുള്ള മറുപടി Lr.No.CUP-1/382/09/Audit dated 18.12.2008 പ്രകാരം നൽകിയിരുന്നു. ടി മറുപടിയിൽ സർവ്വകലാശാലയ്ക്ക് യാതൊരുവിധ നഷ്ടവും സംഭവിച്ചിട്ടില്ല എന്നും ആയതുകൊണ്ട് ആഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു. Lr.No.CUP-1/382/09/Audit dated 13.08.2009 പ്രകാരം പുസ്തകങ്ങൾ പ്രിന്റിംഗ്, ബൈൻഡിങ് ചെയ്യുന്ന സമയത്ത് അനുവദനീയമായ വെസ്റ്റേജ് മൂലമുണ്ടാകുന്ന കുറവ് മാത്രമേ സംഭവിച്ചിട്ടുള്ളൂ എന്നും, വിവിധ പുസ്തകങ്ങൾ ആഡിറ്റ് പിരീഡിന്റെ വിവിധ ഘട്ടങ്ങളിൽ അച്ചടിച്ചപ്പോൾ ഉണ്ടായ കുറവിനെ സംബന്ധിച്ച ആഡിറ്റ് പരാമർശം ശരിക്കുമുള്ളതല്ല എന്നും ബോധ്യപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ആഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. മേൽ പറഞ്ഞ ആഡിറ്റ് ഒബ്ജക്ഷന് നൽകിയ മറുപടികളുടെ അടിസ്ഥാനത്തിൽ DDLFA യുടെ ഓഫീസിൽ നിന്നുമുള്ള സംഘം റീ- ആഡിറ്റ് നടത്തുകയും, ബന്ധപ്പെട്ട ഫയലുകളും റെക്കോർഡുകളും പരിശോധിക്കുകയും ചെയ്തു (Lr. from Director of Local Fund Audit, |

| | | | | |
|---|---|---|---|---|
| | | | | Tvpm. No.LF/16837/Spl-Cell/S.C.5(A)/09 dated 12.11.2009.)<br><br>റീ-ആഡിറ്റിന് ശേഷം ആഡിറ്റ് സംഘം തങ്ങൾക്ക് നിജസ്ഥിതി ബോധ്യപ്പെട്ടെന്നും ആഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും വാക്കാൽ അറിയിച്ചതായി രേഖകളിൽ കാണുന്നു. എന്നാൽ അത്തരത്തിലുള്ള കത്തിടപാടുകൾ ഒന്നും തന്നെ ഭരണ വിഭാഗത്തിൽ നിന്നോ ഫിനാൻസ് ഓഫിസറിൽ നിന്നോ, DDLFA യിൽ നിന്നോ ലഭ്യമാവുകയുണ്ടായില്ല. ഈ വിവരം ഫിനാൻസ് ഓഫീസർ മുഖേന DDLFA യെ Lr.No. 54888/PRESS-ASST-1/2013/CU dated 19.09.2014 പ്രകാരം അറിയിക്കുകയുണ്ടായി. ഫിനാൻസ് ആഡിറ്റ് വിഭാഗത്തിൽ നിന്ന് ലഭിച്ച കത്ത് Lr.No.Fin Audit 1/AR/Pending Para 1976-2007 dated 11.05.2011 ന് മറുപടിയായി പ്രസ്സിൽ നിന്നും നൽകിയ കത്തിൽ ടി ആഡിറ്റ് ഒബ്ജക്ഷൻ പ്രകാരമുള്ള നഷ്ടം ഒന്നുംതന്നെ യൂണിവേഴ്സിറ്റിക്ക് സംഭവിച്ചിട്ടില്ല എന്നും ഒരു തലക്കെട്ടിലുള്ള ബുക്കിന്റെ വിവിധ വർക്ക് ഓർഡറുകൾ പ്രിന്റിങ്ങിന്റെയും ബൈൻഡിങ്ങിന്റെയും വിവിധ ഘട്ടങ്ങളിൽ ലഭ്യമാകുന്നത് ഒന്നായി കണക്കാക്കുമ്പോൾ യാതൊരു വിധ നഷ്ടവും സംഭവിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| | | | | എന്നും ആഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഫിനാൻസ് ഓഫീസറോട് അപേക്ഷിച്ചിരുന്നു. കൂടാതെ, 21.10.2014 ൽ രജിസ്ട്രാർ ഓഫീസിൽ നിന്നും ലഭ്യമായ JDLFA ൽ നിന്നുമുള്ള Lr.No.LFCUA/1/887/2014 dated 16.10.2014 പ്രകാരം 13,15,595/- രൂപയുടെ പ്രസ്തുത ആഡിറ്റ് ബാധ്യത JDLFA ഒഴിവാക്കിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ടി ഒബ്ജക്ഷന്റെ ഒഴിവാക്കൽ അന്തിമമായി LFAC ആണ് ചെയ്യേണ്ടതെന്നും അറിയിച്ചിട്ടുണ്ട്.<br><br>മേല്പറഞ്ഞ വസ്തുതകളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2007-08 ലെ സമാഹൃത ആഡിറ്റ് റിപ്പോർട്ടിലെ ആഡിറ്റ് ഖണ്ഡിക 5.2.3 ആഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് അറിയിക്കുന്നു. |
| 4) | 2007-08 | 5.2.4 | വ്യവഹാരം നടത്തിയതും തുക അനുവദിച്ചതും ക്യാമ്പസ് സുരക്ഷയ്ക്ക് യു.ജി.സി.അനുവദിച്ച തുക അനുമതി ഇല്ലാതെ വകമാറ്റി ചെലവഴിച്ചു. (ആഡിറ്റ് റിപ്പോർട്ട് വർഷം 2005-06, ഖണ്ഡിക നം.3 - | സർവ്വകലാശാലയുടെ ക്യാമ്പസ് മതിൽ കെട്ടുവാനുള്ള തുക സെമിനാർ ഹാളിന്റെ മോഡേണൈസേഷന് വകമാറ്റിയത് ഫണ്ടിങ് ഏജൻസി ആയ യു.ജി.സി.യുടെ അനുമതിയോടുകൂടിയാണ്. ഇതുമായി ബന്ധപ്പെട്ട് യു.ജി.സി ഭരണാനുമതി |

| | | | | |
|---|---|---|---|---|
| | | | 7) | നൽകിയ 16.08.2004 തീയതിയിലെ F.11-2/2003 (SU-1) നമ്പർ കത്ത് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| **5.3. എം.ജി.സർവ്വകലാശാല** | | | | |
| 1) | 2007-08 | 5.3.1 | നിയമങ്ങൾ പാലിക്കുന്നത് - നടപ്പിലാക്കുന്നതിൽ സർവ്വകലാശാലയുടെ ഭാഗത്തുള്ള വീഴ്ചകൾ. | സർവ്വകലാശാല പോസ്റ്റുകൾ അപ്ഗ്രേഡ് ചെയ്യുന്നത് താൽക്കാലികമായും സർവ്വകലാശാലയ്ക്ക് സാമ്പത്തിക ബാധ്യത ഇല്ലാതെയുമാണ്. ഇത് സർവ്വകലാശാല ആക്ട് 37(ഡി) ക്ക് വിധേയമായാണ് നടപ്പിലാക്കുന്നത്. സമയബന്ധിത ഗ്രേഡുകൾ, ഉയർന്ന ശമ്പള സ്കെയിലുകൾ ഇവ സർവ്വകലാശാലയിൽ അനുവദിക്കുന്നതും നടപ്പിലാക്കുന്നതും കാലാകാലങ്ങളിലുള്ള കേരളം സർക്കാരിന്റെ ശമ്പളപരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്.<br><br>പത്താമത് ശമ്പള കമ്മീഷൻ ശുപാർശകൾ സർവ്വകലാശാലയിൽ നടപ്പിലാക്കിയത് മുതൽ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന നിരക്കിലാണ് ജീവനക്കാർക്ക് വീട്ടുവാടക ബത്ത നല്കിപ്പോരുന്നത്. കൂടാതെ, 20.01.2016 ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ നിശ്ചയിച്ച നിരക്കിൽ മാത്രമാണ് നിലവിൽ |

| | | | | |
|---|---|---|---|---|
| | | | | സർവ്വകലാശാല ജീവനക്കാർക്ക് വീട്ടുവാടക ബത്ത നൽകുന്നത് എന്ന ആഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2019-21) ശിപാർശ ചെയ്യുന്നതാണ്.<br><br>സർവ്വകലാശാല ജീവനക്കാർക്ക് ഓണം അഡ്വാൻസ് 2020-21 വർഷം മുതൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നിരക്കിലാണ് അനുവദിച്ചിട്ടുള്ളത്. ഇതിനു മുൻപ് ഉയർന്ന നിരക്ക് അനുവദിച്ചിരുന്നു എങ്കിലും മുഴുവൻ തുകയും ജീവനക്കാരിൽ നിന്ന് തിരികെ ഈടാക്കിയിട്ടുള്ളതാണ്. സർക്കാർ നിരക്കിലാണ് നിലവിൽ സർവ്വകലാശാല യാത്രാപ്പടി നിരക്കുകൾ നൽകുന്നത്. |
| 2) | 2007-08 | 5.3.2 | ഉയർന്ന നിരക്കിൽ വീട്ടുവാടക നൽകിയത് | പത്താമത് ശമ്പള കമ്മീഷൻ (G.O.(P)No.7/2016/Fin. dated 20.01.2016) ശുപാർശകൾ സർവ്വകലാശാലയിൽ നടപ്പിലാക്കിയതുമുതൽ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന നിരക്കിലാണ് വീട്ടുവാടക ബത്ത നല്കിപ്പോരുന്നത്. കൂടാതെ 20.01.2016 ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ നിശ്ചയിച്ച നിരക്കിൽ മാത്രമാണ് നിലവിൽ സർവ്വകലാശാല ജീവനക്കാർക്ക് വീട്ടുവാടക ബത്ത നൽകുന്നതെന്ന ആഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ |

| | | | | |
|---|---|---|---|---|
| | | | | ആഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2019-21) ശിപാർശ ചെയ്യുതാണ്. |
| 3) | 2007-08 | 5.3.3 | സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചത് - തുടർന്നുകൊണ്ട് പോകുന്നു - ക്രമ വിരുദ്ധം (ആഡിറ്റ് റിപ്പോർട്ട് വർഷം 2001-02, ഖണ്ഡിക നം.3(26). | സർവ്വകലാശാല എഞ്ചിനീയറിംഗ് യൂണിറ്റ് ഇലക്ട്രിക്കൽ വിഭാഗത്തിൽ അസിസ്റ്റന്റ് എൻജിനീയറുടെ സ്ഥിരം തസ്തിക കൂടാതെ ജോലിഭാരം കണക്കിലെടുത്ത് ഒരു അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക കൂടി സൂപ്പർന്യൂമററി ആയി സൃഷ്ടിച്ചിരുന്നു. ടി വിവരം സർക്കാരിൽ അറിയിച്ചപ്പോൾ അന്ന് നിലവിലുള്ള വിന്യാസം തുടരുവാൻ അനുമതി ലഭിച്ചതാണ്. കൂടാതെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചതിനെ തടയുകയോ പോസ്റ്റ് ക്രിയേഷന് അനുമതി നൽകുകയോ ചെയ്തുകൊണ്ട് സർക്കാരിൽ നിന്നും കത്ത് ലഭിച്ചതും ഇല്ല.<br><br>പ്രസ്തുത വിഷയത്തിൽ ഗവൺമെന്റിൽ നിന്നും അറിയിപ്പുകൾ ഒന്നും ലഭിക്കാത്ത സാഹചര്യത്തിൽ ഈ വിഷയം സിൻഡിക്കേറ്റ് പരിഗണിക്കുകയും ജോലിഭാരം തിട്ടപ്പെടുത്തൽ പൂർത്തിയാകുന്നതുവരെ സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ തുടരുവാൻ തീരുമാനം എടുക്കുകയും ചെയ്തു.<br><br>മേൽ വസ്തുതകൾ പരിഗണിച്ചാണ് |

| | | | | |
|---|---|---|---|---|
| | | | | സർവ്വകലാശാല എഞ്ചിനീയറിംഗ് യൂണിറ്റിലെ ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചത് തുടർന്നുകൊണ്ട് പോകുന്നു. |
| 4) | 2007-08 | 5.3.4 | സർവ്വകലാശാല ജീവനക്കാർക്ക് അനധികൃതമായി പ്രത്യേക വേതനം നൽകിയത് (ആഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഖണ്ഡിക നം. 3(4) | 2006-07 വർഷത്തിൽ നടന്ന അസിസ്റ്റന്റ് ഗ്രേഡ് നിയമനത്തിനായുള്ള പരീക്ഷയ്ക്ക് 45290 അപേക്ഷകൾ ലഭിച്ചിരുന്നു. ഇത്രയധികം അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സെക്ഷനോ ഉദ്യോഗസ്ഥരോ ഉണ്ടായിരുന്നില്ല. ഇരുന്നൂറോളം അസിസ്റ്റന്റ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന സമയത്താണ് ഇത്രയധികം അപേക്ഷകൾ കൈകാര്യം ചെയ്യേണ്ടിയിരുന്നത്. സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തികളും അടിയന്തിരമായ പരീക്ഷാ സംബന്ധിയായ ജോലികൾക്കും മുടക്കം വരാതെ അസിസ്റ്റന്റ് ഗ്രേഡ് നിയമന അപേക്ഷകളുടെ കാര്യങ്ങൾ നടത്തേണ്ടിയിരുന്നു. ഈ സാഹചര്യത്തിലാണ് വിവിധ ഭാഗങ്ങളിൽ ജോലി ചെയ്തിരുന്ന പ്യൂൺ മുതൽ സെക്ഷൻ ഓഫീസർ വരെ 62 ഉദ്യോഗസ്ഥർ ഉൾപ്പെടുത്തി ഒരു പ്രത്യേക വിഭാഗം രൂപീകരിച്ചത്. ഈ ഉദ്യോഗസ്ഥർ അവരവരുടെ ദൈനംദിന ജോലികളിൽ ഭംഗം വരുത്താതെ അവധി ദിവസങ്ങളിലും |

| | | | | |
|---|---|---|---|---|
| | | | | ഓഫീസിൽ സമയങ്ങൾ അല്ലാത്ത ദിവസങ്ങളിലും കഠിന പ്രയത്നം ചെയ്താണ് യാതൊരു പരാതികൾക്കും ഇടംനൽകാത്ത രീതിയിൽ ജോലികൾ ഒരു നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കിയത്. അധികരിച്ച ജോലിഭാരം കണക്കിലെടുത്താണ് വളരെ തുച്ഛമായ പ്രതിഫലം ഈ ജോലിയിൽ പങ്കെടുത്ത ഉദ്യോഗസ്ഥർക്ക് നൽകാൻ സിൻഡിക്കേറ്റ് തീരുമാനിച്ചത്. കൂടാതെ സർവ്വകലാശാലയ്ക്ക് പുറത്തുള്ള ഏജൻസികളെ ഇത്തരം പരീക്ഷയുടെ ചുമതല ഏൽപ്പിച്ചിരുന്നു എങ്കിൽ നൽകേണ്ടി വരുമായിരുന്ന ഭീമമായ പ്രതിഫലത്തേക്കാൾ വളരെ തുച്ഛമായ തുക മാത്രമേ ഇവിടെ ജീവനക്കാർക്കായി നൽകിയിട്ടുള്ളൂ. |
| 5) | 2007-08 | 5.3.5 | വൻകിട നിർമ്മാണ പ്രവർത്തികൾ കേന്ദ്ര പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചതുമൂലം യൂണിവേഴ്സിറ്റിക്ക് കനത്ത നഷ്ടം (ആഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഖണ്ഡിക നം.3(15A) | മരാമത്ത് പ്രവർത്തികൾ ബാഹ്യ ഏജൻസികളെ ഏൽപ്പിക്കുന്നതിനു മുൻപായി പ്രസ്തുത പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച് സർവ്വകലാശാലയുടെ ഉന്നതാധികാര സമിതിയിൽ ചർച്ച ചെയ്യുകയും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നിർവ്വഹണം ചെയ്യുന്നതിനുള്ള സാദ്ധ്യതകൾ ആരായുകയും ചെയ്യാറുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ എഞ്ചിനീയറിംഗ് |

| | | | | |
|---|---|---|---|---|
| | | | | വിഭാഗം പ്രാഥമികമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരുന്നു. എന്നാൽ ബൃഹത്തായതും നൂതന സാങ്കേതിക വിദ്യ ആവശ്യമായി വരുന്നതുമായ പ്രവർത്തികൾ ദേശീയ തലത്തിൽ അംഗീകാരം ലഭിച്ച ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തി മെച്ചപ്പെട്ട രീതിയിൽ നിർമ്മിക്കുന്നതിന് വേണ്ടിയാണ് നിർമ്മാണപ്രവർത്തികൾ അത്തരം ഏജൻസികളെ ഏൽപ്പിക്കാൻ ഇടയായത്. ഈ സാഹചര്യത്തിൽ ഏർപ്പെടുത്തേണ്ട എല്ലാ സൗകര്യങ്ങളും മുൻകൂട്ടി കണ്ട് പ്രവർത്തി നിർവ്വഹിക്കുന്നതിനുള്ള സമഗ്രമായ എസ്റ്റിമേറ്റ് നിലവിലുള്ള നിരക്കിൽ പ്രസ്തുത ഏജൻസികൾ തയ്യാറാക്കുമ്പോൾ സർവ്വകലാശാല എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന പ്രാഥമിക എസ്റ്റിമേറ്റുമായി നിരക്കിൽ അന്തരം വരുന്നത് സ്വാഭാവികമാണ്. മറ്റു കെട്ടിടങ്ങളുടെ നിർമ്മാണം പഴയ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ശാസ്ത്രവിഷയവുമായി ബന്ധപ്പെട്ട യൂണിറ്റുകളുടെ നവീകരണം മാറ്റി സ്ഥാപിക്കൽ, തുടങ്ങി സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനത്തിന് ഒഴിച്ചുകൂടാനാവാത്ത നിരവധി സേവനങ്ങളുടെ ഏകോപനവും |

| | | | | |
|---|---|---|---|---|
| | | | | മേൽനോട്ടവും വഹിക്കുന്നത് എഞ്ചിനീയറിംഗ് യൂണിറ്റ് ആണ്.<br><br>ഈ ആഡിറ്റ് പരാമർശം സിൻഡിക്കേറ്റ് ചർച്ച ചെയ്യുകയും ഭാവിയിൽ സർവ്വകലാശാലയിൽ ഉണ്ടാകുന്ന നിർമ്മാണപ്രവർത്തനങ്ങൾ നടത്തുവാൻ ബാഹ്യ ഏജൻസികളെ ഒഴിവാക്കി അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കുന്നതിന് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും വേണ്ടി സർവ്വകലാശാലയിൽ ഉണ്ടാകുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സർവ്വകലാശാല എഞ്ചിനീയറിംഗ് യൂണിറ്റിനെ ഏൽപ്പിക്കുന്നതിനു സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. അതിൻപ്രകാരം സർവ്വകലാശാല ഉത്തരവ് No.4350/P&D1/2020/MGU dated 29.09.2020 പുറപ്പെടുവിച്ചതുമാണ്. അതനുസരിച്ച് നിലവിൽ സർവ്വകലാശാലയിലെ മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങളും എഞ്ചിനീയറിംഗ് യൂണിറ്റ് മുഖേനയാണ് നടപ്പിലാക്കുന്നത്. |
| **5.4. കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല** | | | | |
| 1) | 2009-10 | 5.4.1 | സ്റ്റാറ്റ്യൂട്ടിന്റെ അഭാവം | കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല ആക്ട്, 1986 സെക്ഷൻ 55 |

| | | | | |
|---|---|---|---|---|
| | | | | പ്രകാരം തുടരുന്ന വ്യവസ്ഥകൾ ചേർത്ത് ആയത്. "കുസാറ്റ് ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ്, 2022" എന്നാക്കി രൂപീകരിക്കുകയും ചെയ്യുന്ന പ്രക്രിയ നടന്നു വരുന്നു. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന സ്റ്റാറ്റ്യൂട്ട്സിന്റെ കരട് രൂപം സിൻഡിക്കേറ്റിന്റെ അംഗീകാരത്തിന് സമർപ്പിക്കുവാനുള്ള അന്തിമഘട്ടത്തിലാണ്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് യൂണിവേഴ്സിറ്റി ചാൻസലറുടെ അനുമതിയ്ക്ക് സമർപ്പിക്കാവുന്നതാണ്. |

ANILKUMAR. V.S
Additional Secretary
Higher Education Department
Government Secretariat
Trivandrum

2007-08 – 5.2.4.        കാലിക്കറ്റ് സർവ്വകലാശാല

UNIVERSITY GRANTS COMMISSION
BAHADUR SHAH ZAFAR MARG
NEW DELHI – 110 002

No.F.11-2/2003 (SU-I)

The Registrar,
University of Calicut,
Calicut 673635.

August 2004

16 AUG 2004

Sub.: Development Assistance to University during X plan period Reappropriation – reg.

Sir,

I am directed to refer to your letters No.PLD/C1/7227/01 dated 26-6-2004 and No.P1.D/C1/634/03 dated 16-10-2003 on the captioned subject. The Commission is pleased to convey the approval of UGC to the following reappropriations during X plan period, as desired by the university.

| From | To |
|---|---|
| Rs.20.00 lakh allocated for Construction of Boundary Wall | Rs.20.00 lakh for modernisation of existing Seminar Hall, subject to furnishing of detailed proposal with justification. |
| Rs.29.00 lakh allocated for Preservation of Manuscript and Cultural Values | i) Rs.22.50 lakh for Construction of Manuscript Library.<br>ii) Rs.6.50 lakh for airconditioning of Manuscript Library & purchase of Scanner etc. |

**However, kindly send us the detailed proposal alongwith justification before taking up this work.**

The university is further requested to send all the documents towards 'Construction of Manuscript Library' as required in case of UGC approved building project so as to enable UGC to take further necessary action in the matter.

Yours faithfully

(R.C. Sharma)
Deputy Secretary

**ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2008-09) സർവ്വകലാശാലകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊണ്ടുള്ള ആഡിറ്റ് ന്യൂതന പരിഹാര നടപടി പത്രിക (Remedial Measures Taken Statement)**

| ക്രമ നം. | സമാഹൃത ആഡിറ്റ് വർഷം | ആഡിറ്റ് ഖണ്ഡിക | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1) | 2008-09 | 3.3.1 | (എ) ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി കുടിശ്ശിക ബില്ലുകൾ തയ്യാറാക്കിയതിന് അധിക വേതനം നൽകി. (ആഡിറ്റ് റിപ്പോർട്ട് വർഷം 2003-04, ഖണ്ഡിക 3-3 എ) | സർവ്വകലാശാലയിലെ വിവിധ കാറ്റഗറിയിൽ ഉള്ള അനദ്ധ്യാപക ജീവനക്കാരുടെ ശമ്പള പരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ടിയാണ് അധിക ജോലി ചെയ്തത് പരിഗണിച്ച് ജീവനക്കാർക്ക് പ്രതിഫലം നൽകിയത്. സമീപകാലത്തെ രണ്ടു ശമ്പള പരിഷ്കരണത്തിൽ നിന്നും തികച്ചും വ്യത്യസ്തമായി ഓരോ ജീവനക്കാരന്റെയും ശമ്പളം പരിഷ്കരിക്കുന്നത് മാന്വലായി ചെയ്ത ഉത്തരവ് പുറത്തിറക്കേണ്ടതുമായിരുന്നു. ഇത് ഏറെ ശ്രമകരവും ധാരാളം സമയം ആവശ്യമായി വരുന്ന പ്രവർത്തിയുമായിരുന്നു.<br><br>ഈ ഉദ്യോഗസ്ഥർ അവരുടെ ദൈനംദിന ജോലികൾക്കു പുറമെ ഓഫീസ് സമയത്തിന് പുറത്തും അവധി ദിവസങ്ങളിലും കഠിനപ്രയത്നം ചെയ്താണ് നിശ്ചിത സമയത്തിനുള്ളിൽ ഈ ജോലി |

| | | | | |
|---|---|---|---|---|
| | | | | പൂർത്തിയാക്കിയത്. ഇതിനായി വേണ്ടിവരുന്ന അധികപ്രയത്നം പരിഗണിച്ച് പ്രസ്തുത ജീവനക്കാർക്ക് ഉണ്ടായ അധിക സാമ്പത്തിക ചെലവ് പരിഗണിക്കപ്പെടേണ്ടതാണ്. സർവ്വകലാശാലയിലെ ഏകദേശം 200 തസ്തികകൾ ഒഴിഞ്ഞുകിടന്ന കാലത്താണ് ഈ പ്രവർത്തി ചെയ്യേണ്ടിയിരുന്നത്. ഈ ഒഴിവുകൾ നിലനിൽക്കെ ടി ഉദ്യോഗസ്ഥർക്ക് compensatory off നൽകിയിരുന്നു എങ്കിൽ സർവ്വകലാശാല പ്രവർത്തനങ്ങൾ താളംതെറ്റുമായിരുന്നു. അന്ന് നിലനിന്നിരുന്ന സാഹചര്യം മുൻനിർത്തി നൽകിയ പ്രത്യേക വേതനം സംബന്ധിച്ച ആഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. |
| 2) | 2008-09 | 3.3.1 | (ബി) നിയമന തീയതി പ്രാബല്യത്തിൽ 11 ലൈബ്രറി അസിസ്റ്റന്റുമാരുടെ തസ്തിക സ്ഥിരപ്പെടുത്തി. (ആഡിറ്റ് റിപ്പോർട്ട് വർഷം 2004-05, ഖണ്ഡിക III - 19) | സർവ്വകലാശാലയുടെ അധീനതയിൽ ഉണ്ടായിരുന്ന വിവിധ സെൽഫ് ഫൈനാൻസിംങ് സ്ഥാപനങ്ങളിൽ സൃഷ്ടിച്ച 14 താൽക്കാലിക ലൈബ്രറി അസിസ്റ്റന്റ് തസ്തികകളിലേക്ക് സർവ്വകലാശാല ലൈബ്രറിയിൽ സ്ഥിരം നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും നടത്തിയ നിയമനങ്ങൾ സംവരണ തത്വം പാലിച്ച നടത്തിയ നിയമനങ്ങൾ ആയതിനാൽ 17.10.2007 ൽ കൂടിയ സിൻഡിക്കേറ്റ് യോഗം ടി |

| | | | | |
|---|---|---|---|---|
| | | | | ആൾക്കാരുടെ നിയമനം നിയമന തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുവാൻ തീരുമാനം എടുത്തു.<br><br>മേല്പറഞ്ഞ തസ്തികകൾ സർവ്വകലാശാലയുടെ അധീനതയിൽ ഉണ്ടായിരുന്ന വിവിധ സ്വാശ്രയ സ്ഥാപനങ്ങളിൽ വിവിധ കാലയളവിലേക്ക് ആവശ്യമായി വന്നതിന്റെ അടിസ്ഥാനത്തിൽ സൃഷ്ടിക്കുകയും ടി സ്ഥാപനങ്ങളിലെ ലൈബ്രറിയുടെ സുഗമമായ പ്രവർത്തനത്തിന് അവരുടെ സേവനം ആവശ്യമായതിനാൽ കാലാവധി നീട്ടുകയും ചെയ്തു. ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, NCTE, AICTE തുടങ്ങിയ നിയമാനുസൃത സ്ഥാപനങ്ങളും ഈ കേന്ദ്രങ്ങളിൽ നടത്തിയ പരിശോധനയിൽ ലൈബ്രറി ജീവനക്കാരുടെ കുറവ് ചൂണ്ടിക്കാണിക്കുകയുണ്ടായി.<br><br>നിയമനങ്ങൾ തുടക്കത്തിൽ താത്കാലിക കാലത്തേയ്ക്കായിരുന്നു എങ്കിലും പത്രങ്ങളിൽ അറിയിപ്പ് നൽകി പ്രാബല്യത്തിലുള്ള എല്ലാ നിയമങ്ങളും സംവരണ തത്വങ്ങളും പാലിച്ച്, അപേക്ഷകൾ ക്ഷണിച്ച് തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്ന് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് ശമ്പള സ്കെയിലിൽ |

| | | | | |
|---|---|---|---|---|
| | | | | നിയമിക്കുകയാണുണ്ടായത്. കൂടാതെ, എല്ലാ ഉദ്യോഗാർത്ഥികളും പ്രൊബേഷൻ കാലയളവ് തൃപ്തികരമായി പൂർത്തിയാക്കിയതാണ്.<br><br>ടി 11 തസ്തികകൾ റെഗുലറൈസ് ചെയ്യുമ്പോൾ സർവ്വകലാശാല ലൈബ്രറിയിൽ 14 ഒഴിവുകൾ നിലവിലുണ്ടായിരുന്നു. പ്രസ്തുത ഒഴിവുകൾ നികത്താതെയിരിക്കുന്നത് ലൈബ്രറിയുടെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുമായിരുന്നു എന്നതിനാലാണ് ടി നിയമനം നടത്തുകയും പിന്നീട് ക്രമപ്പെടുത്തുകയും ചെയ്തത്. ടി വിഷയത്തിലുള്ള സർവ്വകലാശാലയുടെ വിശാല താല്പര്യം സംരക്ഷിക്കുന്നതിനാണ് 17.10.2007 ന് ചേർന്ന സിൻഡിക്കേറ്റ് യോഗം അവരുടെ 11 തസ്തികകൾ നിയമന തീയതി മുതൽ പ്രാബല്യത്തിൽ ക്രമീകരിക്കുകയും ചെയ്തത്. അങ്ങനെ സ്ഥിരമാക്കപ്പെട്ട ജീവനക്കാരിൽ രണ്ടു പേർ സേവനത്തിൽ നിന്നും വിരമിക്കുകയും അഞ്ചു പേർ മറ്റു സർവീസിലേക്ക് പോയതുമാണ്. നിലവിൽ നാല് പേർ മാത്രമാണ് സേവനത്തിൽ അവശേഷിക്കുന്നത്. ടി രീതിയിൽ നിയമിതരായവരിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ |

| | | | | |
|---|---|---|---|---|
| | | | | ആനുകൂല്യങ്ങൾ നൽകുന്നതിനായി അവർ സർവ്വകലാശാല റെഗുലർ ജോലിയിൽ പ്രവേശിച്ച കാലയളവ് മാത്രമാണ് പരിഗണിച്ചിട്ടുള്ളത്. |
| 3) | 2008-09 | 3.3.2 | സർക്കാർ അംഗീകാരം നേടാതെ വിമൺസ് സ്റ്റഡി സെന്റർ സ്ഥാപിച്ച് അനധികൃത ചെലവ് തുടരുന്നു. (ആഡിറ്റ് റിപ്പോർട്ട് വർഷം 2006-07, ഖണ്ഡിക III (1)) | യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ യൂണിവേഴ്സിറ്റിയിൽ സെന്റർ ഫോർ വിമൻസ് സ്റ്റഡീസ് സ്ഥാപിക്കുന്നതിന് അംഗീകാരം നൽകുകയും 30 ലക്ഷം രൂപ പത്താം പദ്ധതിയിൽ നിന്നും അനുവദിക്കുകയും ചെയ്തിരുന്നു. അതനുസരിച്ച് 29.01.2005 തീയതിയിലെ അടിയന്തരയിനം നം.2005.045 പ്രകാരം സിൻഡിക്കേറ്റും കൂടാതെ 19.03.2005 തീയതിയിൽ ഇനം നം. 2 പ്രകാരം സെനറ്റും സെന്റർ ഫോർ വിമൻസ് സ്റ്റഡീസ് സർവ്വകലാശാലയിൽ സ്ഥാപിക്കുന്നതിന് അംഗീകാരം നൽകി. പത്താം പദ്ധതിയിൽ ലഭിച്ച ഗ്രാന്റ് 30.09.2007 വരെ ഉപയോഗിക്കുവാനുള്ള അനുമതി 20.04.2007 തീയതിയിലെ കത്ത് പ്രകാരം യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നൽകിയിരുന്നു.<br><br>യൂണിവേഴ്സിറ്റിയുടെ നിലവിലുള്ള നിയമം അനുസരിച്ച് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഗ്രാന്റ് അനുവദിച്ച പത്താം പദ്ധതിയ്ക്ക് ശേഷം സാമ്പത്തിക സഹായം ലഭിക്കുന്നതിനും ഡിപ്പാർട്ട്മെന്റിന് |

| | | | | |
|---|---|---|---|---|
| | | | | ആവശ്യമായ അദ്ധ്യാപകരെ നിയമിക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ അനുമതി ആവശ്യമായതിനാൽ 04.05.2005, 03.03.2007 തീയതികളിൽ GA II/C1/331/05 നമ്പർ കത്തുകൾ പ്രകാരം അപേക്ഷ സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയുടെ ഫലമായി സെന്റർ ഫോർ വിമൻസ് സ്റ്റഡീസിൽ 3 ടീച്ചിങ്ങ് പോസ്റ്റുകൾ അനുവദിച്ചുകൊണ്ടുള്ള 09.01.2012 തീയതിയിലെ G.O.(Ms)No.08/2012/HEDN നമ്പർ സർക്കാർ ഉത്തരവിലൂടെ യൂണിവേഴ്സിറ്റിയിൽ സെന്റർ ഫോർ വിമൻസ് സ്റ്റഡീസ് സ്ഥാപിച്ചതിനു സർക്കാർ അംഗീകാരം നൽകുകയുണ്ടായി. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| 4) | 2008-09 | 3.5.14 | സർവ്വകലാശാല ഫണ്ടിന്റെ ദുർവ്യയം. (ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07, ഖണ്ഡിക IV(12)) | സർവ്വകലാശാലയ്ക്ക് കീഴിൽ നടപ്പാക്കുന്ന മരാമത്ത് പ്രവർത്തികൾക്ക് ആവശ്യമായ സിമന്റ്, സ്റ്റീൽ എന്നിവ സർവ്വകലാശാല വാങ്ങി നൽകുന്ന സമ്പ്രദായം നിർത്തലാക്കിയതിന് ശേഷം എഞ്ചിനീയറിംഗ് വിഭാഗത്തിലെ സ്റ്റോറിൽ മിച്ചം വന്ന 32.224 മെട്രിക് ടൺ തൂക്കം വരുന്ന കമ്പികൾ പരസ്യ ലേലത്തിലൂടെ വിൽപ്പന നടത്തിയിട്ടുണ്ട്. പത്രത്തിലും സർവ്വകലാശാല വെബ്സൈറ്റിലും പരസ്യം |

| | | | | |
|---|---|---|---|---|
| | | | | നൽകി നടത്തിയ ലേലത്തിൽ 155 ആളുകൾ പങ്കെടുക്കുകയും 15 ക്വട്ടേഷനുകൾ ലഭിക്കുകയും ചെയ്തിരുന്നു. ലേലത്തിൽ ലഭിച്ച ഉയർന്ന തുക കിലോഗ്രാമിന് 27.99 രൂപയും നികുതിയും ക്വട്ടേഷനിലെ ഉയർന്ന തുക കിലോഗ്രാമിന് 26.16 രൂപയും നികുതിയുമായിരുന്നു. സർവ്വകലാശാല കണക്കാക്കിയ വില കിലോഗ്രാമിന് 17.60 രൂപ ആയിരുന്നു. ആയതിനാൽ വില്പന ലേലത്തിലെ ഉയർന്ന തുകയായ കിലോഗ്രാമിന് 27.99 രൂപയ്ക്ക് ഉറപ്പിക്കുകയും വാങ്ങിയ ആൾ 9,38,389/- രൂപ (നികുതി ഉൾപ്പടെ) സർവ്വകലാശാല ഫണ്ടിൽ അടച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാല ഉത്തരവ് നമ്പർ Engg./SO1/2030/2009 dated 19.01.2011 പ്രകാരം വിൽപ്പന ഉറപ്പിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു. |
| 5) | 2008-09 | 3.7.4 | രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല — ബയോടെക്നോളജി വകുപ്പ് (ആഡിറ്റ് റിപ്പോർട്ട് വർഷം 2005-06, ഖണ്ഡിക 31) | 2008-09 ലെ സമാഹൃത റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള കാലയളവുകളിലെ വകുപ്പ് മേധാവികൾ സർവ്വകലാശാല സർവീസിൽ നിന്നും വിരമിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശാനുസരണം ബന്ധപ്പെട്ട വകുപ്പും എല്ലാ കണക്കുകളും രേഖകളും വ്യക്തമായും കൃത്യമായും സൂക്ഷിക്കണമെന്ന കർശന നിർദ്ദേശം |

| | | | | |
|---|---|---|---|---|
| | | | | സർവ്വകലാശാല നൽകിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം വീഴ്ചകളും തെറ്റുകളും ആവർത്തിക്കില്ലെന്ന് രേഖാമൂലമുള്ള ഉറപ്പ് നിലവിലെ വകുപ്പ് മേധാവിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. നിലവിൽ ഡിപ്പാർട്ട്മെന്റ് ആഡിറ്റിനുള്ള രേഖകൾ കൃത്യമായി ഹാജരാക്കാറുണ്ട്. ടി വകുപ്പ് 2020-21 വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. |

ANILKUMAR. V.S
Additional Secretary
Higher Education Department
Government Secretariat
Trivandrum

2008-09 - 3.3.2

കോഴിക്കോട് സർവ്വകലാശാല

GOVERNMENT OF [illegible]

Abstract

Higher Education – University of Calicut – Centre for Women Studies – creation of 3 teaching posts – sanctioned – Orders issued.

HIGHER EDUCATION (D) DEPARTMENT

G.O (Ms) No. [illegible] /12/H.Edn. Dated, Thiruvananthapuram, [illegible]/2012

Read: Letter No. G.A. II/C1/4234/10 dated [illegible]/2010 from the Registrar, University of Calicut.

ORDER

The UGC has approved the establishment of the Centre for Women Studies in the University of Calicut and has sanctioned Rs. 30 Lakhs for the institution of 3 teaching posts in the Centre. Since it was essential to establish the centre in the Xth Plan period itself, the Vice Chancellor approved the proposal for the institution of one Woman Professor, one Reader and one Lecturer in the centre.

2. As per the UGC Guidelines, the University must ensure the approval of the State Government for concurrence of all posts and financial support after 31/03/2007, i.e. after completion of Xth Plan period.

3. The Registrar, University of Calicut requested for Government concurrence and continued financial assistance for the three teaching posts created in Centre for Women Studies, vide letter read above.

4. Government have examined the matter in detail and are pleased to accord sanction for the creation of the following [illegible] teaching posts sanctioned by UGC in Centre for Women Studies in University of Calicut during Xth plan period.

(i) One Woman Professor (Women [illegible]) [illegible] Director.

(ii) One Reader (Preferably Women)

(iii) One Lecturer (Preferably Women)

(By Order of the Governor)

K. M. ABRAHAM

[illegible] Secretary to Government

1. The Registrar, University of Calicut, Malappuram [illegible]
2. The Accountant General (Audit), Kerala, Thiruvananthapuram
3. The Accountant General (A&E), Kerala, Thiruvananthapuram
4. The General Administration (SC) Department
5. The Finance Department [illegible]
6. Stock file/Office Copy

Forwarded/By Order

Section Officer

2008-09 - 3.5.14

UNIVERSITY OF CALICUT
(Abstract)

Engineering Department - Disposal of the balance quantity of steel through public auction – Auction conducted – Sale confirmed – Orders issued.

ENGINEERING DEPARTMENT

No.Engg/SOI/2030/09

Dated, Calicut University P.O., dt. 19.01.11

Read: 1. Order No.PID.B3/1764/09 dt. 13.09.2010
2. Ltr. No.D1/433/2002 Vol-II dt. 15.12.10 of University Engineer
3. Submission of AEE-I dt. 18.01.11

**ORDER**

As per reference cited 1st above, permission was granted for the disposal of the balance quantity of steel available in departmental store of Engineering through public auction.

The auction was conducted on 12.01.2011 by giving vide publicity through newspaper and University website. In response to this 155 persons participated in the public auction and 15 numbers of quotations also received. The value assessed by the department was Rs. 17.60/kilogram only. Among these participants the highest bid amount of Rs. 27.99/Kg.+Taxes was offered by M/S Thehanaka Steel, Madura Bazar, B.C.Road, Calicut, TIN No. 3211021775, where as the highest rate in the quotation was only Rs. 26.16/Kg. As the rate offered in the public auction was more than the quoted amount and the assessed value, the rate at Rs. 27.99/Kg.+ Taxes (Rupees twenty seven and ninety nine paise + taxes) is accepted.

M/s Thehanaka Steel, Madura Bazar, B.C. Road, Calicut has remitted the bid amount as detailed below:

| Weight as MT | Rs./per Kg | Price Rs. | VAT@4% Rs. | Cess @ 1% Rs. | Total Rs. | T.R-5 Receipt No. |
|---|---|---|---|---|---|---|
| 32.224MT | 27.99/Kg | 9,01,950/- | 36,078/- | 361/- | 9,38,389/- | 80206 dt. 12.01.11 & 80214 dt. 18.01.11 |
| Total amount Rupees Nine Lakh Thirty Eight Thousand Three Hundred and Eighty Nine only | | | | | | |

The highest bid amount of Rs. 27.99/Kg.+ Taxes (Rupees twenty seven and ninety nine paise +taxes) is approved and the sale of the balance quantity of steel stored at Engineering Department is therefore confirmed in favour of M/S Thehanaka Steel, Madura Bazar, B.C.Road, Calicut. TIN No. 3211021775.

Orders are issued accordingly.

Sd/-
University Engineer

Copy to: The Individual
PS to VC/PA to Registrar/
Fin/DDLFA/AEE-I/SF/FC

Forwarded/By Order
Section Officer

D:\backup\desktop\Anil\Orders\S.O.- I\Order No Engg-SO-I-2030-09 dt. 19.01.11.doc

**ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2008-09) സർവ്വകലാശാലകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊണ്ടുള്ള ആഡിറ്റ് നൂതന പരിഹാര നടപടി പത്രിക (Remedial Measures Taken Statement)**

**അദ്ധ്യായം 2 - പൊതു അവലോകനം - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ**

**2.13 - സർവ്വകലാശാലകൾ**

| ക്രമ നം. | സമാഹൃത് ആഡിറ്റ് വർഷം | സർവ്വകലാശാല | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1) | 2008-09 | കോഴിക്കോട് സർവ്വകലാശാല | പൊതു അവലോകനം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2019-21) 57-ാമത് റിപ്പോർട്ടിൽ ഖണ്ഡിക 34, 39 പ്രകാരം സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും ബാധകമായ കേന്ദ്രീകൃത അക്കൗണ്ടിംഗ് ചട്ടങ്ങൾ നടപ്പിൽ വരുത്തേണ്ടതാണെന്നും ഖണ്ഡിക 65, 66 പ്രകാരം ഡിമാന്റ് കളക്ഷൻ ബാലൻസ് പത്രിക തയ്യാറാക്കുന്നതിനും പൊതുചട്ടങ്ങൾ രൂപീകരിക്കേണ്ടതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്. സർവ്വകലാശാലക്ക് ലഭിക്കേണ്ട വിവിധ ഫീസുകൾ സംബന്ധിച്ച ഡി.സി.ബി. പത്രിക ബന്ധപ്പെട്ട ഭരണവിഭാഗങ്ങൾ തയ്യാറാക്കുകയും ഓഡിറ്റിന് സമർപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. |
| 2) | 2008-09 | മഹാത്മാഗാന്ധി സർവ്വകലാശാല | പൊതു അവലോകനം | 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് (സെക്ഷൻ 37) പ്രകാരം സർവ്വകലാശാലക്ക് തനതായ ഓർഡിനൻസ് തയ്യാറാക്കുന്നതിലേക്കായി സർവ്വകലാശാല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ചതിൽ ബന്ധപ്പെട്ട ജോലികൾ ഏകോപിപ്പിക്കുന്നതിനായി അക്കാദമിക് ലെജിസ്ലേഷൻ സെക്ഷനെ |

| | | | | |
|---|---|---|---|---|
| | | | | ച്ചമതലപ്പെടുത്തിയതുമാണ്. കരട് ഓർഡിനൻസ് പൂർത്തിയാകുന്ന മുറയ്ക്ക് സിൻഡിക്കേറ്റിന്റെയും ചാൻസലറുടെയും അനുമതിയോടെ നടപ്പിൽ വരുത്തുന്നതുമാണ്.<br><br>ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2019-21) 57-ാമത് റിപ്പോർട്ടിൽ പരാമർശിച്ചപ്രകാരം സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും നടപ്പിലാക്കുന്നതിനുവേണ്ടി കൊച്ചി സർവ്വകലാശാലയിൽ അക്കൗണ്ടിംഗ് മൊഡ്യൂൾ ഉൾപ്പെടെയുള്ള ഇ-ഗവേർണൻസ് സോഫ്റ്റ് വെയറിന്റെ നിർമ്മാണം തയ്യാറാക്കി വരുന്നു.<br><br>എൻ.ഐ.സി. വികസിപ്പിച്ചെടുത്ത മൊഡ്യൂൾ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടപ്പിലാക്കുവാൻ സിൻഡിക്കേറ്റ് തീരുമാനമെടുത്തിട്ടുണ്ട്. സർവ്വകലാശാലയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ ആരായുന്നതിനുവേണ്ടി സിൻഡിക്കേറ്റ് ധനകാര്യ ഉപസമിതി കൺവീനറുടെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. പഠനവകുപ്പുകളുടെ കണക്കുകൾ ഇപ്പോൾ സർവ്വകലാശാല വാർഷിക കണക്കുകളിൽ ചേർക്കുന്നുണ്ട്. പഠനവകുപ്പുകളുടെ രജിസ്റ്റകളിൽ വകുപ്പ് മേധാവികൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. വിട്ടുവാടക ബത്ത, മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്, യാത്രാപ്പടി എന്നിവ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചാണ് മഹാത്മാഗാന്ധി സർവ്വകലാശാല ജീവനക്കാർക്ക് നൽകുന്നത്. അന്തർ |

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2009-10) സർവ്വകലാശാലകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊണ്ടുള്ള ആഡിറ്റ് ന്യൂതന പരിഹാര നടപടി പത്രിക (Remedial Measures Taken Statement)

3.4.6 കോഴിക്കോട് സർവ്വകലാശാല

| ക്രമ നം. | സമാഹൃത ആഡിറ്റ് വർഷം | ആഡിറ്റ് ഖണ്ഡിക | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2009-10 | 3.4.6(i) | സിൻഡിക്കേറ്റ് തീരുമാനം യഥാസമയം നടപ്പിലാക്കിയില്ല – ഒഴിവാക്കാമായിരുന്ന അധിക ചെലവ് | അനിൽകുമാർ, വി.ആർ എന്ന അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ ഇലക്ട്രിക്കൽ തസ്തികയിൽ ജോലി ചെയ്യുന്ന കാലത്ത് 2001 ൽ സർവ്വകലാശാലയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയുണ്ടായി. നിലവിൽ ചേളാരി സബ്സ്റ്റേഷന്റെ പരിധിയിൽ വരുന്ന സർവ്വകലാശാല കാമ്പസിന് പുറത്തുള്ള സ്ഥാപനങ്ങളിലേക്കുള്ള വൈദ്യുതി വിതരണ ലൈനിൽ നിന്നുമാണ് സർവ്വകലാശാലയിലേക്ക് ആവശ്യമായ വൈദ്യുതിയും നൽകി വന്നിരുന്നത്. ഇതു കാരണം സർവ്വകലാശാലയ്ക്ക് തുടർച്ചയായ വൈദ്യുതി തടസ്സം നേരിട്ട് വന്നിരുന്നു.<br><br>ഇങ്ങനെ വൈദ്യുതി തടസ്സം നേരിടുന്ന സമയത്ത് ജനറേറ്റർ പ്രവർത്തിപ്പിക്കുന്നത് |

| | | | | |
|---|---|---|---|---|
| | | | | സർവ്വകലാശാല സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർക്ക് പേ-പ്രൊട്ടക്ഷൻ നൽകുന്നുണ്ടെങ്കിലും അവരുടെ പ്രൊമോഷൻ കാലയളവിൽ 28 എ പ്രകാരമുള്ള ശമ്പളനിർണ്ണയം നിലവിൽ അനുവദിക്കുന്നില്ല. അധിക സാമ്പത്തിക ബാധ്യതയുള്ള കാര്യങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങാറുണ്ട്. കൂടാതെ ധനകാര്യ മിതത്വം പാലിക്കുന്നതിനുവേണ്ട നടപടി എടുത്തിട്ടുള്ളതാണ്. സ്റ്റാറ്റ്യൂട്ടറി/നേഷണൽ പെൻഷൻ സ്കീം ഇവയിലുൾപ്പെട്ട ജീവനക്കാരുടെ പെൻഷൻ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി കേരളത്തിലെ എല്ലാ സർവ്വകലാശാലകളും പെൻഷൻ ഫണ്ട് രൂപീകരിക്കണമെന്ന് 19.01.2022-ലെ സ.ഉ. (അച്ചടി) നം.8/2022/ധന. ഉത്തരവ് പ്രകാരം സർക്കാർ സർവ്വകലാശാലക്ക് നൽകിയിട്ടുള്ളതാണ്. ടി കാര്യം പരിശോധിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള തീരുമാനത്തിനുമായി ഉത്തരവ് സിൻഡിക്കേറ്റിനു മുമ്പാകെ സമർപ്പിച്ചിരിക്കുന്നു. |

ANILKUMAR. V.S
Additional Secretary
Higher Education Department
Government Secretariat
Trivandrum

| | | | | |
|---|---|---|---|---|
| | | | | മൂലം സർവ്വകലാശാലയ്ക്ക് ആവശ്യമായ വൈദ്യുതി ഒരു പ്രത്യേക 11 kV ഫീഡർ ലൈൻ മുഖാന്തിരം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു. 16.05.2001 ന കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനോട് ആവശ്യപ്പെട്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ, മഞ്ചേരി ഇലക്ട്രിക്കൽ സർക്കിൾ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കുകയും 11.04.2003 തീയതിയിലുള്ള DB.2/11 KV Dedicated Feeder/Univa/Chelari/02-03/803/A.S.No.1/03-04/Manjeri എന്ന നമ്പർ കത്ത് പ്രകാരം ഇക്കാര്യം സർവ്വകലാശാലയെ അറിയിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് 10,72,400/- രൂപ OYEC ചാർജ്ജിനത്തിൽ അടക്കുന്നതിന് സർവ്വകലാശാലയോട് 13.05.2003 തിയതിയിലെ കത്ത് നമ്പർ DB/University Feeder/2003-04/1364 പ്രകാരം ആവശ്യപ്പെട്ടുകയും ചെയ്തു.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ 13.08.2003 ൽ ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ് 2003.4 നമ്പർ തീരുമാന പ്രകാരം സർവ്വകലാശാലയ്ക്ക് ഒരു 11 KV ഫീഡർ സ്ഥാപിക്കുന്നതിന് അനുമതി നൽകുകയും |

| | | | | |
|---|---|---|---|---|
| | | | | ഇതിന്റെ ചിലവിലേക്ക് 10,72,400/- രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് അടയ്ക്കുന്നതിന് അനുമതി നൽകുകയും ചെയ്തു.<br><br>പ്രസ്തുത തുക കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് അടക്കുന്നതിന് സർവ്വകലാശാല ഫണ്ടിൽ നിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കലിന് മുൻകൂറായി ലഭിക്കേണ്ടത് ആവശ്യമായതിനാൽ 17.05.2003 ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ സർവ്വകലാശാല പ്ലാനിംഗ് ആന്റ് ഡവലപ്മെന്റ് വിഭാഗത്തിന് കത്ത് നൽകുകയുണ്ടായി. അതുപ്രകാരം മേൽപ്പറഞ്ഞ സിൻഡിക്കേറ്റ് തീരുമാനം നടപ്പിലാക്കിക്കൊണ്ട് നമ്പർ PLDE1/2763/2003 തീയതി 04.09.2003 പ്രകാരം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.<br><br>മേല്പറഞ്ഞ തുക മുൻകൂറായി ലഭിക്കുന്നതിന് മുമ്പ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ചേളാരി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ബന്ധപ്പെട്ട തുക കൈമാറുന്നതിന്റെ സ്ഥലവും തീയതിയും സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | തേടുകയുണ്ടായി. തദവസരത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പ്രത്യേകം 11 KV ലൈൻ സ്ഥാപിക്കുന്നതിന് നേരത്തെ അംഗീകരിച്ച എസ്റ്റിമേറ്റിലെ നിരക്കുകൾ പുതുക്കി നിശ്ചയിച്ചു കൊണ്ടിരിക്കുകയാണെന്നും തന്മൂലം ബോർഡിലേക്ക് സർവകലാശാല നേരത്തെ അറിയിച്ചതിനേക്കാൾ കൂടുമെന്നും അന്നത്തെ ചേളാരി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ വാക്കാലറിയിക്കുകയുണ്ടായി. അതിനെത്തുടർന്ന് നേരത്തെ അനുവദിച്ച മുൻകൂർ തുക എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ സർവ്വകലാശാല ഫണ്ടിൽ നിന്നും സ്വീകരിച്ചില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ഇലക്ട്രിക്കൽ തസ്തികയിൽ ചുമതലക്കാരൻ എന്ന നിലയിൽ ശ്രീ. അനിൽകുമാർ.വി.ആർ ന് അനുവദിച്ച 10,79,800/- മുൻകൂർ തുക സർവ്വകലാശാല ഫണ്ടിൽ തന്നെ നിലനിൽക്കുകയായിരുന്നു. ഈ തുകയിൽ നിന്നും ഒരു രൂപ പോലും ശ്രീ. അനിൽകുമാർ.വി.ആർ കൈപ്പറ്റിയിട്ടില്ല.<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും മേൽകാര്യത്തിൽ മറുപടി ലഭിക്കുന്നതിന് വേണ്ടി സർവ്വകലാശാല കാത്തിരിക്കുന്ന സമയത്തു 2005 ൽ അനിൽ |

| | | | | |
|---|---|---|---|---|
| | | | | കുമാർ വി.ആർ ന് യൂണിവേഴ്സിറ്റി എഞ്ചിനിയറുടെ അധിക ചുമതല നൽകുകയുണ്ടായി. തുടർന്ന് 01.08.2005 ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ ഡിവിഷൻ തിരൂർ കെ.എസ്.ഇ.ബി യോട് സർവ്വകലാശാലയിലേക്കുള്ള 11 KV ഫീഡർ ലൈൻ പ്രവർത്തിക്ക് ആവശ്യമായ തുക അടക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കത്ത് നൽകുകയുണ്ടായി.<br><br>എന്നാൽ അദ്ദേഹത്തിന്റെ ഭാഗത്തു നിന്നും ഇക്കാര്യത്തിൽ യാതൊരു വിവരവും ലഭ്യമാകാത്ത സാഹചര്യത്തിൽ 19.10.2005 ൽ മറ്റൊരു ലെറ്റർ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ഇലക്ട്രിക്കൽ സർക്കിൾ കെ എസ് ബി തിരൂർ ന് അയക്കുകയുണ്ടായി. പ്രസ്തുത കത്തിൽ പ്രത്യേകം 11 KV ലൈനിന്റെ ദീർഘകാലത്തെ കാത്തിരിപ്പ പ്രത്യേക ലൈൻ സ്ഥാപിതമാകാത്തതുമൂലം സർവ്വകലാശാല അനുഭവിക്കുന്ന അധിക സാമ്പത്തിക ബാധ്യതയും സംബന്ധിച്ച് വിവരിച്ചിരുന്നു. ആയതിനാൽ ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ വ്യക്തിപരമായ ശ്രമവും ഇടപെടലും ഉണ്ടാകണമെന്ന് അപേക്ഷിക്കുകയും ചെയ്തിരുന്നു. |

| | | | | |
|---|---|---|---|---|
| | | | | ഖേദകരമെന്ന് പറയട്ടെ, വിവിധ തലങ്ങളിൽ ആവശ്യപ്പെട്ടിട്ടും കെ.എസ്.ഇ.ബി. യുടെ ഭാഗത്തു നിന്നും ഇക്കാര്യത്തിൽ യാതൊരു മറുപടിയും ലഭ്യമായില്ല. ഇങ്ങനെയായിരിക്കെ 05.11.2005 ൽ ശ്രീ അനിൽ കുമാർ.വി.ആർ വിദേശത്തു ജോലി സ്വീകരിക്കുന്നതിന് ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയുണ്ടായി. തുടർന്ന് യൂണിവേഴ്സിറ്റി എഞ്ചിനിയർ തസ്തികയിൽ ചുമതലയേറ്റ ആൾ 24.06.2006 ന് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ഇലക്ട്രിക്കൽ സർക്കിൾ തിരൂർ-ന് വീണ്ടും കത്ത് നൽകുകയും സർവ്വകലാശാലയിലേക്കു പ്രത്യേക 11 KV ഫീഡർ ലൈൻ സ്ഥാപിക്കുന്ന കാര്യത്തിൽ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് അതിനാവശ്യമായ തുക അടയ്ക്കുന്നതിന് സർവ്വകലാശാലയ്ക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും അദ്ദേഹത്തിന്റെ കീഴിൽ ജോലി ചെയ്യുന്ന ഓഫീസർമാർക്ക് നിർദ്ദേശങ്ങൾ നൽകാൻ അപേക്ഷിക്കുകയും ചെയ്തു.<br><br>പ്രസ്തുത കത്തിന് മറുപടിയായി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ഇലക്ട്രിക്കൽ സർക്കിൾ കെ.എസ്.ഇ.ബി തിരൂർ 21.11.2006 ന് |

| | | | | |
|---|---|---|---|---|
| | | | | സർവ്വകലാശാലക്കു ഒരു കത്തു നൽകുയുണ്ടായി. ഈ കത്തിൽ 16,08,000/- രൂപ സിൻഡിക്കേറ്റ് ഡിമാൻഡ് ഡ്രാഫ്റ്റ് ആയി കെ.എസ്.ഇ.ബി ക്കു നൽകാൻ ആവശ്യപ്പെട്ടിരുന്നു. അത് പ്രകാരം അന്നത്തെ യൂണിവേഴ്സിറ്റി എഞ്ചിനീയർ 16,08,000/- രൂപ ഡിമാൻഡ് ഡ്രാഫ്റ്റ് നമ്പർ 388121 തീയതി 07.09.2007 പ്രകാരം കെ.എസ്.ഇ.ബി ക്ക് നൽകുകയുണ്ടായി. ആവശ്യമായ തുക അടച്ചതിന് ശേഷവും കെ.എസ്.ഇ.ബി യുടെ ഭാഗത്തു നിന്നും സർവ്വകലാശാലയിലേക്ക് പ്രത്യേക ഫീഡർ ലൈൻ സ്ഥാപിക്കുന്ന കാര്യത്തിൽ യാതൊരു നടപടികളും ഉണ്ടാകാത്ത സാഹചര്യത്തിൽ യൂണിവേഴ്സിറ്റി എഞ്ചിനിയർ 3 ഓർമ്മപ്പെടുത്തൽ കത്തുകൾ കെ.എസ്.ഇ.ബിക്ക് നൽകുകയുണ്ടായി. ഇത്തരത്തിലുള്ള ആദ്യത്തെ കത്ത് 31.10.2007 ലും രണ്ടാമത്തേത് 29.12.2007 ലും മൂന്നാമത്തേത് 04.03.2008 ലുമാണ് നൽകിയത്. ഒടുവിൽ സർവ്വകലാശാലയിലേക്കുള്ള പ്രത്യേക ഫീഡർ ലൈൻ കെ.എസ്.ഇ.ബി സ്ഥാപിക്കുകയും 29.04.2008 ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.<br><br>അനിൽ കുമാർ വി.ആർ 01.06.2011 ൽ |

| | | | | |
|---|---|---|---|---|
| | | | | യൂണിവേഴ്സിറ്റി സർവ്വീസിൽ തിരികെ പ്രവേശിക്കുകയും എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ ആയി ചുമതലയേൽക്കുകയും ചെയ്തു. ഇതിന് 12.11.2012 Fin-Audit-1/3089/LFAC/2012 നമ്പർ കത്ത് പ്രകാരം സർവ്വകലാശാല ഫിനാൻസ് ഓഫീസർ അനിൽ കുമാർ വി.ആർ നോട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേൽ നടപടിയെടുത്തു കൊണ്ട് തടസ്സ വാദങ്ങൾക്ക് മറുപടി നൽകണമെന്ന് ആവശ്യപ്പെടുകയുണ്ടായി. പ്രിൻസിപ്പൽ സെക്രട്ടറി (ഹയർ എഡ്യൂക്കേഷൻ) നു കേരള നിയമസഭ സെക്രട്ടറിക്ക് മുമ്പാകെ ഹാജരാക്കേണ്ട ആവശ്യത്തിലേക്കാണ് പ്രസ്തുത മറുപടി ആവശ്യപ്പെട്ടത്.<br><br>മേൽ സൂചിപ്പിച്ച ഓഡിറ്റ് ഖണ്ഡികയിൽ ശ്രീ. അനിൽ കുമാർ വി.ആർ.ന് എതിരെ ഉന്നയിച്ച പ്രധാന ആരോപണം അദ്ദേഹം 17,38,288/- രൂപ സർവ്വകലാശാലയ്ക്ക് നഷ്ടമുണ്ടാക്കി എന്നതാകുന്നു. ഇതിന് കാരണമായി ആരോപിച്ചത് അദ്ദേഹത്തിന്റെ ഭാഗത്ത് നിന്നും കെ.എസ്.ഇ.ബി യിലേക്ക് തുക യഥാസമയം (2003) ൽ അടയ്ക്കുന്നതിൽ വന്ന വീഴ്ച ആണെന്നും ഇതു മൂലം നേരത്തെ |

| | | | | |
|---|---|---|---|---|
| | | | | അനുവദിച്ച 1,07,240/- രൂപക്കു പകരം 16,08,000/- രൂപ കെ.എസ്.ഇ.ബി ക്ക് അടക്കാൻ സർവ്വകലാശാല നിർബന്ധിതമായത് മേൽ വീഴ്ചയുടെ ഫലമാണെന്നും ആയിരുന്നു. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ 07.08.2009 മറ്റൊരു ഓഡിറ്റ് എങ്ക്വയറിക്ക് മറുപടിയായി പ്രതിവർഷം 3,00,672/- രൂപ സർവ്വകലാശാലയ്ക്ക് പ്രത്യേക ഫീഡർ സ്ഥാപിച്ചതു മൂലം ഡീസൽ ചാർജ്ജിനത്തിൽ ലാഭമുണ്ടെന്ന് അറിയിച്ചിരുന്നു. ഇതു കൊണ്ട് പ്രത്യേക ഫീഡർ സ്ഥാപിക്കുന്നതിന് സർവ്വകലാശാല തീരുമാനം എടുത്ത 2003 നും പ്രസ്തുത ലൈൻ ഉപയോഗയോഗ്യമായ 2008 നും ഇടയിലെ കാലയളവായ നാല്വ വർഷത്തെ ലാഭം 12,08,688/- (300672/-x 4 year) കൂടി ശ്രീ. അനിൽ കുമാർ വി. ആർ.ന്റെ ഭാഗത്തു നിന്നും ആരോപിച്ച വീഴ്ചയുടെ ഫലമായി സർവ്വകലാശാലയ്ക്ക് നഷ്ടം സംഭവിച്ചു എന്നറിയിക്കുകയുണ്ടായി.<br><br>മേൽ ഓഡിറ്റ് പരാമർശ പ്രകാരം കണക്കാക്കിയ നഷ്ടം അല്ലെങ്കിൽ അധിക തുക പ്രത്യക്ഷത്തിൽ തന്നെ തെറ്റായ ഒന്നാണെന്ന് ഇതിനാൽ അറിയിക്കട്ടെ. ഓഡിറ്റ് തടസ്സവാദം പ്രധാനമായും |

| | | | | |
|---|---|---|---|---|
| | | | | ആശ്രയിക്കുന്നത് 2003 ൽ തന്നെ.<br><br>സർവ്വകലാശാലയിലേക്ക് പ്രത്യേക ഫീഡർ ലൈൻ സ്ഥാപിച്ചിരുന്നുവെങ്കിൽ സർവ്വകലാശാലയ്ക്ക് 17,38,288/- രൂപ ലഭിക്കുമായിരുന്നു എന്ന സാഹചര്യത്തെയാണ്. എന്നാൽ ഈ മറുപടിയുടെ മുൻ ഖണ്ഡികകളിൽ വ്യക്തമാക്കിയ പ്രകാരം കെ.എസ്.ഇ.ബി 2003 ൽ തന്നെ പ്രസ്തുത ലൈൻ സ്ഥാപിക്കാൻ ഒരുക്കമല്ലായിരുന്നു എന്ന വാസ്തവത്തിൽ നിന്നും ഓഡിറ്റ് തടസ്സത്തിന്റെ പ്രധാനമായും ആശ്രയിക്കുന്ന 2003 ൽ തന്നെ പ്രത്യേക ലൈൻ സ്ഥാപിക്കാമായിരുന്നു. അങ്ങനെ സർവ്വകലാശാലയ്ക്ക് 17,38,288/- രൂപ ലാഭിക്കാമായിരുന്നു എന്നുമുള്ള സാഹചര്യത്തിന്റെ ശരികേട് വ്യക്തമാണ്. കെ.എസ്.ഇ.ബി നേരത്തെ തയ്യാറാക്കിയ 1072400/- രൂപയുടെത് എസ്റ്റിമേറ്റ് ആധാരമായ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പുതുക്കുന്ന നടപടികൾ അന്നില്ലാത്തതിനാൽ പ്രസ്തുത തുക സ്വീകരിക്കാൻ ബോർഡ് തയ്യാറാകാതിരുന്ന സാഹചര്യത്തിൽ പ്രസ്തുത തുക സർവ്വകലാശാല ഫണ്ടിൽ നിന്നും മുൻകൂറായി സ്വീകരിച്ച് കെ.എസ്.ഇ.ബി. അടക്കാൻ |

| | | | | |
|---|---|---|---|---|
| | | | | ശ്രമിച്ചിരുന്നുവെങ്കിലും ഫലം മറ്റൊന്നാകുമായിരുന്നില്ല. നേരത്തെ തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക ഷെഡ്യൂൾ ഓഫ് റേറ്റ്സ് പുതുക്കാത്ത സാഹചര്യത്തിൽ വർധിക്കുമെന്നതിനാലാണ് കെ.എസ്.ഇ.ബി തുക സ്വീകരിക്കാതിരുന്നത് എന്ന വസ്തുത ഒരിക്കൽ പോലും ഏതെങ്കിലും കത്തിടപാടുകളിൽ കെ.എസ്.ഇ.ബി നിഷേധിച്ചിട്ടില്ല.<br><br>സർവ്വകലാശാലയ്ക്ക് യഥാർത്ഥത്തിൽ യാതൊരു നഷ്ടവും ഈ കാര്യത്തിൽ ഉണ്ടായിട്ടില്ല എന്നതാണ് വസ്തുത. ഓഡിറ്റ് തടസ്സങ്ങളിൽ ആരോപിക്കുന്ന വീഴ്ചമൂലം ഉണ്ടായതായി ആരോപിക്കുന്ന നഷ്ടം ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിലും മാത്രമുള്ളതാണ്. ശ്രീ . അനിൽ കുമാർ യൂണിവേഴ്സിറ്റി എഞ്ചിനീയർ തസ്തികയുടെ ചുമതലവഹിക്കുന്ന കാലഘട്ടത്തിൽ പലതവണ കെ.എസ്.ഇ.ബി അധികാരികളോട് സർവ്വകലാശാല പ്രത്യേക ഫീഡർ ലൈൻ സ്ഥാപിക്കുന്ന കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും ഇതിനാവശ്യമായ തുക ബോർഡിലേക്ക് അടവാക്കുന്നതിനാവശ്യമായ ഡിമാൻഡ് |

| | | | | |
|---|---|---|---|---|
| | | | | നോട്ടീസ് ഉടൻ തന്നെ നൽകണം എന്ന് കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഇങ്ങനെയായിരിക്കെ 05.11.2005 ൽ ശ്രീ.അനിൽ കുമാർ ആർ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും 01.06.2011.ൽ തിരികെ സർവ്വീസിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. 2005 ന് ശേഷവും പല തവണ കത്ത്. മുഖാന്തിരം ആവശ്യപ്പെട്ടെങ്കിലും കെ.എസ്.ഇ.ബി ഡിമാൻഡ് നോട്ടീസ് അയക്കുകയോ പ്രവൃത്തി നടത്താനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി 2008 ൽ മാത്രമാണ് ആരംഭിച്ചത്. അത് ഉപയോഗയോഗ്യമായ രീതിയിൽ പൂർത്തിയായത് 2008 ഏപ്രിൽ 29 ന് മാത്രമാണ്.<br><br>അന്നത്തെ യൂണിവേഴ്സിറ്റി എഞ്ചിനിയർ പല തവണ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടെങ്കിലും കെ.എസ്.ഇ.ബി യുടെ ഭാഗത്തു നിന്ന് യാതൊരു മറുപടിയോ പ്രവൃത്തി തുടങ്ങാനുള്ള നടപടിയോ ഉണ്ടായിട്ടില്ല എന്ന വസ്തുത വ്യക്തമാക്കുന്നത് സർവകലാശാലയിലേക്ക് പ്രത്യേക ഫീഡർ ലൈൻ സ്ഥാപിക്കുന്നതിന്റെ കാലതാമസത്തിന്റെ യഥാർത്ഥ ഉത്തരവാദി കെ.എസ്.ഇ ബി മാത്രമാണ് എന്നതാണ്. |

| | | | |
|---|---|---|---|
| | | | ആരോപിക്കപ്പെടുന്ന നഷ്ടത്തിന്റെ ഉത്തരവാദി ശ്രീ. അനിൽ കുമാർ വി.ആർ സങ്കല്പിക്കുന്നതു പോലും ശരിയല്ല എന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. 1608100/- രൂപക്കുള്ള ഡിമാൻഡ് നോട്ടീസ് കെ.എസ്.ഇ.ബി യിൽ നിന്നും സർവ്വകലാശാലയ്ക്ക് ലഭിച്ചത് 21.11.2006 ൽ ആണെങ്കിലും അതു പ്രകാരമുള്ള തുക കെ.ഐ.എസ്.ഇ.ബി യിൽ അടച്ചത് 07.09.2007 ൽ മാത്രമാണ്.<br><br>07.09.2007 ൽ തുക അടച്ചതിന് ശേഷം പ്രവൃത്തി പൂർത്തീകരിക്കുന്നത് 29.04.2008 നു മാത്രമാണ്. ഈ കാര്യത്തിലുള്ള കാലതാമസത്തിന്റെ ഉത്തരവാദി കെ.എസ്.ഇ.ബി മാത്രമാണ്. അല്ലാതെ ആരോപിക്കപ്പെടുന്ന അനിൽ കുമാർ.വി.ആർ അല്ല. പ്രത്യേക ലൈൻ സ്ഥാപിച്ചത് മൂലം ഉണ്ടാകുന്ന ലാഭം യഥാർത്ഥത്തിൽ കണക്കാക്കേണ്ടത് പ്രസ്തുത ലൈൻ പൂർത്തിയായി ഉപയോഗയോഗ്യമായ തീയതിയായ 29.04.2008 മുതലാണ്. ഒരു പദ്ധതി വിഭാവനം ചെയ്തു കഴിഞ്ഞാൽ വിവിധങ്ങളായ വകുപ്പുകളിൽ നിന്നും അധികാരികളിൽ നിന്നും ഏജൻസികളിൽ നിന്നും (ഇക്കാര്യത്തിൽ കെ.എസ്.ഇ.ബി) അനുമതികൾ ലഭ്യമാകുന്നതിനായുള്ള |

| | | | | |
|---|---|---|---|---|
| | | | | അനേകം നടപടിക്രമങ്ങൾ ആവശ്യമായി വരുന്നതാണ്. ഇതിനെല്ലാം ആവശ്യമായ കാലയളവിന് നഷ്ടം കണക്കാക്കുന്നത് തികച്ചും സാങ്കല്പികം മാത്രമാണ്. തുടർച്ചയായി യൂണിവേഴ്സിറ്റിക്ക് പ്രത്യേക ഫീഡർ ഉണ്ടായതു മൂലം ഡീസൽ ചിലവിൽ ഉണ്ടായ ലാഭം കൂടി ഇവിടെ സൂചിപ്പിക്കുന്നു.<br><br>മേൽ വസ്തുത പരിഗണിച്ച് ഓഡിറ്റ് തടസ്സവാദം ഒഴിവാക്കണമെന്നും ആരോപിക്കപ്പെടുന്ന വീഴ്ചയിൽ നിന്നും ആരോപിക്കപ്പെടുന്ന നഷ്ടത്തിൽ നിന്നും ശ്രീ.അനിൽ കുമാർ.വി.ആർ.നെ കുറ്റവിമുക്തനാക്കണമെന്നും അപേക്ഷിക്കുന്നു. |

ANILKUMAR. V.S
Additional Secretary
Higher Education Department
Government Secretariat
Trivandrum

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2010-11) സർവ്വകലാശാലകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊണ്ടുള്ള ആഡിറ്റ് നൂതന പരിഹാര നടപടി പത്രിക (Remedial Measures Taken Statement)

അദ്ധ്യായം 3 – സർവ്വകലാശാലകൾ

| ക്രമ നം. | സമാഹൃത ആഡിറ്റ് വർഷം | ആഡിറ്റ് ഖണ്ഡിക | സർവ്വകലാശാല | ആഡിറ്റ് പരാമർശ വിഷയം | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|---|
| 1) | 2010-11 | | എം.ജി.സർവ്വകലാശാല | പി.എഫ്. അക്കൗണ്ട് | സർവ്വകലാശാലയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ ആരായുന്നതിനു വേണ്ടി സിൻഡിക്കേറ്റ് ധനകാര്യ ഉപസമിതി കൺവീനറുടെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. പഠനവകുപ്പുകളുടെ കണക്കുകൾ ഇപ്പോൾ സർവ്വകലാശാല വാർഷിക കണക്കുകളിൽ ചേർക്കുന്നുണ്ട്. പഠനവകുപ്പുകളുടെ രജിസ്റ്ററുകളിൽ വകുപ്പ് മേധാവികൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. വീട്ടുവാടക ബത്ത, മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്, യാത്രാപ്പടി എന്നിവ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചാണ് മഹാത്മാഗാന്ധി സർവ്വകലാശാല ജീവനക്കാർക്ക് നൽകുന്നത്. അന്തർ സർവ്വകലാശാല സ്ഥലംമാറ്റം ലഭിച്ച |

| | | | | | |
|---|---|---|---|---|---|
| | | | | | ജീവനക്കാർക്ക് പേ-പ്രൊട്ടക്ഷൻ നൽകുന്നുണ്ടെങ്കിലും അവരുടെ പ്രൊമോഷൻ കാലയളവിൽ 28 എ പ്രകാരമുള്ള ശമ്പളനിർണ്ണയം നിലവിൽ അനുവദിക്കുന്നില്ല. അധിക സാമ്പത്തിക ബാധ്യതയുള്ള കാര്യങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങാറുണ്ട്. കൂടാതെ ധനകാര്യ മിതത്വം പാലിക്കുന്നതിനുവേണ്ട നടപടി എടുത്തിട്ടുള്ളതാണ്. സ്റ്റാറ്റ്യൂട്ടറി/നേഷണൽ പെൻഷൻ സ്കീം ഇവയിലുൾപ്പെട്ട ജീവനക്കാരുടെ പെൻഷൻ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി കേരളത്തിലെ എല്ലാ സർവ്വകലാശാലകളും പെൻഷൻ ഫണ്ട് രൂപീകരിക്കണമെന്ന് 19.01.2022-ലെ സ.ഉ.(അച്ചടി) നം.8/2022/ധന. ഉത്തരവ് പ്രകാരം സർക്കാർ സർവ്വകലാശാലക്ക് നൽകിയിട്ടുള്ളതാണ്. ടി കാര്യം പരിശോധിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള തീരുമാനത്തിനുമായി ഉത്തരവ് സിൻഡിക്കേറ്റിനു മുമ്പാകെ സമർപ്പിച്ചിരിക്കുന്നു. |
| 2) | 2010-11 | | കാലിക്കറ്റ് സർവ്വകലാശാല | പി.എഫ്. അക്കൗണ്ട് | കാലിക്കറ്റ് സർവ്വകലാശാല ഓഡിറ്റിനു സമർപ്പിക്കുന്ന വാർഷിക കണക്കുകളിൽ ബാങ്കിൽ നീക്കിയിരുപ്പുള്ള തുകകളും അക്കൗണ്ട്സ് പ്രകാരമുള്ള നീക്കിയിരുപ്പുകളും തമ്മിലുള്ള വിശദമായ പൊരുത്തപ്പെടുത്തൽ പത്രിക നിലവിൽ ഉൾപ്പെടുത്തുന്നുണ്ട്. സർവ്വകലാശാലയ്ക്ക് ലഭിക്കുന്ന വിവിധ |

| | | | | | |
|---|---|---|---|---|---|
| | | | | | ഫീസുകൾ സംബന്ധിച്ച ഡി.സി.ബി പത്രിക ബന്ധപ്പെട്ട ഭരണ വിഭാഗങ്ങൾ തയ്യാറാക്കുകയും ഓഡിറ്റിന് സമർപ്പിക്കുകയും ചെയ്തു വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ ഡി.സി.ബി പത്രികകളുടെ ആധികാരികത ഉറപ്പുവരുത്തുന്നതിന് വേണ്ട നടപടികൾ സർവ്വകലാശാല സ്വീകരിക്കുന്നതാണ്. സർവകലാശാല അക്കൗണ്ടുകൾ സിംഗിൾ എൻട്രി സിസ്റ്റത്തിൽ ആണ് തയ്യാറാക്കി വരുന്നതെങ്കിലും നടപ്പ് സാമ്പത്തിക വർഷം മുതൽ ആയതു കംപ്യൂട്ടറൈസ് ചെയ്തു ഡബിൾ എൻട്രി സിസ്റ്റത്തിൽ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ട്.<br><br>അന്തർ സർവ്വകലാശാല സ്ഥലം മാറ്റം ലഭിച്ച് കാലിക്കറ്റ് സർവ്വകലാശാലയിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പഴയ ലാവണത്തിൽ ലഭിച്ചിരുന്ന ശമ്പളം അതേപടി സംരക്ഷിക്കപ്പെടുന്നുണ്ടെങ്കിലും തുടർന്നുള്ള സ്ഥാനക്കയറ്റത്തിൽ മാതൃസർവ്വകലാശാലയിൽ 28 എ പ്രകാരമുള്ള ശമ്പള നിർണ്ണയ ആനുകൂല്യം ലഭ്യമായതാണെങ്കിൽ വീണ്ടും 28 എ പ്രകാരമുള്ള ശമ്പള നിർണ്ണയം നടത്താറില്ല. സ്ഥാനക്കയറ്റം ലഭിച്ച തസ്തികകളിലെ ശമ്പള |

| | | | | | |
|---|---|---|---|---|---|
| | | | | | സ്കെയിൽ മാത്രമേ അനുവദിക്കാറുള്ളൂ. |
| 3) | 2010-11 | | കണ്ണൂർ സർവ്വകലാശാല | പി.എഫ്. അക്കൗണ്ട് | നിലവിൽ കണ്ണൂർ സർവ്വകലാശാലകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടുകളാണ് തയ്യാറാക്കുന്നത്. സർക്കാർ തലത്തിൽ അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് എൻ.ഐ.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എൻ.ഐ.സി. തയ്യാറാക്കുന്ന അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ നിലവിൽ വരുന്നതോടുകൂടി ഡബിൾ എൻട്രി സിസ്റ്റത്തിലേക്ക് മാറാൻ സാധിക്കുന്നതാണ്. വാർഷിക കണക്കുകൾ പാസ് ബുക്കിലെ കണക്കുകളുമായി റീകൺസിലിയേഷൻ നടത്താറുണ്ട്. റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നുണ്ട്.<br><br>കണ്ണൂർ സർവ്വകലാശാലയിൽ വരവ്-ചെലവ് കണക്കുകൾ റ്റാലി സോഫ്റ്റ് വെയറിൽ എൻട്രി വരുത്തുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കുന്നത്. എല്ലാ അക്കൗണ്ടുകളിലെയും വരവ്-ചെലവുകൾ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. 2017-18 വർഷം മുതൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഇ-സബ്മിഷൻ പ്ലാറ്റ്ഫോം വഴിയാണ് വാർഷിക കണക്കുകൾ ഓഡിറ്റിനു കൈമാറുന്നത്. സർവ്വകലാശാലയിലെ പഠനവകുപ്പുകൾ |

| | | | | | |
|---|---|---|---|---|---|
| | | | | | പരീക്ഷാവിഭാഗം, അക്കാദമിക് വിഭാഗം, മറ്റ വകുപ്പുകൾ എന്നിവിടങ്ങളിൽ നിന്നുള്ള ഡി.സി.ബി. പത്രികകൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് കൈമാറുന്നുണ്ട്. |
| 4) | 2010-11 | | കേരള സർവ്വകലാശാല | പി.എഫ്. അക്കൗണ്ട് | 2010-11 ലെ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സമാഹൃത റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതു പ്രകാരം കേരള സർവ്വകലാശാലയിൽ പി.എഫ്. ഇടപാടുകൾക്കായി ഒരു ട്രഷറി അക്കൗണ്ട് തുടങ്ങിയിരുന്നില്ല. പകരം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ സേവിംഗ്സ് അക്കൗണ്ടിലും Term Deposit സ്കീമിലുമായാണ് പി.എഫ്. തുകകൾ നിക്ഷേപിച്ചിരുന്നത്. എന്നാൽ 2011 ഫെബ്രുവരി മുതൽ പി.എഫ്. തുക നിക്ഷേപിക്കുന്നതിലേക്കായി ജില്ലാ ട്രഷറിയിൽ ഒരു പുതിയ അക്കൗണ്ട് ആരംഭിക്കുകയും പ്രസ്തുത അക്കൗണ്ടിലേക്ക് മാസം തോറും കുറഞ്ഞത് 10 ലക്ഷം രൂപ നിക്ഷേപിക്കുകയും ചെയ്തിരുന്നു.<br><br>എസ്.ബി.ഐ. സ്ഥിര നിക്ഷേപങ്ങളുടെ പലിശ നിരക്ക് കുറച്ചതിനാൽ 2016-17 സാമ്പത്തിക വർഷത്തോടെ എസ്.ബി.ഐ.യിൽ നിക്ഷേപിച്ചിരുന്ന മുഴുവൻ പി.എഫ്. നിക്ഷേപങ്ങളും പിൻവലിക്കുകയും ട്രഷറിയിലെ പി.എഫ്. അക്കൗണ്ടായ 701010200004071 ലേക്ക് മാറ്റുകയും ചെയ്തു. 2018 ജനുവരി മുതൽ ട്രഷറി അക്കൗണ്ട് വഴി |

| | | | | | |
|---|---|---|---|---|---|
| | | | | | സർവ്വകലാശാല ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടുമായി ബന്ധപ്പെട്ട സകല ക്രയവിക്രയങ്ങളും നടത്തി വരുന്നു. സർക്കാർ നിർദ്ദേശ പ്രകാരം റ്റി.പി.എ. അക്കൗണ്ടിനു പകരം പുതിയ ട്രഷറി റ്റി.എസ്.ബി. (ഇൻസ്റ്റിറ്റ്യൂഷൻ) അക്കൗണ്ട് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

ANILKUMAR. V.S
Additional Secretary
Higher Education Department
Government Secretariat
Trivandrum